*30-06-2026*
*Financial Business*

**ധനകാര്യം**

2026-2027 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർഥന നമ്പർ XV - പൊതുമരാമത്ത്

ധനാഭ്യർഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും

ധനാഭ്യർഥന നമ്പർ XXI - ഭവനനിർമ്മാണം

ധനാഭ്യർഥന നമ്പർ XXII - നഗരവികസനം

ധനാഭ്യർഥന നമ്പർ XXIV- തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

ധനാഭ്യർഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർഥന നമ്പർ XXIX - കൃഷി

ധനാഭ്യർഥന നമ്പർ XXX - ഭക്ഷ്യം

ധനാഭ്യർഥന നമ്പർ XXXIII - മത്സ്യബന്ധനം

ധനാഭ്യർഥന നമ്പർ XXXIV – വനം

ധനാഭ്യർഥന നമ്പർ XXXV - പഞ്ചായത്ത്

ധനാഭ്യർഥന നമ്പർ XXXVI - ഗ്രാമവികസനം

ധനാഭ്യർഥന നമ്പർ XXXVIII – ജലസേചനം

ധനാഭ്യർഥന നമ്പർ XLI - ഗതാഗതം

ധനാഭ്യർഥന നമ്പർ XLII - വിനോദസഞ്ചാരം

ധനാഭ്യർഥന നമ്പർ XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

മി. സ്പീക്കർ: ദയവായി.....പ്ലീസ്.....ദയവായി ഇതിനോട് സഹകരിക്കൂ. ഈ ഹൗസ് ഒരു ഓർഡറിലാക്കൂ.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ

*30-06-2026*
*Financial Business*

പ്രസ്തുത ധനാഭ്യർഥനക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. മോൻസ് ജോസഫ്</u>): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. ഷാജി</u>): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി ബിന്ദു കൃഷ്ണ</u>): സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ- പിന്നാക്ക ക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീമതി കെ. എ. തുളസി</u>): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. ടി. സിദ്ദിഖ്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ - പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർഥനയുടെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-27 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്): സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-27 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർഥന നമ്പർ | ധനാഭ്യർഥനയുടെ പേര് | പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് 2026-2027 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| XV | പൊതുമരാമത്ത് | 2367,65,73,000 | 3781,63,93,000 | 6149,29,66,000 |
| XX | ശുദ്ധജലവിതരണവും ശുചീകരണവും | 420,70,51,000 | 860,54,00,000 | 1281,24,51,000 |
| XXI | ഭവന നിർമ്മാണം | 85,59,40,000 | 55,80,01,000 | 141,39,41,000 |
| XXII | നഗരവികസനം | 1426,46,44,000 | 182,00,01,000 | 1608,46,45,000 |
| XXIV | തൊഴിലും | 1282,44,32,000 | 196,35,02,000 | 1478,79,34,000 |

| | | | | |
|---|---|---|---|---|
| | തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | | | |
| XXV | പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2327,78,66,000 | 1046,40,01,000 | 3374,18,67,000 |
| XXIX | കൃഷി | 2975,69,11,000 | 481,40,02,000 | 3457,09,13,000 |
| XXX | ഭക്ഷ്യം | 2280,64,16,000 | 32,84,51,000 | 2313,48,67,000 |
| XXXIII | മത്സ്യബന്ധനം | 445,10,01,000 | 250,05,01,000 | 695,15,02,000 |
| XXXIV | വനം | 1069,61,71,000 | 83,80,02,000 | 1153,41,73,000 |
| XXXV | പഞ്ചായത്ത് | 825,67,71,000 | 610,84,02,000 | 1436,51,73,000 |
| XXXVI | ഗ്രാമവികസനം | 6174,49,19,000 | 1973,36,00,000 | 8147,85,19,000 |
| XXXVIII | ജലസേചനം | 572,72,29,000 | 381,04,02,000 | 953,76,31,000 |
| XLI | ഗതാഗതം | 719,55,00,000 | 1725,09,89,000 | 2444,64,89,000 |
| XLII | വിനോദസഞ്ചാരം | 236,77,94,000 | 187,77,00,000 | 424,54,94,000 |
| XLVI | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 19038,12,89,000 | 199,83,31,000 | 19237,96,20,000 |
| *I | സംസ്ഥാന നിയമസഭ | 184,34,53,000 | --- | 184,34,53,000 |
| *IV | തെരഞ്ഞെടുപ്പുകൾ | 402,54,11,000 | --- | 402,54,11,000 |
| *VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 360,24,12,000 | --- | 360,24,12,000 |
| *X | ട്രഷറികളും അക്കൗണ്ടുകളും | 525,64,10,000 | --- | 525,64,10,000 |
| *XI | ജില്ലാഭരണവും പലവകയും | 1131,37,71,000 | --- | 1131,37,71,000 |

| | | | | |
|---|---|---|---|---|
| *XIII | ജയിലുകൾ | 277,81,59,000 | --- | 277,81,59,000 |
| *XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 850,16,44,000 | 6,94,35,000 | 857,10,79,000 |
| *XVI | പെൻഷനും പലവകയും | 51420,27,05,000 | --- | 51420,27,05,000 |
| *XIX | കുടുംബക്ഷേമം | 508,45,64,000 | --- | 508,45,64,000 |
| *XXIII | വാർത്താവിതരണവും പ്രചരണവും | 122,00,03,000 | 2,40,00,000 | 124,40,03,000 |
| *XXVI | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് | 2590,82,20,000 | --- | 2590,82,20,000 |
| *XXVIII | പലവക സാമ്പത്തിക സർവീസുകൾ | 313,55,24,000 | 5756,26,56,000 | 6069,81,80,000 |
| *XXXI | മൃഗസംരക്ഷണം | 1202,22,07,000 | 19,55,00,000 | 1221,77,07,000 |
| *XXXII | ക്ഷീരവികസനം | 198,02,67,000 | 27,71,00,000 | 225,73,67,000 |
| *XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 16367,90,16,000 | --- | 16367,90,16,000 |
| *XLV | പലവക വായ്പകളും മുൻകൂറുകളും | --- | 1171,64,95,000 | 1171,64,95,000 |

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയെയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയെയും

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയെയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയെയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയെയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർഥനയെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർഥനയെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർഥനയെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർഥനയെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: പതിനാറ് ധനാഭ്യർഥനകളെയും സംബന്ധിച്ച ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്. ഇനിപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ഖണ്ഡനോപക്ഷേപങ്ങൾ**

**ധനാഭ്യർഥന നമ്പർ XV- പൊതുമരാമത്ത്**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. വി. മുരളീധരൻ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,49,29,66,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (കഴക്കൂട്ടം-ശ്രീകാര്യം പഴയ ദേശീയപാതയിൽ ശ്രീകാര്യം ജംഗ്ഷനിൽ നേരിടുന്ന ഗതാഗത കുരുക്ക് പരിഹരിക്കാൻ ലക്ഷ്യമിട്ട മേൽപ്പാതയുടെ നിർമ്മാണം ആരംഭിച്ച് രണ്ടുവർഷമായിട്ടും സർവീസ് റോഡുകൾ പോലും പൂർത്തിയാകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഗീതാഗോപി</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,49,29,66,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (ബദൽമാർഗങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യാതെ ദേശീയപാത നിർമ്മാണവും നവീകരണവും നടത്തുന്നതുമൂലം പൊതുജനങ്ങൾ കടുത്ത ബുദ്ധിമുട്ട് നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,49,29,66,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (ട്രഷറി നിയന്ത്രണംമൂലം പൊതുമരാമത്ത് കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക കൊടുക്കാത്തതിനാൽ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u> : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,49,29,66,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (മൺസൂണിന് ശേഷം തകർന്ന പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,49,29,66,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (ദേശീയപാത വികസനത്തിൽ കൈവരിച്ച പുരോഗതി നിലനിർത്താനാകുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. അജയപ്രസാദ്</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,49,29,66,000 രൂപ ഒരു ഉറുപ്പികയായി

കുറവുചെയ്യേണ്ടതാണ്. (വികസനത്തിന്റെ അടിസ്ഥാനം മികവുറ്റ റോഡുകളാണെന്ന യാഥാർത്ഥ്യം ഉൾകൊണ്ട് സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മുന്തിയ പരിഗണന നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,49,29,66,000 രൂപയിൽ 10,00,50,000 രൂപ കുറവുചെയ്യേണ്ടതാണ്. (ജലജീവൻ മിഷനു വേണ്ടി വെട്ടിപ്പൊളിച്ച പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകൾ അടിയന്തരമായി നന്നാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,49,29,66,000 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീമതി ഒ.എസ്. അംബിക
2. ശ്രീ. കെ. കെ. രാമചന്ദ്രൻ

**ധനാഭ്യർത്ഥന നമ്പർ XX- ശുദ്ധജലവിതരണവും ശുചീകരണവും**

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. വി. മുരളീധരൻ</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,81,24,51,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (പ്രാദേശികമായ ജലസ്രോതസ്സുകൾ കൂടി സംരക്ഷിച്ച് കുടിവെള്ള സ്രോതസ്സായി പ്രയോജനപ്പെടുത്താതെ നെയ്യാർ, അരുവിക്കര എന്നീ ഡാമുകളെ മാത്രം ആശ്രയിച്ച് തിരുവനന്തപുരം നഗരത്തിലെ ജലവിതരണം നടത്തുന്നതുമൂലം

നഗരത്തിന്റെ പല മേഖലകളിലും ജലക്ഷാമം അനുഭവപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,81,24,51,000 ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പുതിയ പദ്ധതികൾ പ്രഖ്യാപിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,81,24,51,000 ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (ജൽജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള കുടിവെള്ള കണക്ഷനുകൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,81,24,51,000 രൂപയിൽ 1,00,00,000 രൂപ കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ പല പ്രദേശങ്ങളിലും ആവശ്യത്തിന് കുടിവെള്ളം ലഭ്യമാകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,81,24,51,000 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. ടി. എം. ശശി
2. ശ്രീ. കാരായി രാജൻ

3. ശ്രീ. യു. ആർ. പ്രദീപ്

4. ശ്രീ. എൻ. കെ. അക്ബർ

5. ശ്രീ. പി. പി. സുമോദ്

**ധനാഭ്യർത്ഥന നമ്പർ XXI- ഭവനനിർമ്മാണം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. സി. മൊയ്തീൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,41,39,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ലൈഫ് ഭവന നിർമ്മാണ പദ്ധതിയെ തകർക്കുന്നതിന് നടപടി സ്വീകരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. വി. ജോയി: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,41,39,41,000 രൂപയിൽ 10,000 രൂപ കുറവുചെയ്യേണ്ടതാണ്. (നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,41,39,41,000 രൂപയിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സി. അജയപ്രസാദ്

2. ശ്രീമതി ഗീതാഗോപി

3. ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

4. ശ്രീ. കെ. പ്രേമൻ

5. പ്രൊഫ. സി. രവീന്ദ്രനാഥ്

**ധനാഭ്യർത്ഥന നമ്പർ XXII-നഗരവികസനം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സി. അജയപ്രസാദ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 16,08,46,45,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (ജീവിത നിലവാരത്തിൽ നഗരങ്ങളും ഗ്രാമങ്ങളും തമ്മിലും നഗരങ്ങളിൽ ധനികരും ദരിദ്രരും തമ്മിലുള്ള അന്തരം വർധിച്ചുവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഗീതാഗോപി: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 16,08,46,45,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (വ്യവസായവൽക്കരണം അനിവാര്യമാക്കുന്ന വിദഗ്ധ, അവിദഗ്ധ തൊഴിൽ സേനയുടെ വൻതോതിലുള്ള കുടിയേറ്റം ഒട്ടുമിക്ക ആധുനിക നഗരങ്ങളെയും സൃഷ്ടിക്ക് കാരണമായിട്ടുണ്ടെന്നതിനാൽ ആസൂത്രിതമായ നഗര സൃഷ്ടിയിൽ ഭരണകൂടങ്ങൾ നിർണ്ണായകമായ പങ്ക് വഹിക്കേണ്ടതാണെന്നുമുള്ള ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 16,08,46,45,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (നഗരം എവിടെ തുടങ്ങുന്നുവെന്നോ ഗ്രാമം എവിടെ അവസാനിക്കുന്നുവെന്നോ തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ കേരളത്തിന്റെ മിക്ക പ്രദേശങ്ങളും ചേർന്ന് പൂർണ്ണമായും ഒരു നഗരമായി വികസിക്കുന്ന പ്രവണത തിരിച്ചറിഞ്ഞ് കഴിഞ്ഞ സർക്കാർ രൂപീകരിച്ച നവകേരള നഗരനയം നിലവിലെ സർക്കാർ പിന്തുടരണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

*30-06-2026*
*Financial Business*

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 16,08,46,45,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (മാലിന്യ നിർമ്മാർജനം ഫലപ്രദമല്ലാത്തതുകൊണ്ടാണ് നഗരങ്ങളിൽ തെരുവുനായ ശല്യം വർധിക്കുന്നതെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നത്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 16,08,46,45,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (നഗരങ്ങളിലെ ഗതാഗത മാർഗ്ഗങ്ങളും പാർപ്പിട സൗകര്യവും വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നത്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 16,08,46,45,000 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീ. പി. പി. സുമോദ്
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. കെ. പ്രേംകുമാർ

**ധനാഭ്യർത്ഥന നമ്പർ XXIV- തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും**

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

14,78,79,34,000 രൂപയിൽ 25,50,000 രൂപ കുറവുചെയ്യേണ്ടതാണ്. (പ്രവാസി മലയാളികളെ കേരളത്തിന്റെ വികസനത്തിൽ പങ്കാളികളാക്കാൻ ഉദ്ദേശിച്ച് സംഘടിപ്പിച്ച ലോകകേരളസഭയെ തകർക്കാൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ച 14,78,79,34,000 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എ. പ്രഭാകരൻ
2. ശ്രീ. കാരായി രാജൻ
3. ശ്രീ. കെ. പ്രേമൻ
4. ശ്രീ. ടി. എം. ശശി

**ധനാഭ്യർത്ഥന നമ്പർ XXV**

**പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം**

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,74,18,67,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഉല്പാദന പരിശീലന കേന്ദ്രങ്ങളിലെ അന്തേവാസികളുടെ ഭക്ഷണ ചെലവ് ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ വഹിക്കുന്നതിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. അജയപ്രസാദ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,74,18,67,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (പട്ടികജാതി വിഭാഗങ്ങളുടെ അന്യംനിന്നു പോകുന്ന കലകളും സംസ്കാരവും സംരക്ഷിക്കുന്നതിനായി പട്ടികജാതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ആദികലാകേന്ദ്രം എന്ന സ്ഥാപനത്തിന് ആവശ്യമായ തുക ബജറ്റിൽ ഉൾപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,74,18,67,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഉല്പാദന പരിശീലന കേന്ദ്രങ്ങളിലെ അന്തേവാസികളുടെ ഭക്ഷണ ചെലവ് ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ വഹിക്കുന്നതിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,74,18,67,000 രൂപയിൽ 7,00,000 രൂപ കുറവുചെയ്യേണ്ടതാണ്. (ആദിവാസി ഉന്നതികളിൽ വന്യജീവി ആക്രമണം വർധിച്ചുവരുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 33,74,18,67,000 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. വി. സുമേഷ്
2. ശ്രീ. യു. ആർ. പ്രദീപ്
3. ശ്രീ. എൻ. കെ അക്ബർ
4. ശ്രീ. പി. പി. സുമോദ്

**ധനാഭ്യർത്ഥന നമ്പർ XXIX-കൃഷി**

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. സി. അജയപ്രസാദ്</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,57,09,13,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (കൃഷിഭവനുകൾ മുഖേന കർഷകർക്ക് ലഭ്യമാക്കേണ്ട സാങ്കേതിക സേവനങ്ങൾ, ഗുണമേന്മയുള്ള വിത്തുകൾ, വളങ്ങൾ, മറ്റ് കാർഷിക ഇൻപുട്ടുകൾ എന്നിവയുടെ വിതരണം കാര്യക്ഷമമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഗീതാഗോപി</u>: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,57,09,13,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (കാർഷിക മേഖലയിലെ യുവജനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും പുതിയ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനുമായി നടപ്പിലാക്കിയ പദ്ധതികളുടെ തുടർച്ച ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

*30-06-2026*
*Financial Business*

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,57,09,13,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (ചെറുകിട, നാമമാത്ര കർഷകരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും കാർഷിക കടബാധ്യതകൾ ലഘൂകരിക്കുന്നതിനുമായി പ്രഖ്യാപിച്ച ധനസഹായ പദ്ധതികളുടെ ഗുണഫലം അർഹരായ മുഴുവൻ ഗുണഭോക്താക്കളിലേക്കും എത്തിക്കുന്നതിൽ സ്വീകരിച്ചുവന്ന നടപടികളുടെ തുടർച്ച ഉറപ്പുവരുത്തുന്നതിൽ വിമുഖത കാട്ടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,57,09,13,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിൽ വി.എഫ്.പി.സി.കെ-യ്ക്ക് പ്രത്യേക പരിഗണന നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. പി. സുമോദ്: സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,57,09,13,000 രൂപയിൽ 15,00,000 രൂപ കുറവുചെയ്യേണ്ടതാണ്. (യുവതലമുറയെ കാർഷികരംഗത്തേക്ക് ആകർഷിക്കാനാവശ്യമായ പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,57,09,13,000 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവുചെയ്യേണ്ടതാണ്.(പൊതുവായി ചർച്ച

ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. കെ. അക്ബർ

2. ശ്രീ. പി. മമ്മിക്കുട്ടി

3. ശ്രീ. എ. പ്രഭാകരൻ

4. ശ്രീ. കാരായി രാജൻ

5. ശ്രീ. കെ. പ്രേമൻ

**ധനാഭ്യർത്ഥന നമ്പർ XXX- ഭക്ഷ്യം**

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 23,13,48,67,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (ഭക്ഷ്യവസ്തുക്കളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. അജയപ്രസാദ്</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 23,13,48,67,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (അരിയും വെളിച്ചെണ്ണയും മുളകും ഉൾപ്പെടെയുള്ള അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താനും വിലക്കയറ്റം നിയന്ത്രിക്കാനും നിശ്ചയദാർഢ്യത്തോടെ നടത്തിയ ഇടപെടലുകൾ തുടരുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഗീതാഗോപി</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 23,13,48,67,000 രൂപ ഒരു ഉറുപ്പികയായി

കുറവുചെയ്യേണ്ടതാണ്. (വിശപ്പുരഹിത കേരളം സൃഷ്ടിച്ചും 2025 നവംബർ ഒന്നിന് രാജ്യത്തെ ആദ്യത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമെന്ന ലക്ഷ്യം കൈവരിച്ചും ഇന്ത്യക്കാകെ വഴികാട്ടിയായ കേരള മാതൃകയെ തകർക്കുവാൻ ശ്രമം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 23,13,48,67,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (മുഖ്യ ഭക്ഷ്യധാന്യമായ അരി മുതൽ എല്ലാ അവശ്യവസ്തുക്കളും ഇറക്കുമതി ചെയ്യേണ്ടി വരുന്ന ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ, ഉല്പാദക സംസ്ഥാനങ്ങളിലുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും ഗതാഗത തകരാറുകളും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും അടക്കമുള്ള നടപടികളും കേരളത്തിൽ ഭക്ഷ്യക്ഷാമത്തിന് കാരണമായേക്കാമെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ഭക്ഷ്യം എന്ന് XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 23,13,48,67,000 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. ടി. എം. ശശി

2.ശ്രീ. കെ. വി. സുമേഷ്

3. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

*30-06-2026*
*Financial Business*

## ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. വി. സുമേഷ്: സർ, മത്സ്യബന്ധനം എന്ന XXXIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,95,15,02,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി നടപ്പാക്കിവരുന്ന പുനർഗേഹം പദ്ധതി തുടരണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, മത്സ്യബന്ധനം എന്ന XXXIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,95,15,02,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കടൽക്ഷോഭം നേരിടുന്ന പ്രദേശങ്ങളിലെ ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ലായെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,95,15,02,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അശാസ്ത്രീയമായ മീൻപിടിത്തംമൂലം കേരള തീരത്തെ മത്സ്യസമ്പത്തിൽ ശോഷണം ഉണ്ടായിരിക്കുന്നുവെന്നും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുന്നില്ലായെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഗീതാഗോപി: മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,95,15,02,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സമുദ്രോൽപ്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കി വിപണിയിലെത്തിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം

ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. അജയപ്രസാദ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,95,15,02,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മണ്ണെണ്ണയുടെ വില ഉയരുന്നതും ദൗർലഭ്യവും കാരണം മത്സ്യത്തൊഴിലാളികൾ പ്രതിസന്ധി നേരിടുന്നുവെന്നും മത്സ്യഫെഡ് മുഖേന കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നില്ലെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,95,15,02,000 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. യു. ജനീഷ് കുമാർ

2. ശ്രീ. പി. മമ്മിക്കുട്ടി

3. ശ്രീ. സി. കെ. ഹരീന്ദ്രൻ

**ധനാഭ്യർത്ഥന നമ്പർ XXXIV – വനം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. വി. മുരളീധരൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,53,41,73,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (മനുഷ്യ-വന്യമൃഗ സംഘർഷം കൂടുന്നതിനുള്ള കാരണങ്ങൾ ശാസ്ത്രീയമായി വിശകലനം നടത്തിയും വന്യമൃഗങ്ങളുടെ അനിയന്ത്രിതമായ വർധനവ് നിയന്ത്രിക്കാൻ നടപടികളെടുത്തും കേരളത്തിൽ ദിവസംതോറും കൂടിവരുന്ന മനുഷ്യ-വന്യജീവി സംഘർഷം

ലഘൂകരിക്കുന്നതിനും കാടിനോട് ചേർന്നുകിടക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും സുസ്ഥിരമായ പദ്ധതികൾ ആവിഷ്കരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,53,41,73,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (കഴിഞ്ഞ ഒന്നര മാസത്തിനുള്ളിൽ വന്യജീവി ആക്രമണത്തിൽ നിരവധി ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടിട്ടും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,53,41,73,000 രൂപയിൽ 50,000 രൂപ കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് വനങ്ങളുടെ സംരക്ഷണത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,53,41,73,000 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. പ്രേംകുമാർ

2. ശ്രീ. കെ. പ്രേമൻ

3. ശ്രീ. യു. ആർ. പ്രദീപ്

4. ശ്രീ. സി. കെ. ഹരീന്ദ്രൻ

**ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സി. അജയപ്രസാദ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14,36,51,73,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ലേബർ ബജറ്റും തുകയും ഓരോ വർഷവും കേന്ദ്രം വെട്ടിച്ചുരുക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ് :സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14,36,51,73,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (കെ-സ്മാർട്ട് വഴി കൂടുതൽ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14,36,51,73,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14,36,51,73,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പകരമായി വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ (വിബി

ജി ആർഎം ജി) എന്ന പുതിയ പദ്ധതി വന്നതോടെ കേരളത്തിലെ 30 ലക്ഷത്തോളം സജീവ തൊഴിലുറപ്പ് തൊഴിലാളികളിൽ വളരെക്കുറച്ച് പേർക്കുമാത്രമേ പുതിയ പദ്ധതിയനുസരിച്ച് ജോലി ലഭ്യമാകൂ എന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഗീതാഗോപി: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14,36,51,73,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാറ്റി സ്ഥാപിച്ചുകൊണ്ട് വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ (വിബി ജി ആർഎം ജി) എന്ന പുതിയ പദ്ധതി നിലവിൽ വന്നതോടെ ചെലവിന്റെ 40% സംസ്ഥാന സർക്കാരുകൾ വഹിക്കണമെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീമതി ഒ. എസ്. അംബിക: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14,36,51,73,000 രൂപയിൽ നിന്ന് 7,00,000 രൂപ കുറവുചെയ്യേണ്ടതാണ്. (കുടുംബശ്രീയെ ശാക്തീകരിക്കുന്നതിനായി പ്രവർത്തനങ്ങളിൽ വൈവിധ്യവൽക്കരണം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14,36,51,73,000 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. പി. സുമോദ്

2. ശ്രീ. എം. എസ്. അരുൺ കുമാർ

3. ശ്രീ. യു. ആർ. പ്രദീപ്

4. ശ്രീ. കാരായി രാജൻ

**ധനാഭ്യർത്ഥന നമ്പർ XXXVI-ാം ഗ്രാമവികസനം**

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 81,47,85,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്രസർക്കാർ പുനർനാമകരണം ചെയ്തതും സംസ്ഥാന വിഹിതം വർധിപ്പിച്ചതായി പറയപ്പെടുന്നതും സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 81,47,85,19,000 രൂപയിൽ 50,000 രൂപ കുറവുചെയ്യേണ്ടതാണ്. (ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പുതിയ പദ്ധതികൾ പ്രഖ്യാപിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 81,47,85,19,000 രൂപയിൽനിന്ന് ഒരു നൂറു രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. പ്രേംകുമാർ

2. ശ്രീ. പി. മമ്മിക്കുട്ടി

3. ശ്രീ. എൻ. കെ അക്ബർ

**ധനാഭ്യർത്ഥന നമ്പർ XXXVIII- ജലസേചനം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,53,76,31,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് പടിഞ്ഞാറോട്ടൊഴുകുന്ന നദികളിലെ വെള്ളം വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. പ്രഭാകരൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,53,76,31,000 രൂപയിൽ 70,50,000 രൂപ കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ച 9,53,76,31,000 രൂപയിൽ നിന്ന് ഒരു നൂറ് രൂപ കുറവുചെയ്യേണ്ടതാണ്

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. യു. ജനീഷ് കുമാർ

2. ശ്രീ. ടി. എം. ശശി

**ധനാഭ്യർത്ഥന നമ്പർ XLI– ഗതാഗതം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 24,44,64,89,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (കൊച്ചി ജല മെട്രോയുടെ തുടർപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. അജയപ്രസാദ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 24,44,64,89,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (2019-ലെ ദേശീയ ഗതാഗത നയത്തിൽ പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന് വിപുലമായ അധികാരങ്ങൾ സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്തിന് സ്വന്തം പൊതുഗതാഗതനയം രൂപീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 24,44,64,89,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി. കൂടുതൽ അന്തർ സംസ്ഥാന സർവീസുകൾ ആരംഭിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഗീതാഗോപി: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 24,44,64,89,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. ടി. എം. ശശി : സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 24,44,64,89,000 രൂപയിൽ 10,000 രൂപ കുറവുചെയ്യേണ്ടതാണ്. (റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 24,44,64,89,000 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവു ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീമതി ഒ. എസ്. അംബിക
2. ശ്രീ. കെ. യു. ജനീഷ് കുമാർ
3. ശ്രീ. കെ. എൻ. ബാലഗോപാൽ
4. ശ്രീ. സി. കെ. ഹരീന്ദ്രൻ

## ധനാഭ്യർത്ഥന നമ്പർ XLII – വിനോദസഞ്ചാരം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,24,54,94,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (വിനോദസഞ്ചാര മേഖലയിൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്ന ആവശ്യത്തിന് വേണ്ടത്ര പരിഗണന നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. വി. ജോയി: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,24,54,94,000 രൂപയിൽ 60,45,000 രൂപ കുറവുചെയ്യേണ്ടതാണ്. (വിനോദസഞ്ചാരികൾക്ക് നേരെ നടക്കുന്ന ആക്രമണങ്ങളിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,24,54,94,000 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവു ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. യു. ആർ. പ്രദീപ്
2. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

*30-06-2026*
*Financial Business*

## ധനാഭ്യർത്ഥന നമ്പർ XLVI – സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. സി. മൊയ്തീൻ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,92,37,96,20,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (വയോജന കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,92,37,96,20,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് വയോജന വകുപ്പ് രൂപീകരിക്കപ്പെട്ടിട്ടും ആയത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

### സൂചക വെട്ടിക്കുറയ്ക്കൽ

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,92,37,96,20,000 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവു ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. കെ. അക്ബർ

2. ശ്രീ. സി. കെ. ഹരീന്ദ്രൻ

3. ശ്രീ. കാരായി രാജൻ

4.ശ്രീ. കെ. പ്രേമൻ

**ചർച്ച**

ശ്രീ. എം. വിൻസെന്റ്: സർ, 2026-2027 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ ധനാഭ്യർഥനകളെ ഞാൻ പിന്താങ്ങുകയാണ്. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് സർക്കാർ കൊണ്ടുവന്ന പ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ബി.ജെ.പി.-യുടെ അംഗം വളരെ ക്രൂരമായ പരാമർശമാണ് ഇവിടെ നടത്തിയത്. ഇന്ത്യയിലെ മുഴുവൻ ജനങ്ങളും ഒന്നടങ്കം കേന്ദ്ര സർക്കാരിനെ കുറ്റപ്പെടുത്തുമ്പോൾ കേരള നിയമസഭയിൽ അദ്ദേഹം കേന്ദ്ര സർക്കാരിനെ പ്രശംസിക്കുകയാണ് ചെയ്യുന്നത്. ആ മരണപ്പെട്ട കുട്ടികളുടെ ആത്മാക്കളോട് എന്തെങ്കിലും ആഭിമുഖ്യമുണ്ടെങ്കിൽ; അവരുടെ മാതാപിതാക്കളുടെ സങ്കടത്തിന് എന്തെങ്കിലും വില കൊടുക്കുന്നുണ്ടെങ്കിൽ ഇതുപോലെ ക്രൂരമായ ഒരു പരാമർശം ഈ നിയമസഭയിൽ നടത്തുമായിരുന്നില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷനേതാവായിരിക്കുമ്പോൾ നടത്തിയ പ്രസംഗത്തിലെ ഒരു വാചകം ഞാനിവിടെ സൂചിപ്പിക്കുകയാണ്. "വി. ഡി. സതീശനും പിണറായി വിജയനും വിസ്മൃതിയിലേക്ക് പോകും, പക്ഷേ, നമ്മുടെ കേരളം ഉണ്ടാകും". മറ്റൊരു സന്ദർഭത്തിലാണ് അദ്ദേഹം അതുപറഞ്ഞതെങ്കിലും കേരളത്തെ വീണ്ടെടുക്കാൻ നമ്മുടെ മക്കൾക്കും വരുംതലമുറകൾക്കും ഒരു പുതുയുഗ കേരളത്തെ സമ്മാനിക്കുന്നതിനുള്ള വിഷനും മിഷനുമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ട ബജറ്റ്. നിങ്ങൾ ഒരു സമയവും കൊടുക്കുന്നില്ലല്ലോ? ഈ സർക്കാർ അധികാരത്തിൽവന്ന് ഒരു മാസം തികയുന്നതിനുമുമ്പ് കുപ്പിവെള്ളവുമായി പ്രതിപക്ഷനേതാവ് ഇവിടെ വന്നിരിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായാണ് ബ്രീത്തിങ് ടൈം പോലും നൽകാതെ പ്രതിപക്ഷവും ബി.ജെ.പി.-യും പെരുമാറുന്നത്. മേയ് 18-നാണ് സത്യപ്രതിജ്ഞ ചെയ്ത് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നത്. മഹിളാ മോർച്ച പ്രവർത്തകർ മേയ് 15-ന് ബസ്സിൽ കയറി സമരം ചെയ്യുകയാണ്; ഏത് സർക്കാരാണ്? ഒരു സിനിമയിൽ നടൻ ഇന്നസെന്റ് പറഞ്ഞതുപോലെ 'വേണമെങ്കിൽ അരമണിക്കൂർ നേരത്തേ പുറപ്പെടാം' എന്നാണ് പറയാനുള്ളത്. നിങ്ങളുടെ അജണ്ട നിങ്ങൾ നേരത്തെ തയ്യാറാക്കി. "സർക്കാർ എന്തുചെയ്താലും ഞങ്ങൾ സമരം ചെയ്യും" എന്നാണ് നിങ്ങളുടെ അജണ്ട. വാഗ്ദാന ലംഘനം നടത്തിയെന്നും മേയ് 15-ന്

കൊടുത്തില്ലായെന്നമാണ് ആക്ഷേപം. 15 ലക്ഷം രൂപ ഓരോരുത്തരുടേയും അക്കൗണ്ടിൽ ഇട്ടുതരാമെന്ന് പറഞ്ഞിട്ട് 12 വർഷം കഴിഞ്ഞു. വാഗ്ദാനലംഘനങ്ങളുടെ ലിസ്റ്റ് ഞങ്ങൾ തരേണ്ടതുണ്ടോ? അന്നെല്ലാം വായ് മൂടിക്കെട്ടിയിരുന്നവരല്ലേ നിങ്ങൾ. ഇന്നിപ്പോൾ സമരവുമായി വന്നിരിക്കുന്നു. നിങ്ങളുടെ നിയമസഭാ കക്ഷിയെക്കുറിച്ചൊന്നും പറയുന്നില്ല. നമ്മളെല്ലാവരും ഈ നിയമസഭാ സമ്മേളനത്തിൽ ആദ്യം വന്നപ്പോൾ സംസ്ഥാന പ്രസിഡന്റ് ശ്രീ. രാജീവ് ചന്ദ്രശേഖറായിരുന്നു മുൻനിരയിൽ ഇരുന്നത്. ആ സംസ്ഥാന പ്രസിഡന്റിനെ പുറകിലോട്ട് മാറ്റി സംസ്ഥാന കമ്മിറ്റി അംഗം മുമ്പിലേക്ക് മാറി. 'മാറാത്തത് മാറും' എന്നുപറഞ്ഞപ്പോൾ ഇത്രയും പ്രതീക്ഷിച്ചില്ല.

2026-2027-ലെ പുതുക്കിയ ബജറ്റിൽ പാവപ്പെട്ട/ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ ചേർത്തുപിടിക്കുന്ന രണ്ട് പദ്ധതികളാണ് പ്രഖ്യാപിച്ചത്. ദുർബല ജനവിഭാഗമെന്നുള്ള നിലയിൽ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കുവേണ്ടി അനുവദിക്കപ്പെട്ടിരുന്ന പ്രത്യേക ഭവന നിർമ്മാണ പദ്ധതിയും മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടത്തിയിരുന്ന ഭവന നിർമ്മാണ പദ്ധതിയും നിങ്ങൾ നിർത്തലാക്കിയെങ്കിൽ ഐക്യ ജനാധിപത്യമുന്നണി സർക്കാർ വീണ്ടും ആ പദ്ധതികൾ ആരംഭിക്കുകയാണ്.

പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകണമെങ്കിൽ ഒരു ദിവസം 80-100 ലിറ്റർ മണ്ണെണ്ണ വേണം. മണ്ണെണ്ണയുടെ വില 100/- രൂപയായി വർധിപ്പിച്ചിട്ടും സബ്സിഡി ഒരു രൂപ പോലും വർധിപ്പിച്ചില്ല. എന്നാൽ, ഈ ബജറ്റിൽ മണ്ണെണ്ണ സബ്സിഡി 75/- രൂപയായി വർധിപ്പിച്ചിരിക്കുകയാണ്.

കേന്ദ്രത്തിൽ യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ വനം, വനവാസികൾക്കായി മാറ്റി വനാവകാശ നിയമം, 2006 കൊണ്ടുവന്നു. അതുപോലെ, കടൽ, കടലിന്റെ മക്കൾക്കുവേണ്ടിയെന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഈ ബജറ്റ് അടിവരയിട്ട് പറയുകയാണ്. മത്സ്യത്തൊഴിലാളി സമൂഹത്തിന് വൈവിധ്യമാർന്ന തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക പരിശീലന പരിപാടിയും

മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് സ്വയം തൊഴിലിനായി സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ (എസ്.എച്ച്.ജി.) ആരംഭിക്കാനാവശ്യമായ സഹായം ലഭ്യമാക്കുമെന്നും എല്ലാ തീരദേശ നിവാസികൾക്കും പട്ടയം ലഭ്യമാക്കുമെന്നുമുള്ള സുപ്രധാനമായ പ്രഖ്യാപനം സർക്കാർ നടത്തിയിരിക്കുകയാണ്. സർക്കാർ മുന്നറിയിപ്പ് പ്രകാരം മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾ പട്ടിണിയിലാകാതിരിക്കാൻവേണ്ടി അവരുടെ അടുപ്പ് പുകയുന്നതിന് പ്രത്യേകമായ വേതന സഹായം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുമെന്നും ബജറ്റിൽ സർക്കാർ പറഞ്ഞിട്ടുണ്ട്. കാലാവസ്ഥ മുന്നറിയിപ്പ് കാരണം മത്സ്യത്തൊഴിലാളികൾക്ക് ഒരു വർഷം 100 ദിവസം പോലും ജോലിക്ക് പോകാൻ കഴിയുന്നില്ല. നിങ്ങൾ എത്ര ദിവസം കൊടുത്തു? ഞങ്ങൾ കൂടുതൽ ദിവസം കൊടുക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. തീരദേശത്തുണ്ടാകുന്ന വികസന പദ്ധതികൾക്ക് തീരദേശവാസികൾക്ക് സംവരണം നൽകുമെന്ന ചരിത്രപരമായ പ്രഖ്യാപനം ഈ ബജറ്റിൽ കാണാൻ സാധിക്കും. കടലിൽവച്ച് ഹൃദയസ്തംഭനംമൂലം ഒരാൾ മരണപ്പെട്ടാൽ അദ്ദേഹത്തെ പെട്ടെന്ന് ആശുപത്രിയിൽ കൊണ്ടുപോകാൻ കഴിയില്ല. പക്ഷേ, മത്സ്യബന്ധനത്തിനിടയിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് ആനുകൂല്യം നൽകാൻ സർക്കാർ തയ്യാറാകണം. ഹൃദയസ്തംഭനംമൂലമോ മറ്റോ മരണപ്പെടുന്നവർക്ക് വേറെയൊരു സഹായവും ലഭിക്കാത്ത സാഹചര്യമാണ്; അത് ഒഴിവാക്കണം. കേരള മറൈൻ ഫിഷിങ് റെഗുലേഷൻ ആക്റ്റ് (കെ.എം.എഫ്.ആർ.എ.)-ന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർ മത്സ്യത്തൊഴിലാളികൾക്കെതിരെ വളരെ ക്രൂരമായ ശിക്ഷാ നടപടികളാണ് സ്വീകരിക്കുന്നത്. പക്ഷേ, അത് വളരെ വലിയ ശിക്ഷകളാണ്. രജിസ്ട്രേഷനില്ലാത്ത യാനങ്ങൾക്കും ലൈസൻസില്ലെങ്കിലും കരം വലിക്കും  നൈറ്റ് ഫിഷിങ് നടത്തിയാലും രണ്ടര ലക്ഷം രൂപ വീതവും ഈടാക്കുന്നുവെന്നുമാത്രമല്ല, തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മീൻ മുഴുവനും പിടിച്ചെടുത്ത് ലേലം ചെയ്യുകയുമാണ്. ഇതൊരു ക്രൂരമായ ശിക്ഷാ നടപടിയാണ്. ഇത്തരം ശിക്ഷകൾ കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്.

ചരിത്രപരമായ ഒരു പ്രഖ്യാപനമാണ് സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ളത്. കേരളത്തിലെ വനിതകൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്രാപദ്ധതിയായ 'പ്രിയദർശിനി' ഇവിടെ പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്. 2026 മേയ് 15-നാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്. ജൂൺ 15 മുതൽ 25 വരെയുള്ള പത്തുദിവസംകൊണ്ട് 28,27,04,068/- (ഇരുപത്തിയെട്ടുകോടി ഇരുപത്തിയേഴ് ലക്ഷത്തി നാലായിരത്തി അറുപത്തിയെട്ട്) രൂപയുടെ സഹായമാണ് കേരളത്തിലെ സ്ത്രീകൾക്ക് ലഭിച്ചിട്ടുള്ളത്. ഒരു വർഷമാകുമ്പോൾ അത് 1100 കോടി രൂപയായി ഈ നാട്ടിലെ വനിതകൾ വഴി അവരുടെ കുടുംബങ്ങളിലെത്തുകയാണെന്നുള്ളതാണ് ഏറ്റവും വലിയ കാര്യം. 2016-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 44,000 തൊഴിലാളികളുണ്ടായിരുന്ന ഈ സ്ഥാപനം ഇന്ന് എല്ലും തോലുമായി, തകരപ്പാട്ടയുടെ അവസ്ഥയിലാണ് ഈ സർക്കാരിനെ ഏൽപ്പിച്ചിരിക്കുന്നത്. കാലാവധി കഴിഞ്ഞ രണ്ടായിരത്തിലധികം ബസ്സുകളാണ് നിലവിലുള്ളത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിരുന്ന എല്ലാ പദ്ധതികളും നിലവിലില്ല; പുതിയ ബസ്സുകൾ വാങ്ങാനുള്ള നടപടികൾ സ്വീകരിക്കണം. എനിക്ക് എല്ലാ എം.എൽ.എ.-മാരോടുമായി അഭ്യർത്ഥിക്കാനുള്ളത്, എം.എൽ.എ. ഫണ്ട് ഉപയോഗിക്കാൻ സർക്കാർ അനുമതി നൽകുകയാണെങ്കിൽ ഓരോരുത്തരും മൂന്ന് ബസ്സുകൾ വീതം വാങ്ങി കൊടുത്താൽ 420 പുതിയ ബസ്സുകൾ 'പ്രിയദർശിനി' സർവീസിനായി രംഗത്തിറക്കാൻ കഴിയും. അങ്ങനെയൊരു തീരുമാനം സർക്കാർ സ്വീകരിച്ചാൽ ആദ്യമായി ഞാൻ എന്റെ എം.എൽ.എ. ഫണ്ടിൽനിന്നും മൂന്ന് ബസ് വാങ്ങാനുള്ള സന്നദ്ധത ഈ അവസരത്തിൽ അറിയിക്കുകയാണ്.

മറ്റൊന്ന്, ടൂറിസം മേഖലയുമായി ബന്ധപ്പെട്ടതാണ്. 'കേരളത്തെ അറിയാത്തവരും കോവളത്തെ അറിയും' എന്നാണ് മുൻ വിനോദസഞ്ചാര വകുപ്പുമന്ത്രി പറഞ്ഞത്. പക്ഷേ എന്താണ് ഇന്നത്തെ സ്ഥിതി? കോവളം എന്ന കേരളത്തിലെ ആദ്യത്തെ ടൂറിസം ഡെസ്റ്റിനേഷനിൽ ഇന്ന് തെരുവ് വിളക്കുകൾപോലും കത്തുന്നില്ല. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ഒരു സാഹചര്യമുണ്ടായിരിക്കുന്നു. 2017 മുതൽ തെരുവുവിളക്കുകൾ കത്തിക്കാൻവേണ്ടിയുള്ള എട്ട് പദ്ധതികളിലായി 2,16,82,851 രൂപ ചെലവാക്കി. ഇത്

എവിടെപോയി? ഒരു ലൈറ്റുകളും കത്താതിരിക്കുന്നതിന് കോടികൾ ചെലവഴിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് പ്രത്യേകമായി അന്വേഷിക്കുന്നതിനും അവിടെ പ്രത്യേകമായി തെരുവ് വിളക്കുകൾ കത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. സഞ്ചാരികൾക്ക് പ്രാഥമികകർമ്മങ്ങൾ നിർവഹിക്കുന്നതിന് ടോയ്‌ലെറ്റ് കോംപ്ലക്സുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾപോലും ഇല്ലാത്ത സാഹചര്യത്തിൽ കേരളത്തിലെ അറിയപ്പെടുന്ന ഈ ടൂറിസം ഡെസ്റ്റിനേഷൻ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി സന്ദർശിക്കുകയും പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. ടൂറിസത്തെ ഒരു വ്യവസായമായി പ്രഖ്യാപിക്കുന്നത് ചരിത്രപരമായ പ്രഖ്യാപനമാണ്. അതിലൂടെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഇലക്ട്രിസിറ്റി ഡിസ്കൗണ്ട് ഉൾപ്പെടെയുള്ള വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകാനും കേരളത്തിലെ ടൂറിസത്തെ ഉത്തേജിപ്പിക്കാനും കഴിയും. കഴിഞ്ഞവർഷം മാത്രം 48000 കോടി രൂപയുടെ വരുമാനമാണ് ടൂറിസം മേഖലയിലുണ്ടായത്. ഇത് വ്യവസായമായി പ്രഖ്യാപിച്ചതിന്റെ അനുകൂലമായ സാഹചര്യം മുതലെടുത്തുകൊണ്ട് എഴുപതിനായിരമോ എൺപതിനായിരമോ കോടിയിലേക്ക് വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഈ ധനാഭ്യർഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. ഇവിടെ ചർച്ചയുടെ ഭാഗമായി ആദ്യം പറയാനുള്ള കാര്യം, പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളും ചികിത്സാ സൗകര്യങ്ങളും ഒട്ടുംതന്നെ കാര്യക്ഷമമല്ല എന്ന തരത്തിലുള്ള സബ്മിഷൻ പാലക്കാട് അംഗം ശ്രീ. രമേശ് പിഷാരടി അവതരിപ്പിക്കുകയുണ്ടായി. വസ്തുതകൾക്ക് വിരുദ്ധമായ ചോദ്യവും മറുപടിയുമാണ് ആ സബ്മിഷന്റെ ഭാഗമായിട്ടുണ്ടായത്. 2011 മുതൽ 2016 വരെ യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന കാലത്ത് 57 കോടി രൂപയായിരുന്നു അനുവദിച്ചത്. എന്നാൽ 2016 മുതൽ 2026 വരെയുള്ള കാലയളവിൽ 755 കോടി രൂപയുടെ വികസനപ്രവർത്തനം അവിടെ നടന്നിട്ടുണ്ട്. ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ

വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലൻ അന്ന് പാലക്കാട് മെഡിക്കൽ കോളേജിന് കേന്ദ്ര മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായപ്പോൾ അത് വീണ്ടെടുത്തുകൊണ്ട് ശരിയായ രീതിയിൽ കൊണ്ടുപോകുകയാണ് ചെയ്തത്. വസ്തുതാപരമായി കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ നല്ല പഠനം നടത്തേണ്ടതുണ്ട്. അറിയില്ലെങ്കിൽ അത്തരം സന്ദർഭങ്ങളിലെല്ലാം എങ്ങനെയാണ് പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോയതെന്ന് ശ്രീ. ഷാഫി പറമ്പിൽ ഉൾപ്പെടെയുള്ള മുൻ പാലക്കാട് എം.എൽ.എ.-മാരോട് ചോദിക്കുന്നത് നന്നായിരിക്കും. ഈ സർക്കാരുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങൾ ഇന്നലെയും ഇന്നുമായി സഭയിൽ അംഗങ്ങൾ സംസാരിക്കുകയുണ്ടായി. കഴിഞ്ഞ ഒന്നര മാസത്തിനുള്ളിൽ ഇത്രമാത്രം മലക്കംമറിച്ചിൽ നടത്തിയ ഒരു ഗവൺമെന്റും കേരളത്തിലില്ല. ഒളിമ്പിക്സിൽ മലക്കംമറിച്ചിലിന് മെഡൽ ഉണ്ടെങ്കിൽ തീർച്ചയായും ഭരണപക്ഷത്തിലെ മന്ത്രിമാർക്ക് അത് ലഭിക്കുന്ന സാഹചര്യമാണ് ഇവിടെ ഉണ്ടായത്. ഏതെല്ലാം കാര്യങ്ങളാണ്; ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ട് ഒരു അഭിഭാഷകനെ നിയമിക്കുന്ന കാര്യത്തിൽ ആദ്യം തീരുമാനമെടുക്കുകയും പിന്നീട് അതിൽനിന്നും മാറുകയുമുണ്ടായി. വൈദ്യുതി വകുപ്പുമന്ത്രിയുടെ അളിയനെ ആദ്യം അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കുകയും പിന്നീട് തൽസ്ഥാനത്തുനിന്നും മാറ്റുകയും ചെയ്തു. ഇങ്ങനെ എത്രയെത്ര കാര്യങ്ങൾ. ഈ സർക്കാരിന് ഇതൊരു ഹണിമൂൺ പീരിയഡാണ്. എന്നാൽ ഈ ഹണിമൂൺ പീരിയഡിൽതന്നെ ജനങ്ങളുമായി ഡിവോഴ്സാകുന്ന സർക്കാരായി ഈ സർക്കാർ മാറുമെന്ന കാര്യത്തിൽ യാതൊരു തർക്കവും വേണ്ട. അങ്ങയിലൂടെ മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രിയോട് ഒരു കാര്യം അറിയിക്കാനുണ്ട്; ആഗസ്റ്റ് മാസത്തോടുകൂടി ട്രോളിങ്ങ് കഴിഞ്ഞ് പുറംകടലിൽ ഇറങ്ങുന്ന മത്സ്യത്തൊഴിലാളികളോട് നല്ല രീതിയിൽ ശ്രദ്ധിക്കാൻ പറയണം; ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കെ. എം. ഷാജി അറബിക്കടലിൽ ഒഴുക്കിവിട്ട 'പിഎം ശ്രീ' പേടകം പുറംകടലിൽ ഒഴുകി നടക്കുന്നുണ്ട്. അതുകൊണ്ട് മത്സ്യത്തൊഴിലാളികളോട് അക്കാര്യത്തിൽ നല്ല ശ്രദ്ധ പുലർത്താൻ പറയണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

മറ്റൊരു കാര്യം കിഫ്ബിയുമായി ബന്ധപ്പെട്ടതാണ്. കിഫ്ബിയെ പൊളിച്ചെഴുതാനും തകർക്കാനുമാവശ്യമായ ചില സൂചനകൾ ബജറ്റിൽ പരാമർശിക്കുന്നുണ്ട്. കേരളത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു മാറ്റം ഉണ്ടായത് കിഫ്ബിയുടെ വരവോടുകൂടിയാണ്. അതിലേക്ക് നയിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്താണ്? 2003-ൽ നടപ്പിലാക്കിയ ധനഉത്തരവാദിത്വ നിയമത്തിന്റെ ഭാഗമായി കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്കുണ്ടായ വലിയ സാമ്പത്തിക കമ്മി പരിഹരിക്കുന്നതിന് കേരളത്തിന്റെ ഭാവി പശ്ചാത്തല സൗകര്യത്തെ വിപുലപ്പെടുത്താൻവേണ്ടിയാണ് യഥാർത്ഥത്തിൽ ഒന്നാം പിണറായി ഗവൺമെന്റ് കേരളത്തിൽ കിഫ്ബി നടപ്പിലാക്കിയത്. പാലങ്ങൾ, റോഡുകൾ, നാലുവരി ദേശീയപാതയ്ക്ക് ഭൂമി ഏറ്റെടുക്കൽ എന്നിവയുൾപ്പെടെ കേരളത്തിലുണ്ടായ നിരവധി മാറ്റങ്ങൾ കിഫ്ബിയുമായി ബന്ധപ്പെട്ട ധനസഹായം നിമിത്തമാണ്. രണ്ടാം പിണറായി ഗവൺമെന്റിന്റെ ബജറ്റിൽ പറഞ്ഞിരുന്ന എം.സി. റോഡിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികളും പാലക്കാട് ജില്ലയുമായി ബന്ധപ്പെട്ട് കിടക്കുന്ന വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കുന്ന നടപടികളുമുൾപ്പെടെ പശ്ചാത്തല വികസന മേഖലയിൽ വലിയ മാറ്റമുണ്ടാക്കിയ കിഫ്ബിയെ പൊളിച്ചെഴുതാനുള്ള തീരുമാനത്തിലേക്ക് ഈ ബജറ്റിന്റെ ഭാഗമായി പോകരുതെന്നാണ് എനിക്ക് പറയാനുള്ളത്.

'പവർ കട്ട്' ഏർപ്പെടുത്തിയത് ഒരു യാഥാർത്ഥ്യമാണ്. കഴിഞ്ഞ പത്ത് വർഷം പവർ കട്ട് എന്താണെന്ന് അറിയില്ലായിരുന്നു. എന്നാൽ ഇന്ന് ജനിച്ചുവീഴുന്ന കുട്ടികൾവരെ ഈ സർക്കാരിന്റെ ഇരുണ്ട കാലത്തേക്കാണ് കടന്നുവരുന്നത്. ലോകം മുഴുവൻ ഫുട്ബോൾ ആവേശത്താൽ ഒരു പന്തിലേക്ക് ചുരുങ്ങുമ്പോൾ കേരളത്തിലെ കെ.എസ്.ഇ.ബി. പവർ കട്ടിലേക്ക് ചുരുങ്ങുന്ന കാഴ്ചയാണ് ഈ സർക്കാർ വന്നതിനുശേഷം കഴിഞ്ഞ ദിവസങ്ങളായി കണ്ടുവരുന്നത്.

രണ്ടാം ഭൂപരിഷ്കരണം എന്ന പ്രത്യേകമായ ഒരു ഇനംകൂടി ധനവകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. കേരളത്തിൽ എങ്ങനെയാണ് ഒന്നാം ഭൂപരിഷ്കരണ നിയമം വരുന്നത്? അന്നുവരെ ചരിത്രപരമായ കാരണങ്ങളാൽ പിന്നാക്കം നിൽക്കേണ്ടിവന്ന ഏറ്റവും പ്രയാസം അനുഭവിച്ചിരുന്ന ജനവിഭാഗങ്ങൾക്ക്

സാമൂഹ്യനീതിയിലേക്കുള്ള ചരിത്രപരമായ ചുവടുവയ്പ്പായിരുന്ന ഒന്നാം ഭൂപരിഷ്കരണം. അങ്ങനെയാണ് കേരളത്തിൽ ജന്മിത്വം ഇല്ലാതായത്. 1960, 1963, 1969 എന്നീ വർഷങ്ങളിൽ നിലവിൽവന്ന ഈ നിയമംവഴി കേരളത്തിൽ ലക്ഷക്കണക്കിന് കർഷക കുടുംബങ്ങൾക്ക് ഭൂമി ലഭ്യമായി. ഗ്രാമീണ സമ്പദ്വ്യവസ്ഥയിലും സാമൂഹിക വ്യവസ്ഥയിലും വലിയ മാറ്റങ്ങൾ വന്നു. എന്നാൽ ഇപ്പോൾ നടപ്പിലാക്കാൻപോകുന്ന രണ്ടാം ഭൂപരിഷ്കരണം, കച്ചവട സാധ്യതയിലേക്ക് കേരളത്തെ മാറ്റുന്ന സ്ഥിതിയുണ്ടാകുമെന്ന് ആശങ്കപ്പെടുകയാണ്. 'മിഷൻ കേരള' അത്തരത്തിലുള്ള ഒരു പദ്ധതിയാണ്. എന്തായാലും പാലക്കാട് ജില്ലയിൽ കടൽ ഇല്ലാത്തതുകൊണ്ട് ഞങ്ങൾ രക്ഷപ്പെട്ടു. ശ്രീ. നരേന്ദ്രമോഡി എങ്ങനെയാണോ കേന്ദ്രത്തിൽ 'ബ്ലൂ എക്കോണമി' നടപ്പിലാക്കിയത്, അതിന്റെ കേരള പതിപ്പാണ് ഇവിടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന 'മിഷൻ സമുദ്ര'. അതിൽനിന്നും ഏറ്റവും പ്രധാനപ്പെട്ട ഗുണം ലഭിക്കുന്നത് അദാനിക്ക് ആണ്. ശതകോടീശ്വരന്മാരായ സമ്പന്നർക്ക് ഇവിടെ സ്വകാര്യ നിക്ഷേപങ്ങൾ വന്നാൽ കേരളം നേരിടേണ്ടി വരുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം സാമൂഹ്യനീതിയാണ്. കാരണം ഇത്തരം സ്വകാര്യ നിക്ഷേപങ്ങൾ തഴച്ചുവളർന്നാൽ അതുവഴി ഉണ്ടാകുന്ന വികസനവുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങളിൽ കേരളത്തിലെ പട്ടികജാതി/പിന്നാക്ക വിഭാഗങ്ങൾ പരിഗണിക്കപ്പെടുമോ? 35 ലക്ഷത്തോളം വരുന്ന പട്ടികജാതി ജനവിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് കേരളത്തിലെ ഈ ഗവൺമെന്റ് അഞ്ച് വർഷംകൊണ്ട് നടപ്പിലാക്കാൻ പോകുന്ന സ്വകാര്യ നിക്ഷേപങ്ങളടങ്ങിയ പദ്ധതികളിൽ തൊഴിലവസരങ്ങൾക്ക് സംവരണം ഉൾപ്പെടെയുള്ള സാധ്യതകൾ ഉണ്ടാകുമോ? സമ്പന്നനെ കൂടുതൽ സമ്പന്നനാക്കുകയും കേരളത്തിലെ ദരിദ്രരെയും പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗത്തെയും കൂടുതൽ പ്രയാസങ്ങളിലേക്ക് തള്ളിവിടുകയും ചെയ്യുന്ന തരത്തിലേക്ക് 'വിഷൻ സമുദ്ര' ഉൾപ്പെടെയുള്ള പദ്ധതികൾ വരുമെന്ന കാര്യം ഏറ്റവും പ്രധാനമാണ്. 'പ്രിയദർശിനി' പദ്ധതി നിലവിൽ വന്നപ്പോൾ ഒട്ടേറെ സ്ത്രീകൾക്ക് അതിന്റെ ആനുകൂല്യം ലഭിച്ചെന്ന് മുമ്പ് സംസാരിച്ച ശ്രീ. എം. വിൻസെന്റ് എം.എൽ.എ. പറയുകയുണ്ടായി. അതോടൊപ്പംതന്നെ കേരളത്തിൽ കാണാതെ പോകരുതാത്ത പ്രധാനപ്പെട്ട മറ്റൊരു പ്രശ്നമുണ്ട്; ഏകദേശം പതിനായിരത്തോളം വരുന്ന ബസ്സ്

തൊഴിലാളികൾ വലിയ പ്രയാസത്തിലാണ്. ആ വ്യവസായം തകർച്ചയിലേക്കാണ് പോകുന്നത്. പാലക്കാട്-തൃശ്ശൂർ റൂട്ടിൽ അമ്പതോളം പ്രിയദർശിനി ബസ് വന്ന സാഹചര്യത്തിൽ ഏകദേശം നാന്നൂറോളം പ്രൈവറ്റ് ബസ്സുകളിൽ ആളുകൾ കയറാതെ വരുന്ന സ്ഥിതിയാണുള്ളത്.

<u>ചെയർപേഴ്സൺ</u>: യെസ് കൺക്ലൂഡ്.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, ഏതാണ്ട് ഇരുപതിനായിരത്തോളം വരുന്ന തൊഴിലാളികൾ, ആ തൊഴിലുമായി ബന്ധപ്പെട്ടുവരുന്ന ഹോട്ടൽ വ്യവസായം, ലോട്ടറി വ്യവസായം, ടയർ വ്യവസായം ഇങ്ങനെയുള്ള നിരവധി അനുബന്ധ വ്യവസായങ്ങളെക്കൂടി ഭാവിയിൽ ബുദ്ധിമുട്ടിലാക്കും. "For every action, there is an equal and opposite reaction" എന്നുപറയുന്നതുപോലെ. ഇതിന്റെ പ്രതിപ്രവർത്തനത്തിന്റെ ഭാഗമായി ആയിരക്കണക്കിനുവരുന്ന കുടുംബങ്ങൾക്ക് കേരളത്തിൽ വിഷമകരമായ സാഹചര്യങ്ങളുണ്ടാകും. അതുകൊണ്ട് അതുകൂടി പരിഹരിക്കാനാവശ്യമായ തീരുമാനമുണ്ടാകണം. എല്ലാവരെയും പറ്റിക്കുന്നതുപോലെ, പൂക്കികളായ Gen Z (Generation Z) ചെറുപ്പക്കാരെ പറ്റിക്കുന്ന സാഹചര്യവുമുണ്ടായി. വാഹന മോഡിഫിക്കേഷനുമായി ബന്ധപ്പെട്ടുനൽകിയ വാഗ്ദാനങ്ങൾ പാടെ അവഗണിച്ചുകൊണ്ട് കഴിഞ്ഞ ഒന്നരമാസത്തിനുള്ളിൽ ഒരു കോടി രൂപയിലേറെ പിഴ ഈടാക്കുന്ന സാഹചര്യം കേരളത്തിലുണ്ടായി. അതുകൊണ്ട് വളരെയേറെ പ്രയാസങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ അഭിമാനത്തോടുകൂടി പിന്തുണയ്ക്കുന്നു. ഇന്ന് കൂടുതലായും സഭയിൽ ചർച്ചചെയ്യപ്പെടുന്നത് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ 'പ്രിയദർശിനി പദ്ധതി' - ഇന്ദിരാ ഗ്യാരന്റിയിലെ കെ.എസ്.ആർ.ടി.സി.-യിലെ സൗജന്യയാത്ര സംബന്ധിച്ചാണ്. ഈ സഭ ആരംഭിച്ചതിനുശേഷം നമ്മളെല്ലാവരും അഭിമാനത്തോടുകൂടി ഇതിനെക്കുറിച്ച് ആവർത്തിച്ച് പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷം ഞാൻ പ്രതിപക്ഷ

ബഞ്ചിലിരുന്നുകൊണ്ട് അതിർത്തിയിലെയും കർണ്ണാടകയിലെയും ഏറ്റവും കൂടുതൽ ബസ്സുകളിൽ എന്റെ നിയമസഭാ മണ്ഡലത്തിലേക്കും ജില്ലയിലേക്കും ദിവസേന വന്നുപോകുന്ന ഒരാളാണ്. കൊതിയോടെ മുൻ കർണ്ണാടക മുഖ്യമന്ത്രി ശ്രീ. സിദ്ധരാമയ്യയുടെ ഗവൺമെന്റിന്റെ കെ.എസ്.ആർ.ടി.സി.-യിലെ സൗജന്യയാത്രയുടെ നന്മ പറഞ്ഞൊരാളായിരുന്നു ഞാൻ. വീണ്ടും യു.ഡി.എഫ്. ഗവൺമെന്റ് വന്നശേഷം ഈ ധനാഭ്യർഥന ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ കേവലമൊരു സൗജന്യയാത്ര മാത്രമല്ല ഞങ്ങൾ അനുഭവിക്കുന്നത്. എന്റെ മണ്ഡലത്തിലുള്ള എസ്.സി./എസ്.ടി. കുടുംബത്തിലുള്ളവരും സാമ്പത്തികശേഷി ഇല്ലാത്തവരും മംഗലാപുരത്തേക്ക് ദിവസവും ജോലിക്ക് പോകുന്നവരാണ്. അവർ ഈ പദ്ധതി കൊണ്ട് മാസം ലാഭിക്കുന്നത് അയ്യായിരം മുതൽ ആറായിരം രൂപ വരെയാണ്. മംഗലാപുരത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥിനികളായ മക്കൾക്ക് നാളെ രാവിലെ ടിക്കറ്റിന് നൂറ് രൂപ എങ്ങനെ കണ്ടെത്തുമെന്ന് രാത്രി കിടക്കുന്ന സമയത്ത് ടെൻഷനടിക്കുന്ന അമ്മമാർക്കും ഉമ്മമാർക്കും പുഞ്ചിരിയുടെയും സന്തോഷത്തിന്റെയും നാളുകൾ സമ്മാനിച്ച പദ്ധതിയാണ് പ്രിയദർശിനി പദ്ധതി. അവർക്ക് ഇന്നുരാവിലെ പൈസ കണ്ടെത്തേണ്ട ആവശ്യമില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ നൽകിയ സൗജന്യയാത്ര മനോഹരമായി എന്റെ നാട്ടിലെ ജനങ്ങൾ ആസ്വദിക്കുകയാണ്. അവരുടെ പ്രാർഥന ബഹുമാന്യനായ മുഖ്യമന്ത്രിക്കും ഈ ഗവൺമെന്റിനും എപ്പോഴുമുണ്ടാകുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപറയുമ്പോൾ മഞ്ചേശ്വരത്തെ എം.എൽ.എ. എന്ന നിലയിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ രാജ്യത്ത് ബി.ജെ.പി.-ക്കെതിരെ നെഞ്ചുവിരിച്ച് ഭരിക്കുന്ന ഗവൺമെന്റാണ് കർണ്ണാടകയിലെ കോൺഗ്രസ് ഗവൺമെന്റ്. അവിടെ ഇന്ത്യയ്ക്ക് മോഡലായി ശ്രീ. സിദ്ധരാമയ്യ ദേശീയ രാഷ്ട്രീയത്തിലേക്ക് പോയപ്പോൾ ശ്രീ. ഡി. കെ. ശിവകുമാർ മുഖ്യമന്ത്രിയായി അധികാരത്തിൽ വന്നു. ശ്രീ. വി. ഡി. സതീശൻ കേരളത്തിൽ മുഖ്യമന്ത്രിയാകുന്ന അതേ അവസരത്തിലാണ് ശ്രീ. ഡി. കെ. ശിവകുമാർ മുഖ്യമന്ത്രിയാകുന്നത്. കർണ്ണാടക സംസ്ഥാനത്തിലെ മുഴുവൻ വിദ്യാർഥികൾക്കും കെ.എസ്.ആർ.ടി.സി.-യിൽ സൗജന്യയാത്ര അനുവദിച്ചാണ് അദ്ദേഹം സന്തോഷ പ്രകടനം

നടത്തിയത്. അതുകണ്ടപ്പോൾ ഞങ്ങൾക്കും ഒരാഗ്രഹം തോന്നി. കേരളത്തിലെ ഞങ്ങളുടെ കുട്ടികൾക്കും കർണ്ണാടകയിൽ നിന്നുംവരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യയാത്ര നൽകണമെന്ന് അതിർത്തിയിലെ കന്നടക്കാരനായ എം.എൽ.എ. എന്ന നിലയിൽ ഞങ്ങൾ ഒരു റിക്വസ്റ്റ് നൽകി. അതിന് അദ്ദേഹം സന്തോഷപൂർവം പറഞ്ഞത്; കേരളത്തിലെ

വി. ഡി. സതീശൻ എന്ന മുഖ്യമന്ത്രിക്ക് ഒരു ഉപഹാരമായാണ് അങ്ങയുടെ കാസർഗോഡ് ജില്ലയിലെ കുട്ടികൾക്ക് കർണ്ണാടകയിലെ കെ.എസ്.ആർ.ടി.സി.-യിൽ സൗജന്യയാത്ര എന്നാണ്. ആ യാത്ര നൽകിയ ഇരട്ടി സന്തോഷമാണ് എന്റെ നാട്ടുകാർ അനുഭവിക്കുന്നത്. (തുടർന്ന് കന്നഡയിൽ സംസാരിച്ചു.)

ഈ സഭയിൽ ധനാഭ്യർഥനകളുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുക്കുമ്പോൾ മഞ്ചേശ്വരത്തിന് ഏറ്റവും പ്രധാനപ്പെട്ടൊരാവശ്യം ഉമ്മൻ ചാണ്ടി ഗവൺമെന്റ് നൽകിയ സെക്കന്റ് ഫ്ലോറിൽ പ്രവർത്തിക്കുന്ന ഞങ്ങളുടെ താലൂക്ക് ഓഫീസിന്റെ വികസനമാണ്. കഴിഞ്ഞ അഞ്ചുവർഷമായി ഈ സഭയിൽ ഞങ്ങൾക്കൊരു റവന്യൂ ടവർ വേണമെന്ന ആവശ്യമുന്നയിക്കുകയാണ്. ഞങ്ങളുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ മഞ്ചേശ്വരം നിവാസികൾക്ക് നൽകിയ ആ സന്തോഷത്തിന് നന്ദി രേഖപ്പെടുത്തുകയാണ്. ഉമ്മൻ ചാണ്ടി ഗവൺമെന്റ് മഞ്ചേശ്വരത്തിന് നൽകിയ ഫിഷിങ് ഹാർബർ കേരളത്തിന് പ്രതീക്ഷ നൽകുന്ന ഒന്നാണ്. ഹാർബറിന്റെ വിഷയം മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഒരു പാലമില്ലാത്തതുകൊണ്ട് 150 കോടി ചിലവിട്ട് നിർമ്മിച്ച മഞ്ചേശ്വരം ഫിഷിങ് ഹാർബർ ഗുണകരമല്ലാത്തൊരവസ്ഥയിലാണ്. അതിനൊരു മോചനം വേണം. ബഹുമാനപ്പെട്ട മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി മഞ്ചേശ്വരം ഹാർബർ സന്ദർശിച്ച്, കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി പ്രഖ്യാപിച്ച "മിഷൻ സമുദ്ര" പദ്ധതിയിലുൾപ്പെടുത്തി മഞ്ചേശ്വരത്തിന്റെ വാണിജ്യമേഖലയിൽ വലിയ പ്രതീക്ഷ പകരുന്ന പദ്ധതിയാക്കി മാറ്റുന്നതിനുള്ള അഭ്യർഥനകൂടി അങ്ങേയ്ക്ക് മുമ്പിൽ സമർപ്പിക്കുകയാണ്.

മറ്റൊരു കാര്യം, ഇന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. റോജി എം. ജോൺ സഭയിൽ ഒരു ഗവൺമെന്റ് പ്രമേയം അവതരിപ്പിച്ചു. നീറ്റ് പരീക്ഷ എഴുതുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് അറിയാം ആ സങ്കടം. ആത്മഹത്യയും ടെൻഷനും മാത്രം സമ്മാനിച്ച ഒരു കാലയളവായിരുന്നു അത്. ഇവിടെ പ്രമേയാവതരണത്തിനുശേഷം ശ്രീ. വി. മുരളീധരൻ വാശിയോടുകൂടി വോട്ടഭ്യർത്ഥന നടത്തി. നമുക്കാർക്കും മനസ്സിലായിട്ടില്ല അദ്ദേഹം വോട്ട് ആവശ്യപ്പെടാനുള്ള കാരണം. ബി.ജെ.പി.യുടെ മൂന്നംഗങ്ങളിൽ ഇന്ന് ശ്രീ. രാജീവ് ചന്ദ്രശേഖർ ഇവിടെയില്ല. വോട്ട് നടന്നാൽ രണ്ടുപേർ മാത്രം വോട്ട് രേഖപ്പെടുത്തിയെന്നും ശ്രീ. രാജീവ് ചന്ദ്രശേഖർ വോട്ട് ചെയ്യാത്ത കാര്യവും എല്ലാവരെയും അറിയിക്കാൻ വേണ്ടിയാണ് അദ്ദേഹം ഏറ്റവും കൂടുതൽ വാശിപിടിച്ചത്.

മറ്റൊരു കാര്യം പറയാനുള്ളത്, ബഹുമാന്യനായ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കെ. എം. ഷാജി, വിദ്യാർത്ഥി രാഷ്ട്രീയ കാലഘട്ടത്തിൽ മുഴുവനും എന്തുകാര്യം ചെയ്താലും അതിനെതിരെ എതിർപ്പുകളാണ് അദ്ദേഹത്തിന് പിന്നാലെയുണ്ടായിരുന്നത്. ഈ മന്ത്രിസഭ അധികാരത്തിൽ വന്നപ്പോഴും ആർ.എസ്.എസ്.-സംഘപരിവാറുകൾക്ക് എതിരെ നെഞ്ചുവിരിച്ച് സംസാരിച്ച ശ്രീ. കെ. എം. ഷാജിയുടെ പിന്നാലെയാണ് എല്ലാവരും; അതിന്റെ അർത്ഥം ഒന്നാണ്. 'ലൈഫ്' പോലെ XXXXXXX+ പദ്ധതികൾക്കുപകരം മനോഹരമായി പ്രതീക്ഷ പകരുന്നൊരു പഞ്ചായത്ത്‌രാജ് സംവിധാനം സമർപ്പിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായാണ് അദ്ദേഹത്തിനെതിരെയുള്ള എതിർപ്പ്. (.....ബഹളം.....) അത് സന്തോഷത്തോടുകൂടി സ്വീകരിക്കുകയാണ്. ലൈഫ് സംബന്ധിച്ച് പറയുമ്പോൾ ഒരു കാര്യം..... (.....ബഹളം.....)

<u>ചെയർപേഴ്സൺ</u>: അങ്ങയുടെ സമയം കഴിഞ്ഞു. പ്രസംഗം അവസാനിപ്പിക്കണം. (.....ബഹളം.....)

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, 2020-ൽ ആണ് ലൈഫ്-ന് അപേക്ഷ ക്ഷണിച്ചത്. അപേക്ഷ ക്ഷണിക്കുമ്പോൾ റേഷൻ കാർഡില്ലെന്ന കാരണംകൊണ്ട് ഒരുപാട് ആളുകൾ പട്ടികയ്ക്ക് പുറത്തായിരുന്നു. ബഹുമാന്യനായ ശ്രീ. കെ. എം. ഷാജി

---

\+ ബഹു. സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (കെ.എൽ.എസ്./3846/2026/എഡിറ്റിങ്) സഭാരേഖയിൽനിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു.

ഗ്രാമപഞ്ചായത്തിന്റെ വൈസ് പ്രസിഡന്റായി പൊതുപ്രവർത്തനം തുടങ്ങിയൊരു മനുഷ്യനാണ്. (.....ബഹളം.....) തെരഞ്ഞെടുപ്പിന്റെ അവസാന നിമിഷത്തിൽപോലും എനിക്കൊരു വർഗീയവാദിയുടെയും തീവ്രവാദിയുടെയും വോട്ട് വേണ്ടെന്ന് പ്രഖ്യാപിച്ച പ്രിയപ്പെട്ട നേതാവാണ് ശ്രീ. കെ. എം. ഷാജി. അദ്ദേഹം തീർച്ചയായും ആ പഞ്ചായത്ത് വകുപ്പിൽ ഒരു പരിവർത്തനമുണ്ടാക്കും. ലൈഫ് പദ്ധതിയിൽ അദ്ദേഹം ഒരു പൊളിച്ചെഴുത്ത് നടത്തി. റേഷൻ കാർഡില്ലാത്തതിന്റെ പേരിൽ..... (മൈക്ക് ഓഫ്) (......ബഹളം....)

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>ചെയർപേഴ്സൺ</u>: എന്താണ് പോയിന്റ്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, പോയിന്റ് പറയാം, XXXXX+ ലൈഫ് ഭവന പദ്ധതി എന്ന വാക്കാണിവിടെ ഉപയോഗിച്ചത്. അഞ്ചര ലക്ഷം ആളുകൾക്ക് ഭവനമെന്ന സ്വപ്നം യാഥാർഥ്യമാക്കിയ പദ്ധതിയെക്കുറിച്ച് തെറ്റായ പരാമർശമാണ് നടത്തിയത്. അത് സഭാരേഖയിൽനിന്നും നീക്കം ചെയ്യണമെന്നാണ് എന്റെ ആവശ്യം.

<u>ചെയർപേഴ്സൺ</u>: പരിശോധിക്കാം.

<u>ശ്രീമതി ഗീതാഗോപി</u>: സർ, കേരളത്തിന്റെ വികസന മാതൃകയെയും ക്ഷേമരാഷ്ട്ര സങ്കൽപ്പത്തെയും ബാധിക്കുന്ന നിരവധി നയവ്യതിയാനങ്ങൾ ഈ ബജറ്റിൽ ഒളിഞ്ഞിരിപ്പുണ്ട്. അതുകൊണ്ടാണ് ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുന്നത്. ജനാധിപത്യ ഭരണസംവിധാനത്തിൽ ബജറ്റ് എന്നത് വെറും വരവ്-ചെലവ് കണക്കുകളല്ല. സമൂഹത്തിലെ വിവിധ വിഭാഗങ്ങളിലെ അസമത്വങ്ങൾ കുറയ്ക്കാനും നമ്മുടെ സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്താനും സർക്കാരിന്റെ രാഷ്ട്രീയ-സാമൂഹിക കാഴ്ചപ്പാടുകൾ പ്രകടമാക്കുന്നതിനുമുള്ള ഒരു ഉപകരണം കൂടിയാണ് സംസ്ഥാന ബജറ്റ്.

എനിക്കിവിടെ പറയാനുള്ളത്, കഴിഞ്ഞ മാർച്ച് മാസം അവസാനത്തോടുകൂടി 6000 കോടി രൂപയിൽപ്പരം വരുന്ന സാമ്പത്തിക സ്രോതസ്സ് ഈ സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽ സ്വരൂപിച്ചുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തിരഞ്ഞെടുപ്പിനെ നേരിട്ടത്. 2016-ൽ അധികാരത്തിൽവന്ന ഇടതുപക്ഷ ജനാധിപത്യ

+ ബഹു. സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (കെ.എൽ.എസ്./3846/2026/എഡിറ്റിങ്) സഭാരേഖയിൽനിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചു.

മുന്നണി ഗവൺമെന്റ് ഒട്ടനവധി പ്രതിസന്ധികളെ നേരിട്ടിരുന്നു. ഓഖി ദുരന്തം, കേരളം കണ്ട ഏറ്റവും വലിയ പ്രളയം, കോവിഡ് എന്ന മഹാമാരി, അതിനുശേഷം വയനാട് നടന്ന ഉരുൾപൊട്ടൽ ദുരന്തം എന്നിവയെല്ലാം വളരെ ഗൗരവതരമായി കണ്ടുകൊണ്ട് കേരളീയ ജനതയുടെ ജീവനും സ്വത്തിനും ജീവിതത്തിനും ഒരു രക്ഷാകവചമായി അന്നത്തെ സർക്കാർ മാറിയിരുന്നു. കേരളത്തിലെ ജനങ്ങളുടെ ശരീരത്തിൽ ഒരു തരി ജീവനുണ്ടെങ്കിൽ, അതിന്റെ രക്ഷാപ്രവർത്തനം ഡിസാസ്റ്റർ മാനേജ്മെന്റ് കൃത്യനിർവഹണത്തിലൂടെ നടത്തിയ ആ സർക്കാരിന്റെ പേരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഇവിടെ ഇന്ന് ധനാഭ്യർഥനകളിൽ നിരാകരിക്കേണ്ട ചില കാര്യങ്ങൾ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കേരളത്തിലെ കിഫ്ബി പ്രോജക്ടിനെ സംബന്ധിച്ച് ഈ സർക്കാരിന്റെ നിലപാടെന്താണ്? കിഫ്ബിയുടെ ഒന്നാംഘട്ട പ്രവർത്തിയും രണ്ടാംഘട്ട പ്രവർത്തിയും എം.എൽ.എ.യുമായി റിവ്യൂ ചെയ്ത് വേണ്ട നിർദേശങ്ങൾ നൽകുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. മുരളീധരൻ സബ്മിഷന് മറുപടിയായി പറഞ്ഞല്ലോ. കിഫ്ബി പ്രോജക്ടിലൂടെ കേരളത്തിൽ എത്രമാത്രം അടിസ്ഥാനസൗകര്യ വികസനത്തിനാണ് കഴിഞ്ഞ സർക്കാർ പണം ചെലവഴിച്ചത്? ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിൽ കിഫ്ബിയിലൂടെ എത്രമാത്രം വികസന പദ്ധതികൾ നടപ്പാക്കി? സമഗ്ര കുടിവെള്ള പദ്ധതി, നാട്ടിക-തൃപ്രയാർ മേഖലയ്ക്ക് നൽകുന്ന പുതിയ പദ്ധതിയായ തൃപ്രയാർ പുതിയ പാലം, താന്ന്യം, അന്തിക്കാട്, ചാഴൂർ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് 34 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള കുടിവെള്ള പദ്ധതി എന്നിവ നടന്നുകൊണ്ടിരിക്കുകയാണ്, പദ്ധതിയുടെ അവസാനഘട്ടത്തിലാണ്. നാട്ടിക തീരദേശത്തിന് സമഗ്രമായ ഒരു കുടിവെള്ള പദ്ധതിക്ക് 113 കോടി രൂപയാണ് കഴിഞ്ഞ സർക്കാർ വിഭാവന ചെയ്തത്.

തീരദേശ മേഖലയ്ക്കും മത്സ്യബന്ധന മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്കും അവരുടെ ജീവിതത്തിൽ അത്രമാത്രം ഉയർന്ന നിലവാരത്തിലുള്ള വികസന പദ്ധതികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കാൻ സാധിച്ചു. അതാണ്

*30-06-2026*
*Financial Business*

കിഫ്ബിയുമായി ബന്ധപ്പെട്ടുള്ള ഈ സർക്കാരിന്റെ നിലപാടുകൾ ഇവിടെ വ്യക്തമാക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നത്. മത്സ്യബന്ധന മേഖലയിലെ അവസ്ഥ എന്താണ്? ആഴക്കടലിൽപ്പോയി ജീവൻ ബലികഴിപ്പിച്ച് മത്സ്യബന്ധനം നടത്തുന്ന അവരുടെ ജീവനും സ്വത്തിനുമെല്ലാം കഴിഞ്ഞ സർക്കാരിന്റെ ഒരു സംരക്ഷണവലയമുണ്ടായിരുന്നു, തീരദേശ പാക്കേജുണ്ടായിരുന്നു. ആ പാക്കേജിൽ എത്രമാത്രം പദ്ധതികളാണ് നൽകിയിരിക്കുന്നത്. അതൊരു ജനക്ഷേമ ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ് എന്നുള്ള യാഥാർത്ഥ്യമായിരുന്നു കഴിഞ്ഞ സർക്കാർ എടുത്ത ഓരോ ചുവടുവയ്പുകളും. ഇതൊന്നും നിങ്ങൾക്ക് മറക്കാൻ പറ്റില്ല. ഒരു നവകേരളത്തെയാണ് എൽ.ഡി.എഫ്. സർക്കാർ നിങ്ങളുടെ കൈയ്യിലേൽപ്പിച്ചത്. ഇത്രമാത്രം പ്രതിസന്ധികൾക്കിടയിലും ഒരു നവകേരളസൃഷ്ടിക്കുവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ കാലങ്ങളിൽ ഈ കേരളത്തെ നയിച്ചിരുന്നത് ഏത് രീതിയിലാണ് എന്നുള്ള ദിശാബോധം കേരളീയ ജനതയ്ക്ക് വരും വർഷങ്ങളിലുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ആ ഒരു വിശ്വാസം ഒരിക്കലും ഞങ്ങൾ കൈവിടില്ല. അവിടെ നൂറിൽപ്പരം എം.എൽ.എ.മാരുടെ ശബ്ദമുണ്ട് എന്ന് പറയുന്നതിനപ്പുറം, 35 പേർ അടങ്ങുന്ന ഞങ്ങളുടെ ശബ്ദം ഈ കേരളീയ ജനത വരും വർഷങ്ങളിൽ തിരിച്ചറിയും. ജനക്ഷേമ വികസനങ്ങളിൽ എത്രമാത്രം മേഖലകളിലാണ് കേരളം മുന്നേറിയത്. കൃഷി, വ്യവസായം, തീരദേശം, ടൂറിസം, ഗ്രാമവികസനം, ജലസേചന പദ്ധതികൾ തുടങ്ങി എത്രമാത്രം മേഖലകളിലാണ് കഴിഞ്ഞ സർക്കാരിന്റെ ചുവടുവയ്പുണ്ടായത്. ഏതെങ്കിലും കാര്യത്തിൽ വിട്ടുവീഴ്ച ഉണ്ടായിട്ടുണ്ടോ? ഈ കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിലും ജനക്ഷേമ വികസനത്തിലും ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട്, നേരത്തെ ഞാൻ പറഞ്ഞതുപോലെ പ്രളയത്തിലും കോവിഡിലും ജനങ്ങളുടെ ജീവനും സ്വത്തിനും വലിയൊരു അളവിൽ സ്വാധീനം ചെലുത്തിയ ഒരു സർക്കാരുണ്ടായിരുന്നു. ആ സർക്കാരിന്റെ പേരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. നിങ്ങൾക്ക് ഒരു മാസംകൊണ്ട് എടുക്കാൻ പറ്റാവുന്ന തീരുമാനങ്ങൾ മൂന്ന് മാസംകൊണ്ട് നടത്തും എന്നുപറഞ്ഞ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആ ഒരു പ്രസന്റേഷൻ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷെ അഞ്ച് വർഷത്തിനുള്ളിൽ കഴിഞ്ഞ സർക്കാരിന്റെ

ജനക്ഷേമ വികസനങ്ങളെ മുൻനിർത്തിക്കൊണ്ട് തുടരാനാഗ്രഹിക്കുന്ന പദ്ധതികൾ ഒരു ഗവൺമെന്റിന്റെ ഭരണത്തുടർച്ചയാണ് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട്, കിഫ്ബി പ്രോജക്ടുകളെയും മറ്റ് അനുബന്ധ വികസന പ്രവർത്തനങ്ങളും തുടർന്നുപോകാൻ ഈ സർക്കാർ ജാഗ്രത പാലിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

കൃഷിയെ സംബന്ധിച്ചിടത്തോളം, കഴിഞ്ഞ കാലഘട്ടത്തിൽ അന്യംനിന്നുപോയ കാർഷിക സംസ്കാരത്തെ ജൈവരീതിയിൽ തിരിച്ചുകൊണ്ടുവരാൻ സർക്കാർ ശ്രമിച്ചു. അതിന്റെ ഭാഗമായി കഴിഞ്ഞ 40 വർഷത്തിനിടയിൽ ആദ്യമായി കേരളത്തിലെ കൃഷിവകുപ്പിൽ നടപ്പാക്കിയ വലിയൊരു പദ്ധതിയാണ് 'കേര'. കഴിഞ്ഞ ഏതാനും മണിക്കൂറുകൾക്ക് മുമ്പ് കേര പദ്ധതി സർക്കാരിന്റെ വലിയൊരു നേട്ടമാണ് എന്ന് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി മറുപടി പറഞ്ഞിരുന്നു. കാലാവസ്ഥാ അനുപൂരകമാക്കിയിട്ടുള്ള, 2500 കോടി രൂപ കേരളത്തിലെ കാർഷിക മേഖലയിൽ ചെലവഴിച്ച ഈ പദ്ധതി നടപ്പാക്കിയത് കഴിഞ്ഞ സർക്കാരാണ്. അത് ബഹുമാനപ്പെട്ട മന്ത്രി പിന്തുടരുന്നു എന്നുള്ളതിൽ വളരെയധികം അഭിമാനമുണ്ട്. അതോടൊപ്പംതന്നെ സ്ത്രീകൾക്കായി നൽകിയ 'കൃഷി സഖി- വനിതാ കർഷക വികസന പരിപാടി' എന്ന പദ്ധതി സ്വാഗതാർഹമാണ്.

പക്ഷെ ഇവിടെ ജൈവകൃഷി മാതൃകയിൽ കാർഷിക മേഖലയിൽ വിളവെടുക്കുന്നതിനും കർഷകന്റെ മാർക്കറ്റിങ് സംവിധാനങ്ങളെ സംബന്ധിച്ചും എത്രമാത്രം മുന്നോട്ടുകൊണ്ടുപോകാൻ ഈ കാലയളവിൽ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് മനസിലാക്കാൻ കഴിഞ്ഞ സർക്കാരിന്റെ റിപ്പോർട്ട് പരിശോധിക്കണം. മാർക്കറ്റ് വിപണന സംവിധാനത്തിൽ കേരളത്തിൽ സർക്കാർ തലത്തിൽ എത്രമാത്രമാണ് കർഷകർക്ക് അനുകൂലമായിട്ടുള്ള വിപണന സാധ്യത എന്നുള്ള യാഥാർത്ഥ്യം കൂടി അങ്ങ് തിരിച്ചറിയണം.

അതുപോലെ ടൂറിസം സാധ്യതയിൽ ഇടംപിടിക്കുന്ന ഒരു മണ്ഡലംകൂടിയാണ് എന്റെ മണ്ഡലത്തിലുള്ള നാട്ടിക, തളിക്കുളം, വലപ്പാട് മേഖലകൾ. ടൂറിസത്തിന്റെ സാധ്യതകൾ അനന്തമായി കൊണ്ടുവരാൻ കഴിയുന്ന ഒട്ടനവധി പദ്ധതികൾ ഈ മേഖലകളിലുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് തീരദേശവും ഹൈവേയും.

നാഷണൽ ഹൈവേ വരുന്നതോടുകൂടി കേരളത്തിന്റെ മുഖച്ഛായ മാറിയിരിക്കുകയാണ്. കേരളത്തിൽ നാഷണൽ ഹൈവേ അതോറിറ്റിക്ക് ഭൂമി ഒരുക്കിക്കൊടുത്തുകൊണ്ട് കാസർഗോഡ് മുതൽ തിരുവനന്തപുരം ജില്ല വരെ വ്യാപിച്ച വികസനം കേരളത്തെ ദേശീയ ടൂറിസം തലത്തിലേക്കും ഉയർന്ന നിലവാരത്തിലേക്കും കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

നോർത്ത് ഇന്ത്യക്കാർക്ക് ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടതാണ് കേരളത്തിന്റെ പച്ചപ്പ്. 'ദൈവത്തിന്റെ സ്വന്തം നാട് എന്ന് പറയുന്ന കേരളത്തിന്റെ തീരദേശ മേഖലയിൽ ഒട്ടനവധി ടൂറിസം പദ്ധതികളുണ്ട്. ഇക്കോ ടൂറിസം, ബീച്ച് ടൂറിസം, അതുപോലെതന്നെ സർക്കാരിന്റെ ഏറ്റവും പ്രസക്തമായ സംയോജിത ടൂറിസം പദ്ധതികളുമുണ്ട്. എന്നാൽ, ടൂറിസത്തിന്റെ അനന്തസാധ്യതകളിൽ ഇടംപിടിക്കുന്ന കേരളത്തിന്റെ എല്ലാ നിലയിലുമുള്ള വിവിധ മണ്ഡലങ്ങളിലെ വികസന പദ്ധതികൾ എത്രമാത്രം പ്രസക്തമായി നമുക്ക് നടപ്പാക്കാൻ സാധിക്കും എന്നുള്ള സാധ്യതകൾപോലും ഈ ബജറ്റിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. മത്സ്യബന്ധന മേഖലയെക്കുറിച്ചാണ് എനിക്ക് അവസാനമായി പറയാനുള്ളത്. പഞ്ഞമാസക്കാലത്ത് ഗവൺമെന്റ് നൽകാറുള്ള പ്രാദേശികപരമായിട്ടുള്ള സഹായങ്ങൾ, അതിലുപരി അവരുടെ ജീവിതത്തിൽ ഏറ്റവും ക്രിയാത്മകമായ രീതിയിൽ സർക്കാർ ചെയ്തുവരുന്ന പ്രവർത്തനങ്ങൾ ഒരു മാസത്തിനകം നടപ്പാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി.

എന്റെ മണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളിലായി, പ്രധാനമായും നാട്ടിക തീരദേശ മേഖലയിൽ ഏറ്റവും സുപ്രധാനമായിട്ടുള്ള ഒരു സേവനം ഈ അടുത്ത കാലത്ത് പത്മശ്രീ എം. എ. യൂസഫലി നടത്തുകയുണ്ടായി. പഞ്ഞമാസക്കാലത്ത് രണ്ട് മാസം കടലിൽ പോകാൻ കഴിയാത്ത കുടുംബങ്ങൾക്ക് അവരുടെ വീട്ടാവശ്യങ്ങൾക്കും നിത്യജീവിതത്തിനും ആരോഗ്യപരമായ പ്രശ്നങ്ങൾക്കും വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തതിന്റെ ഒരു റിപ്പോർട്ട് ഈ സഭയ്ക്ക് മുമ്പിൽ സമർപ്പിക്കുകയാണ്. അത്രമാത്രം ജീവകാരുണ്യ രംഗത്തും മത്സ്യബന്ധന മേഖലയിലും അദ്ദേഹം ചെയ്തിട്ടുള്ള ഒരു സന്നദ്ധ സേവനം ഈ സഭയ്ക്ക് മുമ്പിൽ ഞാൻ പ്രകടമാക്കുകയാണ്.

തീരദേശ മേഖലയായ എന്റെ മണ്ഡലത്തിൽ ഉൾപ്പെടെ വരാൻ പോകുന്ന പദ്ധതികളെ സംബന്ധിച്ചുള്ള റിപ്പോർട്ട് ഈ സഭയിൽ സമർപ്പിക്കുമ്പോൾ നാട്ടികയുടെ തുടർ വികസനത്തിനുവേണ്ടിയുള്ള ഏറ്റവും സുപ്രധാനമായ കിഫ്ബി പദ്ധതികൾ ഏകദേശം മൂന്ന്-നാല് ഘട്ടങ്ങളിലായി അവസാന ഘട്ടത്തിൽ എത്തിനിൽക്കുകയാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്.

ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, കിഫ്ബിയിലൂടെ നടപ്പാക്കുന്ന 28 കോടി രൂപയുടെ പുതിയൊരു പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ജാസ്മിൻ കൺസ്ട്രക്ഷൻ കമ്പനി ഏറ്റെടുത്തെങ്കിലും ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. വർക്ക് അവാർഡോ സെലക്ഷൻ മെമ്മോയോ നൽകിയിട്ടില്ല, എൽ.ഒ.എ. (Letter of Acceptance) ഒപ്പിട്ടിട്ടുമില്ല. ഇതിൽനിന്ന് മനസ്സിലാക്കേണ്ടത് എന്താണ്? കിഫ്ബി എന്ന പദ്ധതിയുമായി ഈ സർക്കാർ മുന്നോട്ടുപോകുമോ എന്ന ആശങ്കയാണ് എനിക്കുള്ളത്.

ജനങ്ങളുടെ മുമ്പിൽ സമർപ്പിച്ച പദ്ധതികൾ, ജനങ്ങൾക്ക് ഉറപ്പുനൽകിയ പദ്ധതികൾ, ശുദ്ധജല വിതരണത്തിനായി നടന്നുകൊണ്ടിരിക്കുന്ന വികസന പദ്ധതികൾ ഇതെല്ലാം കിഫ്ബിയിലൂടെയാണ് നടക്കുന്നത്.

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട അംഗം, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീമതി ഗീതാഗോപി</u>: സർ, അത്തരത്തിലുള്ള കിഫ്ബി പദ്ധതികൾ ഈ സർക്കാരിന്റെ നേർക്കാഴ്ചയിലൂടെ മുന്നോട്ടുകൊണ്ടുപോകാൻവേണ്ടി ഈ സഭയ്ക്ക് മുമ്പിൽ പ്രകടമാക്കുന്നത് ഒരു ജനതയുടെയും ഒരു മണ്ഡലത്തിന്റെയും വികാരമാണ്. ആ വികാരത്തെ കണക്കിലെടുത്തുകൊണ്ട് ഈ സർക്കാർ അനുകൂലമായ സമീപനം എടുക്കുമെന്ന വിശ്വാസത്തോടെ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. റെജി ചെറിയാൻ</u>: സർ, 2026-27 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. സംഭരിക്കുന്ന നെല്ലിന്റെ വില സമയബന്ധിതമായി നൽകുമെന്ന ഉറപ്പാണ് കുട്ടനാട്ടിലെ ജനപ്രതിനിധിയെന്ന നിലയിൽ എനിക്ക് ഏറ്റവും സന്തോഷം നൽകുന്നത്. കാരണം കഴിഞ്ഞ പത്ത് വർഷക്കാലം

കുട്ടനാട്ടിലെ കർഷകർ അവർ സംഭരിച്ച നെല്ലിന്റെ വില ലഭിക്കുന്നതിനും പാടത്ത് മഴ പെയ്ത് നനയുന്ന നെല്ല് സംഭരിക്കുന്നതിനും വേണ്ടി റോഡിലിരുന്ന് കരയുകയും കാശ് ലഭിക്കാത്തതിനെ തുടർന്ന് ആത്മഹത്യയിലേക്ക് കടക്കുകയും ചെയ്തൊരു കാലമായിരുന്നു. സ്കൂൾ തുറക്കുമ്പോൾ കൃഷിക്കാർക്ക് അവരുടെ മക്കളെ സ്കൂളുകളിലേക്ക് അയയ്ക്കുന്നതിനും മറ്റുമുള്ള ചെലവുകൾക്കായി ഈ കാശ് ലഭിക്കുക എന്നതാണ് അവരുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. അതിനാൽ, ഈ സർക്കാർ പുതുക്കിയ ബജറ്റിൽ സംഭരിക്കുന്ന നെല്ലിന്റെ വില നൽകുമെന്ന് പ്രഖ്യാപിച്ചത് വളരെയധികം സന്തോഷം നൽകുന്നതാണ്.

വൈവിധ്യമാർന്ന കൃഷിരീതിയുള്ള നമ്മുടെ സംസ്ഥാനത്ത് ഫാം ടൂറിസം എന്നത് കർഷകനെ സംബന്ധിച്ചിടത്തോളം വളരെ ഉപയോഗപ്രദവും, നിരവധി ആളുകൾക്ക് ജോലി ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതുമാണ്. പുതുക്കിയ ബജറ്റിൽ വിനോദ സഞ്ചാര മേഖലയ്ക്ക് 325.36 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യവസായത്തിന് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ടൂറിസം മേഖലയ്ക്കും ലഭ്യമാക്കും എന്നത് ടൂറിസം രംഗത്ത് വളരെ വലിയ മാറ്റത്തിന് വഴി തെളിയിക്കുകയും വലിയൊരു വികസനത്തിന് വഴിയൊരുക്കുകയും ചെയ്യും. നമ്മുടെ സംസ്ഥാനത്ത് കായൽ ടൂറിസത്തിന് ഏറ്റവും നല്ലൊരു പ്രദേശമാണ് ആലപ്പുഴ. അവിടെയെത്തുന്നവർക്ക് ഒരു ദിവസം കായലിലെ കാഴ്ചകൾ കണ്ടതിനുശേഷം മറ്റൊരു സ്ഥലം സന്ദർശിക്കാനോ, ഒന്നോ രണ്ടോ ദിവസംകൂടി അവിടെ തങ്ങുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്ത ഒരു ടൂറിസ്റ്റ് കേന്ദ്രമായി ആലപ്പുഴ മാറിയിരുന്നു. എന്നാൽ, ഈ ബജറ്റിലെ മെഗാ ടൂറിസം സർക്യൂട്ട് നടപ്പിലാക്കുന്നതിലൂടെ ടൂറിസ്റ്റുകൾക്ക് കൂടുതൽ ദിവസം അവിടെ തങ്ങുന്നതിനും ടൂറിസം രംഗത്ത് മികച്ച വികസനമുണ്ടാക്കുന്നതിനും കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ആലപ്പുഴയിലെ ഹൗസ്ബോട്ടുകളിലെ മാലിന്യം സംസ്കരിക്കുന്നതിന് സർക്കാർ തലത്തിൽ ഇടപെടലുണ്ടാകണമെന്ന് കഴിഞ്ഞ കുറെക്കാലമായി ആവശ്യപ്പെടുന്നുണ്ട്. എന്നാൽ, കഴിഞ്ഞ കാലങ്ങളിലൊന്നും അതിന് സാധിച്ചിട്ടില്ല. ഈ ബജറ്റിൽ ആലപ്പുഴയിലെ ഹൗസ്ബോട്ട് മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് എത്രയും വേഗം നടപ്പിലാക്കുമെന്ന് പറഞ്ഞിട്ടുള്ളത് ആലപ്പുഴയിൽ വലിയൊരു മാറ്റത്തിന് കാരണമാകും. കേരളത്തിന്റെ

നട്ടെല്ലാണ് പ്രവാസി നിക്ഷേപം എന്നത് പ്രവാസികൾക്ക് വളരെ സന്തോഷം നൽകുന്നതാണ്.

ചെയർപേഴ്സൺ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. റെജി ചെറിയാൻ: സർ, റെമിറ്റൻസ് ഇക്കോണമിയിൽനിന്നും ഇൻവെസ്റ്റ്മെന്റ് ഇക്കോണമി എന്ന നിലയിലേക്ക് മാറുമ്പോൾ, എല്ലാ പ്രവാസികൾക്കും അത് വളരെ സന്തോഷം നൽകുന്ന ഒന്നാണ്. ഈ ബജറ്റിൽ പ്രതിപാദിച്ചിരിക്കുന്ന ധനാഭ്യർഥനകളെ ഞാൻ പിന്താങ്ങുന്നുവെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ബി. ബി. ഗോപകുമാർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഇവിടെ മൂന്ന് അംഗങ്ങളെ മറുഭാഗത്തുള്ളവർ എത്രമാത്രം ഭയക്കുന്നു എന്ന് അവരുടെ ചർച്ചകളിൽനിന്നും വ്യക്തമായി. ബംഗാളിൽ സംഭവിച്ചതുപോലെ, കേരളത്തിലും ബി.ജെ.പി. നേതൃത്വം കൊടുക്കുന്ന എൻ.ഡി.എ. സംഖ്യം അധികാരത്തിൽ വരുമോ എന്നായിരിക്കും അവർ ഭയക്കുന്നത്. ഞങ്ങളുടെ പാർലമെന്ററി പാർട്ടി ലീഡറെ തിരഞ്ഞെടുത്തതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഒരു അംഗം അഭിപ്രായ പ്രകടനം നടത്തി. ഒറ്റ കാര്യമേ പറയാനുള്ളൂ, നിങ്ങളുടെ പാർട്ടിയിൽ മെജോറിറ്റിയും സീനിയോരിറ്റിയും പരിഗണിച്ചിട്ടാണോ പാർലമെന്ററി പാർട്ടി ലീഡറെ തിരഞ്ഞെടുത്തത്; അതോ നിങ്ങളുടെ മുന്നണിയുടെ മൈനോറിറ്റിയുടെ അഭിപ്രായമാണോ പാർലമെന്ററി പാർട്ടി ലീഡറെയും മുഖ്യമന്ത്രിയെയും തിരഞ്ഞെടുക്കാൻ നിങ്ങൾ പരിഗണിച്ചത്? അത് നിങ്ങൾ വ്യക്തമാക്കിയതിനുശേഷം ഇപ്പുറത്തുള്ള മൂന്നുപേരെക്കുറിച്ച് കുറ്റം പറയുന്നതായിരിക്കും നല്ലത്.

നീറ്റ് പരീക്ഷയെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് എടുത്ത ധീരമായൊരു നിലപാടുണ്ട്. വിദ്യാർഥികളുടെയും രക്ഷാകർത്താക്കളുടെയും ആശങ്കകൾ ഉൾക്കൊണ്ടുകൊണ്ട് അടിയന്തരമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത്, പുനഃപരീക്ഷ നടത്തി എ.ഐ. സാങ്കേതികവിദ്യയുടെ എല്ലാ പഴുതുമടച്ച് നടത്തിട്ടുള്ള തീരുമാനത്തെയാണ് ഞങ്ങൾ പ്രശംസിച്ചത്. വിദ്യാർഥികളുടെയും രക്ഷാകർത്താകളുടെയും ആശങ്കകൾ ഉൾക്കൊണ്ടുകൊണ്ട്, കേരളത്തിലെ പി.എസ്.സി. പരീക്ഷകളുടെയും യൂണിവേഴ്സിറ്റി പരീക്ഷകളുടെയും ക്രമക്കേടുകളെ സംബന്ധിച്ച് ഈ സഭയിൽ അങ്ങനെയൊരു പ്രമേയം

കൊണ്ടുവന്നിട്ടുണ്ടോയെന്നാണ് നമ്മൾ ആലോചിക്കേണ്ടത്. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റെടുത്ത ഉചിതമായ നടപടിയെ ഞങ്ങൾ പ്രശംസിച്ചത്. ഈ ഇടക്കാല ബജറ്റ് കൊണ്ടുവന്നതിന് മദ്യ നികുതി കുറയ്ക്കണം എന്ന ഒറ്റ ഉദ്ദേശ്യമേയുള്ളൂ. ഇത് ഒരു ഡി.കെ.-വി.ഡി. ഡീലാണ്. മദ്യ നയത്തെ സംബന്ധിച്ച് കർണാടക-കേരള മുഖ്യമന്ത്രിമാർ തമ്മിലുള്ള ഡീലാണിത്. എന്നാൽ കർണാടക ഗവൺമെന്റ് വീര്യം കുറഞ്ഞ മദ്യത്തിന്റെ വില കുറയ്ക്കുന്നതിനായി Alcohol-in-Beverage (AIB) എന്ന പ്രഖ്യാപനം അവരുടെ കഴിഞ്ഞ ബജറ്റിൽ കൊണ്ടുവന്നു. കേരളത്തിൽ റെഡി ടു ഡ്രിങ്ക് ഇനങ്ങളുടെ നികുതി കുറയ്ക്കാൻ തീരുമാനിച്ചു. അവ രണ്ടും സമാനമാണ്. വലിയൊരു ഏർപ്പാട് ഇവിടെ നടന്നിട്ടുണ്ട്. ഏതെങ്കിലും മുന്നണിയിലോ, ക്യാബിനറ്റിലോ, നിയമസഭാ കമ്മിറ്റിയിലോ ചർച്ച നടത്തിയിട്ടാണോ ഇത്തരത്തിൽ നികുതി കുറച്ചത്? അതിന്റെ പിന്നിൽ വലിയൊരു അഴിമതിയുണ്ട്. ആ അഴിമതിയാണ് നമ്മൾ അന്വേഷിക്കേണ്ടത്. ഇടക്കാല ബജറ്റിൽ ഇത്ര ധൃതിപിടിച്ച് ഇത് കൊണ്ടുവന്നതിന് കാരണവും ഇതുതന്നെയാണ്. അതോടൊപ്പം ഇവിടെ കൊട്ടിഘോഷിക്കപ്പെട്ട ഓപ്പറേഷൻ കൊട്ടുകാറ്റ് എന്ന നയം നടപ്പിലാക്കിയപ്പോൾ ഓപ്പറേഷൻ ഇളങ്കാറ്റായി മാറി. വലിയ പ്രചാരം കൊടുത്ത് നടത്തിയിട്ടുള്ള ഒരു പദ്ധതിക്ക് തുരങ്കം വയ്ക്കാൻ കൂടിയാണ് ഇത്തരം പദ്ധതികൾ ഇവിടെ നടപ്പിലാക്കുന്നത്. കർണ്ണാടക ബജറ്റിന്റെ ചുവടുപിടിച്ചുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്തും ഇത്തരം കാര്യങ്ങൾ കൊണ്ടുവന്നത്. വേണമെങ്കിൽ ഈ നികുതി വയോജന ക്ഷേമത്തിനുവേണ്ടിയോ അല്ലെങ്കിൽ ഇവിടെ കൊട്ടിഘോഷിക്കപ്പെട്ട ഇൻഷ്വറൻസ് പദ്ധതികൾക്കുവേണ്ടിയോ ഉപയോഗിക്കാമായിരുന്നു. മദ്യത്തിന്റെ നികുതി മാത്രമാണ് ഏറ്റവും അധികം കുറച്ചത്. അതിനാൽ ഈ ധനാഭ്യർത്ഥന സംസ്ഥാനത്തിന്റെ പൊതുവികാരം മാനിച്ചിട്ടുള്ളതല്ല. മറിച്ച്, ഈ ഇടക്കാല ബജറ്റിന്റെ ലക്ഷ്യമെന്ന് പറയുന്നതുതന്നെ അഴിമതിക്ക് വളം വയ്ക്കുന്നതിനുള്ള മുന്നൊരുക്കമാണ്. അതിനാൽ ഞാൻ ഈ ധനാഭ്യർഥനയെ എതിർക്കുന്നു.

<u>ശ്രീ. ഉല്ലാസ് കോവൂർ</u>: സർ, 2026-2027 സാമ്പത്തിക വർഷത്തെ ബജറ്റിന്മേലുള്ള ധനാഭ്യർഥനകളെ ഞാൻ അനുകൂലിക്കുന്നു. സാമ്പത്തിക വളർച്ച ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് അത്യന്താപേക്ഷിതമാണ്. എന്നാൽ വികസനം എല്ലാവർക്കും

ഒരുപോലെ പ്രയോജനപ്പെടുന്നില്ലെങ്കിൽ ആ വളർച്ച ഉൾക്കൊള്ളാനാവുന്നതല്ല. ജനങ്ങളുടെ മുഴുവൻ ക്ഷേമവും ഉറപ്പാക്കാൻ സാമ്പത്തിക വളർച്ച ഇൻക്ലൂസീവായിരിക്കണമെന്ന മുൻ യു.എൻ. സെക്രട്ടറി ജനറൽ കോഫി അന്നാന്റെ വാക്കുകൾ നമുക്ക് കടമെടുക്കാം. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റ്, ഇത്തരത്തിൽ സമൂഹത്തിലെ എല്ലാവരെയും ചേർത്തുപിടിക്കുന്ന ഇൻക്ലൂസീവ് സാമ്പത്തിക വീക്ഷണത്തിന്റെ ഒരു മാതൃകയാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തുമ്പോൾ ഓർമ്മവരുന്നത്, രാജ്യത്തിന്റെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു സ്വതന്ത്ര ഭാരതത്തെ അഭിസംബോധന ചെയ്ത് നടത്തിയ ആദ്യ പ്രസംഗത്തിലെ ഒരു വരിയാണ്, "Tryst with Destiny" (വിധിയുമായുള്ള കൂടിക്കാഴ്ച).

ആ പ്രസംഗത്തിൽ കോളനിവാഴ്ചയുടെ ദുഃഖങ്ങളും ദുരിതങ്ങളും പേറിയിരുന്ന രാജ്യത്തെ ഇന്നുകാണുന്ന വികസിത ഇന്ത്യയാക്കി മാറ്റിയ വസ്തുതാപരമായ സത്യം ഈ അവസരത്തിൽ ഓർത്തുപോകുകയാണ്. ആ സാഹചര്യംതന്നെയല്ലേ കഴിഞ്ഞ പത്തുവർഷമായി ഈ സംസ്ഥാനത്ത് നടന്നുകൊണ്ടിരുന്നത്. പുതുയുഗ പിറവിക്കും പുതുയുഗ കേരളത്തിനുമായി ബഹുമാന്യനായ മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റിൽ അത്തരമൊരു വിപ്ലവത്തിനാണ് തുടക്കം കുറിച്ചിരിക്കുന്നത്.

ഈ ബജറ്റിൽ ലോകം ഏറ്റെടുക്കുന്ന ഒരു മുദ്രാവാക്യമുണ്ട്, 'Governance with empathy", അതായത് സഹാനുഭൂതിയുള്ള ഭരണം. ആ ചിന്തയ്ക്ക് ചിറക് വിരിച്ച് പറക്കാനുള്ള ഇന്ധനം ഈ ബജറ്റ് നൽകുന്നു. ഫ്രഞ്ച് ചക്രവർത്തിയായ നെപ്പോളിയൻ ബോണപ്പാർട്ടിന്റെ വിശ്വവിഖ്യാതമായ ഒരു വാചകം ഈ അവസരത്തിൽ ഓർമ്മവരുന്നു. 'വിപ്ലവം' എന്നത് ശക്തമായ ആശയമാണ്. ആ ആശയങ്ങൾക്ക് അടിസ്ഥാനം അതിശക്തമായ ബയണറ്റുകളാണ്. പ്രസ്തുത വാചകം സൂചിപ്പിക്കുന്നതുപോലെ, ശക്തമായ കാമ്പും നാമ്പുമുള്ള ഒരു ആശയ അടിത്തറയിൽ നിന്നുകൊണ്ടാണ് ഈ സർക്കാർ പുതിയ ബജറ്റിനെ നോക്കിക്കാണുന്നത്.

കേരളത്തെ ഒരു നോളജ് ഇക്കണോമിയുടെ ഭാഗമാക്കുന്നുവെന്നുള്ളത് ഭാവി സങ്കല്പത്തിന്റെ നവീനമായ ഒരു യുഗത്തെ നെയ്തെടുക്കുന്നതിന്റെ തുടക്കമാണ്. ഈ ബജറ്റ്

പരമ്പരാഗത വ്യവസായങ്ങളെ ചേർത്തുപിടിച്ചിട്ടുണ്ട്. ഞാനും ഒരു കശുവണ്ടിത്തൊഴിലാളിയായ അമ്മയുടെ മകനാണ്. എന്റെ കുട്ടിക്കാലത്ത് എന്നെ താലോലിച്ച് തഴുകിയിരുന്ന എന്റെ അമ്മയുടെ കൈകളിൽനിന്ന് ഞാൻ ആസ്വദിച്ച ഒരു ഗന്ധമുണ്ട്. അത് കശുവണ്ടിക്കറയുടെ ഗന്ധമായിരുന്നു. എന്റെ നാട്ടിലെ ധാരാളം അമ്മമാരുടെ കൈകളിൽനിന്ന് ആ മാസ്മരിക ഗന്ധം ഇന്ന് മാഞ്ഞുപോവുകയാണ്. ഈ ബജറ്റിൽ കശുവണ്ടിത്തൊഴിലാളികളെ ആശ്വസിപ്പിക്കുന്ന പരാമർശങ്ങളുണ്ട്.

95 ശതമാനത്തോളം കശുവണ്ടി ഫാക്ടറികൾ നമ്മുടെ നാട്ടിൽ അടഞ്ഞുകിടക്കുകയാണ്. ഒട്ടേറെ വ്യവസായികൾ ആത്മഹത്യ ചെയ്തു. തൊഴിലാളികൾ ആത്മഹത്യയുടെ വക്കിലാണ്. എന്നാൽ, ഈ സർക്കാർ കശുവണ്ടി വ്യവസായ മേഖലയ്ക്കായി 56 കോടി രൂപ വകയിരുത്തി കശുവണ്ടിത്തൊഴിലാളികളെ ആശ്വസിപ്പിച്ചു. കൊല്ലം ജില്ലയിലെ കശുവണ്ടിപ്പരിപ്പ് ലോകപ്രശസ്തമാണ്. പ്രസ്തുത വ്യവസായം പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രാഥമിക തലത്തിലെന്ന നിലയിലുള്ള ചേർത്തുനിർത്തലുകൾ വളരെ അഭിനന്ദനാർഹമാണ്.

പരമ്പരാഗത തൊഴിൽ വ്യവസായങ്ങളെല്ലാം തകർച്ചയുടെ വക്കിലേയ്ക്ക് പോയപ്പോൾ, നമ്മുടെ നാട്ടിലെ അമ്മമാരും സഹോദരിമാരും പ്രതീക്ഷയുടെ പച്ചത്തുരുത്തായി കണ്ടത് തൊഴിലുറപ്പ് പദ്ധതിയെയാണ്. ഇന്ത്യയിലെ ഗ്രാമീണ സ്ത്രീകളെ സ്വപ്നം കാണാൻ പഠിപ്പിച്ച മഹത്തായ പദ്ധതിയാണ് തൊഴിലുറപ്പ് പദ്ധതി. ആ പദ്ധതി ഇന്ന് ചൂതാട്ടംപോലെ മാറിയിരിക്കുകയാന്ന്. അതൊരു ചൂതാട്ടക്കാരന്റെ ചൂതാട്ടംപോലെ ആക്കാനുള്ളതല്ല.

രണ്ടാം യു.പി.എ. സർക്കാർ വിഭാവന ചെയ്ത മഹത്തായ തൊഴിലുറപ്പ് പദ്ധതിയെ 'വെയ് രാജാ വെയ്, 60 ഞാൻ വയ്ക്കാം 40 നീ വെയ് എന്ന ചൂതാട്ടക്കാരന്റെ അവസ്ഥയിലേയ്ക്ക് മാറ്റിത്തീർക്കാൻ കഴിയില്ല. ഇന്ത്യൻ സ്ത്രീകളെ സ്വപ്നം കാണാൻ പഠിപ്പിച്ച പ്രസ്തുത പദ്ധതിയെ ഒരു ചൂതാട്ടക്കാരന്റെ കൗശലത്തിലേക്ക് കൊണ്ടുപോകാൻ കഴിയില്ല. അതിനെ പ്രതിരോധിക്കാനാണ് തൊഴിലുറപ്പ് പദ്ധതിക്ക് 1400 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

ഈ ബജറ്റ് ചൂണ്ടിക്കാണിക്കുന്നത്, കശുവണ്ടിത്തൊഴിലാളികൾക്കും തൊഴിലുറപ്പ് തൊഴിലാളികൾക്കും അരികവൽക്കരിക്കപ്പെട്ടവർക്കും ഒപ്പം സർക്കാർ നിലക്കൊള്ളുന്ന എന്ന പ്രഖ്യാപനമാണ്. അത് തൊഴിലുറപ്പ് മേഖലയ്ക്കും കശുവണ്ടിത്തൊഴിലാളി മേഖലയ്ക്കും വലിയ ആശ്വാസമാണ്. 2016 മുതൽ തിരഞ്ഞെടുപ്പിൽ മത്സര രംഗത്തുവന്ന നാളുമുതൽ തൊഴിലുറപ്പ് തൊഴിലാളികളായ അമ്മമാരെയും സഹോദരിമാരെയും കാണാനായി പ്രസ്തുത മേഖലകളിലൊക്കെ ഞാൻ പോകാറുണ്ട്.

നീറ്റ് പരീക്ഷ തകർന്ന് കുട്ടികളെ ആത്മഹത്യയിലേയ്ക്ക് തള്ളിവിട്ടതിനെ അഭിനന്ദിക്കണമെന്ന് കേന്ദ്രസർക്കാരിനെ അനുകൂലിക്കുന്നവർ ഇവിടെ പ്രസംഗിച്ചല്ലോ; അതുപോലെ തൊഴിലുറപ്പ് മേഖലയിലും വലിയ ആശങ്കകളുടെ കരിനിഴൽ വീണിരിക്കുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60 ശതമാനവും 40 ശതമാനവും വഹിക്കണമെന്ന നിലപാടിലൂടെ നിരവധി കരിനിയമങ്ങൾ അതിനകത്ത് കുത്തിനിറച്ച് തൊഴിലുറപ്പ് പദ്ധതിയെ അട്ടിമറിക്കാനുള്ള ആസൂത്രിതമായ കേന്ദ്രസർക്കാരിന്റെ അജണ്ട രൂപപ്പെട്ടുവരുന്നുണ്ട്.

ഞാൻ തൊഴിലുറപ്പ് മേഖലയിലെ തൊഴിലാളികളെ സന്ദർശിച്ച് എം.ജി.എൻ.ആർ.ഇ.ജി.എസ്. (MGNREGS) പദ്ധതിയുടെ ഇപ്പോഴത്തെ പേരെന്താണെന്ന് ചോദിച്ചപ്പോൾ, ഞങ്ങളുടെ പദ്ധതിയുടെ പേര് മാറ്റി, 'റാം ജിറാവു സ്പീക്കിങ്' എന്നാണെന്നാണ് അവർ തെറ്റിധരിച്ചിരിക്കുന്നത്. എന്നാൽ, 'വി.ബി.-ജി റാം ജി' (VB-G RAM G) എന്ന പുതിയ പേര് നൽകി ഈ മഹത്തായ പദ്ധതിയെ അട്ടിമറിക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുകയാണ്. 365 രൂപയാണ് ഒരു ദിവസത്തെ അവരുടെ വേതനം. വിലക്കയറ്റത്തിന്റെ കാലഘട്ടത്തിൽ 365 രൂപ എന്തിനുണ്ട്? അവരെ ആശ്വസിപ്പിക്കാനും ഈ ബജറ്റിനായിട്ടുണ്ട്. ഈ ബജറ്റ് മഹത്തരമാകുന്നത് കുറച്ച് കണക്കുകളിലൂടെ മാത്രമല്ല; കേരളത്തിന്റെ അടുത്ത ദശാബ്ദത്തിലേയ്ക്കുള്ള വികസനത്തിന്റെ ദിശയും ദർശനവും നിർണയിക്കുന്ന വികസന രേഖയാണിത്.

സാമ്പത്തിക വളർച്ച, സാമൂഹികനീതി, സുസ്ഥിര വികസനം തുടങ്ങി മൂന്ന് അടിസ്ഥാന തത്വങ്ങളിൽ അധിഷ്ഠിതമാണ് ഈ ബജറ്റ്. റബറിന്റെ താങ്ങുവില കിലോഗ്രാമിന് 250

രൂപയായി ഉയർത്തിയതും, തീരദേശ ടൂറിസം, മത്സ്യത്തൊഴിലാളി ക്ഷേമം, ആരോഗ്യ രംഗത്തെ നിരവധി കാരുണ്യ പദ്ധതികൾ, വനിതാ വികസനം, തീരസംരക്ഷണം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ട വിഭവ സമാഹരണം, ക്ഷേമ പെൻഷനുകളുടെ വർധനവ് തുടങ്ങി ഒരു കുടുംബത്തിന്റെ ജീവിതയാത്രകളെല്ലാം ഈ ബജറ്റിന്റെ ഭാഗമാകുന്നുണ്ട്. ഞാൻ വളരെ വേഗത്തിൽ അവസാനിപ്പിക്കാം.

വികസനം എല്ലാവർക്കും, അവസരം എല്ലാവർക്കും, ക്ഷേമം എല്ലാവർക്കും എന്നതാണ് ഈ ബജറ്റിന്റെ ഒരു പ്രധാന സങ്കൽപ്പം. അസ്തമയത്തിന്റെ തിരകളിലേയ്ക്ക് പോയ ഇടതുപക്ഷ മൂല്യങ്ങളെ തിരികെപ്പിടിക്കാനുള്ള ശ്രമങ്ങളും പ്രസ്തുത ബജറ്റിലുണ്ട്. കേരളത്തെ വിജ്ഞാന, ഹരിത, ഉൽപാദന സമ്പദ്‌വ്യവസ്ഥയിലേക്ക് നയിക്കുന്ന വികസന പ്രമാണത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

എന്റെ കുന്നത്തൂർ നിയോജകമണ്ഡലത്തെ ബജറ്റിൽ ചേർത്തുപിടിച്ച നടപടിക്ക് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുകയാണ്. കുന്നത്തൂരിലെ സാധാരണക്കാരും പാവപ്പെട്ടവരും ഇടത്തരക്കാരും ആശ്രയിക്കുന്ന ആതുരാലയമാണ് ശാസ്താംകോട്ട താലൂക്കാശുപത്രി. ഈ ബജറ്റിൽ ഈ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നതിനായി അഞ്ച് കോടി രൂപ വകയിരുത്തിയത് ഞാൻ നന്ദിയോടെ സ്മരിക്കുകയാണ്. എന്റെ നാട് വളരെ ആഹ്ലാദത്തോടുകൂടിയാണ് അതിനെ കണ്ടിട്ടുള്ളത്.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് ചുരുക്കണം.

<u>ശ്രീ. ഉല്ലാസ് കോവൂർ</u>: മാഡം, ഒരുകാര്യം കൂടി പറഞ്ഞ് ഞാൻ പെട്ടെന്ന് അവസാനിപ്പിക്കാം. കോടിക്കണക്കിന് രൂപയുടെ വികസന പദ്ധതികൾക്ക് കുന്നത്തൂർ നിയോജകമണ്ഡലത്തെയും പരിഗണിച്ച യു.ഡി.എഫ്. സർക്കാരിനെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്.

കോവിഡ് കാലഘട്ടത്തിൽ സർവീസ് അവസാനിപ്പിച്ച ഇരുപതോളം കെ.എസ്.ആർ.ടി.സി. ഓർഡിനറി സർവീസുകൾ പുനഃസ്ഥാപിച്ചുതരണമെന്നും കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ വാട്ടർ അതോറിറ്റി മാന്തിപ്പൊളിച്ചിട്ട നിരവധി

റോഡുകളുടെ പുനർനിർമാണം പല കാരണങ്ങൾ പറഞ്ഞ് അനന്തമായി നീട്ടിക്കൊണ്ടുപോകുകയാണെന്നും ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. പ്രസ്തുത വിഷയത്തെക്കുറിച്ച് കരാറുകാരനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, പശ്ചിമേഷ്യയിൽ യുദ്ധം നടക്കുന്നതുകൊണ്ടാണ് റോഡ് പണി നടത്താൻ കഴിയാത്തതെന്നാണ്.

മാഡം ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചുരുക്കണം.

ശ്രീ. ഉല്ലാസ് കോവൂർ: മാഡം, ഞാൻ ഒരുകാര്യം കൂടി പറഞ്ഞോട്ടെ. ഇത്തരം വിചിത്രവാദങ്ങൾ പറഞ്ഞ് പ്രവൃത്തികൾ മുടക്കുകയാണ്. ഈ സഭ ഇടപെട്ട് പശ്ചിമേഷ്യയിലെ യുദ്ധം നിർത്തിവയ്പ്പിച്ചിട്ടെങ്കിലും ഐവർകാലയിലെ റോഡ് പണി സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ ജനങ്ങൾ എനിക്കുനേരെ യുദ്ധത്തിനുവരുമെന്നാണ് എനിക്ക് പറയാനുള്ളത്. പശ്ചിമേഷ്യയിലെ യുദ്ധവും നമ്മുടെ നാട്ടിലെ റോഡുപണിയുമായി നല്ല ബന്ധമുണ്ട്. അതുകൊണ്ട് അക്കാര്യത്തിലും ഇടപെടണം.

എന്റെ നാട്ടിലെ കർഷകർ വലിയ പ്രയാസത്തിലാണ്. കടമെടുത്തും പണയംവച്ചും ഓണം വിപണി ലക്ഷ്യമാക്കി കൃഷി ചെയ്യുന്ന കർഷകരുടെ വിളകൾ വന്യജീവികൾ കൂട്ടത്തോടെ വന്ന് നശിപ്പിക്കുകയാണ്.

മാഡം ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചുരുക്കണം. ധാരാളം സമയമായി.

ശ്രീ. ഉല്ലാസ് കോവൂർ: സർ, വനമില്ലാത്ത മണ്ഡലങ്ങളെക്കൂടി പരിഗണിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ധനാഭ്യർഥന ചർച്ചകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. പി. കെ. പ്രവീൺ: മാഡം ഡെപ്യൂട്ടി സ്പീക്കർ, ഈ ധനാഭ്യർഥനയെ ഞാൻ എതിർക്കുകയാണ്. കിഫ്ബി, ലൈഫ് മിഷൻ, സ്ത്രീ സുരക്ഷ, കണക്ട്-ടു-വർക്ക്, തൊഴിലുറപ്പ്, ആസൂത്രണബോർഡ്, ഹരിത കേരളം, പ്രവാസി ക്ഷേമം തുടങ്ങി നെടുമ്പാശ്ശേരി വിമാനത്താവള നടത്തിപ്പുവരെ ലോകത്തിന് മാതൃകയും കേരളത്തിന്റെ പുരോഗതിക്ക് ചാലക ശക്തിയുമായ ഒട്ടനവധി പദ്ധതികളെ തകർക്കുന്ന നടപടികളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബജറ്റിൽ കണ്ടത്. മഹത്തായ ഇത്തരം പദ്ധതികളെ അട്ടിമറിച്ചുകൊണ്ട് മിഷൻ സമുദ്രയിലൂടെയും സമുദ്രവും ധാതുനിക്ഷേപങ്ങളും ഭൂമിയും കോർപറേറ്റുകൾക്കും മദ്യകമ്പനികളുള്ള വൻകിടക്കാർക്കും തുറന്നുകൊടുക്കാനുള്ള വഴി

ഒരുക്കലാണ് ഈ ബജറ്റിൽ കണ്ടത്. സാമൂഹിക വികസന മേഖലയെ തകർത്ത് സ്വകാര്യവൽക്കരണത്തിന് വളക്കൂറുള്ള മണ്ണായി നമ്മുടെ സംസ്ഥാനത്തെ മാറ്റുകയാണ്. അതോടൊപ്പം ധവളപത്രത്തിൽ സൂചിപ്പിച്ച പൊതുമേഖലയും സിവിൽ സർവ്വീസ് മേഖലയും നിർജ്ജീവമാക്കാനുള്ള ശ്രമംകൂടി യാഥാർഥ്യമാക്കാൻ പോകുകയാണ്. ഇങ്ങനെ പോകുകയാണെങ്കിൽ നമ്മുടെ സംസ്ഥാനം ചിലപ്പോൾ ഫ്യൂഡലിസത്തിലേക്കും ഫാസിസത്തിലേക്കും കൂപ്പുകുത്തുന്ന അവസ്ഥയിലേക്ക് പോകും. നിയമസഭ പാസ്സാക്കിയതും നിയമം മുഖേന രൂപീകരിച്ചതുമാണ് കിഫ്ബി. കിഫ്ബി മുഖാന്തരം കേരളത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾക്ക് 140 മണ്ഡലങ്ങളിലും അലയൊലിയുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ആ കിഫ്ബിയെ തകർത്ത് ആരെ സ്വീകരിക്കാനാണ് സർക്കാർ മുന്നോട്ടു പോകുന്നത്? സർക്കാർ ഉദ്ദേശിക്കുന്നത് എന്തെന്ന് കേരള സമൂഹത്തോടു പറയാൻ സർക്കാരിന് ഉത്തരവാദിത്വമുണ്ട്. കേരളത്തിന്റെ സാമ്പത്തിക ഭദ്രതയുടെ നെട്ടംതൂണാണ് പ്രവാസികളും പ്രവാസികളുടെ നിക്ഷേപങ്ങളും. പശ്ചിമേഷ്യൻ യുദ്ധസാഹചര്യം പ്രവാസികളിൽ നിരാശയും ഉത്കണ്ഠയും വർധിപ്പിച്ചിരിക്കുകയാണ്. പ്രവാസികൾക്ക് താങ്ങും തണലുമായി നോർക്ക വഴിയുള്ള ആശ്വാസ പദ്ധതികളുണ്ടായിരുന്നു. പക്ഷേ ഈ പദ്ധതികൾക്കായി നോർക്കയ്ക്ക് ബജറ്റിൽ വിഹിതം അനുവദിക്കാത്തത് നിരാശാജനകമാണ്. മുൻ മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ നടത്തിയൊരു പദ്ധതിയുണ്ട്. ഇപ്രാവശ്യത്തെ ബജറ്റ് പ്രസംഗത്തിൽ കൃഷിയും അനുബന്ധമേഖലയും എന്ന ഭാഗത്ത് നൂതന കാർഷിക സാങ്കേതിക വിദ്യകൾ പ്രോൽസാഹിപ്പിക്കും എന്നു പറയുന്നുണ്ട്. അങ്ങനെയാണെങ്കിൽ എന്റെ നിയോജകമണ്ഡലത്തിലെ നവോദയകുന്നിൽ അഞ്ച് ഏക്കർ ഭൂമി കണ്ടെത്തി പുതുതലമുറയ്ക്ക് നൂതന കാർഷിക സംവിധാനങ്ങൾ പഠിക്കാനും പരിശീലിപ്പിക്കാനും ആരംഭിച്ച കേന്ദ്രത്തെ കാർഷിക കേരളത്തിനായി പരമാവധി പ്രയോജനപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. നിയോജകമണ്ഡലത്തിൽതന്നെ പുതുതലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാനും കാർഷികാധ്വാനം അനായാസകരമാക്കാനുമുള്ള യന്ത്ര നിർമ്മാണത്തിനുവേണ്ടി കാംകോയുടെ ഒരു യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. അതും ശാക്തീകരിക്കാൻ ആവശ്യമായ നടപടി

സ്വീകരിക്കണം. കൊട്ടിയൂർ ക്ഷേത്രത്തെയടക്കം ദേശീയ തീർഥാടനകേന്ദ്രമാക്കി മാറ്റുന്നത് ഇവിടെ സൂചിപ്പിച്ചിരുന്നു. കൊട്ടിയൂരിലേക്ക് കൂടുതൽ ആളുകൾ പോകുന്നതിനായി ജനങ്ങൾ ആശ്രയിക്കുന്നത് കൂത്തുപറമ്പിലെ ബസ് സ്റ്റാന്റാണ്. എന്റെ മണ്ഡലത്തിലുള്ള സുപ്രധാനമായ ഈ ബസ് സ്റ്റാന്റിനെ ബസ് ടെർമിനലാക്കി മാറ്റണം. അത് യാഥാർഥ്യമാക്കാനുള്ള തുക ഈ ബജറ്റിൽ ഉൾപ്പെടുത്തണമെന്നാണ് പറയാനുള്ളത്. പിഎം ശ്രീ പദ്ധതി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുമ്പോട്ടു പോകുന്നുണ്ട്. അതിനായി കമ്മീഷൻ രൂപികരിച്ചെന്നും അറിയാൻ സാധിച്ചു. കേന്ദ്രീയ വിദ്യാലയങ്ങൾക്ക് ജനാധിപത്യവും സോഷ്യലിസവും ഒഴിവാക്കിയ ഭരണഘടന നൽകിയതു സംബന്ധിച്ച ചർച്ച നേരത്തെയിവിടെ വന്നു. പിഎം ശ്രീ പദ്ധതി നടപ്പിലാക്കിയ സംസ്ഥാനങ്ങളിൽ അന്വേഷിച്ചാൽ ആ സംസ്ഥാനങ്ങളുടെ കരിക്കുലത്തിലും സിലബസിലും കേന്ദ്ര ഫാസിസ് ഭരണകൂടം കടന്നുകയറുന്നതായാണ് കാണാൻ സാധിച്ചത്. ആ കടന്നുകൂടൽ നമ്മുടെ സംസ്ഥാനത്തിലും ഉണ്ടാകുമെന്ന് ഉറപ്പാണ്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പല കാര്യങ്ങളും അവർ അതിൽ നിന്ന് എടുത്തുമാറ്റും. പ്രത്യേകിച്ച് 1921-ലെ മലബാർ കലാപം, ക്ഷേത്ര പ്രവേശന വിളംബരം, നവോഥാനപ്രസ്ഥാനത്തിലെ നേതാക്കന്മാരുടെ ചരിത്രം തുടങ്ങി അവർക്ക് വേണ്ടാത്ത കാര്യങ്ങളൊക്കെ എടുത്തുമാറ്റുന്ന അവസ്ഥയുണ്ടാകും. രാഷ്ട്രപിതാവിന് പകരം അവർക്ക് വേണ്ട ആളുകളെ എടുക്കുന്ന അവസ്ഥയാണുണ്ടാകുക. ഇതിനെക്കുറിച്ച് കൂടുതൽ ചിന്തിച്ചില്ലെങ്കിൽ ഫാസിസ് ഭരണകൂടത്തിന്റെ കടന്നുകയറ്റം നമ്മുടെ സംസ്ഥാനത്തും എത്തും. നേരത്തെ എല്ലാവരും സൂചിപ്പിച്ചതുപോലെ മതേതരത്വം വാഴുന്ന നമ്മുടെ സംസ്ഥാനത്തെ ഫാസിസ് ഭരണകൂടത്തിന്റെ കീഴിലേക്ക് മാറ്റരുത് എന്നൊരു അപേക്ഷകൂടിയുണ്ട്. യതൊരു വിസ്മയവുമില്ലാത്ത, നിരാശ നൽകിയ ഈ ബജറ്റിന്റെ ധനാഭ്യർഥനയെ ഒരിക്കൽകൂടി എതിർത്തുകൊണ്ടു ഞാൻ നിർത്തുന്നു.

ശ്രീ. ജി. സുധാകരൻ: സർ, ഇത്തവണത്തെ ബജറ്റും പ്രസംഗവും ' Budget of a new order' എന്നു ഞാൻ മുമ്പ് പറഞ്ഞത് ആവർത്തിക്കുകയാണ്. അതിന്റെയർഥം ബജറ്റിൽ എല്ലാ കാര്യങ്ങളും സമ്പൂർണ്ണം ആണെന്നല്ല, ഒരുപാട് കാര്യങ്ങൾ കുറവ് വന്നിട്ടുണ്ട്. പക്ഷേ

ഒരു കാഴ്ചപ്പാടുണ്ട്, അതിനെയാണ് ഞാൻ പറഞ്ഞത്. തീരദേശ ഹൈവേയും മലയോര ഹൈവേയും 2016-ൽ പൊതുമരാമത്ത് വകുപ്പ് 10,000/- കോടി രൂപയാണ് ബജറ്റിൽ മാറ്റി വച്ചത്. 6,500/- കോടി രൂപ തീരദേശ ഹൈവേക്കും 3,500/- കോടി രൂപ മലയോര ഹൈവേയ്ക്കുംവേണ്ടി മാറ്റി വച്ചിരുന്നു. അന്ന് മലയോര ഹൈവേയുടെ കുറച്ചുഭാഗം തീർന്നു. പക്ഷേ ഇപ്പോഴും അത് പൂർത്തീകരിക്കപ്പെട്ടിട്ടില്ലായെന്നാണ് മനസ്സിലാക്കുന്നത്. പൂർണ്ണമായി സമയം കിട്ടിയത് കഴിഞ്ഞ അഞ്ചു വർഷമാണ്, എന്താണ് ആ രംഗത്ത് നടന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗത്തിൽ വ്യക്തമാക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ഇന്ന് ബജറ്റ് ചർച്ചയിൽ പൊതുമരാമത്ത് മുതൽ പതിനാല് ഹെഡുകളാണുള്ളത്. അതേപ്പറ്റിയൊന്നും സംസാരിക്കാൻ ആർക്കും സമയം കിട്ടില്ല. അതിലേക്ക് ഞാനിപ്പോൾ കടക്കുന്നില്ല. ഞാൻ പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് ചിലത് പറയുകയാണ്. 6,140.3 കോടി രൂപയാണ് ബജറ്റിലുള്ളത്. അത് അപര്യാപ്തമാണ്. പതിനായിരം കോടി രൂപ എങ്കിലുമുണ്ടാകണം. അഞ്ച് വർഷം 50,000/- കോടി രൂപയെങ്കിലും മാറ്റി വയ്ക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെയാണ് വ്യവസായം, കൃഷി, ആരോഗ്യം എന്നീ വകുപ്പുകൾക്കായും ബജറ്റിൽ തുക മാറ്റി വയ്ക്കണം. ഇതുവച്ച് റീഷെഡ്യൂൾ ചെയ്യാൻ സാധിക്കുമോയെന്ന് എനിക്കറിയില്ല. പക്ഷേ ആ കാഴ്ചപ്പാട് തീർച്ചയായിട്ടും നമുക്കുണ്ടാകേണ്ടതായിട്ടുണ്ട്. കിഫ്ബി നാം ഉപേക്ഷിക്കാൻ പാടില്ല. അത് മറ്റു വലിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമാണ്. പക്ഷേ കഴിഞ്ഞ അഞ്ച് വർഷം റിട്ടയർ ചെയ്ത ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ വച്ച് അവിടെ നടന്ന കളി എന്തായിരുന്നുവെന്നുള്ളത് മനസ്സിലാക്കേണ്ടതായിട്ടുണ്ട്, അത് അന്വേഷണ വിധേയമാക്കണം. സർക്കാർ അതിന് തയ്യാറാകണം. റിട്ടയേർഡ് ഉദ്യോഗസ്ഥൻ എന്തിനാണ് അവിടെയിരിക്കുന്നത്? അദ്ദേഹം ചീഫ് സെക്രട്ടറിയായി റിട്ടയർ ചെയ്ത ആളാണ്. അദ്ദേഹം ഭരിച്ച വകുപ്പുകളിൽ ഒരു ചെറിയ വകുപ്പിൽ ചെയർമാനായിരിക്കാൻ നാണമില്ലേ; അദ്ദേഹത്തെ ചെയർമാനാക്കി ഇരുത്താൻ നാണമില്ലേ? തികച്ചും തെറ്റാണത്. അതൊക്കെ അന്വേഷണ വിധേയമാക്കേണ്ടതാണ്. കിഫ്ബി നല്ല നിലയിൽ നടത്തിയാൽ വളരെ നന്നായിരിക്കും എന്ന അഭിപ്രായം എനിക്കുണ്ട്. ബജറ്റ് വർദ്ധിപ്പിക്കുന്നതിനെപ്പറ്റി

ഞാൻ പറയുകയുണ്ടായി. റോഡ് നിർമ്മാണത്തിൽ വൈറ്റ് ടോപ്പിംഗ് എന്ന നൂതന സാങ്കേതികവിദ്യ നടപ്പാക്കേണ്ടിയിരിക്കുന്നു. ഈ സാങ്കേതികവിദ്യ ബാംഗ്ലൂരിലാണ് ആദ്യം നടപ്പാക്കിയത്. 24 മീറ്റർ വീതിയുള്ള ഒരു കിലോമീറ്റർ റോഡിന് ഏകദേശം 10 കോടി ചെലവ് വരുമെന്നാണ് അറിയാൻ കഴിഞ്ഞത്. അതിന്റെ ആയുസ്സ് ഏകദേശം 30 വർഷമാണ്. ബാംഗ്ലൂരിലേക്ക് പോയ അവസരത്തിൽ അവിടത്തെ ചീഫ് എഞ്ചിനിയർ എന്നെ സന്ദർശിക്കുകയും ഇതു സംബന്ധിച്ച് പറയുകയുണ്ടായി. തുടർന്ന് ഇത് ആലപ്പുഴയിൽ 12 കിലോമീറ്റർ ദൂരത്തിൽ നടപ്പിലാക്കി. ഇപ്പോൾ ആറ് വർഷമേ ആയിട്ടുള്ളൂ. ആ റോഡിന് ഒരു പോറലുപോലും ഉണ്ടായിട്ടില്ല. ഇവിടെ നിർമിക്കാൻ ഉദ്ദേശിക്കുന്ന റോഡിന്റെ വീതി 12 മീറ്റർ മാത്രമായതിനാൽ, ഒരു കിലോമീറ്ററിന് ഏകദേശം ₹5 കോടി ചെലവ് മതിയാകും. നിങ്ങൾ ഏകദേശം 500 കിലോമീറ്റർ റോഡിൽ വൈറ്റ് ടോപ്പിംഗ് നടത്തുന്നത് ആത്യന്തികമായി ലാഭമാണ്. വീണ്ടും അഞ്ച് വർഷം അധികാരത്തിൽ വരാൻ ആഗ്രഹിക്കുന്നുവെങ്കിൽ പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ശക്തിപ്പെടുത്തണം. പൊതുമരാമത്ത് വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങളാണ് പ്രധാനമായും പിണറായി സർക്കാർ രണ്ടാമതും അധികാരത്തിൽ വരുന്നതിന് കാരണമായത്. വകുപ്പ് നിർമ്മിച്ച റോഡുകൾ ഇപ്പോഴും കാര്യമായ കേടുപാടുകളില്ലാതെ നിലനിൽക്കുന്നു. കക്ഷി വ്യത്യാസമില്ലാതെ എല്ലാവർക്കും നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് തികച്ചും ന്യായമായും നീതിപൂർവ്വമായും പ്രവർത്തിച്ചുവെന്ന് അന്നത്തെ പ്രതിപക്ഷ നേതാവായ ഇപ്പോഴത്തെ മുഖ്യമന്ത്രി കേരളമൊട്ടാകെ പ്രസംഗിച്ചത് ഞാൻ കേട്ടിട്ടുണ്ട്. ഞാൻ ശ്രീ. പി. ജെ. ജോസഫിനെ ഓർക്കുകയാണ്. അദ്ദേഹത്തിന്റെ മകനിവിടെയുണ്ട്. ആലപ്പുഴയിൽ ബ്രിട്ടീഷുകാരുടെ കാലത്തുണ്ടാക്കിയ ഇടുങ്ങിയ പാലം മാറ്റി അഞ്ച് പാലങ്ങൾ നിർമ്മിച്ചത് ശ്രീ. പി. ജെ. ജോസഫാണ്. പൊതുമരാമത്ത് വകുപ്പ് വളരെ പ്രധാനപ്പെട്ടതാണ്. റോഡുകളിൽ വൈറ്റ് ടോപ്പിംഗ് നടപ്പിലാക്കാൻ തയ്യാറാകണം. വെട്ടിപൊളിക്കാൻ സാധാരണ കുന്താലി ഉപയോഗിച്ചാൽ അത് ഒടിഞ്ഞുപോകുകയെയുള്ളൂ. റോഡ് നിർമ്മിച്ച ശേഷം വെട്ടിപ്പൊളിക്കാൻ അനുവദിക്കരുത്. വെട്ടിപ്പൊളിക്കേണ്ട സാഹചര്യം ഉണ്ടാകുന്നുവെങ്കിൽ പൊതുമരാമത്ത് വകുപ്പിന്റെ അംഗീകാരത്തോടെ, അതാവശ്യമുള്ള

വകുപ്പിന്റെ അഭ്യർഥന പ്രകാരം ചെയ്യുകയും മുൻപുണ്ടായിരുന്ന നിലയിൽ തന്നെ റോഡ് പുനഃസ്ഥാപിക്കണമെന്നമാണ് ചട്ടമുള്ളത്. ആ റോഡല്ലേ ഇപ്പോൾ പൊളിഞ്ഞുകിടക്കുന്നതെന്ന് ഒരു അംഗം ഇവിടെ സംസാരിക്കുന്നത് ഞാൻ കേട്ടു. ഇതിന് ആർക്കും ഉത്തരവാദിത്വമില്ലേ? വാട്ടർ അതോറിറ്റിക്ക് പൈപ്പ് ഇടേണ്ടത് ആവശ്യമാണ് പക്ഷെ ഖജനാവ് നശിപ്പിക്കുന്ന ഈ പരിപാടി ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. 500 പാലങ്ങളാണ് പ്ലാൻ ചെയ്തിരുന്നത്. മുന്നൂറിൽപ്പരം പാലങ്ങൾ പൂർത്തിയായി. ബാക്കി പാലങ്ങൾ പൂർത്തീകരിക്കാനുണ്ട്. ഈ സർക്കാർ ബാക്കി പാലങ്ങൾ കൂടി നിർമ്മിക്കുന്നതിന് പ്ലാൻ ചെയ്യണം. പണം ഇൻവെസ്റ്റ് ചെയ്തേ മതിയാകുകയുള്ളൂ എന്നാണ് എന്റെ അഭിപ്രായം. ഉദാഹരണമായി മമ്പറം പാലം, അതിന്റെ ഉദ്ഘാടനത്തിന് ഞാൻ പോയിരുന്നു. ഏകദേശം പത്ത് പന്ത്രണ്ടായിരം ആളുകൾ എത്തിയിരുന്നു. അതിൽ ഏഴായിരം പേരുടെ കയ്യിൽ മുസ്ലീം ലീഗിന്റെ പച്ചകൊടിയായിരുന്നു. ഏകദേശം ആയിരം പേരുടെ കയ്യിൽ കോൺഗ്രസിന്റെയും ആയിരം പേരുടെ കയ്യിൽ ചെങ്കൊടിയുമുണ്ട്. ഏറ്റവും കൂടുതൽ മുസ്ലീം ലീഗിന്റെ കൊടിയാണ്. ആ മമ്പറം പാലത്തിനോട് അപ്പുറത്തുള്ള മോസ്കിലിരുന്നാണ് മലബാറിലെ ആ മഹത്തായ കലാപത്തിന് ആലോചന നടത്തിയത്. 100 കോടി രൂപയ്ക്കാണ് പതിനായിരം പേരുള്ള പെരുമ്പളം ദ്വീപിലേക്ക് പാലം നിർമ്മിച്ചത്. ഇപ്പോൾ അത് ടൂറിസ്റ്റ് കേന്ദ്രമാണ്. 1000 കോടി രൂപയാണ് ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിനായി മാറ്റിവച്ചത്. ഏതാണ്ട് 70 കോടി രൂപയാണ് അമ്പലപ്പുഴ-തിരുവല്ല റോഡിനായി മാറ്റിവച്ചത്. എം.സി. റോഡ് മുഴുവൻ പുതുക്കിപ്പണിഞ്ഞു, വർഷങ്ങൾക്കുമുമ്പാണത്. ഇപ്പോൾ 6 മുതൽ 10 വർഷം വരെ റോഡുകൾ കേടാകാതെ കിടക്കാൻ കാരണം ബിറ്റുമിനും കോൺക്രീറ്റും അന്ന് മോഷ്ടിക്കാത്തതുകൊണ്ടാണ്. ഞാൻ കഴിഞ്ഞൊരു പ്രസംഗത്തിൽ പറഞ്ഞതുപോലെ, കേന്ദ്ര ഗവൺമെന്റിന്റെ റിപ്പോർട്ടിൽ പറയുന്ന കറപ്റ്റഡ് കോൺട്രാക്ടേഴ്സും കറപ്റ്റഡ് പൊളിറ്റീഷ്യൻസും കറപ്റ്റഡ് ബ്യൂറോക്രാറ്റ്സും ചേർന്ന് അടിച്ചെടുക്കുന്ന പണം ആകെയുള്ള അടങ്കലിന്റെ 50 മുതൽ 60 ശതമാനം വരെയാണ്. അതാണ് വോറ കമ്മിറ്റി റിപ്പോർട്ട്. ഇവിടെ ആ പരിപാടി നടപ്പാക്കാതെയിരുന്നാൽ നമ്മുടെ റോഡുകൾ അനേകം കാലം നിലനിൽക്കും.

ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് വളരെ ആത്മവിശ്വാസത്തോടെ മുന്നോട്ട് പോകാൻ സാധിക്കും. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിലെ പ്രിയപ്പെട്ട സുഹൃത്താണ് വകുപ്പുമന്ത്രി. അദ്ദേഹത്തിന്റെ പിതാവിനെയും ഞാൻ ഈ അവസരത്തിൽ ഓർക്കുകയാണ്. നല്ല രീതിയിലിത് കൊണ്ടുപോകണം കാരണം സാമൂഹികനീതിയിൽ വിശ്വസിക്കുന്നൊരു പാർട്ടിയാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്. മുസ്ലീം ലീഗ് എന്ന പേര് കേട്ടിട്ട് ആരും വിറകൊള്ളേണ്ട കാര്യമില്ല. പാകിസ്ഥാനിലേക്ക് മുഹമ്മദലി ജിന്ന സ്വമേധയ പോയതല്ല, അദ്ദേഹത്തെ ഓടിച്ചതാണ്. ഇന്ത്യയിലെ ഭരണാധികാരിവർഗ്ഗമായി വരാൻ പോകുന്ന പുതിയ ബൂർഷ്വാസിയുടെ നേതൃത്വത്തിൽ മുസ്ലീങ്ങൾക്ക് രക്ഷയുണ്ടാകില്ല എന്നവർക്ക് മനസ്സിലായതുകൊണ്ടാണ് പാകിസ്ഥാന് വേണ്ടി ജിന്ന വാദിച്ചത്. അതുവരെ റൗണ്ട് ടേബിൾ കോൺഫറൻസിലടക്കം അദ്ദേഹം ഏകീകൃത ഇന്ത്യയ്ക്കുവേണ്ടിയാണ് വാദിച്ചിരുന്നത്. ചരിത്രരേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. കൂട്ടുകക്ഷി ഗവൺമെന്റിൽ മുസ്ലീം ലീഗുമായി ചേർന്ന് മത്സരിച്ചിട്ട് അവരെ എടുത്ത് തോട്ടിൽ കളഞ്ഞു. ഇന്ത്യൻ ഭരണവർഗ്ഗമാകാൻ പോകുന്ന ബൂർഷ്വാ വിഭാഗത്തിനുള്ള മുസ്ലീം വിരോധമായിരുന്നു അതിന് കാരണം. എന്നാലും ബംഗാളിലും ഉത്തർപ്രദേശിലും ബീഹാറിലും കേരളത്തിലും തമിഴ്നാട്ടിലുമെല്ലാമായി 22 കോടി മുസ്ലീങ്ങൾ പാകിസ്ഥാനിലേക്ക് പോകാതെ ഇന്ത്യയിൽ നിൽക്കുകയാണ്. അത് ബംഗ്ലാദേശിന്റെയും പാകിസ്ഥാന്റെയും ജനസംഖ്യയേക്കാൾ കൂടുതലാണ്. ആ ദേശാഭിമാനികളായിട്ടുള്ള മുസ്ലീം ജനവിഭാഗത്തിന്റെ പേരിൽ ഒരു കാരണവശാലും അനാവശ്യങ്ങൾ പറയാൻ പാടില്ല. അവർ സോ കാൾഡ് സെക്യുലറിസ്റ്റുകളെക്കാൾ വലിയ സെക്യുലറിസ്റ്റുകളാണ്. അവർ എവിടെയെങ്കിലും വർഗ്ഗീയകലാപങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ? 1967-ൽ കോൺഗ്രസ് 9 സീറ്റുകളിൽ ഒതുങ്ങിയതെങ്ങനെയാണ്, ഇ.എം.എസ്. നമ്പൂതിരിപ്പാട് ബുദ്ധിപൂർവ്വം മുസ്ലീം ലീഗിനെ കൂടെച്ചേർത്തതുകൊണ്ടാണ്. മലബാറിൽ കോൺഗ്രസിന് സീറ്റില്ലായിരുന്നു. കെ. കരുണാകരൻ സാറാണ് 9 പേരെ വച്ച് പിന്നീട് അധികാരം പിടിച്ചെടുത്തത്. മുസ്ലീം ലീഗിന്റെ ശക്തിയാണത്. മുസ്ലീം ലീഗ് മുസ്ലീങ്ങളുടെ മാത്രം പാർട്ടിയല്ല, ഈ രാജ്യത്തെ 22 കോടിയോളം വരുന്ന ന്യൂനപക്ഷങ്ങളുടെ പ്രസ്ഥാനമാണ്. അതിന്റെയൊരാൾ ഇവിടെ

മന്ത്രിയായിരിക്കുമ്പോൾ എല്ലാവരോടും നീതി പുലർത്തുമെന്ന പ്രതീക്ഷയുടെ അടിസ്ഥാനത്തിലാണ് ഞാൻ ഈ കാര്യങ്ങളിവിടെ പറഞ്ഞത്.

ഗ്രാമീണ റോഡുകൾക്കായി തുക വകയിരുത്തണം. ഓരോ അസംബ്ലി മണ്ഡലത്തിലും ഒരു വർഷം 100 കോടി രൂപ വീതം 5 വർഷം കൊണ്ട് 500 കോടി രൂപ കിട്ടത്തക്കരീതിയിൽ മാറ്റിവയ്ക്കണം. അതിനായി ബജറ്റിന്റെ വലിപ്പം കൂട്ടിയാലും കുഴപ്പമില്ല. ഗ്രാമീണ റോഡുകൾ നന്നാക്കാൻ പഞ്ചായത്തിനെക്കൊണ്ട് കഴിയില്ല. അത് നമ്മൾ തന്നെ നടപ്പാക്കണം. സമയത്തിന്റേതായ കുറവുകൾ ഉള്ളതിനാൽ ഞാൻ ദീർഘിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശന്റെ നേതൃത്വത്തിൽ സർക്കാർ വളരെ അഭിമാനപൂർവ്വം മുന്നോട്ട് പോകും. എനിക്ക് അദ്ദേഹത്തിലും അദ്ദേഹം നയിക്കുന്ന മന്ത്രിസഭയിലും വിശ്വാസമുണ്ട്. എല്ലാപേരും സൂക്ഷിച്ചും ശ്രദ്ധിച്ചും പ്രവർത്തിച്ചാൽ നല്ലത്. ആരോഗ്യ വകുപ്പുമന്ത്രിയായ ശ്രീ. കെ. മുരളീധരനാണ് ഏറ്റവും വലിയ വെല്ലുവിളി നേരിടേണ്ടി വരുന്നത്. കാരണം ആരോഗ്യ വകുപ്പ് വളരെയധികം പ്രശ്നങ്ങൾ നേരിടുന്ന വകുപ്പാണ്. ഇന്നലെ ആലപ്പുഴ മെഡിക്കൽ കോളേജിൽ ഒരു പ്രശ്നമുണ്ടായി. ഞാൻ വിളിച്ചപ്പോൾ "നൂറ് പേരെ മാത്രമേ പരിശോധിക്കാൻ സാധിക്കൂ" എന്നാണ് അവർ പറഞ്ഞത്, വന്നവരെയൊക്കെ പരിശോധിക്കാൻ ഞാനവരോട് പറഞ്ഞു. ഏറ്റവും കൂടുതൽ പിന്തുണ നൽകേണ്ട വകുപ്പാണ് ആരോഗ്യവകുപ്പ്. ഇതിനുവേണ്ടി വകുപ്പുമന്ത്രിയോ ഉദ്യോഗസ്ഥൻമാരോ മാത്രമല്ല കേരളം മുഴുവൻ പിന്തുണ നൽകണം കാരണം നമ്മുടെ ആയുസിന്റെയും ആരോഗ്യത്തിന്റെയും പ്രശ്നമാണ്. എല്ലാ വകുപ്പിനും, പ്രത്യേകിച്ച് ആരോഗ്യവകുപ്പിന് എല്ലാ പിന്തുണയും നൽകണം. നിർമ്മാണത്തിനായി പി.ഡബ്ല്യു.ഡി.-ക്ക് ആവശ്യാനുസരണം തുക നൽകണം. നൂതനസാങ്കേതിക വിദ്യ കൊണ്ടുവന്നാൽ ഭരണകക്ഷിക്ക് അധികാരം വർദ്ധിപ്പിക്കാനും ഭൂരിപക്ഷം കൂട്ടാനുമുള്ള ഏറ്റവും വലിയ കാരണമതായിരിക്കും. 2016-ൽ പി.ഡബ്ല്യു.ഡി. വഴി ഞാനത് കാണിച്ചു കൊടുത്തിരുന്നു. ശ്രീ. പിണറായി വിജയന് ഓർമ്മയില്ലെങ്കിലും ഞാനതിവിടെ പറയുകയാണ്. അതുകൊണ്ടാണ് ആ ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നതെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. പ്രവീൺ പിഎം ശ്രീ പദ്ധതിയെക്കുറിച്ച് പറഞ്ഞു. ആരാണ് പിഎംശ്രീ പദ്ധതി കൊണ്ടുവന്നത്. കട്ടിളയ്ക്ക് ഇടയ്ക്ക് കൈ ഇട്ടിട്ട് കതക് അടയ്ക്കാനും വയ്യ തുറക്കാനും വയ്യ, ഞങ്ങൾ തന്ത്രപരമായി എങ്ങനെയെങ്കിലും 'ഊരാനുള്ള' ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പിഎംശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് നിങ്ങളൊന്ന് വെയിറ്റ് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

'നീറ്റ്' പരീക്ഷ മുഴുവൻപേരുടെയും മനസ്സിൽ നീറ്റലായി നിൽക്കുമ്പോൾ നാട് മുഴുവൻ നാറ്റിച്ചിട്ട് ബി.ജെ.പി. അംഗങ്ങളായ നിങ്ങൾക്കെങ്ങനെ ഇവിടെ വന്നതിനെ 'നീറ്റായി' പിന്തുണയ്ക്കാൻ സാധിക്കുന്നു. പഞ്ചസാരയെന്ന് പേപ്പറിലെഴുതി നക്കിയാൽ മധുരിക്കില്ല. പഞ്ചസാര തന്നെ നാവ് കൊണ്ട് നുണഞ്ഞെങ്കിൽ മാത്രമേ മധുരിക്കൂ. നിങ്ങളുടെ കാലത്തെ മുഴുവൻ ബജറ്റ് പ്രസംഗങ്ങളും പേപ്പറിലെ പഞ്ചസാര പോലെയായിരുന്നു. പണമില്ലായിരുന്നു. പാവപ്പെട്ട ജനങ്ങളുടെ മേൽ അധികഭാരം ചുമത്തിയിരുന്നു. നിങ്ങൾ വായുവിനൊഴിച്ച് എല്ലാത്തിനും നികുതി വർദ്ധിപ്പിച്ചു. വായുവിൽ പിടിത്തം കിട്ടില്ല അല്ലെങ്കിൽ അതിനും നിങ്ങൾ നികുതി ഏർപ്പെടുത്തുമായിരുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ചത് മണ്ണിന്റെ മണമുള്ള ബജറ്റാണ്. ആത്മഹത്യയിൽ നിന്ന് മനുഷ്യനെ ജീവിക്കാൻ പ്രേരിപ്പിക്കുന്ന സാന്ത്വനത്തിന്റെ, കാരുണ്യത്തിന്റെ, പ്രതീക്ഷയുടെ, പ്രത്യാശയുടെ ബജറ്റാണ്. അതുകൊണ്ട് പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. തുടർഭരണത്തിൽ നിന്നും തുടർച്ചയായ പരാജയത്തിലേക്ക് നിങ്ങളെങ്ങനെ വീണുവെന്ന് ഇപ്പോഴും നിങ്ങളുടെ ഉള്ളിൽ ചർച്ച നടക്കുകയാണ്. കുറ്റം നിങ്ങൾ കണ്ടുപിടിച്ചു, പക്ഷേ കുറ്റക്കാരില്ല. കുറ്റക്കാരുടെ പേര് പറയാൻ നിങ്ങളുടെ നാവ് പൊങ്ങുന്നില്ല. പറഞ്ഞാൽ നാവരിയുമോ എന്ന ഭയം നിങ്ങളെ വേട്ടയാടുകയാണ്. അത് കണ്ടുപിടിക്കാതിരിക്കട്ടെ, അതാണ് ഞങ്ങൾക്ക് നല്ലതെന്നാണ് അക്കാര്യത്തിൽ പറയാനുള്ളത്.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ നിങ്ങളുടെ പ്രചണ്ഡമായ പരസ്യവാചകം 'എൽ.ഡി.എഫ്. അല്ലാതെ മറ്റാരുണ്ട് എന്നായിരുന്നു. ആ വാക്ക് തുടർഭരണത്തിൽ നിന്നും നിങ്ങൾക്കുണ്ടായ

അഹങ്കാരമാണ്, ജനങ്ങളോടുള്ള വെല്ലുവിളിയായിരുന്നു. ആ പ്രചാരണം ഏറ്റു. പരസ്യം ജനം ശരിയായ അർഥത്തിലെടുത്തു. എൽ.ഡി.എഫ്. അല്ലാതെ കൊള്ളാവുന്ന മറ്റാരുണ്ടെന്ന് ബാലറ്റിൽ ജനം സൂക്ഷ്മമായി പരതി. എൽ.ഡി.എഫ് അല്ലാതെ യു.ഡി.എഫ്. ഉണ്ട്. ഒരാൾ 2 വോട്ട് ചെയ്തോ എന്നാണ് എന്റെ സംശയം. കാരണം അല്ലെങ്കിൽ ഇത്രയും വലിയ ഭൂരിപക്ഷത്തിൽ ഇത്രയും ആളുകൾ ഒരുമിച്ച് ജയിച്ചുവരില്ലായിരുന്നു. 2 വോട്ടിൽ 1 ഞങ്ങൾക്കുള്ള പിന്തുണയാണ് 1 വോട്ട് നിങ്ങളോടുള്ള ശക്തമായ പ്രതിഷേധമാണ്. നവകേരളസദസ്സ് കൊണ്ട് ഗുണമുണ്ടായെന്നാണ് ഇപ്പോഴും നിങ്ങൾ പറയുന്നത്. ഗുണമുണ്ടായി, അതാണല്ലോ ശ്രീ. എ. ഡി. തോമസ് ഇവിടെ എം.എൽ.എ. ആയി ഇരിക്കുന്നത്. ചരിത്രത്തിലാദ്യമായാണ് ഭരണം തുടങ്ങുന്നതിനു മുൻപ് സമരം തുടങ്ങുന്നത്. ഊഹാപോഹങ്ങളുടെയും കിംവദന്തികളുടെയും പേരിലാണ് സമരം. അന്തരീക്ഷത്തിൽ നിന്ന് ഭസ്മം എടുക്കുന്നതുപോലെ ഊഹാപോഹങ്ങളുടെ പേരിൽ കേരളത്തിൽ സമരം ചെയ്താൽ.., 'മുച്ചീട്ട്കളിക്കാരന്റെ മകൾ' എന്ന ഞങ്ങളുടെയൊരു നാടകമുണ്ട്, അതിനകത്തൊരു സംഭാഷണമുണ്ട്. "സമരത്തിനങ്ങനെ വലിയ ആളൊന്നും വേണമെന്നില്ല, മുദ്രാവാക്യമുണ്ടായാൽ മതി" . ഇപ്പോൾ നടക്കുന്ന സമരങ്ങളെല്ലാം അങ്ങനെയുള്ള സമരങ്ങളാണ്. ഇത് കാണുമ്പോൾ ദേശസ്നേഹികൾക്ക് ഉറക്കം വരില്ല, നേരത്തെ ശ്രീ. എം. വിൻസെന്റ് എം.എൽ.എ. സൂചിപ്പിച്ചതുപോലെ ബി.ജെ.പി.-ക്കാരും സ്ത്രീകളെയെല്ലാമിറക്കി സമരം ചെയ്തു, മുദ്രാവാക്യം, വി. ഡി. സതീശൻ രാജി വയ്ക്കണം. അത് കഴിഞ്ഞ് ഒരാഴ്ച കഴിഞ്ഞാണ് അദ്ദേഹത്തെ മുഖ്യമന്ത്രിയായി തിരഞ്ഞെടുക്കുന്നത്. പാവങ്ങൾ അറിഞ്ഞില്ല. 'കാള പെറ്റെന്ന് കേൾക്കുമ്പോൾ കയറെടുക്കുന്നു'വെന്ന് കേട്ടിട്ടുണ്ട് ഇതിപ്പോൾ ഗർഭിണിയാണ് കാളയെന്ന് അറിഞ്ഞപ്പോഴെ കയറും കൊണ്ടോടി. 'കലക്കവെള്ളത്തിൽ മീൻ പിടിക്കുക'യെന്ന് കേട്ടിട്ടുണ്ട്. ഇത് ജലപീരങ്കി വെള്ളത്തിൽ പുലിവാൽ പിടിക്കുന്നത് ആദ്യമായാണ് കേൾക്കുന്നത്. പാവപ്പെട്ട പ്രതിപക്ഷനേതാവ് ചാടിക്കയറി ഇരവാദം ഉന്നയിച്ച് 'കുപ്പിയും വെള്ളവും' നിയമസഭയുടെ മേശപ്പുറത്ത് വച്ചു. പിന്നീടാണ് മാധ്യമങ്ങൾ ദൃശ്യങ്ങൾ പുറത്തുവിട്ടത്. ഒരു 'സമരഭടൻ' കുനിഞ്ഞിരുന്ന് കുപ്പിയിൽ റോഡിലെ വെള്ളം നിറയ്ക്കുന്നു. നിങ്ങൾ രക്ഷാപ്രവർത്തനത്തിന് ഉപയോഗിച്ച ഉപകരണങ്ങളുടെ, അതായത്

ചെടിച്ചട്ടികളുടെ അവശിഷ്ടങ്ങൾ ശ്രീ. വി. ഡി. സതീശൻ അന്ന് ഈ മേശപ്പുറത്ത് വച്ചിരുന്നെങ്കിൽ ഇവിടെ ഒരു പൂന്തോട്ടം തുടങ്ങാമായിരുന്നു. ഇപ്പോൾ 'സമരഭടൻമാർക്ക് പുതിയൊരു ആയുധവുംകൂടി കൊടുത്തുവിട്ടിട്ടുണ്ട്, അത് പോക്കറ്റടിക്കാരുടെ ആയുധമാണ് 'ബ്ലേഡ്' എന്നാണ് അതിന്റെ പേര്.

നിങ്ങളുടെ ഭരണകാലത്ത് ആഭ്യന്തരവകുപ്പ് ആട്ടുകല്ലിന് കാറ്റ് പിടിച്ചതുപോലെ ആയിരുന്നു. എന്നുവച്ചാൽ അനക്കമില്ലായിരുന്നു. കേരളം മയക്കുമരുന്നിന്റെ പറുദീസയായി മാറി. നിങ്ങൾ അനങ്ങിയില്ല, ആട്ടുകല്ലായിരുന്നു. ചിലർ മട്ടുപ്പാവിൽ വരെ കഞ്ചാവ് കൃഷി ആരംഭിച്ചു. നാട്ടിൻപുറത്ത് കർഷകർ ഇടവിള കൃഷി നടത്തും. കാച്ചിൽ, ചേമ്പ്, ചീനി, ചേന, കിഴങ്ങ് ഇതൊക്കെയാണ് ഇടവിളകൃഷി. കഞ്ചാവ് കൂടി ഇടവിളകൃഷിയായി സ്വതന്ത്രമായി കേരളത്തിൽ കൃഷിചെയ്യുന്ന അവസ്ഥയുണ്ടായി. പണ്ട് ആഭ്യന്തര മന്ത്രിയായിരുന്ന കാലത്ത് ശ്രീ. രമേശ് ചെന്നിത്തല പാവപ്പെട്ട ജനങ്ങളെ പലിശക്കാരിൽ നിന്നും മറ്റ് സാമ്പത്തിക ചൂഷണങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്നതിനായി 'ഓപ്പറേഷൻ കുബേര' നടപ്പിലാക്കിയിരുന്നു. ഒരു പതിറ്റാണ്ടിനുശേഷം 'ഓപ്പറേഷൻ തൂഫാൻ' വഴി ലഹരി വ്യാപനത്തിൽ നിന്ന് യുവതലമുറയെ രക്ഷിക്കാനുള്ള അദ്ദേഹംതന്നെ വേണ്ടി വന്നു. ജീരക മിഠായി കിട്ടുന്നതിനേക്കാൾ സുലഭമായി നാട്ടിൽ കുട്ടികൾക്ക് ലഹരി മിഠായി കിട്ടിത്തുടങ്ങി. അപ്പോഴും നിങ്ങൾ ആട്ടുകല്ല് ആയിരുന്നു, അനക്കമില്ലായിരുന്നു. നെല്ല് പത്തായത്തിലുണ്ടെങ്കിൽ എലി പത്തനാപുരത്തുനിന്നും വരുമെന്നൊരു ചൊല്ലുണ്ട്. മയക്കുമരുന്ന് എവിടെയുണ്ടോ അവിടെ ശ്രീ. രമേശ് ചെന്നിത്തലയും പോലീസും ഓപ്പറേഷൻ തൂഫാനുമായി എത്തും. അതാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. പ്രളയവും കോവിഡ്-19 മഹാമാരിയും പോലുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ ഞങ്ങൾ രാഷ്ട്രീയം മറന്ന് നിങ്ങളോട് സഹകരിച്ചു. പക്ഷേ, നിങ്ങളെന്താണ് പ്രചരിപ്പിച്ചത്? നിങ്ങൾ ഉള്ളതുകൊണ്ടാണ് കേരളം നിലനിൽക്കുന്നതെന്ന്. അങ്ങനെയല്ല നിങ്ങളുള്ളതുകൊണ്ടാണ് ഈ ലോകം തന്നെ, ഈ അണ്ഡകടാഹം തന്നെ നിലനിൽക്കുന്നത്. പക്ഷേ, അത് ആര് പറയും? അത് നിങ്ങൾതന്നെ പറയേണ്ടിവരും. ഇതുവരെ 'സ്വർണ്ണം കട്ടവർ ആരപ്പാ' എന്ന് ചോദിച്ചാൽ മതിയായിരുന്നു. ഇപ്പോൾ 'വെള്ളി കട്ടവർ ആരാ രാമ' എന്നുകൂടി ചോദിക്കണം. അയോധ്യയിലെ രാമ ക്ഷേത്രത്തിന്റെ

ഉദ്ഘാടനത്തിന് സ്വർണ്ണക്കട അസോസിയേഷൻകാർ കൊടുത്ത 60 കിലോ വെള്ളി കട്ടു. 200 കോടി രൂപ ബി.ജെ.പി.-ക്കാർ കട്ടുകൊണ്ടുപോയി. രാമൻ ഞങ്ങൾക്ക് മര്യാദ പുരുഷനാണ്. വിശ്വാസത്തിന്റെ ഭാഗമായി ഞങ്ങൾ ദൈവമായി കാണുന്നു. പക്ഷേ, ബി.ജെ.പി.-ക്കാർ രാമനെ പണം കായ്ക്കുന്ന മരമായി കാണുന്നു. വിശ്വാസത്തെ നാട്ടിൽ കലാപമുണ്ടാക്കാനും അധികാരം പിടിക്കാനുമുള്ള കുറുക്കുവഴിയുമായിട്ടാണ് ബി.ജെ.പി.-ക്കാർ കാണുന്നത്. ഒരു കൈകൊണ്ട് രാമ... രാമ... എന്നും മറുകൈകൊണ്ട് നിം...നിം... നോട്ട് എണ്ണുന്നതും ഇവരുടെ പരിപാടിയാണ്. കാണിക്ക എണ്ണിയവന്റെ വീട്ടിൽ നിന്നുമാത്രം 20 ലക്ഷം കണ്ടെത്തി. ഒരു കാര്യം തറപ്പിച്ചു പറയാം. നിങ്ങളുടെ തകർച്ചയും രാമന്റെ ശാപത്തിലൂടെ ആയിരിക്കും. ശ്രീ. ടി. ജെ. വിനോദ്, ശ്രീ. എം. വിൻസെന്റ്, ഞാനടക്കമുള്ള എം.എൽ.എ.മാർ എന്നിവർ തീരദേശത്തുനിന്നും വരുന്നവരാണ്. ഈ ബജറ്റിൽ വർഷങ്ങളായി മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടിരുന്ന മത്സ്യത്തൊഴിലാളി ഭവന പദ്ധതി പുനരാരംഭിച്ചതിനെ സ്വാഗതം ചെയ്യുകയാണ്. എന്നാൽ ഇതിന്റെ ഗുണം പൂർണമായി ലഭിക്കണമെങ്കിൽ തീരദേശ പരിപാലന നിയമത്തിൽ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മാണത്തിന് ഇളവനുവദിക്കണം. അല്ലെങ്കിൽ അത് പൂർണമായ അർത്ഥത്തിൽ ഗുണകരമാകില്ല. ബജറ്റിൽ ഉൾപ്പെടുത്താത്ത മറ്റൊരു പ്രധാന വിഷയം 'സുനാമി കോളനി'യെ സംബന്ധിച്ചാണ്. കഴിഞ്ഞ സർക്കാർ 'കോളനി' എന്ന പേര് മാറ്റി 'നഗർ' എന്ന് പുനർനാമകരണം ചെയ്തിരുന്നെങ്കിലും ഒരു പുരോഗമനവും ഉണ്ടായില്ല. അന്ന് ദുരന്തമുണ്ടായപ്പോൾ കൈയ്യിൽ കിട്ടിയ സാധന സാമഗ്രികളുടെയൊന്നും ഗുണനിലവാരമൊന്നും പരിശോധിച്ചില്ല, കൂടുതലും ചതുപ്പ് നിലങ്ങളിലാണ്. ഞാൻ തന്നെ രണ്ട് സബ്മിഷനും ഒരു ശ്രദ്ധക്ഷണിക്കലും ഇവിടെ കൊണ്ടുവന്നതാണ്. ബഹുമാനപ്പെട്ട മുൻ മന്ത്രി ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹം അതിനകത്ത് കുറേയേറെ കാര്യങ്ങളിൽ ആത്മാർത്ഥമായി ഇടപെട്ടു. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. പക്ഷേ ഇപ്പോഴും സുനാമി നഗറുകളിൽ താമസിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ഭയത്തോടുകൂടിയാണ് ജീവിക്കുന്നത്. അവരുടെ മക്കളെ ബന്ധുവീടുകളിൽ പാർപ്പിച്ചിട്ടാണ് അവർ കിടന്നുറങ്ങുന്നത്. ഈ സുനാമി നഗറിൽ ഇടിഞ്ഞു വീഴാറായ വീടുകളിൽ താമസിക്കുന്ന ഏതെങ്കിലുമൊരു മത്സ്യത്തൊഴിലാളി

മരണപ്പെട്ടാൽ അതിന് നമ്മൾ സമാധാനം പറയേണ്ടി വരില്ലേ? അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയുമടക്കം അടിയന്തരമായി സുനാമി നഗറുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ദുരന്ത ജീവിതം അവസാനിപ്പിക്കാൻ നടപടിയെടുക്കണം. കാലാവസ്ഥാ മാറ്റങ്ങൾ, കണ്ടെയ്നർ, കപ്പൽ അപകടങ്ങൾപോലുള്ള സാഹചര്യങ്ങൾ ഉണ്ടായാലും ബാധിക്കുന്നത് പാവം മത്സ്യത്തൊഴിലാളികളെയാണ്. കണ്ടെയ്നറിൽ കുടുങ്ങി ധാരാളം മത്സ്യത്തൊഴിലാളികളുടെ വലയും യാനങ്ങളും നഷ്ടപ്പെട്ടു. ആർക്കും ഇതുവരെയും പത്ത് രൂപ നഷ്ടപരിഹാരം നൽകിയിട്ടില്ല. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ എന്ത് പിഴച്ചു? 'പേത്ത' എന്നുപറയുന്നൊരു ജീവിയുണ്ട്, പലർക്കും ഇതിനെക്കുറിച്ച് അറിയില്ല. പേത്ത ചെറിയ ജീവിയാണെങ്കിലും അതുണ്ടാക്കുന്ന നഷ്ടം ഭീമമാണ്. കോടിക്കണക്കിന് രൂപയാണ് പേത്ത വല നശിപ്പിച്ചതുകാരണം മത്സ്യത്തൊഴിലാളികൾക്ക് നഷ്ടമായത്. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ഫെഡ് വഴിയുള്ള മണ്ണെണ്ണ ലഭിക്കുന്നതിന് ആലപ്പാട് അഴീക്കൽ ഹാർബറിൽ മണ്ണെണ്ണ പമ്പ് ആരംഭിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മത്സ്യബന്ധനത്തിന്റെ കാര്യം ശ്രീ. എം. വിൻസെന്റ് എം.എൽ.എ. സൂചിപ്പിച്ചു. ഹാർട്ട് അറ്റാക്ക്, സ്ട്രോക്ക് തുടങ്ങിയ ആരോഗ്യപ്രശ്നങ്ങളെത്തുടർന്ന് മരണപ്പെടുന്നവരുടെ ആശ്രിതർക്കായി മതിയായ ധനസഹായം നൽകണം. ഹാർബറുകളിലെങ്കിലും അത്യാധുനിക സൗകര്യമുള്ള ആംബുലൻസ് സേവനം ഉറപ്പുവരുത്തണം. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. തീരസംരക്ഷണം സംബന്ധിച്ച് കഴിഞ്ഞ അഞ്ച് വർഷമായി ഞാൻ നിരന്തരം ആവശ്യങ്ങൾ ഉന്നയിച്ചുവരുന്നു. പത്ത് ഹോട്ട്സ്പോട്ടുകളെ തിരഞ്ഞെടുത്തപ്പോൾ അതിലൊരെണ്ണം ആലപ്പാട് ഹോട്ട്സ്പോട്ടായിരുന്നു എന്നതിൽ വളരെ സന്തോഷം. ഞങ്ങളെല്ലാവരും കൂടി ശ്രമിച്ച് അതിന്റെ സാങ്കേതികമായ കുരുക്കുകളെല്ലാം അഴിച്ച് കഴിഞ്ഞ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ഒരുപാട് കാലം ആ വിഷയം പരിഗണിക്കപ്പെടാതെ കിടക്കുകയായിരുന്നു. അവസാനം മന്ത്രിസഭാ യോഗത്തിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ (ADB) നിന്നും വായ്പയെടുക്കാൻ തീരുമാനിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുക ഏകദേശം 500 കോടി രൂപയ്ക്കുമേൽ

വർധിപ്പിച്ചു. പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റൊന്ന് ടൂറിസമാണ്;

മാഡം ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചുരുക്കണം.

ശ്രീ. സി. ആർ. മഹേഷ്: മാഡം ഡെപ്യൂട്ടി സ്പീക്കർ, ഞാൻ നിർത്തുകയാണ്. ടൂറിസം സംബന്ധിച്ച് രണ്ട് വിഭാഗങ്ങളുണ്ട്. ഒന്ന് പ്രകൃതി ഒരുക്കുന്ന സ്വാഭാവികമായ ടൂറിസമാണ്. അവിടേക്ക് നമ്മളൊന്നും ചെയ്തില്ലെങ്കിലും സന്ദർശകർ ഒഴുകിയെത്തും. അത്തരത്തിലൊരു ടൂറിസമാണ് ഞങ്ങളുടെ ആലപ്പാട് അഴീക്കൽ ടൂറിസം. ആയിരക്കണക്കിന് ആളുകളാണ് അവധി ദിവസം അവിടെ സന്ദർശനത്തിനായി എത്തുന്നത്. കൃത്രിമ ടൂറിസം പദ്ധതിക്കായി ഫണ്ട് ചെലവഴിച്ച് പ്രോജക്ടുകൾ തയ്യാറാക്കി കുറേ ആളുകൾക്ക് തൊഴിൽ നൽകി തുക നഷ്ടപ്പെടുകയെന്നല്ലാതെ പെട്ടെന്ന് ആ ടൂറിസം നശിച്ചുപോകും. പ്രകൃതി ദത്തമായ ആലപ്പാട് അഴീക്കൽ ടൂറിസം രക്ഷപ്പെടുത്താനുള്ള മാർഗ്ഗം കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുകയാണ്. ഒരിക്കൽക്കൂടി ഈ ധനാഭ്യർഥനയെ ഞാൻ പിൻതുണയ്ക്കുന്നു. നന്ദി, നമസ്കാരം.

ശ്രീ. എം. എം. നസീർ: സർ, 2026-2027-ലെ പുതുക്കിയ ബജറ്റിലെ ധനാഭ്യർഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്. പഞ്ചായത്തിലും പാർലമെന്റിലും നിയമസഭയിലും നിങ്ങൾ തോറ്റാലും ഇല്ല... ഇല്ല... തോൽക്കുന്നില്ല, തോൽക്കാൻ ഞങ്ങൾക്ക് മനസ്സില്ലായെന്ന മനോഭാവം ഇവിടെ നടക്കുന്ന ചർച്ചകളിൽ കഴിഞ്ഞ ഒന്നരമാസമായി ഈ സഭയിൽ പുതിയ ആളുകളെന്ന നിലയിൽ കണ്ടുകൊണ്ടിരിക്കുകയാണ്. വളരെ ശാന്തനായി ഇരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് നിങ്ങൾ നിരന്തരം ചോദ്യങ്ങൾ ചോദിച്ച് അദ്ദേഹത്തെ പ്രകോപിപ്പിക്കുകയും അദ്ദേഹം എഴുന്നേറ്റ് നിന്ന് മറുപടി പറയുമ്പോൾ തിരിച്ച് മറുപടി പറയാനോ സ്ഥാപിക്കാനോ നിങ്ങൾക്ക് ഒന്നുമില്ല എന്നത് കേരളത്തിലെ ജനങ്ങൾ മുഴുവൻ കാണുകയാണ്. കാരണം, പത്ത് വർഷത്തെ ചെയ്തികളാണ് നിങ്ങളെ വേട്ടയാടുന്നത്. പ്രിയപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ ബജറ്റ് നമുക്കെല്ലാമറിയാവുന്നപോലെ തകർന്നടിഞ്ഞ ഖജനാവിൽ നിന്നും കേരളത്തെ രക്ഷിക്കാനുള്ള അദ്ദേഹത്തിന്റെ ദീർഘകാലത്തെ പരിചയ സമ്പന്നതയും ദിശാബോധവും ഉത്തമമായ ധനകാര്യ മാനേജ്മെന്റും

ഉൾക്കൊള്ളുന്നതാണ്. ശ്രീ. ഉമ്മൻ ചാണ്ടിയെ ഇവർ എങ്ങനെയാണ് പുറത്താക്കിയത്? ഉമ്മൻ ചാണ്ടിയുടെത് ഏറ്റവും നല്ല ഭരണമായിരുന്നുവെന്ന് കഴിഞ്ഞ പത്ത് വർഷത്തെ ഭരണം കഴിഞ്ഞപ്പോൾ എല്ലാവർക്കും മനസ്സിലായി. അദ്ദേഹത്തിനെതിരെ കള്ളകഥകൾ മെനഞ്ഞ് അദ്ദേഹത്തിന്റെ രക്തം കേരളത്തിൽ വീണ് അദ്ദേഹത്തിന്റെ മാത്രമല്ല കേരളത്തിലെ ജനങ്ങളുടെ ശാപം കഴിഞ്ഞ പത്ത് വർഷത്തെ ഭരണത്തിലുണ്ടായിരുന്നു. ഇവിടെ ബാഹുബലി സിനിമ നിങ്ങളെല്ലാവരും കണ്ടുകാണും. മഹിഷ്മതി സാമ്രാജ്യത്തിന്റെ, കൊട്ടാര വിപ്ലവത്തിലൂടെ ആ സാമ്രാജ്യത്തെ അടിച്ചമർത്തി അധികാരം പിടിക്കുന്ന കഥയാണ് ബാഹുബലി. മഹിഷ്മതി സാമ്രാജ്യത്തിലെ അമരേന്ദ്ര ബാഹുബലിയെ സ്വന്തം മാതാവായ ശിവകാമിയെക്കൊണ്ട് കള്ളക്കഥ മെനഞ്ഞ് കൊല്ലിച്ച ശേഷം രാജമാത ശിവകാമിയെ നിഷ്കാസനം ചെയ്തും രാജാവിന്റെ പത്നിയെ ചങ്ങലയ്ക്കിട്ട് ബന്ദിയാക്കിയും പൽവാൽ ദേവൻ ഭരണം പിടിച്ചതാണ് ബാഹുബലിയിലെ കഥ. രണ്ടാമത്തെ കഥ നിങ്ങൾക്കറിയാം. അതിന്റെ പര്യവസാനം കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ ആ അധികാരത്തെ, അതും ഉഗ്ര ശാപത്തോടെ ഉഗ്ര ശക്തിയോടെ തിരിച്ചുപിടിച്ചാണ് ശ്രീ. വി. ഡി. സതീശനെ കേരളത്തിന്റെ മുഖ്യമന്ത്രിയാക്കിയത്. കുതിരപട്ടാളവും വാൾപ്പയറ്റും പീരങ്കികളുമില്ലെങ്കിലും ജനശക്തിയുടെ മുന്നേറ്റത്തെ തടഞ്ഞു നിർത്താൻ എൽ.ഡി.എഫ്.-ന്റെ ഒരു സൈബർ നുണ ബോംബിനും കഴിഞ്ഞില്ല. കഴിഞ്ഞ കാലങ്ങളിൽ കേരളത്തിൽ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം മാറി മാറി ഭരിക്കുമെന്നുള്ളൊരു രീതിയാണെന്ന് നമുക്കറിയാം. ആദ്യത്തെ പിണറായി ഭരണകാലത്താണ് ലോക സാമ്പത്തിക ശാസ്ത്രജ്ഞനായ ഡോ. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ നിങ്ങൾ ധനകാര്യ മാനേജ്മെന്റ് നടത്തിയത്. അന്നേ ആ മാനേജ്മെന്റ് പൊളിയായിരുന്നു. അങ്ങനെയാണ് കേരളത്തിലെ ഖജനാവ് തകർന്നതും. പിന്നെയും നിങ്ങൾക്ക് അഞ്ച് വർഷം ലഭിച്ചു. അതെങ്ങനെ ലഭിച്ചു, കോവിഡ്-19-ന്റെ നെഞ്ചിലേറി നിങ്ങൾ ഭരണം പിടിച്ചു. പക്ഷേ ആദ്യം നിങ്ങൾ കരുതിയില്ല. കാരണം, അഞ്ച് വർഷം കഴിയുമ്പോൾ എൽ.ഡി.എഫ് മാറും യു.ഡി.എഫ് വരും. മുമ്പ് ശ്രീ. എ. കെ. ആന്റണി വന്നപ്പോൾ അദ്ദേഹം മുണ്ട് മുറുക്കി ഉടുക്കണമെന്ന് പറഞ്ഞപ്പോൾ നിങ്ങൾ ഉടുത്തിരുന്ന മുണ്ട് തലയിൽകെട്ടി നിന്ന ആളുകളാണ്. പക്ഷേ, അഞ്ച്

വർഷം കഴിഞ്ഞപ്പോൾ കേരളത്തിലെ ഏറ്റവും മികച്ചൊരു ഖജനാവാണ് നിങ്ങൾക്ക് കിട്ടിയത്. അതുപോലെ കിട്ടുമെന്ന് കരുതി. നിങ്ങൾക്കറിയാം രണ്ടാം പിണറായി ഭരണം ഒരു നീരാളി-ഊരാളി ഭരണമായിരുന്നു. നീരാളിയെന്ന് പറഞ്ഞാൽ കേരളത്തിലെ എല്ലാ മേഖലയേയും നീരാളിപ്പിടുത്തം ബാധിച്ചു. ക്ഷേമനിധി ബോർഡുകളെ ലയിപ്പിച്ചു, ബാങ്കുകളെയെല്ലാം ലയിപ്പിച്ച് കേരള ബാങ്ക്, അതുപോലെ സപ്ലൈകോ തകർത്തു, കെ.എസ്.ഇ.ബി.-യെ തകർത്തു, ഒരു നീരാളിപ്പിടുത്തമായിരുന്നു. നേട്ടം കിട്ടയത് ആർക്കാണ്? ഊരാളുങ്കൽ സംഘത്തിനായിരുന്നു. ഊരാളികളും നീരാളികളും തമ്മിലുള്ള ഒരു അന്തർധാരയായിരുന്നു കഴിഞ്ഞ ഭരണം. കരാറുകാർ ജീവനൊടുക്കി പോകുന്ന അവസ്ഥയായിരുന്നു. കേരളപ്പിറവിക്കുശേഷം 2016 വരെയുള്ള കാലയളവിൽ കേരളത്തിനുണ്ടായ ആകെ കടം ഒന്നരലക്ഷം കോടി രൂപയാണ്. എന്നാൽ, 2026-ൽ ശ്രീ. പിണറായി വിജയൻ ഭരണം മാറുമ്പോൾ കേരളത്തിന്റെ കടം 5 ലക്ഷം കോടി രൂപയാണ്. ഉമ്മൻചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് സ്മാർട്ട് സിറ്റിയും മെട്രോ റെയിലും മെഡിക്കൽ കോളേജും കൊണ്ടുവരാൻ സാധിച്ചു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി കൊണ്ടുവന്നപ്പോൾ നിങ്ങൾ ആരോപണം ഉന്നയിച്ചെങ്കിലും ഉമ്മൻചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിൽ അതിന്റെ പ്രാഥമിക പ്രവർത്തനം പൂർത്തിയാക്കി. കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ഉമ്മൻചാണ്ടിയുടെ (കുഞ്ഞൂഞ്ഞ്) സ്വത്താണെന്ന് പറയാൻ കഴിയുന്ന നിലയിലുള്ള പല പദ്ധതികളും എഴുതിച്ചേർത്തു. കഴിഞ്ഞ പത്ത് വർഷത്തെ ഭരണത്തിൽ മൂന്നരലക്ഷം കോടി രൂപ കടമെടുത്ത് നിങ്ങൾ എന്താണ് ചെയ്തത്; കേരളത്തിന്റെ വികസനത്തിൽ നിങ്ങൾക്ക് എന്ത് എഴുതി ചേർക്കാൻ കഴിഞ്ഞു? ഒന്നും ചെയ്തിട്ടില്ല. എല്ലാ വീരന്മാരും വീരമണികണ്ഠൻമാരും വീരശൂരപരാക്രമികളുമെല്ലാം കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന്റെ തുഫാനിൽ ഒലിച്ചുപോയി. അതാണ് ഇവിടെ നടന്നത്. പ്രതിപക്ഷത്തിരിക്കുമ്പോൾ വി. എസ്. അച്യുതാനന്ദനും പിണറായി വിജയൻ സഖാവും സ്ഥിരമായി ഉപയോഗിക്കുന്ന വാക്കാണ് 'ഉളുപ്പുണ്ടോ' എന്നത്. വി. എസ്. അച്യുതാനന്ദൻ രണ്ടുമൂന്നുപ്രാവശ്യമെങ്കിലും ഉളുപ്പുണ്ടോ എന്ന് ആവർത്തിച്ച് ചോദിക്കും. ഈ സർക്കാരിന്റെ സഭാ നടപടികൾ തുടങ്ങിയ കാലംമുതൽ പുതിയ രീതികളാണ് കാണുന്നത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

അവതരിപ്പിക്കുന്ന രീതിയും സംസാരവും നിങ്ങളെ എങ്ങനെയാണ് പറഞ്ഞ് മനസ്സിലാക്കുന്നത്; ഇത് നാട്ടുകാർ മുഴുവൻ കാണുകയാണ്. പി.എം. ശ്രീ പദ്ധതിയെക്കുറിച്ചും മദ്യനികുതി ഇളവ് കൊണ്ടുവരുന്നതിനെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇവയെല്ലാം ആരാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് രേഖയിലുള്ളതാണ്. നിങ്ങൾ കുറച്ച് നാളെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഭരിക്കാൻ അനുവദിക്കൂ; അദ്ദേഹത്തെ പ്രകോപിപ്പിച്ച് എന്തിനാണ് അദ്ദേഹത്തിന്റെ വായിലിരിക്കുന്നത് കേൾക്കുന്നത്; മുൻമുഖ്യമന്ത്രികൂടി ഇരിക്കുന്ന ഈ സഭയിൽ ഇത്രത്തോളം ആരോപണങ്ങൾ കേട്ടിട്ടും യാതൊരു മറുപടിയുമില്ലാത്ത ആളുകളെയാണ് ഞങ്ങൾ കാണുന്നത്. ഈ ധനാഭ്യർത്ഥനയെ ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്.

ഈ ബജറ്റിൽ ടൂറിസം മേഖലയ്ക്കായി 325.36 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഒരുകാര്യംകൂടി സൂചിപ്പിക്കാനുണ്ട്. ചടയമംഗലത്ത് സ്ഥിതി ചെയ്യുന്ന ജഡായു നേച്ചർ പാർക്ക് ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഒന്നായി മാറാൻ പോകുകയാണ്. ഓരോ വർഷവും സ്കൂൾ കുട്ടികൾ മുതൽ ശബരിമലയിൽ ദർശനത്തിനു പോകുന്ന തീർത്ഥാടകർ വരെയുള്ള ആയിരക്കണക്കിന് ആളുകൾ സന്ദർശിക്കുന്ന ടൂറിസം ഡെസ്റ്റിനേഷനാണ് എം.സി. റോഡിന്റെ ഓരത്തുള്ള ജഡായു പാറ. ചടയമംഗലത്ത് അലയമൺ ഗ്രാമപഞ്ചായത്തിൽ കുടുക്കത്ത് പാറ എന്ന ടൂറിസ്റ്റ് കേന്ദ്രവും വട്ടത്തിൽ തങ്ങൾ ആറ് എന്ന പ്രകൃതിമനോഹരമായ വെള്ളച്ചാട്ടവുമുണ്ട്. ഇക്കാര്യം നേരത്തെ ശ്രീ. സി. ആർ. മഹേഷ് സൂചിപ്പിച്ചതാണ്. മീനുകൾ പ്രണയിക്കുന്ന മീൻമുട്ടി വെള്ളച്ചാട്ടവും എന്റെ നിയോജകമണ്ഡലത്തിലാണ് സ്ഥിതിചെയ്യുന്നത്. ധാരാളം ആളുകൾ സന്ദർശിക്കുന്ന ചടയമംഗലത്ത് ഒരു ടൂറിസം ഫെസിലിറ്റേഷൻ സെന്ററും ബസ്സ് ടെർമിനലും സ്ഥാപിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പി.ഡബ്ല്യൂ.ഡി. മാന്വൽ പരിഷ്കരണം, ആർക്കിടെക്ചറൽ വിങ്, പി.ഡബ്ല്യൂ.ഡി.-യുടെ എല്ലാ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തൽ എന്നിവയ്ക്കായി ബജറ്റിൽ 5952 കോടി രൂപ വകയിരുത്തിയതിനെ ഞാൻ ശ്ലാഘിക്കുകയാണ്. തൊഴിലുറപ്പ് തൊഴിലാളികളുടെ കാര്യം നമുക്കറിയാം.

ലക്ഷക്കണക്കിന് കുടുംബങ്ങളുടെ ഉപജീവനത്തിന് സഹായിക്കുന്ന തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള പുതിയ നയങ്ങളെ അതിജീവിക്കുന്നതിനായി 1422 കോടി രൂപ ഈ ബജറ്റിൽ വകയിരുത്തിയ കേരളത്തിലെ യു.ഡി.എഫ്. ഭരണത്തേയും പുതുക്കിയ ബജറ്റിനെയും എല്ലാ രീതിയിലും പിന്തുണച്ചുകൊണ്ട് നിർത്തുന്നു. നന്ദി.

ശ്രീ. ടി. പി. അഷ്റഫലി: സർ, ഈ പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥന ചർച്ചകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ഒരു ബജറ്റ് കഴിഞ്ഞാൽ ധനക്കമ്മി, മൂലധന ചെലവ്, പണപ്പെരുപ്പം തുടങ്ങിയ മലയാളം വാക്കുകളായിരുന്നു ആളുകൾ പൊതുവെ കേട്ടിരുന്നത്. എന്നാൽ, ഈ ബജറ്റിലൂടെ കേരളത്തിലെ പുതിയ തലമുറയ്ക്കും ഈ നാടിനെ വളരെ പ്രതീക്ഷയോടുകൂടി നോക്കിക്കാണുന്ന കേരളത്തിന്റെ പുറത്തുള്ള മലയാളികൾക്കും ഒരുപാട് പ്രതീക്ഷയുള്ള വാക്കുകളാണ് ലഭിച്ചത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഗ്ലോബൽ ജോബ് വാച്ച് ടവർ, കേരള നോളജ് വാലി, സ്പേസ് ഇക്കോണമി, റിസർച്ച് പാർക്ക്, കേരള സിൽവർ ഇക്കോണമി, ബ്രാൻഡ് കേരളം, കെയർ ഗിവർ പദ്ധതി, വൺ കേരള കരുതൽ മിഷൻ, കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം, ഏവിയേഷൻ ഹബ്ബ്, മിഷൻ സമുദ്ര, കേരള അർബൻ ഗ്രോത്ത് മിഷൻ, ജെൻ Z-ആൻഡ് ന്യൂ-ജെൻ ടെക്നോളജി എന്നീ വാക്കുകൾ കേട്ടിട്ട് ഞങ്ങളുടെകൂടെ കോളേജുകളിൽ പഠിച്ചിരുന്ന ഇപ്പോൾ സ്കാൻഡിനേവിയൻ രാജ്യങ്ങളിലും അമേരിക്കയിലും യു.കെ.-യിലും ഗൾഫ് രാജ്യങ്ങളിലുമൊക്കെ ജോലിചെയ്യുന്ന ആളുകൾ കേരളം മാറാൻ പോകുകയാണോ എന്ന് വിളിച്ച് ചോദിക്കുകയാണ്. ഇത്തരം വിഷനറിയുള്ള ഒരു ബജറ്റ് കേരളത്തിൽ വരികയാണെങ്കിൽ അവരൊക്കെ സ്കാൻഡിനേവിയൻ രാജ്യങ്ങൾ വിട്ട് കേരളത്തിലേയ്ക്ക് മടങ്ങിവരാൻ ആഗ്രഹിക്കുകയാണെന്ന് പറയുകയാണ്. ലോകത്തിന്റെ അഷ്ടദിക്കുകളിൽനിന്നും മലയാളികളെ, ഇൻവെസ്റ്റേഴ്സിനെ കേരളത്തിലേയ്ക്ക് ക്ഷണിക്കുന്ന, വളരെ ഫ്യൂച്ചറസ്റ്റിക്കായ, ഭാവി കേരളത്തിന് വേണ്ടിയുള്ള ഏറ്റവും മികച്ച ബജറ്റാണിതെന്നാണ് സൂചിപ്പിക്കാനുള്ളത്. ഓപ്പറേഷൻ തൂഫാൻ, പ്രിയദർശിനി എന്നീ പദ്ധതികൾ എടുത്തുപറയേണ്ട ഒന്നാണ്. 'ഓപ്പറേഷൻ തൂഫാൻ' പദ്ധതി വന്നതോടെ

സ്ത്രീകൾക്ക് ആഘോഷത്തിന്റെ ദിനങ്ങളാണ്. മയക്കുമരുന്നിന് അടിമപ്പെട്ട മക്കളെക്കൊണ്ടും ഭർത്താവിനെക്കൊണ്ടും സഹോദരങ്ങളെക്കൊണ്ടും പൊറുതിമുട്ടിയ സ്ത്രീജനങ്ങൾ മയക്കുമരുന്നിനെതിരെയുള്ള വേട്ടയിൽ സന്തോഷിക്കുകയാണ്. അതുപോലെ സ്ത്രീകൾ പ്രിയദർശിനി പദ്ധതി പ്രകാരം ബസ്സിൽ സൗജന്യ യാത്രചെയ്ത് സന്തോഷിക്കുകയാണ്. ഇപ്പോൾ കേരളത്തിലാകെ പോസിറ്റീവ് വൈബ് വന്നിരിക്കുകയാണ്. കേരളത്തിലേക്ക് ജനങ്ങൾ വളരെ താൽപര്യപൂർവം നോക്കുന്ന സാഹചര്യമുണ്ടായിരിക്കുകയാണ്. ഇങ്ങനെയൊരു ബജറ്റ് ഈ നാടിന് സമർപ്പിച്ച ധനകാര്യ വകുപ്പുമന്ത്രികൂടിയായ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശനെ പ്രത്യേകമായി അഭിവാദ്യം ചെയ്യുകയാണ്. അതോടൊപ്പം ഒരുകാര്യം സൂചിപ്പിക്കാനുള്ളത്, നികുതി പിരിവ് ശക്തമാക്കണം. വൻകിട കമ്പനികളിൽനിന്ന് കർശനമായി നികുതി പിരിച്ചെടുക്കണം. ആ നികുതി ഉപയോഗിച്ച് ജനകീയമായ പ്രോജക്ടുകൾ ഇംപ്ലിമെന്റ് ചെയ്യാനായി ശ്രമിക്കണം. 1961 മാർച്ച് 29-ന് കേരള നിയമസഭയിൽ നടന്ന ധനാഭ്യർഥന ചർച്ചയിൽ മുൻമുഖ്യമന്ത്രി സി.എച്ച്. മുഹമ്മദ് കോയ പറഞ്ഞ വാക്കുകൾ ഞാൻ ഓർക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിക്ക് രണ്ട് ഹൃദയം വേണമെന്നാണ് അദ്ദേഹം പറഞ്ഞത്, ഒരു മനുഷ്യ ഹൃദയവും ഒരു ശിലാഹൃദയവും. മനുഷ്യ ഹൃദയത്തിലൂടെ ജനങ്ങൾക്കാവശ്യമായ പദ്ധതികൾ നടപ്പാക്കി ജനങ്ങളെ ചേർത്തുപിടിക്കുകയും ശിലാഹൃദയത്തിലൂടെ നികുതി പിരിക്കാനുള്ള കർശനമായ നടപടിയുണ്ടാവുകയും ചെയ്താൽ ഈ നാട് രക്ഷപ്പെടുമെന്ന് അദ്ദേഹം പറഞ്ഞ വാക്കുകൾ പതിറ്റാണ്ടുകൾക്കുശേഷവും ഞാൻ ഓർത്തെടുക്കുകയാണ്. സംസ്ഥാനത്ത് ക്വാറികളും മണലുമായി ബന്ധപ്പെട്ട് ബ്ലാക്കിലൂടെയുള്ള നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അവ നാടിന്റെ വളർച്ചയ്ക്കും പുരോഗതിക്കും അനിവാര്യമായ മെറ്റീരിയലുകളാണ്. അതിനെയൊക്കെ ലീഗലൈസ് ചെയ്ത് സ്റ്റേറ്റിന് വരുമാനമുണ്ടാകുന്ന വിധത്തിലേക്ക് മാറ്റിയെടുക്കണമെന്ന ഒരഭിപ്രായംകൂടി മുന്നോട്ടുവയ്ക്കുകയാണ്. അടിസ്ഥാന സൗകര്യവികസനത്തിന്റെ കാര്യം പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് നേരത്തെ ഇവിടെ അംഗങ്ങൾ സൂചിപ്പിച്ചു. ആരോഗ്യം, റവന്യൂ, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ജീവനക്കാരുടെ കുറവുകൾ പരിഹരിച്ച് ജനങ്ങൾക്ക്

ഭരണസൗകര്യം യഥാവിധി ലഭ്യമാക്കാൻ ഇടപെടണമെന്നുകൂടി സൂചിപ്പിക്കുകയാണ്. ഇപ്പോൾ പ്രതിപക്ഷാംഗങ്ങൾ സഭയിലും പുറത്തും പ്രസംഗിക്കുമ്പോൾ, അവരുടെ കഴിഞ്ഞകാല ചെയ്തികൾ അവരെ തിരിഞ്ഞ് കുത്തുകയാണ്. മികച്ച പ്രതിപക്ഷമായി മാറാമെന്ന് കരുതി പി.എം. ശ്രീ പദ്ധതിയിൽ പിടിച്ച് ചാടിവീണപ്പോൾ, പി.എം. ശ്രീ പദ്ധതി ആരാണ് ആരംഭിച്ചതെന്നും ഏത് കാലത്താണ് ഒപ്പുവച്ചതെന്നും എന്താണ് അവർ എടുത്ത നടപടികളെന്നും കൃത്യമായി മനസ്സിലാകുന്നവിധം വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി നൽകി. ഇപ്പോൾ ആ പദ്ധതിയെക്കുറിച്ച് ഒന്നുംപറയാൻ കഴിയാത്ത അവസ്ഥയിൽ അവർ ഇവിടെ ഇരിക്കുകയാണ്. പി.എം. ശ്രീ പദ്ധതി ഒപ്പിട്ടതിൽ കേരളത്തിൽനിന്നുള്ള രാജ്യസഭാ എം.പി.-യായ ശ്രീ. ജോൺ ബ്രിട്ടാസിന്റെ പങ്ക് വളരെയധികം പ്രശംസനീയമാണെന്ന് കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രിയായ ശ്രീ. ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു. മന്ത്രിസഭയെ മറികടന്ന് ഇടനിലക്കാരെവച്ച് ഒപ്പിട്ട പദ്ധതിയാണ് പി.എം. ശ്രീ പദ്ധതി. നിങ്ങൾ ഇപ്പോൾ പി.എം.എ.വൈ. (Pradhan Mantri Awas Yojana)-യുടെ പിന്നാലെയാണ്. പ്രസ്തുത പദ്ധതിയിലൂടെ നിർമ്മിക്കുന്ന വീടുകളിൽ എംബ്ലം പതിപ്പിക്കാൻ പാടില്ലെന്നും അത് ആത്മാഭിമാനത്തെ മുറിപ്പെടുത്തുമെന്നാണ് പറയുന്നത്. ആളുകളുടെ ആത്മാഭിമാനത്തെ മുറിപ്പെടുത്തുന്ന ഒന്നും ചെയ്യരുതെന്നും ഇവിടെയുള്ള മനുഷ്യർ അഭിമാനത്തോടെ ജീവിക്കണമെന്നുമാണ് ഞങ്ങളുടെ അഭിപ്രായം. 'Honorable existence' എന്ന വലിയൊരു രാഷ്ട്രീയ മുദ്രാവാക്യം ഈ നാടിന് സമ്മാനിച്ച ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ പാർട്ടിയാണ് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ്. എന്നാൽ ഇവിടെ സംഭവിച്ചതെന്താണ്; എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, 4-11-2023-ന് കുടുംബശ്രീ മിഷൻ ഡയറക്ടർ കേരളത്തിലെ നഗരസഭാ സെക്രട്ടറിമാർക്ക് എഴുതിയ കത്തിൽ, കേന്ദ്ര നഗര മന്ത്രാലയം നൽകിയിട്ടുള്ള നിർദേശപ്രകാരം എല്ലാ വീടുകളിലും എംബ്ലം പതിപ്പിക്കണമെന്ന് പറയുന്നുണ്ട്. മനുഷ്യരുടെ അഭിമാനകരമായ ജീവിതത്തിനുമുകളിൽ ഈ എംബ്ലം പതിക്കാൻ ഓർഡർ ഇട്ടത് ആരാണെന്ന് ഇവർ പറയേണ്ടതുണ്ട്. ഞങ്ങൾ വയനാട്ടിൽ നിരവധി വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. മുസ്ലീംലീഗ് നിർമ്മിച്ച വീടുകളിൽ എംബ്ലമോ ഫോട്ടോയോ പേരോ പതിപ്പിച്ചിട്ടില്ല.

ഞങ്ങൾ പണിത് നൽകിയ വീടുകളിൽ ആളുകൾ താമസം ആരംഭിക്കുന്ന ദിവസങ്ങളിൽ ഞങ്ങളാരും അങ്ങോട്ട് പോകരുതെന്നും അവരുടെ സ്വകാര്യതയെ മാനിക്കണമെന്നുമാണ് ഞങ്ങളുടെ പാർട്ടി പറഞ്ഞത്. ഞങ്ങൾ ആ രാഷ്ട്രീയത്തിന്റെ വക്താക്കളാണ്. ഇവിടെ നിലനിൽക്കുന്ന കീഴ്വഴക്കത്തെക്കുറിച്ചും പി.എം. ശ്രീ പദ്ധതിയെക്കുറിച്ചും പറഞ്ഞുകൊണ്ട് പ്രതിപക്ഷം എതിർക്കാൻ നോക്കുകയാണ്. കരിമണൽ ഖനനത്തിന്റെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചതോടെ അതിൽ നിന്നുമവർ പിന്നോട്ടുപോയി. KMML വഴി ആദ്യമായി കരിമണൽ ഖനനം കൊണ്ടുവന്നതും വീര്യംകുറഞ്ഞ മദ്യത്തിന്റെ ഫയൽ ആരംഭിച്ചതും ഇടതുപക്ഷം തന്നെയാണ്. അങ്ങനെ ഓരോന്നും പരിശോധിച്ചുനോക്കിയാൽ എല്ലാം ഇവർ തന്നെയാണ് ചെയ്തതെന്ന് മനസ്സിലാക്കാൻ സാധിക്കും.

കേന്ദ്ര സർക്കാരിനോടും കേന്ദ്ര സർക്കാരിന്റെ പ്രതിനിധികളായി ഇവിടെയിരിക്കുന്നവരോടും പറയാനുള്ളത്, നിങ്ങൾ കേരളത്തിന് നൽകുന്ന ഫണ്ട് ബി.ജെ.പി.-യുടെ ഖജനാവിൽ നിന്നല്ല; ഞങ്ങൾ നൽകുന്ന നികുതിപ്പണത്തിൽ നിന്ന് നിർബന്ധമായും അത് ഈ നാടിന് നൽകേണ്ട പണമാണ്. അത് നൽകണമെങ്കിൽ 'എന്റെ തലയും എന്റെ ഫിഗറും" വേണമെന്ന് പറയുന്നതൊക്കെ ഒരു മോശം ഏർപ്പാടായതിനാൽ നിങ്ങൾ അതൊക്കെ അവസാനിപ്പിച്ച് സംസ്ഥാനത്തിനാവശ്യമായ പണം നൽകാൻ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇവിടെ ബഹു. പ്രതിപക്ഷാംഗങ്ങൾ നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട ചരിത്രം പറയുകയുണ്ടായി. നീറ്റ് പരീക്ഷയുടെ ചോദ്യപ്പേപ്പർ ചോരുകയും പരീക്ഷ റദ്ദാക്കുകയും പുന:പരീക്ഷ നടത്തുകയും ചെയ്ത സംഭവത്തെ തുടർന്ന് നിരവധി കുട്ടികൾ ആത്മഹത്യ ചെയ്തു. അങ്ങനെയുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിനിധികൾ സംസ്ഥാനത്ത് നടന്ന പരീക്ഷയുമായി അതിനെ ചേർത്തുപറയുന്നത് അത്യന്തം മോശമാണ്. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രി ശ്രീ. ധർമേന്ദ്ര പ്രധാൻ രാജിവയ്ക്കണമെന്ന ആവശ്യമാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് ഉന്നയിക്കാനുള്ളത്.

കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന പൗരത്വ ഭേദഗതിയുമായി ബന്ധപ്പെട്ട നടപടികളിലൂടെ അവർ പൗരത്വത്തെ പിൻവാതിലിലൂടെ ഉള്ളിലേക്ക് കടത്തിവിടാനാണ് ശ്രമിക്കുന്നത്. SIR-ന്റെ സമയത്ത് സമർപ്പിക്കേണ്ട 12 രേഖകളിലൊന്നായ പാസ്പോർട്ട് ഇപ്പോൾ പൗരത്വരേഖയല്ലെന്ന് കേന്ദ്ര സർക്കാർ പറഞ്ഞിരിക്കുകയാണ്. അതേസമയം പാസ്പോർട്ടിന്റെ ഫീസ് കുത്തനെ ഉയർത്തിയിരിക്കുന്നു. അതായത് 1500 രൂപയായിരുന്നത് 2500 രൂപയായും 3500 രൂപയ്ക്ക് അപേക്ഷിക്കാമായിരുന്ന തൽക്കാലിക പാസ്പോർട്ടിന് 5000 രൂപയായും ഫീസ് വർധിപ്പിച്ചിരിക്കുന്നു. പാസ്പോർട്ട് പുതുക്കാനുള്ള ഫീസ് 5000 രൂപയായിരുന്നത് 7000 രൂപയാക്കി. ഇപ്രകാരം പാസ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇരട്ടത്താപ്പ് കാണിക്കുകയും അതൊരു രേഖയല്ലാതാക്കി മാറ്റി ഇതിന്റെ ഫീസ് വർധിപ്പിച്ചുകൊണ്ട് ജനങ്ങൾക്കിടയിൽ ഭാരമേൽപ്പിക്കുകയുമാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്. ഇന്ത്യയിലെ ജനാധിപത്യ മതേതരകക്ഷികളുടെ ഏറ്റവും വലിയ പിന്തുണക്കാരനും രാജ്യത്തെ പ്രമുഖ പത്രമായ ടെലഗ്രാഫിന്റെ മുൻ എഡിറ്ററുമായ ശ്രീ. ആർ. രാജഗോപാൽ എന്ന, രാജ്യത്തിന് പ്രതീക്ഷയുള്ള പത്രക്കാരനെ SIR-ൽ നിന്ന് ഒഴിവാക്കുകയും പാസ്പോർട്ടുപോലും നൽകാതെ ബുദ്ധിമുട്ടിക്കുകയുമാണ് അവർ ചെയ്യുന്നത്. പൗരത്വരേഖയുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ടയാളുകൾക്ക് പാസ്പോർട്ട് നിഷേധിക്കുകയും പുതിയ പാസ്പോർട്ടിന് കുത്തനെ ഫീസ് വർധിപ്പിക്കുകയും ചെയ്ത കേന്ദ്ര സർക്കാർ നാട്ടിലെ ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട രേഖയെടുത്ത് പന്താടുന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. കേരളത്തിന്റെ പൊതുമനസ്സ് ഇതിനെതിരായതിനാൽ കേന്ദ്ര സർക്കാരിന്റെ ഇത്തരത്തിലുള്ള നിലപാടിനെ അതിശക്തമായി പ്രതിഷേധിച്ചുകൊണ്ടും ഈ പുതുക്കിയ ധനാഭ്യർഥന ചർച്ചകളെ പിന്തുണച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജ്യോതികുമാർ ചാമക്കാല</u>: സർ, ഞാൻ ഈ ധനാഭ്യർഥനയെ അനുകൂലിക്കുകയാണ്. ഇവിടെ ഒരംഗം, 'പത്തായത്തിൽ നെല്ലുണ്ടെങ്കിൽ പത്തനാപുരത്തുനിന്നും എലി വരു'മെന്ന് പറഞ്ഞത് പത്തനാപുരത്തുകാരെ അപമാനിക്കുന്നതിന് തുല്യമാണ്. പത്തനാപുരത്തെ എലിയെ ഇതിനോടകം ഞങ്ങൾ എലിപ്പത്തായത്തിലാക്കിക്കഴിഞ്ഞു. യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ,

പത്തനാപുരത്ത് ഒരു റിങ് റോഡ് നിർമ്മിക്കുന്നതിനുള്ള തുക വകയിരുത്തിയതിന് ഞാൻ ഈ സർക്കാരിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കൂടാതെ സംസ്ഥാനത്ത് അനുവദിച്ച രണ്ട് പോലീസ് സ്റ്റേഷനുകളിലൊന്ന് പത്തനാപുരം മണ്ഡലത്തിലെ പട്ടാഴിയിലാണ്. മാങ്കോട് ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനായി രണ്ടുകോടി രൂപ പ്രഖ്യാപിക്കുകയും അതിൽ 40 ലക്ഷം രൂപ നിലവിലെ ബജറ്റിൽ വകയിരുത്തുകയും ചെയ്തു. നിരവധിയായ റോഡുകളുൾപ്പെടെ പത്തനാപുരത്തിന് വികസന കുതിപ്പേകുന്ന നിരവധി പദ്ധതികൾ ഈ ബജറ്റിൽ അവതരിപ്പിച്ചിട്ടുണ്ട്.

മലയോര മേഖലയായതിനാൽ പത്തനാപുരത്ത് വന്യമൃഗങ്ങളുടെ ശല്യം അതിരൂക്ഷമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരവധി RRT യൂണിറ്റുകൾ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിൽ ഒരെണ്ണം പത്തനാപുരം കറവൂർ കേന്ദ്രമാക്കി നൽകണമെന്ന് ഞാൻ അദ്ദേഹത്തോടും വനം വകുപ്പുമന്ത്രിയോടും കത്തുമുഖേന ആവശ്യപ്പെട്ടിട്ടുള്ളതിനാൽ അത് ലഭിക്കുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്.

ആശാ വർക്കർമാരുടെ പ്രതിമാസ ഓണറേറിയത്തിൽ 3000 രൂപ വർധിപ്പിക്കുകയും അങ്കണവാടി ടീച്ചർമാർക്കും പാചകത്തൊഴിലാളികൾക്കും ശമ്പളം വർധിപ്പിക്കുകയും ചെയ്ത ഈ സർക്കാരിനെ എങ്ങനെയാണ് നമുക്ക് എതിർക്കാൻ കഴിയുക; സ്ത്രീകൾക്ക് ആദ്യഘട്ടത്തിൽ കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകളിൽ സൗജന്യയാത്ര ഏർപ്പെടുത്തുകയും ഉമ്മൻചാണ്ടിയുടെ പേരിൽ 25,00,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുകയും ചെയ്ത ഒരു സർക്കാരിനെ എങ്ങനെയാണ് നമുക്ക് എതിർക്കാൻ കഴിയുക; പഠിക്കുന്ന പെൺകുട്ടികൾക്ക് പ്രതിമാസം 1000 രൂപ സ്കോളർഷിപ്പ് ഏർപ്പെടുത്തുകയും വയോജനങ്ങൾക്കുവേണ്ടി പ്രത്യേകമായി ഒരു വകുപ്പ് രൂപീകരിക്കുകയും ചെയ്ത ഒരു സർക്കാരിനെ എങ്ങനെയാണ് നമുക്ക് എതിർക്കാൻ കഴിയുക; കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്ന, മുൻ ഭരണപക്ഷത്തിന്റെ തൽസ്ഥിതിയെ സംബന്ധിച്ചുള്ള അവകാശവാദങ്ങളെല്ലാം പൊളിക്കുന്ന രീതിയിലുള്ള ഒരു വൈറ്റ് പേപ്പർ പുറപ്പെടുവിക്കുകയും പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുകയും ചെയ്ത ഒരു സർക്കാരിനെ എങ്ങനെയാണ് നമുക്ക് എതിർക്കാൻ കഴിയുക;

സംസ്ഥാനത്തെ രാസലഹരി റാക്കറ്റിന്റെ തായ്‌വേര് അറുക്കുന്നതിനായി 'ഓപ്പറേഷൻ ഡി-ഹണ്ട്' ആരംഭിക്കുകയും ജനക്ഷേമകരവും വികസനോന്മുഖമായ ബജറ്റ് അവതരിപ്പിക്കുകയും ചെയ്ത ഒരു സർക്കാരിനെ എങ്ങനെയാണ് എതിർക്കാൻ കഴിയുക?

ഇന്ന് സഭയിൽ അവതരിപ്പിച്ച എല്ലാ ധനാഭ്യർത്ഥനകളെക്കുറിച്ചും ഞാൻ സംസാരിക്കുന്നില്ല. ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടിയുണ്ടാകുമെന്ന് പ്രഖ്യാപിച്ച സർക്കാരിന്റെ പ്രഖ്യാപനങ്ങളെയെല്ലാം ഞാൻ സ്വാഗതം ചെയ്യുകയാണ്. തൃശ്ശൂരിലെ മെഡിക്കൽ കോളേജിനെ കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ constituent കോളേജാക്കി മാറ്റുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ KTU (Kerala Technological University)-യുടെ ഒരു constituent കോളേജായി, സർക്കാർ തിരുവനന്തപുരം CET-യെ പ്രഖ്യാപിച്ചു. അത്തരത്തിൽ constituent കോളേജുകളുണ്ടെങ്കിൽ മാത്രമേ സർവകലാശാലകൾക്ക് യു.ജി.സി.-യിൽനിന്നും സഹായം ലഭിക്കു. 2014-ൽ സംസ്ഥാനത്ത് രൂപീകൃതമായ Kerala Technological University-ക്ക് 12 വർഷം കഴിഞ്ഞിട്ടും ഒരു കാമ്പസോ ഒരു constituent കോളേജോ ലഭ്യമായിട്ടില്ല. ഹെൽത്ത് യൂണിവേഴ്സിറ്റിയുടെ അവസ്ഥയും ഇതുതന്നെയായതിനാൽ അതിനൊക്കെ പരിഹാരമുണ്ടാക്കാനുള്ള പ്രഖ്യാപനങ്ങൾ ഈ ബജറ്റിലുണ്ടായതിനെ ഞാൻ പ്രത്യേകമായി സ്വാഗതം ചെയ്യുകയാണ്. സ്റ്റുഡന്റ്സിന്റെ മൈഗ്രേഷൻ തടയുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ഈ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് വളരെ ഗൗരവമുള്ള വിഷയമാണ്. മൈഗ്രേഷന് പല കാരണങ്ങളുള്ളതിനാൽ അതിന്റെ വിവിധ വശങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. നാഷണൽ എഡ്യൂക്കേഷൻ പോളിസിയുടെ ഭാഗമായ പി.എം. ശ്രീ-യെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് മുമ്പുതന്നെ അതിലെ കണ്ടീഷനുകളെല്ലാം ഇവിടെ സാറ്റിസ്ഫൈ ചെയ്തിട്ടുണ്ട്. നാഷണൽ എഡ്യൂക്കേഷൻ പോളിസി സംസ്ഥാനത്ത് അഡോപ്റ്റ് ചെയ്തതിന്റെ ഭാഗമായാണ് ഒരു ചർച്ചയും ഹോം വർക്കുമില്ലാതെ സംസ്ഥാനത്ത് നാലുവർഷ ഡിഗ്രി കോഴ്സുകളാരംഭിച്ചത്. ഒരു സ്കീമോ സിലബസോ റെഗുലേഷനോ ഇല്ലാതെ ദോശ ചുടുന്ന വേഗത്തിലാണ് 'എടുകുടുക്കെ ചോറും കറിയും' എന്ന് പറയുന്ന പോലെ ഒറ്റ ദിവസം കൊണ്ടാണ് നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിച്ചത്. ഈ

കോഴ്സ് ആരംഭിച്ച ഘട്ടത്തിൽ മൂന്ന് വർഷത്തെ ബിരുദത്തിനുശേഷം നാലാം വർഷത്തിലേക്ക് പ്രവേശിക്കുന്നവർക്ക് പോസ്റ്റ് ഗ്രാജ്വേഷൻ ബിരുദം നൽകുമെന്നായിരുന്നു പറഞ്ഞിരുന്നത്. ആദ്യ ബാച്ചിലെ വിദ്യാർഥികൾ നാലാം വർഷത്തിലേയ്ക്ക് പ്രവേശിച്ചുകഴിഞ്ഞു. പോസ്റ്റ് ഗ്രാജ്വേഷൻ ആവശ്യമില്ലാത്ത കുട്ടികൾ പഠനം പാതിവഴിയിൽ അവസാനിപ്പിച്ച് പോകുന്ന സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. കേരളത്തിലെ സർവകലാശാലകളിലെ സിലബസിനെ സംബന്ധിച്ച് എവിടെയാണ് ചർച്ചചെയ്തിട്ടുള്ളത്; സ്കീമും സിലബസും സംബന്ധിച്ച വർക്ക്ഷോപ്പ് സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. ഇതൊന്നും ചെയ്യാതെ കേന്ദ്രസർക്കാരിന്റെ നിർദേശം അതേപടി അംഗീകരിച്ചുകൊണ്ട് നാല് വർഷ ബിരുദ പദ്ധതി ധൃതി പിടിച്ച് നടപ്പാക്കിയതിന്റെ ദോഷവശങ്ങൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മൈഗ്രേഷൻ സംഭവിക്കുന്നതിന്റെ പരമപ്രധാന കാരണങ്ങളിൽ ഒന്നാണിതെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. നിലവിൽ കേരളത്തിലെ നാല് സർവകലാശാലകൾക്ക് മാത്രമാണ് വൈസ് ചാൻസലർമാരുള്ളത്. അതിലൊന്ന് കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയാണ്. അതിന്റെ വൈസ് ചാൻസലർ അറിയപ്പെടുന്ന ആർ.എസ്.എസ്.-കാരനാണ്. ഇടതുപക്ഷ സർക്കാരിന്റെ കാലത്താണ് അദ്ദേഹത്തെ നിയമിച്ചതെന്ന് മാത്രമല്ല അദ്ദേഹത്തിന് പുനർനിയമനവും നൽകി. കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കൽപോലും വൈസ് ചാൻസലർമാർക്ക് പുനർനിയമനം നൽകിയിരുന്നില്ല. എന്നാൽ കണ്ണൂർ സർവകലാശാലയിൽ ഡോ. ഗോപിനാഥ് രവീന്ദ്രന് പുനർനിയമനം നൽകാൻ സർക്കാർ തീരുമാനിക്കുകയും അതിനെ കോടതിയിൽ ചോദ്യം ചെയ്യുകയും ചെയ്തപ്പോൾ മറ്റ് ചില കാരണങ്ങൾകൊണ്ട് അദ്ദേഹത്തെ നിയമിക്കാൻ കഴിയില്ലെന്നാണ് കോടതി പറഞ്ഞത്. പക്ഷെ പുനർനിയമനം നൽകുന്നതിൽ തെറ്റില്ലെന്നും കോടതി പറഞ്ഞു. ആ വിധിയുടെ അടിസ്ഥാനത്തിലാണ് ഡോ. മോഹനൻ കുന്നുമ്മലിനെ രണ്ടാം തവണയും കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ വൈസ് ചാൻസലറാക്കി നിയമിച്ചത്. ഇടതുപക്ഷ ജനാധിപത്യ സർക്കാരിന്റെ കാലത്ത് ഒരു ആർ.എസ്.എസ്.-കാരനെ വൈസ് ചാൻസലറായി നിയമിക്കുക മാത്രമല്ല, ചരിത്രത്തിൽ ആദ്യമായി ഒരു വൈസ് ചാൻസലർക്ക് രണ്ടാം വട്ടം പുനർനിയമനവും നൽകി. കെ.ടി.യു.-ലെ വി.സി. നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങളും

ഡോ. സിസ തോമസ് ഇടതുപക്ഷ സർക്കാരുമായി നടത്തിയിട്ടുള്ള ഫൈറ്റും നമുക്കറിയാവുന്നതാണ്. ഡോ. സിസ തോമസ് ഇപ്പോഴും കെ.ടി.യു.-ലെ വൈസ് ചാൻസലറാണ്. കോഴിക്കോട് സർവകലാശാലയിലും കേരള ഡിജിറ്റൽ സർവകലാശാലയിലും പെർമനന്റ് വൈസ് ചാൻസലർമാരുണ്ട്. എന്നാൽ കേരളത്തിൽ ഒൻപത് സർവകലാശാലകൾക്ക് വൈസ് ചാൻസലർമാരില്ല. അതിനുകാരണം സെർച്ച് കമ്മിറ്റിയിൽ സെനറ്റിന്റെ പ്രതിനിധികൾ ഇല്ലാത്തതാണ്. ഇടതുപക്ഷ സർക്കാർ ഒരു ഘട്ടത്തിലും സെനറ്റിന്റെ പ്രതിനിധികളെ നൽകിയിരുന്നില്ല. കുസാറ്റ്, മലയാളം സർവകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല എന്നിവിടങ്ങളിൽ മാത്രമാണ് വൈസ് ചാൻസലർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള സെർച്ച് കമ്മിറ്റിയിൽ നിലവിൽ സിൻഡിക്കേറ്റിന്റെ പ്രതിനിധികളുള്ളത്. ഈ മാതൃക പിന്തുടർന്ന് സെർച്ച് കമ്മിറ്റിയിൽ സെനറ്റിന്റെ പ്രതിനിധികളുടെ സ്ഥാനത്ത് സിൻഡിക്കേറ്റ് പ്രതിനിധികളെ കൊണ്ടുവരാനുള്ള നിയമ നിർമ്മാണം നടത്തണമെന്ന് ഞാൻ ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അപേക്ഷിക്കുകയാണ്. എങ്കിൽ മാത്രമെ കേരളത്തിലെ സർവകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കാൻ കഴിയുകയുള്ളൂ. ബി.ജെ.പി.-യുടെ ആളുകൾ വരുമെന്ന് പറഞ്ഞ് ഇടതുപക്ഷം ജനങ്ങളെ കബളിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷം നിശ്ചയിച്ച വൈസ് ചാൻസലർമാരെ മാത്രമേ ഇവിടെ നിയമിച്ചിട്ടുള്ളൂ. ഇടതുപക്ഷം വിട്ടുവീഴ്ച ചെയ്തതുകൊണ്ടാണ് ഡോ. മോഹൻ കുന്നമ്മൽ വൈസ് ചാൻസലറായത്. അതുകൊണ്ട് എല്ലാ സർവകലാശാലകളിലെയും സെർച്ച് കമ്മിറ്റിയിൽ സിൻഡിക്കേറ്റിന്റെ പ്രതിനിധികളെ കൊണ്ടുവരാനുള്ള നടപടികൾ ഉണ്ടാകണം. ഡിജിറ്റൽ സർവകലാശാലയുമായി ബന്ധപ്പെട്ട് നിരവധി ക്രമക്കേടുകൾ നടന്നതായി സി.ആൻഡ് എ.ജി റിപ്പോർട്ടിൽ വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടത്തണമെന്ന് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർഥിക്കുകയാണ്. സംസ്കൃത സർവകലാശാലയിൽ നടക്കുന്ന അഴിമതികളെക്കുറിച്ച് നിരവധി റിപ്പോർട്ടുകൾ പുറത്ത് വന്നിട്ടുണ്ട്. അതിനെക്കുറിച്ചും അന്വേഷിക്കാൻ തയ്യാറാകണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടായിട്ടുള്ള വീഴ്ചകൾ പരിഹരിച്ച് മുന്നോട്ടുപോകാൻ ഈ സർക്കാരിന്

സാധിക്കുമെന്ന് എനിക്ക് ആത്മവിശ്വാസമുണ്ട്. പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട ഒരു കാര്യംകൂടി.....

മാഡം ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചുരുക്കണം. സമയം കഴിഞ്ഞു.

ശ്രീ. ജ്യോതികുമാർ ചാമക്കാല: മാഡം, ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ: മാഡം, 2026-27 വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. മേയ് മാസം 4-ാം തീയതി ഇലക്ഷൻ റിസൽട്ട് വന്നതിനുശേഷം, കേരളത്തിൽ യു.ഡി.എഫ്.-ന്റെ നേതൃത്വത്തിലുള്ള സർക്കാർവരുമെന്ന ധാരണ രൂപപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്യായമായ സ്ഥലംമാറ്റത്തിനാണ് തുടക്കം കുറിച്ചത്. മേയ് മാസം 5-ാം തീയതി ഐ.എൻ.ടി.യു.സി. ജില്ലാ വൈസ് പ്രസിഡന്റിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ 24 പേരെ സ്ഥലം മാറ്റുന്ന അവസ്ഥയുണ്ടായി. ഇത് ന്യായീകരിക്കാനാകില്ല, ഞങ്ങളുടെ സർക്കാരിന്റെ നിലപാടല്ല ഇതെന്ന് പറയാനുള്ള അന്തസ്സും അഭിമാനവും ഇത്രയും ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്ന ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായില്ല. മാത്രമല്ല, ബജറ്റിന്റെ സൈസ് വെട്ടിക്കുറയ്ക്കുകയാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. വാർഷിക പദ്ധതി വിഹിതം 35,750 കോടി രൂപയിൽനിന്നും 30,370 കോടി രൂപയായി കുറച്ചു. ഇതിൽ 5,380 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. അങ്ങനെ കുറവ് വരുത്തിയതിന്റെ ഭാഗമായി പട്ടികജാതി-പട്ടികവർഗം, ന്യൂനപക്ഷം മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിങ്ങനെയുള്ള വിവിധ ജനവിഭാഗങ്ങൾക്കുള്ള ഫണ്ടിൽ 400.53 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള വിഹിതം ഉൾപ്പെടെ വെട്ടിക്കുറച്ച ബജറ്റിലെ ധനാഭ്യർത്ഥനകളെ എങ്ങനെയാണ് പിന്തുണയ്ക്കാൻ സാധിക്കുന്നത്? ധനാഭ്യർത്ഥനകളിലെ ഡിമാന്റ് 15 പരിശോധിച്ചാൽ ഇക്കാര്യം കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. ഭരണാനുമതി ലഭിച്ച പ്രവൃത്തികളും വെട്ടിക്കുറച്ചുവെന്നതാണ് രണ്ടാമത്തെ കാര്യം. മൂന്നോനാലോ വർഷംമുമ്പ് ഭരണാനുമതിയും എസ്റ്റിമേറ്റും എടുത്ത് തുടങ്ങിയ വർക്കിന് നിശ്ചയിച്ച തുക വെട്ടിക്കുറച്ചാൽ, ടാർ ചെയ്യാതെ റോഡ് പണി പൂർത്തീകരിക്കാൻ സാധിക്കുമോ; പ്ലാസ്റ്ററിങ്ങും കോൺക്രീറ്റും

ഇല്ലാതെ കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കാൻ സാധിക്കുമോ? അത്തരത്തിലുള്ള സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഭരണാനുമതി എന്നത് സർക്കാർ നൽകുന്നൊരു ഉറപ്പാണ്. അത്തരത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ തുകകൾ പോലും വെട്ടിക്കുറച്ചിരിക്കുകയാണ്. പ്രതിപക്ഷ എം.എൽ.എ.-മാരോട് ഈ ബജറ്റിന്റെ ഭാഗമായി സ്വീകരിച്ച സമീപനം എന്താണ്? പ്രതിപക്ഷ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലേയ്ക്ക് ഒരു പദ്ധതി നിർദേശംപോലും പുതുക്കിയ ബജറ്റിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരത്തിലൊരു സമീപനം കേരളത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ല. കടം കയറി കേരളം മുടിയുന്നുവെന്നാണ് ഇവിടെ പറയുന്നത്. ഇന്ത്യയിൽ ആകെ 28 സംസ്ഥാനങ്ങളുണ്ട്. കടത്തിന്റെ കാര്യത്തിൽ കേരളം പത്താം സ്ഥാനത്താണുള്ളത്. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റ് പടിയിറങ്ങുമ്പോഴുണ്ടായിരുന്ന കടത്തേക്കാൾ 100.03 ശതമാനത്തിന്റെ വർധനവാണ് ഉമ്മൻ ചാണ്ടി സർക്കാർ പടിയിറങ്ങുമ്പോഴുണ്ടായിരുന്നത്. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുന്ന സമയത്തുണ്ടായിരുന്ന കട ബാധ്യതയേക്കാൾ 59.23 ശതമാനത്തിന്റെ വർധനവാണ് ആ സർക്കാരിന്റെ കാലാവധി അവസാനിച്ചപ്പോൾ ഉണ്ടായിരുന്നത്. രണ്ടാം പിണറായി സർക്കാർ അധികാരമൊഴിയുമ്പോൾ കടബാധ്യതയിൽ ഉണ്ടായിരുന്ന വർധന 45.66 ശതമാനം മാത്രമാണ്. ഇതാണ് കടത്തിന്റെ ശതമാനക്കണക്ക്. ഇത് വസ്തുതയാണ്. ഈ കടം എന്തിനുവേണ്ടിയാണ് എടുത്തത്; കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും വികസനത്തിനായി ഇത്രയും സംഖ്യ വിനിയോഗിക്കപ്പെട്ടൊരു കാലം ഇതിനുമുമ്പുണ്ടായിരുന്നില്ല. 1957 മുതൽ 2026 വരെയുള്ള 69 വർഷത്തെ ചരിത്രത്തിനിടയിൽ ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ നോക്കാതെ വലിയ വികസനം നടത്തിയ കാലമായിരുന്നു കഴിഞ്ഞ പത്തുവർഷം. ആർക്കാണ് ഇത് നിഷേധിക്കാൻ സാധിക്കുക? ഓരോ മേഖലയുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. നൽകിയ വാഗ്ദാനങ്ങളെ സംബന്ധിച്ച് പറയാം. അധികാരത്തിൽ വന്നാൽ ആദ്യ മന്ത്രിസഭായോഗത്തിൽ ആശാ വർക്കർമാരുടെ ഓണറേറിയം 21,000 രൂപയാക്കി വർധിപ്പിക്കുമെന്ന് യു.ഡി.എഫ്. വാഗ്ദാനം നൽകിയിരുന്നു, അത് വർധിപ്പിച്ചിട്ടുണ്ടോ; സാമൂഹ്യക്ഷേമ പെൻഷൻ ആദ്യ

മന്ത്രിസഭായോഗത്തിൽ വർധിപ്പിക്കുമെന്ന് പറഞ്ഞു. ഒരു നയാപൈസ പോലും വർധിപ്പിച്ചില്ല. ബസ് യാത്രയുമായി ബന്ധപ്പെട്ട് നൽകിയ വാഗ്ദാനം പാലിച്ചതിനെയൊന്നും മോശമായി ഞങ്ങൾ കാണുന്നില്ല. മെയ് മാസം 4-ാം തീയതി റിസൽട്ട് വന്നു. പി.എം. ശ്രീ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് എട്ടാം തീയതി കേന്ദ്രത്തിന്റെ കത്ത് വന്നിരിക്കുകയാണ്. ഭരണം മാറിയതറിഞ്ഞ് കേരളത്തിൽ പി.എം.ശ്രീ നടപ്പാക്കണമെന്നാവശ്യപ്പെട്ട് കത്തയയ്ക്കുന്ന സാഹചര്യമുണ്ടായത് ആർ.എസ്.എസ്.-ന് കുടപിടിക്കുന്നൊരു ഗവൺമെന്റ് കേരളത്തിൽ വരുമെന്നുള്ളതുകൊണ്ടാണ്. 2022-ൽ തുടങ്ങിയതാണ് പി.എം. ശ്രീ. പദ്ധതി. കോൺഗ്രസ് ഭരിക്കുന്ന തെലുങ്കാന, കർണ്ണാടക സംസ്ഥാനങ്ങളിൽ പി.എം. ശ്രീ. പദ്ധതി നടപ്പാക്കിയിട്ടില്ലേ; ഒരു ദേശീയ പാർട്ടിക്ക് കേരളത്തിൽ ഒരു നിലപാടും മറ്റ് സംസ്ഥാനങ്ങളിൽ വേറൊരു നിലപാടുമാണോ ഉള്ളത്? കരിക്കുലത്തിന്റെ കാര്യം പറയുമ്പോൾ നിലമ്പൂർ അംഗത്തിന് നൂറ് നാവായിരുന്നു. ഒരു ദേശീയ പാർട്ടിയായ കോൺഗ്രസ് തെലുങ്കാനയിലും കർണ്ണാടകത്തിലും എന്തുസമീപനമാണ് പി.എം.ശ്രീ.-യോട് സ്വീകരിച്ചത്; അവിടെ കരിക്കുലം മാറ്റിയിട്ടുണ്ടോ?

ഇവിടെ ഇപ്പോൾ മുഖ്യമന്ത്രി അറിയാതെ ഗവർണ്ണർ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ ഇത്തരത്തിൽ ഉണ്ടായിട്ടില്ല. ആർ.എസ്.എസ്. നേതാവ് വി.സി.-മാരുടെ യോഗം വിളിക്കുന്നു. 'ആരാണ് ഈ പിണറായി വിജയൻ; ഒരു പഞ്ചായത്ത് അംഗമെങ്കിലും ആണോ' എന്ന് ഇവിടെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്ന ആൾ മുമ്പ് ചോദിച്ചിട്ടുണ്ട്. അന്ന് ഈ ചോദ്യം ചോദിച്ചപ്പോൾ ശ്രീ. പിണറായി വിജയൻ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയായിരുന്നു. ആർ.എസ്.എസ്. നേതാവ് വിളിച്ച യോഗത്തിൽ ഈ സംസ്ഥാനത്തെ ഉന്നത പദവിയിലുള്ള, ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ദിശാബോധം നൽകേണ്ട വൈസ് ചാൻസലർമാർ പങ്കെടുക്കുന്ന തരത്തിൽ ആർ.എസ്.എസ്.-ന്റെ അജണ്ടയിലേയ്ക്ക് കേരളം പോകുന്ന കാഴ്ചയാണ്/നയവ്യതിയാനമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതിന്റെ ഭാഗമായാണ് എം.ജി. സർവകലാശാലയുടെ സിൻഡിക്കേറ്റിൽ 19 പേരെ കുത്തിത്തിരുകിയത്. ബാറുകൾ കൂടുതൽ അനുവദിച്ച് പത്ത് വർഷം കൊണ്ട് കേരളത്തിൽ

എൽ.ഡി.എഫ്. മദ്യം ഒഴുക്കുകയായിരുന്നില്ലേയെന്നാണ് ഇവിടെ പറഞ്ഞത്. പതിനഞ്ച് വർഷത്തെ ചരിത്രത്തിനിടയിൽ ഏറ്റവും കൂടുതൽ മദ്യവില്പന നടന്നത് ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്താണ്. ഞങ്ങളതിനെ അധിക്ഷേപിക്കുന്നില്ല. മറ്റ് പല കാരണങ്ങളുണ്ടാകാം. പക്ഷെ ബാറുകൾ അനുവദിച്ചതാണ് മദ്യം ഒഴുക്കാനുള്ള കാരണമെന്നുപറയുന്നത് വസ്തുതാവിരുദ്ധമാണെന്ന് കണക്കുകൾ പറയുന്നുണ്ട്. ഞങ്ങളെ ബോധ്യപ്പെടുത്തേണ്ട, ഞങ്ങൾ പ്രതിപക്ഷത്താണല്ലോ; മദ്യനയത്തെക്കുറിച്ച് എ.ഐ.സി.സി. നേതാവ് ശ്രീ. കെ. സി. വേണുഗോപാലിനെയെങ്കിലും ബോധ്യപ്പെടുത്തണ്ടേ; ശ്രീ. വി. എം. സുധീരന് ബോധ്യമാകണ്ടേ; അദ്ദേഹത്തിന് ഇപ്പോൾ അത്ര വലിയ ചുമതലയില്ലെന്ന് കണക്കാക്കാം. ശ്രീ. കെ. സി. വേണുഗോപാലിനുപോലും ബോധ്യമാകാത്ത മദ്യനയം. കെ.എസ്.യു.-വിന്റെ സംസ്ഥാന പ്രസിഡന്റിന് ബോധ്യമാകാത്ത പി.എം.ശ്രീ പദ്ധതി, ആ പി.എം.ശ്രീ, ഒരു വാതിലിനിടയിൽ കൈ പെട്ടതല്ല! നിങ്ങൾ കേന്ദ്രത്തിന്, ആർ.എസ്.എസ്.-ന്റെ സംഘ്പരിവാർ രാഷ്ട്രീയത്തിന് അടിയറവുപറഞ്ഞതായി നമുക്ക് കാണാൻ കഴിയുന്നതാണ്.

പെട്രോൾ, ഡീസൽ സെസ്സിലൂടെ ഇപ്പോൾ അധിക നികുതിവരുമാനം ലഭിച്ചല്ലോ; ഈ സർക്കാർ അധികാരത്തിൽവന്ന് പതിനഞ്ച് ദിവസംകൊണ്ട് പെട്രോളിനും ഡീസലിനും 8 രൂപ വർധിച്ചല്ലോ. ഒരു ലിറ്റർ ഡീസലിൽനിന്ന് രണ്ടുരൂപയും ഒരു ലിറ്റർ പെട്രോളിൽനിന്ന് രണ്ടുരൂപയും, അപ്രകാരം ഒരു ലിറ്റർ പെട്രോളും ഡീസലും വിൽക്കുമ്പോൾ നാലുരൂപ ലഭിക്കുകയല്ലേ; ആ നികുതി വരുമാനം വേണ്ടെന്നുവച്ചോ; ഭരണത്തിൽ വരുന്നതിനുമുമ്പ് നിങ്ങൾക്കൊരു നിലപാട്, ഭരണത്തിൽ വന്നതിനുശേഷം മറ്റൊരു നിലപാട്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര നടപ്പാക്കിയ 'പ്രിയദർശിനി' പദ്ധതിയിൽ ഓർഡിനറി ബസ്സ് എന്നുപറഞ്ഞിരുന്നില്ല. ഈ പദ്ധതി നടപ്പാക്കിയതിന്റെ ഭാഗമായി ആശ്വാസം ലഭിക്കുന്നവരേക്കാൾ, പതിനായിരക്കണക്കിന് പ്രൈവറ്റ് ബസ്സ് തൊഴിലാളികളുടെ അന്നം മുടങ്ങുന്ന നിലയിലേക്ക് പോകുന്നുണ്ട്. നിങ്ങൾ ഇതുസംബന്ധിച്ച് പഠിക്കാൻ സമയമെടുത്തോ; അവർക്ക് പാക്കേജ് പ്രഖ്യാപിച്ചോ; അവരുടെ കുടുംബത്തെ കണ്ടോ; അവരുടെ കണ്ണുനീർ കണ്ടോ; സർക്കാരിന് നികുതി അടയ്ക്കുകയും സർക്കാർ മുന്നോട്ടുവയ്ക്കുന്ന എല്ലാ നയങ്ങളും നിയമങ്ങളും പാലിച്ചുകൊണ്ട് സർവീസ് നടത്തുകയും

ചെയ്യുന്ന കേരളത്തിലെ പ്രധാനപ്പെട്ട ഒരു വ്യവസായ മേഖലയിൽ ജോലിയെടുക്കുന്നവരുടെ ജീവിതത്തെ ഏതെങ്കിലും നിലയിൽ പരിഗണിക്കാൻ ഈ സർക്കാരിന് സാധിച്ചോ; സാധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.-യിൽനിന്നും പിരിഞ്ഞുപോയവരുടെ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും ഇപ്പോഴും കടിശ്ശികയായി നിലനിൽക്കുകയാണ്. അത് നൽകാനുള്ള പദ്ധതിയല്ല ഈ സർക്കാർ നടപ്പാക്കുന്നതെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നാൽ ലൈഫ് മിഷൻ, കെ-റെയിൽ എന്നീ പദ്ധതികൾ നിർത്തലാക്കുമെന്ന് പറഞ്ഞു. എന്താണ് നിങ്ങളുടെ ബദൽ പരിപാടിയെന്നുകൂടി കേരളത്തിലെ ജനങ്ങളോട് പറയാൻ ബാധ്യതയുണ്ടെന്ന് സൂചിപ്പിക്കുകയാണ്. ഇവിടെ ഇപ്പോൾ പല കാര്യങ്ങളിലും അന്വേഷണം നടക്കുന്നുണ്ട്.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. കെ. പ്രേംകുമാർ</u>: മാഡം, കൺക്ലൂഡ് ചെയ്യുകയാണ്. പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഒരു അജ്ഞാതൻ ബസ്സ് മോഷ്ടിച്ചുകൊണ്ടുപോയി, നടപടിയില്ല. തൃശ്ശൂരിൽ അജ്ഞാത സംഘം ഗൃഹനാഥനെ കെട്ടിയിട്ട് 45 പവൻ സ്വർണ്ണം കവർന്നു. കാര്യമായ അന്വേഷണം നടന്നിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി ശ്രീമതി ബിന്ദു കൃഷ്ണയുടെ തലയിൽ പായസം വീണത് അന്വേഷിക്കാൻ പ്രത്യേക നടപടിയുണ്ട്., ഈ അന്വേഷണം എവിടേക്കാണ് കൊണ്ടുപോകുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി മോടിപിടിപ്പിച്ച ക്ലിഫ് ഹൗസിലാണ് താമസിക്കുന്നത്. മുൻപ്രതിപക്ഷനേതാവായിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രി ക്ലിഫ് ഹൗസിൽ താമസമാരംഭിക്കാൻ ഒന്നര മാസം സമയമെടുക്കുകയാണ്.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, ശ്രീ. കെ. പ്രേംകുമാർ അങ്ങയുടെ സമയം അവസാനിച്ചിരിക്കുകയാണ്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, ക്ലിഫ് ഹൗസ് മോടിപിടിപ്പിക്കാൻ ഒന്നര മാസം സമയമെടുത്തെന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. കേരളത്തിലെ ജനങ്ങൾക്ക് നൽകിയ ഉറപ്പ് പാലിക്കുന്നതിലല്ല, നാടിനെ മുന്നോട്ട് നയിക്കുന്നതാണ് വികസനവും പുരോഗതിയുമെങ്കിൽ, കേരളത്തെ പിന്നോട്ട് നയിക്കുന്നതിന്

ദിശാസൂചകമാകുന്നതാണ് ഈ ബജറ്റ് എന്നതുകൊണ്ട് ഈ ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: മാഡം ഡെപ്യൂട്ടി സ്പീക്കർ, ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽനിന്നുള്ള ബഹുമാനപ്പെട്ട അംഗത്തിന് ഈ ബജറ്റിനെ പിന്തുണയ്ക്കാതിരിക്കാൻ നിവൃത്തിയില്ലെന്നതാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനഭാഗത്തുനിന്നും മനസ്സിലാകുന്നത്. ഈ ബജറ്റിനെ പിന്തുണയ്ക്കുന്നുവെന്ന് പറഞ്ഞിട്ടാണ് എതിർക്കുന്നുവെന്ന് പറഞ്ഞത്. അത് അദ്ദേഹത്തിന്റെ മനസ്സിൽനിന്നും വന്നതാണ്.

വി.സി.-മാരെല്ലാം ആർ.എസ്.എസ്.-ന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നുവെന്നൊരു പരാമർശം അദ്ദേഹം ഇവിടെ നടത്തുകയുണ്ടായി. ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ നാല് വി.സി.-മാർ മോഹൻ ഭാഗവത് വിളിച്ച യോഗത്തിൽ പങ്കെടുത്തതിന് ആ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചത്; പാർട്ടിയിൽനിന്നും വിമർശനമുണ്ടായപ്പോഴാണ് നാലുദിവസം കഴിഞ്ഞ് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി വി.സി.-മാർക്കെതിരെ ഒരു സ്റ്റേറ്റ്മെന്റ് നടത്താൻപോലും തയ്യാറായതെന്ന് കേരളത്തിന് മനസ്സിലായതാണ്. എന്നാൽ ആർ.എസ്.എസ്. വിളിച്ച യോഗത്തിൽ വി.സി.-മാർ പങ്കെടുത്ത നടപടി തെറ്റാണെന്നും മേലിൽ അത് ആവർത്തിക്കരുതെന്നും ആ സമയത്തുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയും വി.സി.-മാരെ ശക്തമായി താക്കീത് ചെയ്തു. അപ്രകാരം താക്കീത് നൽകാൻ കഴിവുള്ള അന്തസ്സുള്ള ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നതെന്ന് ഒറ്റപ്പാലം എം.എൽ.എ.-യെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഈ ധനാഭ്യർഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഇത്രയേറെ ജനകീയമായൊരു ബജറ്റ് സമീപകാലങ്ങളിൽ കേരളത്തിൽ ഉണ്ടായിട്ടില്ലെന്നതാണ് യാഥാർഥ്യം. സർവ മേഖലകളിലും വികസനമുണ്ടാക്കാൻ കഴിയുന്ന രീതിയിലുള്ളൊരു ബജറ്റാണിത്. സാധാരണയായി ബജറ്റ് അവതരിപ്പിക്കുമ്പോൾ ജനങ്ങൾക്കെല്ലാം വലിയ വേവലാതിയാണ്, കാരണം നികുതി വർധിക്കുമോ; നികുതിയുണ്ടാകുമോ; കഴിഞ്ഞ പ്രാവശ്യമെല്ലാം

അങ്ങനെയായിരുന്നു. പൂട്ടിക്കിടക്കുന്ന വീടിനുപോലും നികുതി ഏർപ്പെടുത്താൻ തീരുമാനിച്ച ഗവൺമെന്റായിരുന്നു നമ്മുടേത്. എന്നാൽ ഒരു രൂപയുടെപോലും പുതിയ നികുതി നിർദേശങ്ങൾ നടപ്പാക്കാതെ, നിരവധി വികസന പദ്ധതികൾക്ക് നേതൃത്വം നൽകാൻ സാധിച്ച ഒരു ബജറ്റാണ് ധനകാര്യ വകുപ്പുമന്ത്രികൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. 'മിഷൻ സമുദ്ര'- 600 കിലോമീറ്ററോളം ദൈർഘ്യമുള്ള കടലോരങ്ങളെയും പുഴകളെയുമെല്ലാം സംയോജിപ്പുകൊണ്ട് ഒരു പദ്ധതി നടപ്പാക്കണമെന്നത് വളരെക്കാലമായി സംസ്ഥാനത്ത് ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയമാണെന്ന് നമുക്കറിയാം. നമ്മുടെ എയർപോർട്ടുകളെയെല്ലാം സംയോജിപ്പിച്ചുകൊണ്ട് ചെറുപ്പക്കാർക്ക് ജോലി ലഭിക്കാൻ കഴിയുന്ന രീതിയിൽ ഒരു ഏവിയേഷൻ ഹബ്ബ് രൂപീകരിക്കാനുള്ള തീരുമാനം. അതുപോലെ ഗ്ലോബൽ ജോബ് വാച്ച് ടവർ-നമ്മുടെ കുഞ്ഞുങ്ങൾ സ്വന്തം നാട്ടിൽത്തന്നെ പഠിച്ച് ഇവിടെത്തന്നെ അവർക്ക് ജോലി ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് മാതാപിതാക്കൾ. അതിനുവേണ്ടി മുണ്ടുമുറുക്കി ഉടുത്തിട്ടാണെങ്കിലും ഏറ്റവും നല്ല വിദ്യാഭ്യാസ സ്ഥാപനത്തിൽ കുട്ടികളെ പഠിപ്പിക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. അങ്ങനെയുള്ള അവർക്ക് പ്രതീക്ഷ നൽകുന്നൊരു ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ചത്. അതിനാൽ ഈ ബജറ്റിനെ സർവാത്മനാ പിന്തുണയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കഴിഞ്ഞ പത്തുവർഷക്കാലം പൊതുകടം പിടിച്ചുനിർത്തിയെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളം രൂപീകൃതമായ നാൾ മുതൽ നമ്മുടെ കടം 1,62,272 കോടി രൂപയാണ്. പത്തുവർഷം എൽ.ഡി.എഫ്. സർക്കാർ കേരളം ഭരിച്ചതിനുശേഷം അധികാരമൊഴിയുമ്പോഴുള്ള കടം അഞ്ചുലക്ഷം കോടി രൂപയാണ്. എന്നിട്ടാണ് കടമൊന്നുമില്ലെന്ന രീതിയിൽ അദ്ദേഹം ശതമാനക്കണക്ക് പറഞ്ഞുകൊണ്ടിരിക്കുന്നത്. നിരവധി വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന് നമ്മളെല്ലാവരും ആഗ്രഹിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഭരണകാലത്താണ് 'നവകേരള സദസ്സ്' നടന്നത്. പാവപ്പെട്ട ആളുകൾ ആ സദസ്സിൽവരികയും പരാതി നൽകുകയും ചെയ്തു. ആ പ്രദേശത്തെ ജനങ്ങളുടെ ദുഃഖങ്ങളും ദുരിതങ്ങളുമെല്ലാം

പരിഹരിക്കുമെന്ന് പ്രതീക്ഷ നൽകിയിട്ട്, കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നവകേരള സദസ്സിലൂടെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിച്ചോ; ഏഴുകോടി രൂപ കൊടുത്തു, കടലാസിൽ കിടക്കുകയാണ്. ഇവിടെ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ അദ്ദേഹം കേരളം മുഴുവൻ ജനസമ്പർക്ക പരിപാടി നടത്തുകയും ജനങ്ങളിൽനിന്നും പരാതി നേരിട്ട് വാങ്ങുകയും ചെയ്തിരുന്നു. ഇവിടെ ഒരാൾക്കെങ്കിലും മുഖ്യമന്ത്രിയുടെ കൈയിൽ നേരിട്ട് പരാതി കൊടുക്കാൻ കഴിഞ്ഞോ; ആ ഭാഗത്തേക്ക് അടുക്കാൻ കഴിഞ്ഞോ; എന്തിനേറെ പറയുന്നു, അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ കൈയിൽപോലും കൊടുക്കാൻ കഴിഞ്ഞോ; അവിടെ കൗണ്ടറിൽ കൊടുത്ത് രസീത് വാങ്ങാൻ പറഞ്ഞു. ഒരു നടപടിയും സ്വീകരിക്കാതെ അവിടെയുള്ള ആളുകളെയെല്ലാം പറഞ്ഞുപറ്റിച്ചു. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ജനസമ്പർക്ക പരിപാടി നടത്തിക്കൊണ്ട് ജനങ്ങളുടെ പരാതി സ്വീകരിച്ചു. "ഞങ്ങൾക്ക് ഒരു നേരത്തെ ചായ കുടിക്കാൻ, ഒരു ബീഡി വലിക്കാൻ പണമില്ലാത്തതിനാൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകണമെന്ന്" പാവപ്പെട്ട മാതാപിതാക്കൾ/ വയോജനങ്ങൾ ആവശ്യപ്പെടുകയുണ്ടായി. അദ്ദേഹം ആ ജനസമ്പർക്ക പരിപാടിക്കുശേഷം തിരുവനന്തപുരത്തുവന്ന് സ്പെഷ്യൽ കാബിനറ്റ് കൂടി. ആ കാബിനറ്റ് എടുത്ത തീരുമാനമെന്താണ്; നമ്മുടെ സംസ്ഥാനത്ത് അന്നുവരെ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചിരുന്നത് 25,000/- രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ളവർക്ക് മാത്രമായിരുന്നു. അത് ഒരുലക്ഷം രൂപയായി വർധിപ്പിച്ചു. അങ്ങനെയാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ സാർവത്രികമായി ലഭ്യമാക്കാൻ കഴിഞ്ഞത്. ഇന്ന് അറുപത്തിരണ്ട് ലക്ഷം പേർ പെൻഷൻ വാങ്ങുന്നുണ്ട്. ആ അറുപത്തിരണ്ട് ലക്ഷം പേർക്ക് നൽകുന്ന പെൻഷൻ തുകയെ സംബന്ധിച്ചാണ് ഇപ്പോൾ തർക്കിക്കുന്നത്. ഞങ്ങൾ അധികാരത്തിൽ വന്നാൽ 2500/- രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുമെന്ന് കഴിഞ്ഞ അഞ്ചുവർഷം മുമ്പ് ശ്രീ. പിണറായി വിജയൻ സർക്കാരിന്റെ പ്രകടനപത്രികയിൽ പറഞ്ഞിരുന്നു. എന്നിട്ട് കൊടുത്തോ; ആ സർക്കാരിന്റെ കാലാവധി കഴിയാൻ മൂന്നോ നാലോ മാസമുള്ളപ്പോഴാണ് 400/- രൂപകൂടി വർധിപ്പിച്ച് 2,000/- രൂപയാക്കിയത്. ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള സർക്കാർ 3,000/- രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുമെന്ന് ഇച്ഛാശക്തിയോടുകൂടി പറയാൻ ഈ

ബജറ്റിലൂടെ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഇന്ദിരാ ഗാരന്റി ഞങ്ങൾ നടപ്പാക്കിയില്ലേ; നിങ്ങളൊന്ന് വെയ്റ്റ് ചെയ്യൂ. ഞങ്ങൾ അധികാരത്തിൽ വന്നിട്ട് ഒന്നര മാസമല്ലേ ആയിട്ടുള്ളൂ; ഞങ്ങളൊന്ന് ഭരിക്കട്ടെ! നിങ്ങൾ ഞങ്ങളെ ഭരിക്കാൻ അനുവദിക്കില്ലല്ലോ; കാരണം നീറ്റ് പരീക്ഷയുടെ ചോദ്യപേപ്പർ ചോർത്തിയവരും പി.എസ്.സി. പരീക്ഷകളിൽ ക്രമക്കേടുകൾ നടത്തിയവരും സംയുക്തമായി കൈകോർത്തുപിടിച്ചുകൊണ്ട് ഞങ്ങൾക്കെതിരെ സമരം ചെയ്യാനും ഞങ്ങളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്താനുമാണ് ശ്രമിക്കുന്നത്. ഹണിമൂണിന് ആറുമാസത്തെ സമയമെങ്കിലും കൊടുക്കണ്ടേയെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ചോദിക്കുകയുണ്ടായി. അതുപോലും കൊടുക്കാൻ സമ്മതിക്കില്ലെന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. പൊതുഗതാഗതവുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് ധാരാളം പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റോഡുകൾ, പാലങ്ങൾ, ഗതാഗതം മെച്ചപ്പെടുത്തൽ, ഉൾനാടൻ ജലഗതാഗതം ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്തെ ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് 1,578 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇന്നലെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിച്ചിരുന്നു. എറണാകുളം ജില്ലയിലെ, എന്റെ നിയോജകമണ്ഡലത്തിൽ ഒരു വർക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചിരുന്നു. പക്ഷെ അവരത് കൃത്യമായി ചെയ്യുന്നില്ല. അതുമായി ബന്ധപ്പെട്ട് ഒരു യോഗം ചേർന്നു. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞതുപോലെ "എടുത്താൽ പൊങ്ങാത്ത രീതിയിലുള്ള" വർക്കുകളാണ് അവർക്ക് നൽകിയിട്ടുള്ളത്. അത്രയും വർക്ക് ഒരു സൊസൈറ്റിക്ക് എങ്ങനെ നൽകാൻ കഴിഞ്ഞു? 2017-ൽ എൽ.ഡി.എഫ്. സർക്കാർ ഇറക്കിയ ഉത്തരവുപ്രകാരമാണ് അവർക്ക് ഇത്രയും വർക്കുകൾ നൽകിയത്. 2017-ൽ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആദ്യമായി കടന്നുവരുന്നത്. പിന്നീട് രണ്ട് മാസത്തിനുള്ളിൽ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് എന്നതുമാറ്റി വർക്കുകളുടെ കരാറെടുക്കാനുള്ള ഉത്തരവും 2017-ൽതന്നെ നൽകുകയായിരുന്നു.

ഈ രണ്ട് ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ഇന്ന് കോ-ഓപ്പറേറ്റീവ് രംഗത്ത് ഇത്രയും വലിയ പ്രവർത്തനങ്ങളുമായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുന്നോട്ടുപോകുന്നത്. അതുസംബന്ധിച്ച് സർക്കാർ ഗൗരവമായി ആലോചിക്കണം. സംസ്ഥാനത്തിന്റെ സാമ്പത്തികം കൊള്ളയടിക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകാൻ ഒരു സഹകരണ സംഘത്തെ അനുവദിക്കാൻ പാടില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. നമ്മുടെ സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി മേഖലയിൽ നിരവധി പദ്ധതികൾ നടപ്പാക്കാൻ സാധിക്കുമെന്ന് ഈ ബജറ്റിൽ പറയുന്നുണ്ട്. വർഷത്തിൽ 100 ദിവസമെങ്കിലും പട്ടിണിയോടെ ജീവിക്കുന്നവരാണ് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെന്ന് ഇന്നുരാവിലെ എന്റെ ബഹുമാന്യ സുഹൃത്തുക്കളായ എം. വിൻസെന്റും സി. ആർ. മഹേഷും സൂചിപ്പിക്കുകയുണ്ടായി. കടലിൽ പോയാൽ മത്സ്യമില്ല; ചിലപ്പോൾ രാവിലെ കടലിൽപോയാൽ പ്രതികൂല കാലാവസ്ഥ കാരണം മത്സ്യബന്ധനം നടത്താൻ സാധിക്കാതെ വെറും കൈയോടെ തിരികെ വരേണ്ടിവരുന്ന സാഹചര്യവുമുണ്ട്. അങ്ങനെ ജീവിക്കുന്ന മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിക്കാനുള്ള ഒരു മനസ്സാണ് ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടാണ് അവർക്ക് മണ്ണെണ്ണ സബ്സിഡി 75 രൂപയായി വർധിപ്പിച്ചുകൊടുത്തത്. തീരദേശ മേഖലയിൽ എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ ആരംഭിച്ചാൽ ആ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് ജോലി സംവരണം നടത്തുമെന്നുകൂടി ശക്തമായി പറയാൻ ബഹുമാനപ്പെട്ട വി. ഡി. സതീശൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. അങ്ങനെ എല്ലാ രീതിയിലും ഈ നാടിന്റെ സർവതോമുഖമായ വികസനത്തിന് ഉതകുന്ന രീതിയിലുള്ള ഒരു ധനാഭ്യർഥനയായതുകൊണ്ട് ഈ ധനാഭ്യർഥനയെ പൂർണ്ണമായി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. പി. കെ. നവാസ്</u>: സർ, ഈ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കന്നി പ്രസംഗത്തിനായി ഞാൻ ഈ സഭയിൽ എഴുന്നേറ്റ് നിൽക്കുമ്പോൾ എന്നെ വിശ്വസിച്ച് ഇവിടേയ്ക്കയച്ച താനൂർ നിയോജകമണ്ഡലത്തിലെ പ്രിയപ്പെട്ട ജനങ്ങളുടെ കണ്ണീരും അവരുടെ

നെഞ്ചിലെ പ്രാർഥനകളുമായിരുന്നു എന്റെ വാക്കുകളിലൂടെ പറയാൻ ശ്രമിച്ചത്. അവഗണനയുടെ കയ്പുനീരും വികസനമില്ലാതെ വറ്റി വരണ്ട താനൂർ നിയോജകമണ്ഡലത്തിന്റെ വേദനയുമായിരുന്നു അന്ന് ഈ സഭയിൽ ഞാൻ പങ്കുവച്ചത്. അതിനുശേഷമാണ് ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഈ സഭയിൽ ബജറ്റ് അവതരിപ്പിച്ചത്. ഒരു വിദ്യാലയ മുറ്റത്തേയ്ക്ക് നടന്നുകയറാൻ കൊതിച്ച താനൂരിലെ പുതിയ തലമുറയ്ക്ക് ഒരു ഫിഷറീസ് കോളേജ് സമ്മാനിക്കാൻ ബജറ്റിലൂടെ സാധ്യമായെന്നുള്ളത് ഏറെ സന്തോഷമുള്ള കാര്യമാണ്. അന്യനാടുകളിലേയ്ക്ക് തൊഴിൽ തേടിപ്പോകുന്ന താനൂരിന്റെ കൗമാരങ്ങൾക്ക് ഒരു സ്കിൽ പാർക്ക് ഉണ്ടാകുമെന്ന പ്രഖ്യാപനം താനൂരിനോട് അദ്ദേഹം കാണിച്ച നന്മയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ ടൂറിസ്റ്റ് ഡെസ്റ്റിനേഷനാണ് താനൂർ. തുവൽത്തീരവും ഉണ്ണിയാൽ ബീച്ചും കനോലി കനാലും ഉൾപ്പെടെ ഒട്ടനവധി സവിശേഷതകളുള്ള നിയോജകമണ്ഡലത്തിലെ ടൂറിസം മേഖലയ്ക്ക് ഒരു എസ്.പി.വി. അനുവദിച്ചുകൊണ്ട് അക്കാര്യത്തിൽ ഈ സർക്കാരിന്റെ ശ്രദ്ധയുണ്ടാകുമെന്ന് ബജറ്റിലൂടെ പറയാൻ ശ്രമിച്ച അദ്ദേഹത്തിനോടുള്ള നന്ദി ഈ ഘട്ടത്തിൽ രേഖപ്പെടുത്തുകയാണ്. താനൂരിന്റെ മൈതാനങ്ങളിൽ ചോരയും നീരുമൊഴുക്കി ഈ നാടിന്റെ പ്രസക്തിക്കുവേണ്ടി വാനോളം പ്രയത്നിച്ച അനേകം കായിക പ്രതിഭകളുണ്ട്. അവർക്കുവേണ്ടി ഒരു സ്പോർട്സ് ഹബ്ബ് എന്ന ഞങ്ങളുടെ ആശയത്തിന് ബജറ്റിലൂടെ അംഗീകാരം നൽകിയ ഈ സർക്കാരിനെ അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇവിടെയുണ്ട്. വട്ടത്താണി റെയിൽവേ മേൽപ്പാലം യാഥാർഥ്യമാക്കാൻ ഈ സാമ്പത്തികവർഷത്തിൽതന്നെ നടപടി സ്വീകരിക്കണമെന്നും വർഷങ്ങളായി നിലനിൽക്കുന്ന വൈലത്തൂരിലെ ഗതാഗത സ്തംഭനത്തിന് ശാശ്വത പരിഹാരം കാണുന്നതിനും അങ്ങയുടെ ശ്രദ്ധയുണ്ടാകണമെന്ന് പറയാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ഞാൻ നേരത്തെ പറഞ്ഞ ഫിഷറീസ് കോളേജിന്റെയും ഹാർബറിന്റെയും പരിപൂർണ്ണമായ മുന്നേറ്റത്തിന് നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രിയോട് അപേക്ഷിക്കുകയാണ്.

അതിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ ഈ സാമ്പത്തികവർഷംതന്നെ ഫണ്ട് അനുവദിക്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കാൻകൂടി ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

ബഹുമാനപ്പെട്ട ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സഭയിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ആറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൽജീവൻ മിഷന്റെ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ നടക്കുകയാണ്. മുഴുവൻ റോഡുകളും വെട്ടിപ്പൊളിച്ചിട്ടിരിക്കുകയാണ്. അവയുടെ പുനർനിർമ്മാണത്തിന് ഫണ്ടില്ലാത്തതിന്റെ പ്രശ്നമുണ്ട്. റോഡുകൾ പുനർനിർമ്മിക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾക്ക് ഒരു സ്പെഷ്യൽ ഫണ്ട് നൽകാനുള്ള ഇടപെടലുണ്ടാകണമെന്നുകൂടി ബഹുമാനപ്പെട്ട ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയോട് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഒരു മാസം മാത്രമേ ആയിട്ടുള്ളൂ. നേരത്തെ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ പ്രതിപക്ഷ സംഘടനകൾ തെരുവുസമരംകൊണ്ട് നിറയ്ക്കാൻ ശ്രമിക്കുകയാണ്. അതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് ഞങ്ങളുടെ സുഹൃത്തുക്കളായ എസ്.എഫ്.ഐ. പ്രവർത്തകരാണ്. ഈ സഭയിലിരിക്കുന്ന എല്ലാവരും സമരങ്ങൾ നിറഞ്ഞ രാഷ്ട്രീയ ജീവിതത്തിലൂടെ കടന്നുവന്നവരാണ്. ഈ സഭയിലെ അംഗങ്ങളെല്ലാം സമര പോരാട്ടങ്ങൾക്കുവേണ്ടി തങ്ങളുടെ ജീവിതം സമർപ്പിക്കപ്പെട്ടവരാണ്. നമ്മൾ നടത്തിയ സമരങ്ങൾക്കൊക്കെ ഒരു മുദ്രാവാക്യമുണ്ടാകാറുണ്ട്, ആ മുദ്രാവാക്യങ്ങൾക്ക് മൂല്യവുമുണ്ടാകാറുണ്ട്. എന്നാൽ ഇന്ന് തെരുവിൽ കാണുന്ന സമരങ്ങൾ മുദ്രാവാക്യങ്ങളും മൂല്യങ്ങളുമില്ലാതെ, ജലപീരങ്കികളുടെയും ലാത്തികളുടെയും രക്തം ചീന്തിയ ചിത്രങ്ങൾ കാണിച്ച് BGM-ഉം (Background Music) ഇട്ട് സോഷ്യൽ മീഡിയ പ്രചരണങ്ങൾക്കുവേണ്ടി മാത്രമായി സമരം നടത്തുന്ന ഒരു സംഘമായി കേരളത്തിലെ എസ്.എഫ്.ഐ. മാറിയിരിക്കുന്നുവെന്നാണ് ഈ സമരാഭാസങ്ങളിൽനിന്ന് തിരിച്ചറിയാൻ സാധിക്കുന്നത്. ബഹുമാനപ്പെട്ട ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സീനിയർ അംഗങ്ങളോട്, "സമരം എന്താണെന്നും സമരങ്ങളുടെ മുദ്രാവാക്യം എന്താകണമെന്നും ആ മുദ്രാവാക്യങ്ങൾക്ക് എങ്ങനെയാണ് മൂല്യമുണ്ടാകേണ്ടതെന്നും പുതിയ തലമുറയെ

പഠിപ്പിച്ചുകൊടുക്കാൻ നിങ്ങൾ തയ്യാറാകണം" എന്നുപറയാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. കഴിഞ്ഞ പത്ത് വർഷക്കാലം കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് കേരളത്തിന്റെ ഭരണം കൈവെള്ളയിൽ നൽകിയിരുന്നു. പക്ഷേ "എന്തുചെയ്തു" എന്നുചോദിച്ചാൽ "ഒന്നും ചെയ്യാനുണ്ടായിരുന്നില്ല" എന്നാണ് ഉത്തരം. നമുക്കറിയാം, പി.എം.ശ്രീ എന്ന് പറയുന്ന ആർ.എസ്.എസ്.-ന്റെ അറവുശാലയിലേയ്ക്ക് കേരളത്തിന്റെ ക്ലാസ് മുറികളെ ഏകപക്ഷീയമായ കരാറുകളിലൂടെ എറിഞ്ഞുകൊടുത്ത, കേരളത്തിന്റെ കലാലയങ്ങൾ കാവി രാഷ്ട്രീയത്തിന്റെ വിത്ത് മുളപ്പിക്കാൻ പാകപ്പെടുത്തിക്കൊടുത്തവരാണ് കേരളത്തിന്റെ പ്രതിപക്ഷമെന്ന് നമുക്കറിയാം. ഇന്ന് പി.എം.ശ്രീ-യെകുറിച്ച് മാത്രം സംസാരിക്കുന്ന പ്രതിപക്ഷത്തോട് ഞങ്ങൾ ചോദിക്കുന്നത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പി.എം.ഉഷ പദ്ധതി ആരാണ് നടപ്പാക്കിയത്? MoU ഒപ്പുവയ്ക്കുക മാത്രമല്ല, വൈസ്ചാൻസലർമാർ ആർ.എസ്.എസ്.-ന്റെ പരിപാടിയിൽ പങ്കെടുക്കുന്നെന്ന് പരിതപിക്കുന്ന പ്രതിപക്ഷത്തോടാണ് ഞാൻ ചോദിക്കുന്നത്; പി.എം.ഉഷ പദ്ധതി നൂറുശതമാനം നടപ്പിലാക്കിയ സംസ്ഥാനത്തിന്റെ പേര് കേരളം എന്നാണ്. ആർ.എസ്.എസ്.-ന്റെ, ബി.ജെ.പി.-യുടെ അജണ്ടയാണ്, ഇതേ കേന്ദ്ര സർക്കാർ കൊണ്ടുവന്നതാണ്. അതിൽ ഒപ്പുവയ്ക്കാൻ, അത് മുഴുവനായി നടപ്പിലാക്കാൻ നിങ്ങളുടെ കൈ വിറച്ചില്ല., കേരളത്തെ ആർ.എസ്.എസ്.-ന് ഒറ്റുകൊടുത്തവരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരെന്ന് ചരിത്രം രേഖപ്പെടുത്തുമെന്ന് അവരോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പി.എം.ശ്രീ പദ്ധതി ഒരു സ്വിച്ചിട്ടതുപോലെ അവസാനിപ്പിക്കണമെന്നാണ് പ്രതിപക്ഷം പറയുന്നത്. അങ്ങനെ സ്വിച്ചിട്ടാൽ അവസാനിക്കുന്ന രൂപത്തിലാണോ ഈ കരാറിൽ ഒപ്പുവച്ചത്. അല്ലല്ലോ! കേരളത്തിന് മാത്രമായി പിൻമാറാൻ സാധിക്കാത്ത വിധം ഊരാക്കുടുക്കുണ്ടാക്കി ഒരു കരാറിൽ നിങ്ങൾ ഒപ്പുവച്ചു. ഞാൻ പ്രതിപക്ഷത്തോട് പറയാൻ ആഗ്രഹിക്കുന്നത്, അങ്ങനെ നിങ്ങൾ ഒപ്പുവച്ച കരാർ നടപ്പിലാക്കാതിരിക്കാനുള്ള അവസാനസാധ്യതയും പരിശോധിക്കാനാണ് ഐക്യ ജനാധിപത്യ മുന്നണി ഒരു സമിതിയെ നിയോഗിച്ച് മുന്നോട്ടുപോകുന്നത്. ഒരു കാര്യം ഉറപ്പിച്ച് പറയുകയാണ്. ഞങ്ങൾ അത്

നടപ്പാക്കാതിരിക്കാനുള്ള എല്ലാ സാധ്യതകളും പരിശോധിക്കുമെന്നുമാത്രമല്ല, നിങ്ങൾ വച്ച ഊരാക്കുടുക്കിൽ കേരളത്തിന്റെ കഴുത്ത് കുടുങ്ങുമെങ്കിൽ, കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പറഞ്ഞ വാചകമുണ്ട്; കേരളത്തിന്റെ ക്യാമ്പസുകളിലെ, സ്കൂളുകളിലെ സിലബസ്സുകളിലേയ്ക്ക് സംഘ് പരിവാറിന്റെ ഒരു വരിപോലും കടന്നുവരാതിരിക്കാനുള്ള ജാഗ്രത കാണിക്കുമെന്ന് ഞങ്ങൾ പ്രഖ്യാപിച്ചതാണ്. കേരളത്തിന്റെ സ്കൂളുകളിലെ വരാന്തയിലേയ്ക്ക് ഒരു സംഘ് പരിവാറുകാരനും അവകാശം പറഞ്ഞുവരാവുന്ന ഒരു പാഠഭാഗവുമുണ്ടാകില്ലെന്ന് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പ്രഖ്യാപിക്കുകയാണ്. അത് മലയാളിയുടെ കോൺഫിഡൻസാണ്. നിങ്ങൾ ഒരുക്കിയ ഊരാക്കുടുക്കിൽ കേരളത്തിന്റെ കഴുത്ത് കുടുങ്ങിയാലും ആർ.എസ്.എസ്.-കാർക്ക് കയ്യടിക്കാൻ അവസരം ഉണ്ടാകാതിരിക്കാനുള്ള ജാഗ്രത ഐക്യ ജനാധിപത്യ മുന്നണിയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഞങ്ങൾ പറഞ്ഞതാണ്.

കേരളത്തിന്റെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരുന്ന സമയത്താണ് ചെടിച്ചട്ടികൊണ്ട് പ്രതിഷേധക്കാരുടെ തലതല്ലിപ്പൊളിച്ച ഒരു പോലീസിന്റെ ഭരണകാലം മലയാളി കണ്ടത്. അതുമാത്രമല്ല, അദ്ദേഹം ഇപ്പോൾ പ്രതിപക്ഷനേതാവായപ്പോൾ റോഡിൽനിന്ന് കോരിയെടുത്ത ഒരുകുപ്പി വെള്ളവുമായി ഈ സഭയിൽ വന്നു. അത് സഭയിൽ ഉയർത്തിക്കാണിച്ച് അദ്ദേഹം പറഞ്ഞു, "ഞങ്ങളുടെ കുട്ടികൾക്ക് ചൊറിയുന്നുണ്ടെന്ന്" . ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഞങ്ങൾ പറയുന്നത്, "നിങ്ങൾ തലതല്ലിപ്പൊളിച്ചവരും പോലീസിന്റെ ലാത്തി ഉപയോഗിച്ച് നിങ്ങളുടെ പ്രവർത്തകർ തലതല്ലിപ്പൊളിച്ചവരുമായ പ്രവർത്തകരാണ് ഇന്ന് ഭരണപക്ഷ ബഞ്ചിലിരിക്കുന്നതെന്ന് നിങ്ങൾ ഓർക്കേണ്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞങ്ങൾ ഇക്കാര്യം പറയുകയാണ്, ഇന്ന് നിങ്ങളുടെ കുട്ടികൾക്ക് ചൊറിയുന്നുവെങ്കിൽ അത് ഈ കോരിയെടുത്ത വെള്ളത്തിന്റെ ചൊറിച്ചിൽ അല്ല, 10 വർഷക്കാലം അധികാരത്തിന്റെ ശീതളഛായയിൽ ഒതുങ്ങിയിരുന്ന് ഇപ്പോൾ വെയിലത്തിറങ്ങി സമരം ചെയ്യുമ്പോൾ സ്വാഭാവികമായും ചൊറിച്ചിലുണ്ടാകും. അത് അവരെ പറഞ്ഞ് മനസിലാക്കണമെന്നുമാത്രം പറയുകയാണ്. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ

അവസാനിപ്പിക്കുകയാണ്. ഇപ്പോൾ യു.ഡി.എഫ്.-നെതിരെ സംഘപരിവാറിന്റെ ചാപ്പ കുത്തണം. അതിന് ഏറ്റവും അവസാനം അവർ ഉയർത്തികാണിക്കുന്നത് പി.എം.എ.വൈ (പ്രധാനമന്ത്രി ആവാസ് യോജന)- യാണ്. ആ വിഷയത്തിൽ കേരളത്തിന്റെ പ്രിയങ്കരനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കെ. എം. ഷാജി-ക്ക് നേരെ ആരോപണം ഉന്നയിക്കുകയാണ്. അതിനുവേണ്ടി അവരുടെ നേതാവ് ശ്രീ. എ. എ. റഹീം ഉയർത്തിക്കാണിച്ച ഒരു ചിത്രമുണ്ട്, ഉത്തർപ്രദേശിൽ പോയാണ് ആ ചിത്രം ഉയർത്തിക്കാട്ടിയത്. ഈ ചിത്രം (ചിത്രം ഉയർത്തിക്കാണിച്ചു) കേരളത്തിന്റെ പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്നപ്പോൾ കേരളത്തിന് സമ്മാനിച്ച ഒരു വീടിന്റെ ചിത്രമാണ്. ഇതിൽ സീലും നിങ്ങൾ പറഞ്ഞ ചിത്രവുമുണ്ട്, ഗുണഭോക്താവിന്റെ ചിത്രം ഉൾപ്പെടെയാണുള്ളത്. ഇത് കേരള സർക്കാരിന്റെ ഔദ്യോഗിക വൈബ്സൈറ്റിലുണ്ട്. അവിടെനിന്നും ഈ ചിത്രങ്ങൾ നീക്കംചെയ്യണമെന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് അഭ്യർഥിക്കുകയാണ്. ബഹുമാനപ്പെട്ട സർക്കാർ അതിന് തയ്യാറാകണമെന്ന് പറയാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. മലയാളി പ്രബുദ്ധരാണ്. മലയാളിക്ക് സവിശേഷമായ വിവേകമുണ്ട്. ആ വിവേകം കൊണ്ടാണ് ഐക്യജനാധിപത്യ മുന്നണി 102-ലും ഇവർ 36-ലും ഒതുങ്ങിനിൽക്കുന്നത്. ഇത്തരം ആരോപണങ്ങളെ കേരള ജനത തള്ളിക്കളയുമെന്ന് പറഞ്ഞുകൊണ്ട് ധനാഭ്യർഥനകളെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സേനാപതി വേണു: സർ, 2026-27 സാമ്പത്തിക വർഷത്തിൽ അവതരിപ്പിച്ച 96 പേജും 327 ഖണ്ഡികകളും 5 ഭാഗങ്ങളുമുള്ള പുതുക്കിയ ധനകാര്യ ബജറ്റ് കേരളത്തിന്റെ രജത രേഖയാണ്.

സാധാരണഗതിയിൽ പരമ്പരാഗത ബജറ്റ് അവതരിപ്പിക്കുന്നതിന് ഒരു രീതിയുണ്ട്. അത് ചില പ്രത്യേക വാക്കുകളും ചിലരുടെ ആശയങ്ങളും കടമെടുത്തുകൊണ്ടാണ് അവതരിപ്പിക്കുന്നത്. എന്നാൽ ഈ ബജറ്റ്, ഉപമയും ഉൽപ്രേക്ഷയും വൃത്തവും ഒന്നുമില്ലാതെ കേരളത്തെക്കുറിച്ച് വളരെ വ്യക്തമായിതന്നെ സംസാരിച്ചുകൊണ്ട് അവതരിപ്പിച്ചതാണ്. ഭാവി കേരളം എന്താണെന്നും എങ്ങനെയാണെന്നും എങ്ങോട്ടാണെന്നതിന്റെയും നേർരേഖയാണ്

ഈ ബജറ്റെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രതിപക്ഷത്തുള്ള ആളുകൾക്ക് ബജറ്റിനെ എതിർക്കാൻ സാധിക്കില്ല. അപ്പോൾ പിന്നെ എതിർപ്പ് എങ്ങനെയാണ്; ഭരണപക്ഷത്തോടും സർക്കാരിനോടുമുള്ള എതിർപ്പാണ്. ആ എതിർപ്പിന്റെ പ്രതിഫലനമാണല്ലോ ഈ സഭ ആരംഭിച്ച് മണിക്കൂറുകൾ കഴിയുമ്പോൾ മുതൽ റൂൾ 50-യും അതിന്റെ ഉപക്ഷേപങ്ങളുമായി കടന്നുവരുന്നത്. കഴിഞ്ഞ കുറെ ദിവസങ്ങളിലായി ഇവർ അവതരിപ്പിക്കുന്ന ഉപക്ഷേപങ്ങൾ കാണുമ്പോൾ 'കഴിഞ്ഞ ദിവസം ആസ്ട്രേലിയൻ സംഘം വന്നപ്പോൾ അവരുടെകൂടെ ആദ്യമായി ഈ സഭയിൽ വന്നതാണെന്ന്' തോന്നും. ആസ്ട്രേലിയൻ സംഘം വന്നതായി അങ്ങ് മൂന്നുനാല് ദിവസം മുമ്പ് പറഞ്ഞിരുന്നല്ലോ; അവരുടെ കൂടെയാണ് ഇവർ ഈ സഭയിൽ ആദ്യമായി വന്നത്; കഴിഞ്ഞ 10 വർഷക്കാലം ഈ സഭയിലിരുന്നതും നാട് ഭരിച്ചതുമൊന്നും അറിഞ്ഞില്ലെന്ന രീതിയിലാണ് ഇവരുടെ ഉപക്ഷേപത്തിലെ വിഷയാവതരണം. ബഹുമാന്യനായ ആരോഗ്യവകുപ്പുമന്ത്രി സഭയിലുണ്ട്. നമ്മുടെ സർക്കാർ അധികാരമേൽക്കുന്നത് മേയ് മാസം 18-ാം തീയതിയാണ്. ഇന്ന് ജൂൺ 30 – ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് 42 ദിവസം മാത്രമാണ് ആയിട്ടുള്ളത്. മന്ത്രിസഭയിലെ പല മന്ത്രിമാർക്കും തന്റെ ഓഫീസിലെ പേഴ്സണൽ സ്റ്റാഫിന്റെയും വകുപ്പുദ്യോഗസ്ഥരുടെയും പേരുപോലും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അതവരുടെ പ്രശ്നം കൊണ്ടല്ല; അത്രയും സമയമേ അവർക്ക് ലഭിച്ചിട്ടുള്ളൂ. അതിനിടയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ എത്ര കട്ടിലിന്റെ കാൽ ഒടിഞ്ഞിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ചോദിച്ചാൽ അദ്ദേഹത്തിന് മറുപടി പറയാൻ സാധിക്കുമോ? ഒരു സർക്കാർ അധികാരത്തിൽ വന്ന് ഉദ്യോഗസ്ഥരെ യഥാസ്ഥാനങ്ങളിൽ നിയമിക്കാനും ഉത്തരവുകൾ നൽകി അത് നടപ്പാക്കാനുമുള്ള സമയം നിങ്ങൾ അനുവദിക്കണം. ആ സമയം അനുവദിച്ച് കഴിയുമ്പോൾ ഈ കാര്യങ്ങളെല്ലാം ഭംഗിയായി നടക്കുമെന്ന് ഞങ്ങൾ പ്രതിപക്ഷത്തെ ഓർമ്മിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ പ്രസംഗിച്ചതുപോലെ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടെന്ന് നിങ്ങൾ സമ്മതിക്കില്ല, കാരണം നിങ്ങളെ അത് ബോധ്യപ്പെടുത്താൻ കഴിയില്ല. ശ്രീ. കെ. പ്രേംകുമാറിന്റെയൊക്കെ പ്രസംഗം കേൾക്കുമ്പോൾ ഇപ്പോഴും എൽ.ഡി.എഫ്.-ആണ് ഭരിക്കുന്നതെന്ന് അവർ

കരുതുന്നുയെന്ന് തോന്നിപ്പോകും. നിങ്ങൾ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതിന്റെ കാരണം ഒരുപക്ഷെ നിങ്ങൾക്ക് അറിയില്ല. കാരണം വർഗാധിപത്യവും കോളോണിയലിസ്റ്റ് ചിന്താസരണികളും റാഡിക്കലായ മാറ്റമല്ലെന്ന് ശ്രീ. കെ. പ്രേംകുമാറിനേ മനസിലാകുകയുള്ളൂ; ഞങ്ങൾക്ക് മനസ്സിലാകില്ല. അതുകൊണ്ട് തിരഞ്ഞെടുപ്പിലെ തോൽവിയുടെ കാരണം നിങ്ങൾക്ക് അറിയില്ല. ജനം നിങ്ങളെ "മൂലയ്ക്കിരുത്തിയിരിക്കുന്നു" എന്ന കാര്യം നിങ്ങൾ ഒന്ന് മനസ്സിലാക്കൂ. കമ്മ്യൂണിസ്റ്റുകാർ 1977-ലും 1982-ലും പരാജയപ്പെട്ടിട്ടുണ്ടെന്നും ഞങ്ങൾ തിരിച്ചുവരുമെന്നും പ്രസംഗിക്കുകയാണ്. കമ്മ്യൂണിസ്റ്റുകാർ പരാജയപ്പെട്ടിടത്തെല്ലാം പോയി., ഇനി അവിടെയൊന്നും ഒരു തിരിച്ചുവരവില്ല, ബംഗാൾ, ത്രിപുര, ലോകത്തെല്ലായിടത്തും പോയി. അവശേഷിക്കുന്ന തുരുത്തായ ഇവിടെയും തീർന്നു. തിരിച്ചുവരവെന്ന് പറയുന്നത് അത്ര സാധ്യമൊന്നുമല്ല. വി.ഡി.എസ്.-1, വി.ഡി.എസ്.-2, വി.ഡി.എസ്.-3 എന്നുകൂടി വരുമ്പോൾ 35 എന്നത് 3-ലേയ്ക്ക് ഒതുങ്ങുന്ന കാലഘട്ടം കേരളത്തിലുണ്ടാകുമെന്ന് ഞങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. അത് അവിടെ നിൽക്കട്ടെ; ഇപ്പോൾ എന്താണ് നിങ്ങളുടെ പ്രശ്നം? അധികാരത്തിൽനിന്ന് പുറത്തുപോയ നിങ്ങൾ ഈ ഗവൺമെന്റിനെ ആക്രമിക്കുന്നതിനായി കള്ളക്കഥകൾ പ്രചരിപ്പിക്കുകയാണ്. ഉമ്മൻ ചാണ്ടി സർക്കാർ അധികാരമൊഴിയുമ്പോൾ 18 മാസത്തെ ക്ഷേമപെൻഷൻ കുടിശ്ശിക നൽകാൻ ബാക്കിയുണ്ടായിരുന്നെന്ന് കഴിഞ്ഞ ദിവസം പ്രതിപക്ഷത്തെ മാന്യനായ സുഹൃത്ത് പ്രസംഗിച്ചിരുന്നു. ഈ സഭയിൽ രേഖകളുണ്ടല്ലോ എന്തിനാണ് തർക്കത്തിലേയ്ക്ക് പോകുന്നത്. ഒന്നാം എൽ.ഡി.എഫ്. സർക്കാരിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്-ന്റെ മറുപടി പ്രസംഗം ഈ സഭാ രേഖകളിലുണ്ടല്ലോ. എത്ര മാസത്തെ കുടിശ്ശികയാണ് നൽകാനുള്ളത്? മൂന്ന് മാസത്തെ കുടിശ്ശികയെന്നാണ് അന്ന് പറഞ്ഞിരിക്കുന്നത്. കുടിശ്ശിക വരാനുണ്ടായ സാഹചര്യമെന്താണ്? 2016-ൽ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് രണ്ടര മാസം കഴിഞ്ഞാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. ആ തിരഞ്ഞെടുപ്പിൽ ഞാൻ മത്സരിച്ചിരുന്നു. 2016 മാർച്ച് മാസം 2-ാം തീയതി തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചശേഷം 60-65 ദിവസം കഴിഞ്ഞാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. അതുകൊണ്ട് നൽകാൻ സാധിച്ചില്ല. ഉമ്മൻ ചാണ്ടി സർക്കാർ അധികാരമൊഴിയുമ്പോൾ ആ മൂന്ന് മാസത്തെ ക്ഷേമപെൻഷൻ

കുടിശ്ശിക മാത്രമാണ് നൽകാനുണ്ടായിരുന്നത്. ഉമ്മൻ ചാണ്ടി സർക്കാർ അധികാരമൊഴിയുമ്പോൾ 18 മാസത്തെ ക്ഷേമപെൻഷനുകൾ നൽകാനുണ്ടെന്ന് ഒരു ക്ലീഷേ (cliche) പോലെ സി.പി.ഐ.(എം.)-ന്റെ നേതാക്കളും അതിന്റെ മാധ്യമവക്താക്കളും നിരന്തരം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇല്ല, ഞങ്ങളെല്ലാം കൃത്യമായി നൽകിയിട്ടുപോയവരാണ്. അതുകൊണ്ട് നിങ്ങൾ നിരന്തരമായി പ്രചരിപ്പിക്കുന്ന കള്ളങ്ങൾ കേരളത്തിലെ ജനങ്ങൾ വിശ്വസിക്കില്ലെന്ന് ഞങ്ങൾ നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. യു.ഡി.എഫ്. സർക്കാർ ലൈഫ് പദ്ധതി നിർത്തലാക്കാൻ പോകുന്നെന്നാണ് നിങ്ങൾ ഇപ്പോൾ പ്രചരിപ്പിക്കുന്നത്. ലൈഫ് പദ്ധതി നിർത്തലാക്കാൻ പോകുന്നെന്ന് ബജറ്റിലും ധവളപത്രത്തിലും എവിടെയാണ് പറഞ്ഞിരിക്കുന്നത്? കേരളത്തിൽ വീടില്ലാത്ത പാവപ്പെട്ടവർക്ക് വീട് നൽകുമെന്ന് ഈ സർക്കാർ അടിവരയിട്ട് പറയുന്നു. അതാണ് ഈ സർക്കാരിന്റെ പ്രഖ്യാപിതമായ ലക്ഷ്യവും നയവും. ഒരുപാട് കള്ളം നിങ്ങൾ ആവർത്തിച്ച് പറയുന്നു. പി.എം.ശ്രീ-യെക്കുറിച്ച്, ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ആ പദ്ധതിയിൽ ഒപ്പുവച്ചയാൾ ഇവിടിരിക്കുന്നു. ശ്രീ. പി. പ്രസാദ് ആണ് സഭ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചത്. അദ്ദേഹം വികാരാധീനനായി പ്രസംഗിക്കുന്നത് കേൾക്കുമ്പോൾ എന്താണ് തോന്നുന്നത്? ഉമ്മൻ ചാണ്ടിയാണ് ഒപ്പിട്ടതെന്നാണല്ലോ തോന്നുന്നത്. മറുപടി പറഞ്ഞുകൊണ്ട് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന, ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് പ്രസംഗിച്ചപ്പോൾ എന്താണ് പറഞ്ഞത്? പി.എം.ശ്രീ എൽ.ഡി.എഫ്. സർക്കാർ ഒപ്പിട്ടത് എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരളം)-യുടെ ഫണ്ട് ലഭിക്കുന്നതിനാണെന്നാണ്. ഞാൻ ഒരു ചോദ്യം ചോദിക്കുകയാണ്; എസ്.എസ്.കെ.-യുടെ ഫണ്ട് ഇനി ആവശ്യമില്ലേ; ഒപ്പിട്ടുവെന്നും എസ്.എസ്.കെ.-യുടെ ഫണ്ട് ലഭിക്കുന്നതിനുവേണ്ടിയാണെന്നും നിങ്ങൾ സമ്മതിച്ചോ? ഇനി എസ്.എസ്.കെ. വേണ്ടെന്നാണെങ്കിൽ നമുക്ക് അത് അവസാനിപ്പിക്കാം. ഒപ്പിട്ട ആളുകളെ ഇരുത്തിക്കൊണ്ടാണ് ശ്രീ. പി. പ്രസാദ് ഞങ്ങളോട് ചോദിക്കുന്നത് ഇത് ആരാണ് ഒപ്പിട്ടതെന്ന്; ഒപ്പിട്ടവർ സമാധാനം പറയട്ടെ! സമാധാനം പറയാനുള്ള ഉത്തരവാദിത്വം ഞങ്ങളുടേതല്ലെന്ന് നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. അതുകൊണ്ടും തീർന്നില്ല, നിങ്ങൾ

എത്രയോ കള്ളപ്രചാരണങ്ങൾ; ഏറ്റവും അവസാനം ഈ ബജറ്റിൽ വീര്യം കുറഞ്ഞ മദ്യത്തിന് നികുതി കുറയ്ക്കാൻ പോകുന്നെന്ന പ്രൊപ്പോസൽ; ബജറ്റ് നിങ്ങൾ കൃത്യമായി വായിച്ചുകാണും. അതിന്റെ 301 മുതൽ 320 വരെ 20 ഭാഗങ്ങളായി സർക്കാരിന്റെ പുതിയ ധനാഗമനമാർഗങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അതിൽ ഏഴാമതായി പറഞ്ഞിരിക്കുന്നത്, വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി കുറയ്ക്കുന്നതിനെക്കുറിച്ചാണ്. യു.ഡി.എഫ്./കോൺഗ്രസിന്റെ നേതൃത്വം തീരുമാനിച്ചാൽ പുതിയ മദ്യ നയം ഞങ്ങൾ പ്രഖ്യാപിക്കുമെന്ന് അദ്ദേഹം വളരെ വ്യക്തമായി സഭയിൽ പറഞ്ഞതാണ്. വേണ്ട എന്നാണ് തീരുമാനമെങ്കിൽ വേണ്ട. എന്നാൽ, കേരളത്തിൽ മദ്യം ഒഴുകാൻ പോകുകയാണെന്നാണല്ലോ നിങ്ങളുടെ പ്രചാരണം. ആരാണ് കേരളത്തിൽ മദ്യം ഒഴുക്കിയത്? ഉമ്മൻചാണ്ടി സർക്കാർ 2016-ൽ അധികാരമൊഴിയുമ്പോൾ ബാറുകളുടെ എണ്ണം 28, ഒരു അര ബാർ കൂടി ഉണ്ടായിരുന്നു. അതുകൂടി ചേർക്കുമ്പോൾ ആകെ 29 എണ്ണമാണുണ്ടായിരുന്നത്. ഇന്ന് ബാറുകളുടെ എണ്ണം 900 ആയി. ആരാണ് കേരളത്തിൽ മദ്യം ഒഴുക്കിയത്? മദ്യം ഒഴുക്കിയെന്ന് മാത്രമല്ല കേരളത്തെ നിങ്ങൾ ലഹരിയിൽ മുക്കിയെന്നുള്ളതാണ് നിങ്ങൾക്കെതിരെയുള്ള ആരോപണം. എക്സൈസ് വകുപ്പിന്റെ കമ്മീഷണറായിരുന്ന ശ്രീ. ഋഷിരാജ് സിങ് ഒരു പത്രലേഖനത്തിലൂടെ കേരളത്തിലെ ആയിരത്തിയെണ്ണൂറോളം സ്കൂളുകൾ ലഹരിമാഫിയയുടെ പിടിയിലായിരിക്കുന്നുവെന്ന ഭീകരമായ ഒരു വെളിപ്പെടുത്തൽ നടത്തുകയുണ്ടായി. ഈ ലഹരിമാഫിയയുടെ വേരറുക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി 'ഓപ്പറേഷൻ തൂഫാൻ' പദ്ധതി കൊണ്ടുവന്നത്. ആലപ്പുഴയിലെ ഒരു നഗരസഭാ കൗൺസിലറിൽനിന്നും ഒരു കോടി രൂപയുടെ ലഹരിവസ്തുക്കൾ പിടിച്ചെടുത്തപ്പോൾ ഞാൻ അഞ്ചുനേരവും നിസ്കരിക്കുന്ന ആളാണെന്നും അതുകൊണ്ട് എന്റെ വാഹനത്തിൽനിന്നും ലഹരിവസ്തുക്കൾ പിടിച്ചെടുത്താൽ കുഴപ്പമില്ലെന്നും പ്രസംഗിച്ചത് നിങ്ങൾ ഓർക്കുന്നുണ്ടാകും. അപ്രകാരം പ്രസംഗിക്കുന്ന ആളുകൾ അപ്പുറത്തുമുണ്ട്. കേരളത്തെ ലഹരിയിൽ മുക്കിയത് ആരാണ്? ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ കഴിഞ്ഞദിവസം സഭയിൽ പ്രസംഗിച്ചത് ഞാൻ ആവർത്തിക്കുകയാണ്; ചില ലഹരിവിൽപനക്കാരെ മറയാക്കിക്കൊണ്ട് സി.പി.ഐ.(എം.)-

ന്റെ ചില നേതാക്കൾ കേരളത്തിൽ തഴച്ചുവളരുന്നു. ഇതിനെല്ലാം പരിഹാരമുണ്ടാക്കുന്നതിനായി ഈ ഗവൺമെന്റ് ഒരു പുതിയ ബജറ്റ് കൊണ്ടുവന്നിരിക്കുന്നു. ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഞങ്ങൾ ഇടുക്കി ജില്ലക്കാരെ സംബന്ധിച്ചിടത്തോളം ഈ ബജറ്റ് ഒരു മാഗ്നകാർട്ടയാണ്. കാരണം, ചരിത്രത്തിലാദ്യമായി ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ സമ്പൂർണ്ണമായി പരിഹരിക്കുമെന്നുള്ള വാഗ്ദാനം ഈ ബജറ്റിൽ നൽകിയിരിക്കുന്നു. കൂടാതെ, മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയുന്നതിനായി ഈ ബജറ്റിലെ ഭാഗം-III, വനം-വന്യജീവി വകുപ്പ്-94, 95 എന്നീ രണ്ട് ഇനങ്ങളിലായി 243.80 കോടി രൂപയും 192.20 കോടി രൂപയും ചേർത്ത് ആകെ 436 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ സമഗ്രമായി പരിഹരിക്കുമെന്ന് പ്രഖ്യാപിച്ചപ്പോൾ അതിനെതിരെ ഒരു പ്രതിപക്ഷാംഗം പറഞ്ഞത്, രണ്ടാം ഭൂപരിഷ്കരണം ഭൂമാഫിയകളുടെ കൈകളിലേക്ക് ഭൂമി പോകാനാണെന്നാണ്. എന്നാൽ അങ്ങനെയല്ല. കേരളത്തിലെ ഭൂരഹിതരായവരെയും കേരളത്തിലെ ഭൂപരിഷ്കരണനിയമത്തിലെ വിവിധ ചട്ടങ്ങൾകൊണ്ട് ബുദ്ധിമുട്ടുന്ന ആളുകളെയും സഹായിക്കുന്നതിനുവേണ്ടി രണ്ടാം ഭൂപരിഷ്കരണ നിയമം കൊണ്ടുവന്ന ഈ ഗവൺമെന്റിനെയും ഇത്രയും ദിശാബോധത്തോടെ ഗവൺമെന്റിനെ നയിക്കുന്ന കേരളത്തിന്റെ മുഖ്യമന്ത്രിയുടെ കരങ്ങൾക്ക് ശക്തി പകർന്നുകൊണ്ട് ഈ ബജറ്റിനെയും പുതുക്കിയ ധനാഭ്യർഥനകളെയും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. വിനു ജോബ് കുഴിമണ്ണിൽ</u>: സർ, 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഊന്നൽ നൽകുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച പരിഷ്കരിച്ച ബജറ്റ് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കാർഷിക മേഖല, സമുദ്ര സമ്പദ്‌വ്യവസ്ഥ, ഐ.ടി. സെക്ടർ, ടൂറിസം എന്നീ മേഖലകൾക്ക് മുൻഗണന നൽകുന്നതുമാണ്. കാർഷിക മേഖലയ്ക്ക് 1534.98 കോടി രൂപ നീക്കിവച്ചതും റബ്ബറിന്റെ താങ്ങുവില 250/- രൂപയായി വർധിപ്പിച്ചതും ഏറെ ആശ്വാസമാണ്. എന്നാൽ നെൽക്കർഷകരുടെ പ്രശ്നങ്ങൾക്ക് ഇനിയും ശാശ്വത പരിഹാരം കാണേണ്ടതുണ്ട്. സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ആശാ

വർക്കർമാരുടെ ഓണറേറിയത്തിന് 329.2 കോടി രൂപ, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയത്തിന് 995 കോടി രൂപ വകയിരുത്തുകയും ജനസംഖ്യയുടെ 18.70 ശതമാനം വരുന്ന വയോജനങ്ങൾക്കായി ബജറ്റ് എസ്റ്റിമേറ്റിന്റെ ഇരുപത് ശതമാനം നീക്കിവച്ചിരിക്കുന്നതും എത്രയോ മനുഷ്യത്വം തുളുമ്പുന്ന കാര്യമാണ്. ആഗോള സമ്പദ്‌വ്യവസ്ഥയ്ക്ക് അനുസൃതമായി കേരളത്തിലെ യുവജനങ്ങളെ സജ്ജമാക്കാനും വിദ്യാഭ്യാസവും തൊഴിലവസരവും കൂടുതൽ യോജിപ്പിക്കുന്ന 'ഗ്ലോബൽ ജോബ് വാച്ച് ടവർ' എന്ന പദ്ധതിക്ക് 2 കോടി രൂപ വകയിരുത്തിയതും ശ്രദ്ധേയമാണ്. ഗതാഗത മേഖലയ്ക്കായി നീക്കിവച്ച 1578.83 കോടി രൂപയിൽ എന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരിയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ ബജറ്റിൽ പ്രൊപ്പോസ് ചെയ്തിരിക്കുന്ന പടിഞ്ഞാറൻ ബൈപ്പാസിന് മുൻഗണന നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പദ്ധതി അടങ്കലിലുണ്ടായ കുറവ് പരിഹരിക്കാൻ പട്ടികജാതി മേഖലയ്ക്ക് 527.68 കോടി രൂപയും പട്ടികവർഗ മേഖലയ്ക്ക് 152.52 കോടി രൂപയും പ്രത്യേക പദ്ധതിയായി വകയിരുത്തിയത് ഈ സർക്കാരിന്റെ സാമൂഹ്യനീതി ഉറപ്പാക്കൽ നയത്തിന് തെളിവാണ്. 'ഓപ്പറേഷൻ തൂഫാൻ' എന്ന anti-drug project മയക്കുമരുന്ന് ഉപയോഗിക്കുന്ന മക്കളുടെ മാതാപിതാക്കൾക്ക് ആശ്വാസമാകുകയും മക്കളെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാമെന്ന പ്രതീക്ഷയും നൽകി. അന്താരാഷ്ട്ര നിലവാരമുള്ള വിമാനത്താവളങ്ങളെ കേന്ദ്രീകരിച്ച് ഏഷ്യയിലെ പ്രധാന വ്യോമയാന ലോജിസ്റ്റിക്സ് ഹബ്ബായി കേരളത്തെ വികസിപ്പിച്ചുകൊണ്ടുള്ള ഏവിയേഷൻ-ലോജിസ്റ്റിക്സ് ഹബ്ബിന് 200 കോടി രൂപ വകയിരുത്തിയപ്പോൾ കേരളം എത്രത്തോളം ഉയരത്തിൽ പറക്കുന്നുവെന്ന് ലോകം കാണുകയാണ്. കേരളത്തിന്റെ വികസന സാധ്യത ടൂറിസത്തിനും വ്യവസായത്തിനുമായി കൂടുതൽ ശ്രദ്ധ ചെലുത്തണം. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ് പ്രവാസി നിക്ഷേപം. പതിറ്റാണ്ടുകളായി ഗൾഫ് രാജ്യങ്ങളിലും ലോകത്തിലെ വിവിധ രാജ്യങ്ങളിലും ജോലിചെയ്യുന്ന മലയാളികൾ നാട്ടിലേക്ക് അയയ്ക്കുന്ന പണം നമ്മുടെ ജീവിതനിലവാരത്തിൽ മാറ്റംവരുത്തിയെങ്കിലും കേരളത്തിന്റെ വികസനത്തിന് ഇവർ നിക്ഷേപകരായും സംരംഭകരായും മാറണം. അതിനായി 140 നിയോജകമണ്ഡലങ്ങളിലും പ്രവാസി ഇൻവെസ്റ്റ്മെന്റ് സൊസൈറ്റി

സ്ഥാപിച്ച് എല്ലാ മണ്ഡലത്തിലും ഒരോ ഇൻഡസ്ട്രി അല്ലെങ്കിൽ ഐ.ടി. പാർക്ക് ആരംഭിക്കുകയും വേണം. ആയിരക്കണക്കിന് ചെറുപ്പക്കാർ entrepreneur ആയി ഉയർന്ന ലക്ഷ്യബോധത്തോടെ മാറുന്ന കേരളം നമ്മുടെ സ്വപ്ന പദ്ധതിയാക്കണം. ഇതുപോലെ പ്രതീക്ഷയുടെ ഒരു ചിറകുവിടർന്ന ബജറ്റ് ഇന്നുവരെ കേരളം തൊട്ടറിഞ്ഞിട്ടില്ല. സഭയിലെ പ്രതിപക്ഷത്തെ നമുക്കറിയാവുന്നതല്ലേ, അവർ ഇങ്ങനെതന്നെ തുടരും. പക്ഷേ നമുക്ക് ഉയരുന്ന കേരളം എന്നൊരു ലക്ഷ്യമുണ്ട്. ലോകരാജ്യങ്ങൾ കേരളത്തെ കേൾക്കുകയും അവർ ഇന്ത്യയുടെ തെക്കേയറ്റത്തെ ഒരു കൊച്ചുസംസ്ഥാനത്തുണ്ടായ മാറ്റങ്ങളെക്കുറിച്ച് ചർച്ചനടത്തുകയും ചെയ്യും. സമ്പൂർണ്ണവും സുസ്ഥിരവുമായ വികസനം ലക്ഷ്യംവയ്ക്കുന്ന ഈ ബജറ്റിലെ നിർദേശങ്ങൾ ബന്ധപ്പെട്ട ഓരോ വകുപ്പും കൃത്യമായ സമയപരിധിക്കുള്ളിൽ ജനങ്ങളിലേക്കെത്തിക്കുന്നുവെന്ന് ഉറപ്പാക്കാൻ നാം ഒരുമിച്ചുനിൽക്കണം. നവയുഗ കേരള നിർമ്മിതിക്കായുള്ള ഈ ധനാഭ്യർഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഈ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലുള്ള തിരൂർ ജില്ലാ ആശുപത്രിയിലെ ഓങ്കോളജി ബ്ലോക്കിന്റെ പൂർത്തീകരണത്തിനും രാജീവ് ഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിനും തുക അനുവദിച്ചതിന്റെ സന്തോഷം ഞാൻ ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്. ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് കിടത്തിചികിത്സ നിർത്തലാക്കിയ രണ്ട് സി.എച്ച്.സി.-കളിൽ കിടത്തിചികിത്സ പുനഃരാരംഭിക്കാനും വളവന്നൂരിലെ ആശുപതിയെ താലൂക്ക് ആശുപത്രിയാക്കി ഉയർത്താൻ പരിശ്രമം വേണമെന്നും ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും അഭ്യർഥിക്കുന്നതിന് ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്.

ഈ ബജറ്റ് കരുത്തുള്ളതും സർവതലസ്പർശിയുമായ ഒരു ബജറ്റാണ്. നികുതികൾ ഒട്ടുമില്ലെന്നതാണ് ഇതിന്റെ ഏറ്റവും വലിയ സവിശേഷത. കഴിഞ്ഞകാലങ്ങളിൽ നമ്മൾ കുറെയധികം ബജറ്റുകൾ കണ്ടിട്ടുണ്ട്, ശൗചാലയങ്ങളുണ്ടാക്കാൻ പെട്രോളിന് വില വർധിപ്പിച്ച കേന്ദ്രസർക്കാരിനെയും പെൻഷൻ നൽകുന്നതിനുവേണ്ടി പെട്രോളിന് 2/- രൂപ സെസ്സ് ഏർപ്പെടുത്തി വില വർധിപ്പിച്ച ഇടതുപക്ഷ ഗവൺമെന്റിനെയും നമ്മൾ കണ്ടതാണ്. ഇത്തരം

കാര്യങ്ങളൊക്കെ കണ്ട ജനങ്ങളാണ് ഒരു നയാപൈസയുടെ നികുതി ചുമത്താതെ അവതരിപ്പിച്ച ഒരു ബജറ്റ് കാണുന്നത്. കേരളം കണ്ട ഏറ്റവും വലിയ കമ്മ്യൂണിസ്റ്റ് നേതാവും വലിയ പണ്ഡിതനുമാണ് ആദരണീയനായ അംഗം ശ്രീ. ജി. സുധാകരൻ സഭയിൽ ഈ ബജറ്റിനെക്കുറിച്ച് പറഞ്ഞപ്പോൾ മുൻ ധനകാര്യവകുപ്പുമന്ത്രിമാരായിരുന്ന ശ്രീ. കെ. എൻ. ബാലഗോപാലും ഡോ. തോമസ് ഐസകും കണ്ടുപഠിക്കണമെന്ന് അദ്ദേഹം പരാമർശിക്കുകയുണ്ടായി. ഈ ബജറ്റിൽ ജനങ്ങൾ വലിയ ആഹ്ലാദഭരിതരാണെന്ന വസ്തുത നമുക്കെല്ലാവർക്കും അറിയാം. എന്തായിരുന്നു കേരളത്തിന്റെ അവസ്ഥ? പത്ത് വർഷത്തെ ഭരണത്തിന്റെ ഏറ്റവും വലിയ സംഭാവന എന്തായിരുന്നുവെന്ന് കേരളത്തിന്റെ ഇടതുപക്ഷ സുഹൃത്തുക്കൾ ആലോചിക്കണം. അത് കേരളത്തെ ദരിദ്രവൽക്കരിച്ചുവെന്നുള്ളതാണ്. കേരളത്തെ ദരിദ്രവൽക്കരിച്ച ഒരു ഗവൺമെന്റ് ഭരണത്തിൽനിന്നും ഇറങ്ങുകയും അവിടെ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ എത്തുകയും ചെയ്തു. 'സി.പി.ഐ.(എം.) പറയുന്നത് ചെയ്യുകയില്ല; ചെയ്യുന്നത് പറയുകയുമില്ല' എന്ന് മഹാനായ സി. എച്ച്. മുഹമ്മദ് കോയ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ സി.പി.ഐ.(എം.) പ്രതിപക്ഷത്തായപ്പോൾ അവരുടെ നയം മാറുന്നത് നമ്മൾ കാണുന്നുണ്ട്. ഭരണമാറ്റത്തിനനുസരിച്ച് നയം മാറുന്ന ഇതുപോലെയുള്ള ഒരു രാഷ്ട്രീയപാർട്ടി കേരളത്തിലോ ഇന്ത്യയിലോ വേറെയുണ്ടോയെന്ന് ആലോചിച്ചുനോക്കൂ, ഇവിടെ എന്റെ സുഹൃത്തുക്കൾ പുഞ്ചിരിക്കുന്നത് ഞാൻ കാണുന്നുണ്ട്. ഭരണം മാറിയപ്പോൾ അവരുടെ നയവും മാറി. നമ്മുടെ കലണ്ടറിലെ പേജ് മാറുന്നതിന് ചുരുങ്ങിയത് ഇരുപത്തിയെട്ട് ദിവസമെങ്കിലും വേണം. എന്നാൽ, സി.പി.ഐ.(എം.)-ന്റെ നയം മാറാൻ മണിക്കൂറുകൾ മതിയെന്നുള്ളതാണ് ഇപ്പോഴത്തെ വസ്തുത. ഇത്തരത്തിൽ നയം മാറ്റം ഒരു കലയായി അഭ്യസിച്ച് മുന്നോട്ടുപോകുന്ന ഒരു രാഷ്ട്രീയ പാർട്ടിയാണ് സി.പി.ഐ.(എം.). അതുകൊണ്ട് ദരിദ്രവൽക്കരിക്കപ്പെട്ട ഈ നാടിനെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള വിപ്ലവകരമായ ഒരു ബജറ്റാണ് നമ്മുടെ മുന്നിൽ അവതരിപ്പിക്കപ്പെട്ടത്. ഇടതുപക്ഷം ഇതിനെ എതിർക്കുന്നുവെന്നതാണ് മറ്റൊരു കാര്യം. നിങ്ങൾ എതിർക്കുന്നതാണ് ഞങ്ങളുടെ ഒരു ബലം. നിങ്ങൾ എതിർക്കണം, അപ്പോൾ ജനങ്ങൾക്ക് അത് മനസിലാകും. കാരണം, നെല്ല് കുത്തുന്നതിനുള്ള മില്ല് വന്നപ്പോൾ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുമെന്ന് നിങ്ങൾ

പറഞ്ഞു. അതുപോലെ ടൈപ്പ് റൈറ്റിങ് മെഷീൻ വന്നപ്പോൾ ഇതേ കാരണം പറയുകയും കമ്പ്യൂട്ടർ വന്നപ്പോൾ മറ്റെന്തെങ്കിലും കാരണം പറയാനുമുണ്ടായിരുന്നില്ല. ഡോ. എം. കെ. മുനീർ വിഭാവനംചെയ്ത എക്സ്പ്രസ്സ് ഹൈവേ പദ്ധതിയും ഗെയിൽ പ്രകൃതി വാതക പൈപ്‌ലൈൻ പദ്ധതിയും നിങ്ങൾ എതിർത്തു. ഒന്ന് ആലോചിച്ച് നോക്കൂ, ഇന്ന് കമ്പ്യൂട്ടർ കൊണ്ടുവന്നതും മില്ല് കൊണ്ടുവന്നതും ഗെയിൽ കൊണ്ടുവന്നതും എല്ലാം നിങ്ങളുടേതാണെന്ന് പറയുന്നു. നമ്മുടെ നാട്ടിൽ പണ്ടുണ്ടായിരുന്ന ട്യൂബ് ലൈറ്റുകൾ രണ്ട് മിനിറ്റ് സമയമെടുത്ത് മിന്നി മിന്നി പിന്നീടാണ് പൂർണ്ണമായും പ്രകാശിക്കുന്നത്. നിങ്ങളും അതുപോലെയാണ്, കാര്യം ബോധ്യമാകണമെങ്കിൽ കുറച്ച് സമയമെടുക്കും. അതിന് ഒരു അഞ്ച് വർഷമെങ്കിലും വേണം, അതുകൊണ്ട് നിങ്ങളുടെ നയം മാറുന്നതും കാര്യങ്ങൾ ബോധ്യപ്പെടുന്നതും കേരളം കാത്തിരിക്കുകയാണെന്ന് മാത്രം നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. കഴിഞ്ഞ സർക്കാരിനോട് ഞാൻ പല കാര്യങ്ങൾ ആവശ്യപ്പെട്ടെങ്കിലും എന്റെ നിയോജകമണ്ഡലത്തിൽ ഒരു പദ്ധതിക്കും ഫണ്ട് നൽകിയില്ല. ശ്രീ. കെ. എൻ. ബാലഗോപാലിനോടുകൂടിയാണ് ഞാൻ പറയുന്നത്. ഞാൻ രണ്ട് അങ്കണവാടികൾ ചോദിച്ചു. കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ടുണ്ട്. പക്ഷേ അനുമതി ഇവിടെ നിന്നാണ് കിട്ടേണ്ടത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് മലയാളം സർവകലാശാലയും ഒരു വനിതാ എയ്ഡഡ് കോളേജും രണ്ട് ഹൈസ്കൂളുകളും അനുവദിച്ചു. എന്റെ മണ്ഡലത്തിലേക്ക് ഞാൻ രണ്ട് അങ്കണവാടി ചോദിച്ചപ്പോൾ കഴിഞ്ഞ സർക്കാർ തന്നത് എന്താണെന്ന് അറിയുമോ? ഇതുസംബന്ധിച്ച് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി എന്നോട് പറഞ്ഞത് 'ഫണ്ട് വേണ്ടേ എം.എൽ.എ. എന്ന്. വളരെ താഴ്മയോടെയാണ് പറഞ്ഞത്. പക്ഷേ നൽകി, രണ്ട് ബാർ അനുവദിച്ചുനൽകി. ഒന്ന് തിരൂരിൽ. എന്നിട്ടും അങ്കണവാടിക്ക് അനുമതി നൽകിയില്ല. ഏതോ മുതലാളി ചോദിച്ചപ്പോൾ ബാർ കൊടുത്തു. രണ്ടാമത്തെ ബാർ തിരുനാവായയിലുള്ള ഗാന്ധി സ്മാരകത്തിന് മുമ്പിലായി വരുന്നു. അതിനെതിരെ ഞങ്ങൾ സമരം നടത്തുമെന്ന് ഞാൻ ഈ സഭയിൽവച്ച് പറയുകയാണ്. വീര്യം കുറഞ്ഞ മദ്യത്തിനുവേണ്ടി ഞങ്ങൾ മദ്യമൊഴുക്കാൻ ശ്രമിക്കുന്നു എന്നുപറഞ്ഞ ഇടതുപക്ഷക്കാരോട്, നിങ്ങൾ അതിന് പങ്കെടുക്കാൻ വരുമോ

എന്ന് ഞാൻ ചോദിക്കുകയാണ്. നിങ്ങളുടെ സർക്കാർ ബാർ ആണ് അനുവദിച്ചത്. ഇവർ നേരത്തെ പറഞ്ഞത് ഒരു തുള്ളി മദ്യം പോലും ഒഴുക്കുകയില്ലെന്നാണ്. സി. എച്ച്. മുഹമ്മദ് കോയ പറഞ്ഞത് എത്രമാത്രം അന്വർഥമാണ്. ഒരു തുള്ളി മദ്യം പോലും അധികം ഒഴുക്കുകയില്ല എന്ന് പറഞ്ഞ നിങ്ങൾ നാട്ടിലാകെ ബാർ തുടങ്ങി. എന്റെ നാട്ടിലും രണ്ടെണ്ണം ഉണ്ട്. തിരഞ്ഞെടുപ്പിനെ നേരിടുന്ന സമയത്ത് വിലക്കയറ്റം ഉണ്ടാകില്ലെന്ന് അന്ന് പറഞ്ഞു. കേരളത്തിൽ വിലക്കയറ്റം ഇല്ലല്ലോ കൂട്ടുകാരേ? അതായത് നിങ്ങൾ പറയുന്നത് ചെയ്യില്ല, ചെയ്യുന്നത് പറയുകയുമില്ല.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാർഷിക മേഖലയെ തകർത്തെറിഞ്ഞു. റബ്ബറിന്റെ താങ്ങുവില വർധിപ്പിച്ചതിലുള്ള സന്തോഷം ഞാൻ രേഖപ്പെടുത്തുകയാണ്. മലബാറിലെ കർഷകർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് നാളികേര കൃഷിയെയാണ്. നാളികേരത്തിന്റെ വിലയും സംഭരണകേന്ദ്രങ്ങളും വർധിപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നതുപോലെ, സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുകയും കൂടാതെ കിലോയ്ക്ക് 80/- രൂപ ഉണ്ടായിരുന്ന നാളികേരത്തിന് 30/- രൂപയായി ചുരുങ്ങിയ ഈ സാഹചര്യത്തിൽ കിലോയ്ക്ക് 60/- രൂപയെങ്കിലും വില കിട്ടുന്ന രീതിയിൽ നാളികേരം സംഭരിക്കാനുള്ള സംവിധാനമുണ്ടാക്കണം. ഇടതുപക്ഷം തകർത്തെറിഞ്ഞ നാളികേര സംഭരണകേന്ദ്രങ്ങൾ പുനരാരംഭിക്കണമെന്നും ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അറിയാൻവേണ്ടി ഞാൻ പറയുകയാണ്, എന്റെ നിയോജകമണ്ഡലത്തിൽ വളരെ തിരക്കുപിടിച്ചൊരു സ്ഥലമാണ് പട്ടർനടക്കാവ്. അവിടെ എൻ.എച്ച്.എ.ഐ. ടോൾ പിരിവ് തുടങ്ങിയതോടുകൂടി വാഹനങ്ങളെല്ലാം തിരുനാവായ വഴി തിരിച്ചുവിടുകയാണ്. അതുവഴി യാത്ര ചെയ്യുന്ന ആളുകൾക്ക് ദുരിതം അനുഭവിച്ചിട്ടുണ്ടാകും. പ്രശസ്തമായ നാവാമുകുന്ദ ക്ഷേത്രം അതിനടുത്തായതിനാൽ ക്ഷേത്രത്തിലേക്ക് വരുന്ന ഭക്തർക്കും പ്രയാസമുണ്ടാകുന്നു. അതുകൊണ്ട് അവിടെ ഒരു ബൈപ്പാസ് റോഡ് അനുവദിക്കാനുള്ള ഫണ്ട് ഈ സാമ്പത്തികവർഷം തന്നെ

അനുവദിച്ചുനൽകണമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് ഈ ബജറ്റിനെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ബജറ്റിനോടനുബന്ധിച്ച് നടക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾ ആഗ്രഹിക്കുന്ന വികസന കാഴ്ചപ്പാടോടുകൂടിയാണ് ഈ ബജറ്റ് മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ സഭയിൽ അവതരിപ്പിച്ചത്. ഈ ബജറ്റിലെ ഉള്ളടക്കങ്ങൾ പരിശോധിക്കുമ്പോൾ വളരെ സന്തോഷം തോന്നുകയാണ്. ഞാൻ പ്രതിപക്ഷത്തിരുന്ന പത്ത് വർഷവും സാധാരണക്കാരുടെ മക്കൾക്ക് പഠിക്കുന്നതിനുവേണ്ടി ഒരു ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഞങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോൾ ഭരണപക്ഷത്തുനിന്നുള്ള രണ്ട് മന്ത്രിമാർക്ക് അതുസംബന്ധിച്ച് വ്യക്തമായ ഒരു മറുപടിയും നൽകാൻ കഴിഞ്ഞിട്ടില്ല. ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽതന്നെ വയനാട്ടിൽ ഒരു ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് 10 കോടി രൂപയാണ് പ്രഖ്യാപിച്ചത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പട്ടികവർഗ സമൂഹത്തിനോട് പ്രതിബദ്ധതയുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ആദിവാസി ക്ഷേമ സമിതി (AKS)-യുടെ ജാഥയ്ക്ക് നീളം കൂട്ടുന്നതിനുവേണ്ടി കേരളത്തിലെ പട്ടികവർഗ സമൂഹത്തെ സി.പി.ഐ.(എം). പാർട്ടി ഉപയോഗപ്പെടുത്തുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം അവർക്ക് തൊഴിൽ നൽകാനോ ഭവനം നിർമ്മിച്ചുകൊടുക്കാനോ കഴിഞ്ഞിട്ടില്ല. മാനദണ്ഡങ്ങൾക്കനുസൃതമായി വനാവകാശ നിയമം കൃത്യമായി നടപ്പാക്കാനാകാതെ പരാജയപ്പെട്ട ഒരു സർക്കാരാണ് പത്തുവർഷം കേരളത്തിൽ ഭരണംനടത്തിയത്. വനാവകാശ നിയമപ്രകാരം എവിടെയെങ്കിലും ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ എന്ന് ചോദിച്ചാൽ അതിനുത്തരം ഇല്ല എന്നാണ്. എന്താണ് ഇന്ന് കേൾക്കുന്ന 'ഉന്നതി'? ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി എങ്ങനെയാണ് 'ഉന്നതി' എന്ന വാക്ക് വിശേഷിക്കപ്പെടുന്നത് എന്നുള്ളത് സംബന്ധിച്ച് പരിശോധിക്കണം. ആദിവാസി സെറ്റിൽമെന്റ്, അംബേദ്കർ സെറ്റിൽമെന്റ്, ആദിവാസി കോളനി എന്നൊക്കെ നമ്മൾ പറയാറുണ്ട്. എന്ത്

അടിസ്ഥാനത്തിലാണ് ഉന്നതി എന്ന വാക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്; അത് വ്യക്തമായി പരിശോധിക്കേണ്ടതുണ്ട്. തിരുവനന്തപുരത്തെ വികാസ് ഭവനിൽ പി.എം. യൂണിറ്റ് പ്രവർത്തിക്കുന്നു. വനാവകാശ നിയമം വളരെ കൃത്യമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനുള്ള ഒരു യൂണിറ്റാണത്. കഴിഞ്ഞ പത്തുവർഷക്കാലം യൂണിറ്റിൽ നിയമിച്ചിട്ടുള്ളവർ ആരൊക്കെയെന്ന് ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി പരിശോധിക്കണം. അവിടെ വെറും കുട്ടിക്കളിയാണ് നടക്കുന്നതെന്നാണ് എനിക്ക് മനസ്സിലാകുന്നത്. കുറച്ച് വിദ്യാർഥികൾക്കാണ് അതിന്റെ നടത്തിപ്പ് ചുമതല കൊടുത്തിട്ടുള്ളത്. പിന്നെ എങ്ങനെയാണ് വനാവകാശ നിയമം കൃത്യമായി നടപ്പാക്കാൻ കഴിയുന്നത്; പിന്നെ എങ്ങനെയാണ് പട്ടികവർഗ്ഗക്കാർക്കും ഭൂരഹിതർക്കും നിയമപ്രകാരമുള്ള ഭൂമി കൊടുക്കാൻ കഴിയുന്നത്? ആദിവാസി ഭവനനിർമ്മാണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ചു. അങ്ങനെ തന്നെയാണ് വേണ്ടത്. കേരളത്തിൽ അധികാരവികേന്ദ്രീകരണം ഉപയോഗപ്പെടുത്തിക്കൊണ്ട് ഗ്രാമസഭകളിൽ ആദിവാസികൾക്ക് സംസാരിക്കാൻ കഴിയാത്ത സാഹചര്യമുള്ളതുകൊണ്ടാണ് അക്കാലത്ത് ഊരുകൂട്ടം പോലുള്ള സംവിധാനങ്ങളും പ്രത്യേക ഗ്രാമസഭകളും കൊണ്ടുവന്നത്. കൂടാതെ സബ്-പ്ലാൻ പദ്ധതികൾക്ക് പ്രത്യേക വികസന സംവിധാനങ്ങളും കൊണ്ടുവന്നു. അവയൊക്കെ അട്ടിമറിച്ച ഒരു സർക്കാരാണ് കേരളത്തിൽ കഴിഞ്ഞ പത്തുവർഷം ഉണ്ടായിരുന്നത്. അതുകൊണ്ട് പട്ടികവർഗ്ഗ മേഖലയിൽ പട്ടികവർഗ്ഗക്കാർക്ക് നിഷേധിക്കപ്പെട്ട ആദിവാസി ഭവനം കൃത്യമായി നടപ്പാക്കുന്നതിനുവേണ്ടി പുതിയ പദ്ധതിക്ക് രൂപം കൊടുക്കുക മാത്രമല്ല കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ചതിനെക്കാൾ കൂടുതൽ തുക പ്രഖ്യാപിച്ചുകൊണ്ടാണ് ഇന്ന് സർക്കാർ മുന്നോട്ടുപോകുന്നത്. ഞാൻ പട്ടികവർഗ്ഗ കുടുംബത്തിലെ അംഗമെന്ന നിലയ്ക്ക് ലീഡർ കെ. കരുണാകരനെ ഈ നിയമനിർമ്മാണ ശ്രീകോവിലിൽ ഓർക്കുകയാണ്. കാരണം പട്ടികവർഗ്ഗമേഖലയിൽ ആദ്യമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് എന്ന സംവിധാനത്തിലൂടെ ഉദ്യോഗാർഥികൾക്ക് സർക്കാർ ജോലി നൽകുന്നതിന് സാഹചര്യമൊരുക്കിയത് കെ. കരുണാകരൻ ആണ്. അദ്ദേഹം മുഖ്യമന്ത്രിയായിരുന്നപ്പോൾ

ആ പദ്ധതി കൊണ്ടുവന്നിരുന്നില്ലെങ്കിൽ ഇന്ന് പട്ടികവർഗ്ഗവിഭാക്കാർക്ക് തൊഴിൽ ലഭിക്കില്ലായിരുന്നു. ഇന്ന് ആ പദ്ധതിയും അട്ടിമറിക്കപ്പെടുക മാത്രമല്ല രാഷ്ട്രീയവൽക്കരണവും നടത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ അജണ്ടയുടെയും ഗൂഢാലോചനയുടെയും ഭാഗമായി അർഹതപ്പെട്ട ആളുകൾക്ക് തൊഴിൽ നൽകാതെ നിയമനം നടത്തി. നിഷ്പക്ഷതയുണ്ടാകണം. ഇന്ന് മെന്റർ ടീച്ചർമാർ എന്ന ഒരു ആശയമുണ്ട്. ആ ആശയത്തിനപ്പുറത്ത് മറ്റൊരു രാഷ്ട്രീയ കാഴ്ചപ്പാട് സി.പി.ഐ.(എം.)-ന് ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെയാണ് ഇന്ന് മെന്റർ ടീച്ചർമാരുടെ ഇന്റർവ്യൂ ഉൾപ്പെടെയുള്ളവ നടത്തുന്നതിന് പ്രത്യേകം പി.എസ്.സി. നോംസ് അനുസരിച്ച് ഐക്യജനാധിപത്യ മുന്നണി സർക്കാരിന്റെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുന്നോട്ടുപോകുന്നത്. ഈ മേഖലയിൽ നമുക്ക് ഒത്തിരി കാഴ്ചപ്പാടുകളുണ്ട്. ഓരോ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ അവരുടെ ജീവിതം വളരെ ദുരിതത്തിലാണ്. വയനാട് ജില്ലയിലെ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ഉന്നത പഠനം നേടുന്നതിനുവേണ്ടി ട്രൈബൽ യൂണിവേഴ്സിറ്റി പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചു. അത് പ്രഖ്യാപിക്കുമ്പോൾ അതിന്റെ മെച്ചം കിട്ടുന്നത് കേരളത്തിലെ സാധാരണക്കാരായ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കാണ്. അവരെ വളർത്തിക്കൊണ്ടുവരണം. പട്ടികവർഗ്ഗവിഭാഗക്കാർ വനവാസികളാണെന്നാണ് ബി.ജെ.പി. പറയുന്നത്. വനത്തിൽ താമസിച്ചാൽ മാത്രമേ അവർക്ക് സംവരണം ലഭിക്കുകയുള്ളൂവെന്നാണ് ബി.ജ.പി. സർക്കാർ പറയുന്നത്. പാവപ്പെട്ട പട്ടികവർഗ്ഗവിഭാഗക്കാർ വനത്തിൽമാത്രം ജീവിക്കാൻ വിധിക്കപ്പെട്ടവരാണോ? അവർ പട്ടണങ്ങളിലേക്ക് വരണ്ടേ; ഗ്രാമങ്ങളിലേക്ക് വരണ്ടേ; അവർക്കുള്ള നിയമസംവിധാനങ്ങൾ കൃത്യമായി നടപ്പിലാക്കണ്ടേ? എന്നാൽ അതൊന്നും നടപ്പിലാക്കാതെ കഴിഞ്ഞ പത്ത് വർഷമായി കേരളം ഭരിക്കുന്ന ഇടതുപക്ഷ സർക്കാരും കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാരും ഒരു നാണയത്തിന്റെ രണ്ട് വശമായി മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ അടിസ്ഥാനപരമായ ഈ ബജറ്റ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ കൃത്യമായി പട്ടികവർഗവിഭാഗത്തിന് പ്രത്യേക ഊന്നൽ നൽകി നടപ്പാക്കികൊണ്ടിരിക്കുന്നത്. ഈ പദ്ധതികളൊക്കെ പരിശോധിക്കപ്പെടണം. ഒരിക്കൽക്കൂടി

അടിവരയിട്ട് പറയുകയാണ്. വികാസ് ഭവനിലുള്ള വനാവകാശ നിയമപ്രകാരം പ്രവർത്തിക്കേണ്ടതായ പി.എം. യൂണിറ്റിലെ നിയമനം ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി നേരിട്ട് പരിശോധിക്കേണ്ടതുണ്ട്. മറ്റൊന്ന്, 'ഉന്നതി' എന്ന വാക്ക് പരിശോധിക്കപ്പെടണം. ഇതിലൂടെ അവരെ അവഹേളിക്കുകയാണ്.

നിരവധിപ്പേരാണ് കടുവകളുടെയും ആനകളുടെയും ആക്രമണത്തിൽ കൊല്ലപ്പെടുന്നത്. വന്യജീവി ആക്രമണത്തിനെതിരെ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ വനംവകുപ്പിന് സാധിക്കുന്നില്ല. വനമേഖലയും ജനവാസ കേന്ദ്രങ്ങളും രണ്ടായി തരംതിരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വയനാട്ടിലെ എന്റെ നിയോജകമണ്ഡലമായ സുൽത്താൻ ബത്തേരിയിൽ പിടിക്കപ്പെടുന്ന കടുവകളെ പരിചരിക്കുന്നതിനായി ഒരു കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഏകദേശം ആറ് കടുവകളാണ് അവിടെയുള്ളത്. കടുവകളുടെയും ആനകളുടെയും ആക്രമണത്തിൽ നിരവധിയാളുകൾക്ക് ജീവൻ നഷ്ടപ്പെട്ട സാഹചര്യത്തിൽ അവർക്കുള്ള കോമ്പൻസേഷൻ തുക വർധിപ്പിക്കേണ്ടതുണ്ട്. ഇടതുപക്ഷ സർക്കാർ കഴിഞ്ഞ പത്തുവർഷക്കാലം നഷ്ടപരിഹാരമായി നൽകിയത് പത്ത് ലക്ഷം രൂപയാണ്. 2012-ൽ പ്രിയങ്കരനായ ഉമ്മൻചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ കാർഷിക വിളകൾ വന്യമൃഗങ്ങൾ നശിപ്പിച്ചാൽ അതിന്റെ കോമ്പൻസേഷൻ വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സഭയിൽ ഞാനൊരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അതുപ്രകാരം നഷ്ടപരിഹാര തുക വർധിപ്പിച്ചതല്ലാതെ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നഷ്ടപരിഹാര തുക വർധിപ്പിക്കാൻ ഒരു നടപടിയും ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചില്ല. ഇക്കാര്യം ബഹുമാനപ്പെട്ട വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി പരിശോധിക്കണമെന്ന് അഭ്യർഥിക്കുന്നു. മാത്രമല്ല, കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടി ഒരു പൈലറ്റ് പ്രോജക്ടിന്റെ ഭാഗമായി വന്യജീവി ആക്രമണം തടയുന്നതിന് സുൽത്താൻ ബത്തേരിയിൽ കൽമതിലുകൾ നിർമ്മിക്കാൻ നബാർഡിൽനിന്നും വായ്പെടുത്ത് പതിനാറ് കോടി രൂപ അനുവദിച്ചിരുന്നു. ബഹുമാനപ്പെട്ട വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി വയനാട്ടിലുള്ള കൽമതിലുകൾ പരിശോധിക്കണമെന്ന് അഭ്യർഥിക്കുകയാണ്. ഹാങ്ങിങ് ഫെൻസിങ് ആവർത്തന ചെലവുള്ളതും മരങ്ങൾ മുറിച്ചുമാറ്റലും ആവശ്യമാണ്. റെയിൽ ഫെൻസിങ്

(റെയിൽവേ വേലി) ആവശ്യത്തിന് റെയിലുകൾ കിട്ടാനില്ലാത്തത് പരിശോധിക്കപ്പെടണം. സോളാർ ഫെൻസിങ്ങിനും ആവർത്തന ചെലവുകളുണ്ട്. എന്നാൽ കൽമതിലുകൾക്ക് ആവർത്തന ചെലവില്ല. കൂടാതെ അവ കെട്ടിയ ഭാഗങ്ങളൊക്കെ വളരെ സുരക്ഷിതമാണ്. അതുകൊണ്ട് അക്കാര്യങ്ങൾ കൃത്യമായി പരിശോധിച്ച് വളരെ വ്യക്തമായ നിലപാടുകളോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് കേരളത്തിലെ സാധാരണക്കാരായ കർഷകരെ വന്യമൃഗങ്ങളുടെ അക്രമണത്തിൽനിന്നും സംരക്ഷിക്കണം എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങികൊണ്ട് ഞാൻ എന്റെ വാക്കുകളെ നിർത്തുന്നു.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. 2026-27-ലെ ആദ്യ ബജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXIV-ൽ തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന ഹെഡിൽ എൽ.ഡി.എഫ്. സർക്കാർ 1776 കോടി 67 ലക്ഷം രൂപ വകയിരുത്തിയപ്പോൾ യു.ഡി.എഫ്. സർക്കാർ 1478 കോടി 79 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത ഹെഡിൽ 298 കോടി രൂപയുടെ കുറവാണ് ഉണ്ടായിരിക്കുന്നത്. ഇത് പ്രവാസി ക്ഷേമപ്രവർത്തനങ്ങളെയും ബാധിക്കുന്നൊരു പ്രശ്നമാണ്. പ്രതിവർഷം രണ്ട് ലക്ഷം കോടിയിലധികം രൂപ നേരിട്ടും 2 കോടി 86 ലക്ഷം രൂപയുടെ ബാങ്ക് നിക്ഷേപമായും നൽകി കേരളത്തിന്റെ മൊത്തം വരുമാനമായ GSDP (Gross State Domestic Product)-യുടെ പത്തൊമ്പതര ശതമാനം സംഭാവന ചെയ്യുന്ന ഒരു വിഭാഗമാണ് 22 ലക്ഷത്തോളം വരുന്ന പ്രവാസികൾ. ഈ സർക്കാർ പ്രവാസി സമൂഹത്തെ വലിയ നിലയിൽ അവഗണിച്ചിരിക്കുകയാണ്. പ്രവാസികളുടെ ക്ഷേമത്തിന് മുൻ സർക്കാരുകൾ ഏകദേശം 200 കോടിയോളം രൂപ മാറ്റിവച്ചിരുന്ന സ്ഥലത്ത് ഇന്ന് പ്രവാസികൾക്ക് ഇരുട്ടടി കിട്ടിയെന്ന് നമുക്ക് പറയാൻ സാധിക്കും. നിലവിൽ പ്രവാസി പെൻഷൻ മുടങ്ങിയിരിക്കുകയാണ്. പ്രവാസി ക്ഷേമനിധി ബോർഡ് കടുത്ത പ്രതിസന്ധിയിലാണ്. ഇത് വളരെ ഗൗരവത്തിൽ കാണേണ്ട വിഷയമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രവാസി ക്ഷേമനിധി ബോർഡിന് കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക സഹായമാണ് സർക്കാർ

നൽകിയത്. ഞാൻ അതിന്റെ കണക്കുകൾ വായിക്കുന്നില്ല. 2026 ഏപ്രിൽ വരെ പെൻഷൻ വിതരണം മുടങ്ങാതെ ചെയ്യാൻ എൽ.ഡി.എഫ്. സർക്കാരിനും ബോർഡിനും സാധിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രവാസികൾക്ക് പെൻഷൻ മുടങ്ങുന്ന സ്ഥിതിയാണുള്ളത്. കഴിഞ്ഞ മാസത്തെ പെൻഷൻ പോലും ഇതുവരെ നൽകിയിട്ടില്ലെന്നത് വളരെ ഗൗരവമുള്ള വിഷയമാണ്. പ്രവാസികൾക്ക് ക്ഷേമനിധിയും പെൻഷനും നൽകുന്നത് സർക്കാരിന്റെ ഔദാര്യമല്ല. പുതുക്കിയ ബജറ്റിൽ നോർക്ക എന്ന പദംപോലും ഉൾപ്പെടുത്താത്തത് പ്രതിഷേധാർഹമാണ്. പ്രവാസികൾക്ക് ഇൻവെസ്റ്റുമെന്റിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിരവധി പദ്ധതികൾ നാട്ടിലുണ്ട്. അതിനെക്കുറിച്ച് ഒന്നും പരാമർശിക്കാതെ പുതിയ സംരംഭക പദ്ധതി എന്നുപറഞ്ഞ് ബജറ്റിൽ വാചാലമാകുന്നത് പ്രവാസികളെ വഞ്ചിക്കുന്നതിന് തുല്യമാണ്. പട്ടികജാതി, പട്ടികവർഗ വിഭാഗത്തിന്റെ കാര്യങ്ങൾ പരിശോധിക്കുകയാണെങ്കിൽ അതിലും വലിയ നിലയിലേക്കുള്ള കുറവുകൾ ബജറ്റിൽ കാണാൻ സാധിക്കും. ഇതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. ഈ മേഖലയിലും ഗൗരവമേറിയൊരു പരിശോധന നടത്തേണ്ടതുണ്ട്. ടൂറിസം മേഖല പരിശോധിച്ചാൽ എൽ.ഡി.എഫ്. സർക്കാർ ബജറ്റ് വിഹിതം 413.52 കോടി രൂപയാണെങ്കിൽ പുതുക്കിയ ബജറ്റിൽ 88.16 കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി ഗൗരവത്തിൽ കാണേണ്ട വിഷയമാണിത്. കാർഷികമേഖലയിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 690 കോടി രൂപയുടെ കുറവാണ് കാണാൻ സാധിച്ചത്. ഇക്കാര്യങ്ങളെല്ലാം വളരെ ഗൗരവത്തിൽ പരിശോധിക്കപ്പെടേണ്ട വിഷയമാണ്. പൊതുവിദ്യാഭാസ മേഖലയുമായി ബന്ധപ്പെട്ട് സഭയിൽ ചർച്ച നടന്ന ഘട്ടത്തിലും അല്ലാതെയും കേരളത്തിലെ സർക്കാർ സ്കൂളുകളുടെ എണ്ണം കുറയുന്നുവെന്ന വിചിത്രമായ വാദം ശ്രീ. വി. മുരളീധരൻ ഉന്നയിക്കുകയുണ്ടായി. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ കേരളത്തിലെ സർക്കാർ സ്കൂളുകളിൽ വിദ്യാർഥികളുടെ എണ്ണം കുറഞ്ഞിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി 2016-17 മുതൽ 2024-25 വരെ പൊതുവിദ്യാലയങ്ങളിൽ മൊത്തം

905144 വിദ്യാർഥികളുടെ വർധനവുണ്ടായെന്നത് ഒരു യാഥാർഥ്യമാണ്. 2013-14 വർഷത്തേക്കാൾ വലിയൊരു ശതമാനം വർധനവാണിത്. അടിസ്ഥാനരഹിതമായ വിഷയങ്ങൾ സഭയ്ക്കകത്ത് പൊതുവെ കൊണ്ടുവരുന്ന സ്ഥിതിയാണ്. എൽ.ഡി.എഫ്. സർക്കാർ വിദ്യാലയങ്ങൾ 'മികവിന്റെ കേന്ദ്രം' പദ്ധതി നടപ്പാക്കുകയും നല്ല നിലയിൽ ഇടപെടുകയും അയ്യായിരം കോടിയിലേറെ രൂപ ചെലവഴിക്കുകയും ചെയ്തു. കിഫ്ബി സഹായത്തോടെ 1,427 കോടി രൂപയുടെ നിക്ഷേപമാണ് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി നാം നടത്തിയിട്ടുള്ളത്. 972 സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി മൊത്തം 3,220 കോടി രൂപയുടെ പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയത്. സമയക്കുറവുമൂലം അതിന്റേയും വിശദീകരണത്തിലേക്ക് കടക്കുന്നില്ല. കിഫ്ബി ഫണ്ടിങ്ങിനെ സംബന്ധിച്ച് സൂചിപ്പിച്ചപ്പോൾ എൽ.ഡി.എഫ്. എം.എൽ.എ.-മാരുടെ നിയോജകമണ്ഡലത്തിൽ മാത്രമാണ് കിഫ്ബി ഫണ്ട് നൽകിയതെന്നാണ് എന്റെ സുഹൃത്തായ ഒരു യു.ഡി.എഫ്. അംഗം പറഞ്ഞത്. എന്നാൽ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പതിനഞ്ചോളം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിലെ പിഎം ശ്രീ പദ്ധി, നാഷണൽ എഡ്യൂക്കേഷൻ പോളിസി (എൻഇപി) എന്നിവ ചർച്ച ചെയ്ത വേളയിൽ, ഇന്നലെയും കോൺഗ്രസ് നയിക്കുന്ന സർക്കാരുകൾ എൻഇപി, പിഎം ശ്രീ പദ്ധതി ഉൾപ്പെടെ നടപ്പാക്കിയത് സംബന്ധിച്ച് ഉന്നയിച്ചിരുന്നു. 2022-ൽ ആരംഭിച്ച പിഎം ശ്രീ പദ്ധതി തെലുങ്കാന, രാജസ്ഥാൻ ഛത്തീസ്ഘട്ട്, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ കോൺഗ്രസ് ഭരിക്കുന്ന സമയത്താണ് ആരംഭിച്ചത്. കർണ്ണാടകയിൽ ബി.ജെ.പി. ആരംഭിച്ച ടി പദ്ധതി കോൺഗ്രസ് തുടരുകയാണ്. ഇതിനെക്കുറിച്ച് മുസ്ലീം ലീഗിന്റെ നേതാവുകൂടിയായ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു നിലപാട് പറയാൻ ഇതുവരെ തയ്യാറായിട്ടില്ല. കോൺഗ്രസ്സിന്റെ കാര്യം പോട്ടെ; കോൺഗ്രസ് ഭരിക്കുന്ന നാല് സംസ്ഥാനങ്ങളിൽ പിഎം ശ്രീ ആരംഭിച്ചതിനെക്കുറിച്ച് എന്താണ് മുസ്ലീം ലീഗ് എന്നുപറയുന്ന രാഷ്ട്രീയ പാർട്ടിയുടെ നിലപാട്; ഒരു നിലപാട് വേണ്ടേ? ഞങ്ങൾ ഇവിടെ ഞങ്ങളുടെ നിലപാട് പറഞ്ഞിട്ടുണ്ട്.

സിലബസ്സിനകത്ത് ഗാന്ധി വധം പഠിപ്പിക്കേണ്ടതില്ലെന്ന് ഈ രാജ്യത്ത് വിധി എഴുതിയപ്പോൾ ഇന്ത്യയിൽ ആദ്യമായൊരു സംസ്ഥാനം സിലബസ്സിനകത്ത് ഗാന്ധി വധം പഠിപ്പിക്കാൻ തയ്യാറായത് ഈ കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ്. ഇത് നമുക്ക് അറിയാവുന്ന കാര്യമാണ്. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ രണ്ട് കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. ഒന്ന് 'ഞങ്ങൾ തുടങ്ങിയിട്ടല്ലേയുള്ളൂ ഭരണം., അല്പസമയം തരില്ലേ' എന്നാണ്. ഞങ്ങൾ സമയം തരാൻ തയ്യാറായതുകൊണ്ടാണ് പല വിഷയങ്ങളുണ്ടായിട്ടും ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ അദ്ദേഹം അത് അഭ്യർത്ഥിക്കേണ്ടിയിരുന്നത് ഞങ്ങളോടല്ല, മുൻ കെ.പി.സി.സി പ്രസിഡന്റുൾപ്പെടെ ഹൈക്കമാന്റിന്റെ തലപ്പത്തിരിക്കുന്നവരോടാണ് അഭ്യർത്ഥിക്കേണ്ടിയിരുന്നത്. അതോടൊപ്പം അദ്ദേഹം പറഞ്ഞത് 'തെറ്റുകളുണ്ടെങ്കിൽ ഞങ്ങൾ തിരുത്തും' എന്നാണ്. തെറ്റുകൾ പൊതുവെ തിരുത്താൻ തയ്യാറാകണം. എന്നാൽ തെറ്റുകളുടെ ഘോഷയാത്രയല്ലേ ഈ നാൽപ്പത് ദിവസംകൊണ്ടുണ്ടായിരിക്കുന്നത്. സത്യപ്രതിജ്ഞാ ചടങ്ങിൽ ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ മുഴുവൻ ഈരടികളും പാടിയത് ഒന്നാമത്തെ തെറ്റ്, മഹാത്മാ ഗാന്ധി സർവകലാശാലയുടെ വൈസ് ചാൻസലറായി ബി.ജെ.പി.-യുടെ നേതാവിനെ നിയമിച്ചത് രണ്ടാമത്തെ തെറ്റ്. മഹാത്മാ ഗാന്ധി സർവകലാശാലയിൽ ബി.ജെ.പി. ഓഫീസിൽനിന്നും എഴുതിക്കൊടുത്തവരുടെ പേര് ചാൻസലർ നിർദേശിക്കുകയും സിൻഡിക്കേറ്റിലേക്കുള്ള അംഗങ്ങളുടെ നിയമനത്തിൽ സംഘപരിവാർ അനുകൂലികളെ തിരുകി കയറ്റുകയും ചെയ്തത് മറ്റൊരു തെറ്റ്, ബജറ്റിൽ വീര്യംകുറഞ്ഞ മദ്യത്തെക്കുറിച്ചെടുത്ത നിലപാട് മറ്റൊരു വലിയ തെറ്റ്. പിഎം ശ്രീ പദ്ധതിയെക്കുറിച്ച് ഒരക്ഷരം മിണ്ടാതിരിക്കുന്നത് മറ്റൊരു തെറ്റാണ്. ഇങ്ങനെയാണെങ്കിൽ 'തെറ്റ് വകുപ്പ് എന്നൊരു പുതിയ വകുപ്പ് കേരളത്തിൽ അധികം വൈകാതെ കൊണ്ടുവരേണ്ടിവരും. തെറ്റ് വകുപ്പിന്റെ ഭാവിയിലെ മന്ത്രിസ്ഥാനം അങ്ങുതന്നെ വഹിക്കണമെന്നാണ് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. കാരണം തെറ്റിനെ ശരിയാക്കുന്നതിനുള്ള നല്ല നാവ് അദ്ദേഹത്തിനുണ്ട്.

സ്വർണ്ണം കട്ടവന്റെ വക്കീൽ ആരപ്പാ; ഇപ്പോൾ സ്പെഷ്യൽ പ്ലീഡറാണപ്പാ; എന്നുപറയാൻ നിങ്ങൾക്ക് പ്രയാസമുണ്ടെങ്കിലും ഞങ്ങൾക്ക് മടിയില്ല. ഇന്ന് രാവിലെ സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപവുമായി ബന്ധപ്പെട്ട വിഷയത്തിനകത്ത് പ്രതിപക്ഷ നേതാവിന്റെ ഒരു പരാമർശം ഒരു മന്ത്രിയെ അപമാനിക്കലാണെന്ന് ചിത്രീകരിക്കാൻ ശ്രമിച്ചു. അതിന് പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ നിലപാട് പറഞ്ഞപ്പോൾ അത് അവിടെ അവസാനിച്ചു. എന്നാൽ കഴിഞ്ഞ തവണ പ്രതിപക്ഷ നേതാവായി അങ്ങ് ഇരുന്നപ്പോൾ ഈ ട്രഷറി ബഞ്ചിലിരുന്ന മന്ത്രിമാരെക്കുറിച്ച് എന്തൊക്കെ വാചകങ്ങളാണ് നിങ്ങൾ ഉപയോഗിച്ചതെന്ന് ഞാൻ പറയേണ്ടതുണ്ടോ? വിദ്യാഭ്യാസ വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി തുടങ്ങി എല്ലാ മന്ത്രിമാരെയും അങ്ങ് പ്രതിപക്ഷ നേതാവായിരുന്നപ്പോൾ ഉപയോഗിച്ച പദപ്രയോഗം എന്താണെന്നുള്ളത് നമ്മുടെ സഭാരേഖകളിലുണ്ട്. കൂടാതെ പുറത്തുനിന്ന് പറഞ്ഞത് എന്താണെന്നുള്ളത് വളരെ കൃത്യമായി നമുക്കറിയാവുന്നതുമാണ്. തെറ്റിനെ ശരിയാക്കാനുള്ള നല്ല ധാരണയുള്ള വ്യക്തിയാണ് കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി. ഒരുകാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇന്നലെ സംസാരത്തിൽ എയിംസിനെക്കുറിച്ച് പറയുകയുണ്ടായി. എയിംസിന്റെ സാധ്യതകൾ സൂചിപ്പിച്ചുകൊണ്ട് നാല് സ്ഥലങ്ങളുടെ പേര് നൽകിയിട്ടുണ്ടെന്നും അതെവിടെയുമാകാമെന്നുമാണ് അദ്ദേഹം പറഞ്ഞത്. കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ ഇതിനെക്കുറിച്ച് പഠനം നടത്തി എയിംസ് വേണ്ടത് കോഴിക്കോട് ജില്ലയിലാണെന്നുള്ള നിലപാട് സ്വീകരിച്ചിരുന്നു. ആ നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കിനാലൂരിൽ എയിംസിനുവേണ്ടി സ്ഥലവും കണ്ടെത്തിയിരുന്നു. അതുകൊണ്ട് ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുമ്പോൾ കേരളത്തിന്റെ ആരോഗ്യ വകുപ്പുമന്ത്രി നിലപാട് വ്യക്തമാക്കേണ്ടതുണ്ട്. എവിടെയുമാകാം എന്നൊരു നിലപാട് അദ്ദേഹം സ്വീകരിക്കുന്നത് ശരിയാണോ എന്നുള്ളത് അദ്ദേഹത്തിന്റെകൂടി അഭിപ്രായം അറിഞ്ഞുകൊണ്ട് പറയേണ്ടതാണ്.

ശ്രീ. കെ. മുരളീധരൻ: സർ, അങ്ങ് പറഞ്ഞ സ്ഥലം ഉൾപ്പെടെയുള്ള നാല് സ്ഥലങ്ങളുടെ പേരാണ് കേന്ദ്രത്തിനെ അറിയിച്ചിട്ടുള്ളത്. കാരണം, കഴിഞ്ഞ തവണ ഇതൊരു പൊളിറ്റിക്കൽ ഗെയിം ആയാണ് കേന്ദ്രം കണ്ടിരുന്നത്. അല്ലാതെ സ്ഥലം അനുയോജ്യമല്ലാത്തതുകൊണ്ടല്ല. ഇതിവിടെ തരാതിരിക്കാനുള്ള ശ്രമമായിരുന്നു. അതുകൊണ്ടാണ് ഒരു സ്ഥലം മാത്രമല്ല, ഒന്നിൽക്കൂടുതലുണ്ടെന്നും അതിനുള്ള സ്ഥലവും ഏക്കറുമുൾപ്പെടെ ചൂണ്ടിക്കാണിച്ച് കേന്ദ്ര സർക്കാരിന് കത്തയച്ചിരിക്കുന്നത്. വിദഗ്ധ സമിതി വന്ന് ഇക്കാര്യങ്ങൾ പരിശോധിക്കട്ടെ. നമുക്ക് ഒരൊറ്റ ലക്ഷ്യം മാത്രമേയുള്ളൂ; കേരളത്തിന് എയിംസ് വേണം. കോഴിക്കോട് ഉൾപ്പെടെയുള്ള സ്ഥലങ്ങളുടെ പേരുകളാണ് നിർദേശിച്ചിട്ടുള്ളത്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കഴിഞ്ഞ തവണ ഇതുസംബന്ധിച്ച് പഠനം നടത്തി കോഴിക്കോട് എയിംസ് വരണമെന്ന് എൽ.ഡി.എഫ്. സർക്കാർ തീരുമാനിച്ചിരുന്നു. ആ തീരുമാനത്തോടൊപ്പം എത്തുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അതിനോടൊപ്പം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നിലപാട് സ്വീകരിക്കുമെന്നും കരുതുന്നു. കോഴിക്കോട് ജില്ലയിലെ മുഴുവൻ എം.എൽ.എ.-മാരും ഒപ്പിട്ട ഒരു നിവേദനം നൽകിയിട്ടുണ്ട്. മുഴുവൻ എം.എൽ.എ.-മാർ എന്നുപറഞ്ഞാൽ ഒരാൾ ഒഴികെ ബാക്കി എല്ലാവരും യു.ഡി.എഫ്. എം.എൽ.എ.-മാരാണ്. ആ നിലയിൽ കോഴിക്കോടാണ് ന്യായമായും വരേണ്ടത്. അക്കാര്യത്തിൽ സർക്കാർ ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുമെന്ന് കരുതുന്നു. ഇവിടെ ഒരു കാര്യം ഉറപ്പിച്ചുപറയാൻ ഞാനാഗ്രഹിക്കുന്നു. ഏതെങ്കിലും മന്ത്രിമാർക്കെതിരെ വ്യക്തിപരമായ അധിക്ഷേപങ്ങൾ നടത്തുന്നത് ഞങ്ങളുടെ രീതിയല്ല. ഇന്ന് അങ്ങനെയൊന്ന് നടത്താനുള്ള ശ്രമം ട്രഷറി ബഞ്ചിലുള്ള ചില അംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. മന്ത്രിമാരെ വ്യക്തിപരമായി അധിക്ഷേപിക്കുന്ന രീതി ഞങ്ങൾക്കില്ല. എന്നാൽ രാഷ്ട്രീയമായി തെറ്റായ നിലപാടിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് ഞങ്ങൾ മുന്നോട്ടുപോകും. ഒരു പുതിയ ഗവൺമെന്റ് എന്നുള്ള നിലയിൽ ആ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. അല്പസമയം നൽകണമെന്നുള്ള നിങ്ങളുടെ അഭ്യർഥന ഞങ്ങളോടല്ല നടത്തേണ്ടത്, നിങ്ങളുടെ ചില

നേതാക്കന്മാരോടാണ് നടത്തേണ്ടത് എന്നുള്ളതുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർഥനയെ എതിർക്കുകയാണ്.

മി. സ്പീക്കർ: അടുത്തത് ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടിയാണ്. അതിനുമുമ്പ് ഒരു കാര്യം പറയാനുള്ളത്, മൊത്തത്തിൽ ഒരു സമയക്ലിപ്തതയുണ്ട്. കഴിയുന്നതും അതിനകത്തുനിന്നുകൊണ്ട് മറുപടി പറയാൻ ശ്രമിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, പാലങ്ങൾ, റോഡുകൾ, മേല്പാലങ്ങൾ, ജങ്ഷൻ ഇംപ്രൂവ്മെന്റ്, ബൈപ്പാസ് എന്നിവയെല്ലാം എല്ലാവർക്കും വേണം. അവയെല്ലാം നമുക്ക് നടത്താം. ഉദാഹരണമായി, പാലം നിർമ്മിക്കുമ്പോൾ അപ്രോച്ച് റോഡിനുവേണ്ട സ്ഥലം ജനപ്രതിനിധികൾ സൗജന്യമായി വാങ്ങിത്തന്നാൽ എല്ലായിടത്തും ആവശ്യമായ പാലങ്ങൾ നിർമ്മിച്ച് നൽകാമെന്നാണ് എല്ലാ ജനപ്രതിനിധികളോടും എനിക്ക് പറയാനുള്ളത്. ഒരു പാലത്തിന്റെ അക്വിസിഷന് പോയാൽ രണ്ടുമൂന്നുവർഷം വേണ്ടിവരും. എങ്ങനെയാണ് അത് നടത്താൻ സാധിക്കുന്നത്? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അതിനുമുമ്പുള്ള ഗവൺമെന്റിന്റെ കാലത്തും കുറേ പാലങ്ങൾ നിർമ്മിച്ചിരുന്നു. 24 പാലത്തിന്റെ പ്രവൃത്തി പൂർത്തിയാക്കിയിട്ട് 8 വർഷമായിട്ടും നാളിതുവരെ അപ്രോച്ച് റോഡ് വന്നിട്ടില്ല. ഇതിനൊരു മാറ്റം വരണ്ടേ? മാറ്റത്തിനാണല്ലോ ഞങ്ങളെ ജനങ്ങൾ തിരഞ്ഞെടുത്തത്. ജില്ലാ പഞ്ചായത്ത് മെമ്പർമാരും ജനപ്രതിനിധികളായ നമ്മളെല്ലാവരും വിചാരിച്ചാൽ നാട്ടുകാർ സൗജന്യമായി ഇതിനായി സ്ഥലം നൽകും. പക്ഷെ അതിനുവേണ്ടി നമ്മൾ നന്നായി പരിശ്രമിക്കണം. എന്റെ നിയോജകമണ്ഡലമായ ഏറനാട് നാട്ടുകാർ സൗജന്യമായി സ്ഥലം നൽകിയതുകൊണ്ടാണ് റോഡ് വീതികൂട്ടിയതും പാലത്തിന് അപ്രോച്ച് റോഡ് ലഭിച്ചതും. അങ്ങനെയാണ് എന്റെ മണ്ഡലത്തിൽ കൂടുതൽ വികസനങ്ങളുണ്ടായത്. ബഹുമാന്യനായ ശ്രീ. സജി ചെറിയാൻ എനിക്ക് കിട്ടിയെന്നുപറയുന്നുണ്ടല്ലോ, എനിക്ക് കിട്ടിയത് അങ്ങനെയാണ്, ഇക്കാര്യത്തിൽ നിങ്ങൾക്കൊരു പോസിറ്റീവ് അപ്രോച്ചുണ്ടാകണം. കക്ഷി രാഷ്ട്രീയത്തിനതീതമായി നാട്ടിൽ വികസനം വേണമെന്നാണ് ഞാൻ പറയുന്നത്. കുറേ ആളുകൾക്ക് കൊടുത്തതുകൊണ്ട് നാട്ടുകാർ വോട്ട് ചെയ്യുമെന്ന് കരുതി നിങ്ങൾ നിൽക്കണ്ട, അതുകൊണ്ടല്ലേ നിങ്ങൾ തോറ്റത്? ഞങ്ങൾക്കൊക്കെ അഞ്ച് കോടി രൂപ,

നിങ്ങൾക്കൊക്കെ 20-ഉം 25-ഉം കോടി രൂപയാണ് അനുവദിച്ചിരുന്നത്. (ബഹളം.....) 20 ശതമാനം നിങ്ങൾ കൊണ്ടുവന്നതുതന്നെ നിങ്ങളെ നന്നാക്കാനും ഞങ്ങളെ ഇരുത്താനുമാണ്. കഴിഞ്ഞ തവണ ഞങ്ങൾക്ക് ലഭിച്ചില്ലല്ലോ; 62 മണ്ഡലങ്ങളിൽ ഞങ്ങൾ ജയിച്ചുവന്നു. ആ കണക്ക് നോക്കുമ്പോൾതന്നെ ഞങ്ങൾക്കറിയാം. നിങ്ങൾക്ക് കഴിഞ്ഞ തവണ ആറുകോടി രൂപയാണ് അനുവദിച്ചിരുന്നത്. ഇപ്പോൾ അത്തരത്തിലുള്ള വിവേചനമൊന്നും ഞങ്ങളിൽനിന്നുമുണ്ടാവില്ല. എല്ലാവരെയും പരിഗണിക്കും. നിങ്ങൾ പ്രൊപ്പോസൽ നൽകൂ. ഫ്ലൈ ഓവർ, ജങ്ഷൻ ഇംപ്രൂവ്മെന്റ്, ബൈപ്പാസ് ഇതൊക്കെ നടപ്പിലാക്കുന്നതിന് ഒരു പഠനം നടത്തും. ഒരു വിദഗ്ധ സമിതിയെ നിയോഗിച്ച് മൂന്നുമാസംകൊണ്ട് അതിനൊരു പരിഹാരം കാണും, എവിടെയൊക്കെ വേണമെന്നുള്ള തീരുമാനമുണ്ടാകും. യാതൊരു സംശയവുമില്ല. പി.ഡബ്ല്യൂ.ഡി. മാന്വൽ 1974-ൽ തയ്യാറാക്കിയതാണ്. 2012-ൽ ഉമ്മൻ ചാണ്ടിയുടെ കാലത്താണ് വി. കെ. ഇബ്രാഹിം കുഞ്ഞ് സാഹിബ് ചെറിയ ഒരു പരിഷ്കാരം നടത്തിയത്. പി.ഡബ്ല്യൂ.ഡി. മാന്വൽ മുഴുവനായി പരിഷ്കരിച്ച് പുതിയ പി.ഡബ്ല്യൂ.ഡി. മാന്വൽ തയ്യാറാക്കും. അല്ലാതെ ഒരു വർക്കും നടക്കില്ല. കാലം ഇത്രമാറിയിട്ടും നമ്മൾ ഇപ്പോഴും പഴയ കാലഘട്ടത്തിലാണ് നിൽക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) കാലഘട്ടത്തിലേക്ക് നമ്മൾ പൊയ്ക്കൊണ്ടിരിക്കുകയാണ്, കമ്മ്യൂണിസ്റ്റുകാർ അതിലേക്ക് വരണമെന്ന് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ തന്നെ പറഞ്ഞിട്ടുണ്ട്. അതനുസരിച്ചുള്ള മാറ്റങ്ങൾ മാന്വലിൽ കൊണ്ടുവരാൻ നമുക്ക് കഴിയും.

പ്രോജക്ട് സമയബന്ധിതമായി നടക്കണം. പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്രോട്ടോകോൾ നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അത് ആദ്യമായി പൊതുമരാമത്ത് വകുപ്പ് നടപ്പാക്കും. ഏതൊരു പദ്ധതിയും വേഗത്തിൽ നടപ്പിലാക്കി അതിന്റെ റിസൾട്ട് വരാനുള്ള സംവിധാനം പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകും. വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതാണ് ഏറ്റവും വലിയ പ്രശ്നം. അതിന്റെ നൂലാമാലകൾ കുറച്ചുകൊണ്ടുവന്ന് എങ്ങനെയാണ് നടപടികൾ വേഗത്തിലാക്കാൻ കഴിയുകയെന്നതിനെക്കുറിച്ച് പരിശോധിക്കണം. എല്ലാ പദ്ധതികളും പ്രഖ്യാപിക്കുമെങ്കിലും 50 കോടിയുടെ പ്രോജക്ട് അഞ്ചുകൊല്ലം കഴിയുമ്പോൾ 150-200 കോടി രൂപയാവുകയാണ്.

അതിനൊരു മാറ്റം ഉണ്ടാകണം. എല്ലാവരും സഹകരിക്കണം. ചില സാഹചര്യത്തിലൊക്കെ അങ്ങനെ സംഭവിക്കും. കാലം മാറി, നല്ല റോഡുകൾ വരുമ്പോൾ സ്ഥലത്തിന് വില വർധിക്കുകയും അതിന്റെ ബെനിഫിറ്റ് ലഭിക്കുകയും ചെയ്യും. അതൊക്കെ നമ്മൾ മനസ്സിലാക്കണം. ജനപ്രതിനിധികൾക്കും എം.എൽ.എ.-മാർക്കും മന്ത്രിമാർക്കും കുറച്ചൊക്കെ ഇച്ഛാശക്തി ഉണ്ടാകണം. എങ്കിൽ മാത്രമേ കാര്യങ്ങൾ സുഗമമായി നടക്കുകയുള്ളൂ. നാട്ടിക എം.എൽ.എ. ശ്രീമതി ഗീതാഗോപി അവരുടെ മണ്ഡലത്തിലെ ഒരു വർക്കിനെക്കുറിച്ച് പരാമർശിച്ചു. അവിടത്തെ വർക്കുകൾ ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടില്ല, ആരോടും നിർത്തിവയ്ക്കാനും പറഞ്ഞിട്ടില്ല. ഒരു ടെൻഡർ കഴിഞ്ഞാൽ അത് ഓപ്പൺ ചെയ്യാൻ സമയമുണ്ട്. അത് ഓപ്പൺ ചെയ്ത് ആർക്കാണ് ലഭിക്കുകയെന്ന് നോക്കി സെലക്ഷൻ നോട്ടീസ് കൊടുത്ത് എഗ്രിമെന്റാക്കാൻ സമയമെടുക്കും. ഇവിടെ അതൊന്നും ചെയ്തിട്ടില്ലല്ലോ. നിങ്ങൾ കാടടച്ച് വെടിവയ്ക്കരുത്. ഞങ്ങൾ ഇവിടെയാണ്, നിങ്ങൾ അവിടെയാണ്. ഇപ്പോൾ നിങ്ങളെപ്പോലെയല്ല, ഞങ്ങൾ കുറച്ചുകൂടിയൊക്കെ മാറിയിട്ടുണ്ട്. അക്കാര്യങ്ങൾ പിന്നെ പറയാം.

കുന്നത്തൂർ നിയോജകമണ്ഡലാംഗം ശ്രീ. ഉല്ലാസ് കോവൂർ റോഡുകളുടെ ദുരവസ്ഥയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കേരളത്തിൽ മഴക്കാലമായാൽ റോഡിൽ കുഴികളുണ്ടാവും. അതൊക്കെ റണ്ണിങ് കോൺട്രാക്ട് നൽകി അതിന്റെ പാച്ച് വർക്കും മറ്റും ചെയ്ത് റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്താൻ സാധിക്കും.

ഇറാൻ-അമേരിക്ക പ്രശ്നങ്ങളുണ്ടായപ്പോൾ നിർമ്മാണ മേഖലയിൽ ടാറിനും മെറ്റീരിയൽസിനും വില വർധിച്ചിട്ടുണ്ട്. അത് സത്യമായ ഒരു കാര്യമാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽവന്ന് ഒരുമാസവും അഞ്ചാറുദിവസവുമേ ആയിട്ടുള്ളൂ. ബിറ്റുമിന്റെ വിലയിലുണ്ടായ അന്തരം/വ്യത്യാസം കരാറുകാർക്ക് കൊടുക്കാൻ ഇന്നത്തെ കാബിനറ്റിൽ തീരുമാനിച്ചിട്ടുണ്ട്. അപ്പോൾ ആ പ്രശ്നത്തിന് പരിഹാരമുണ്ടാകും. മഴക്കാലത്ത് ടാറിങ് നടത്താൻ കഴിയില്ല. ചെറിയ രീതിയിലുള്ള പാച്ച് വർക്കും മറ്റും മാത്രമേ ഇപ്പോൾ ചെയ്യാൻ സാധിക്കുകയുള്ളൂ. ആ ഒരു കാര്യത്തിൽ മാത്രമാണ് ബുദ്ധിമുട്ടുണ്ടായത്.

എന്നെക്കുറിച്ചും ബാപ്പയെക്കുറിച്ചും ബഹുമാനപ്പെട്ട നിയമസഭാംഗം ശ്രീ. ജി. സുധാകരൻ പറഞ്ഞു. അദ്ദേഹം യഥാർഥ കമ്മ്യൂണിസ്റ്റുകാരനാണ്. ആരൊക്കെയാണ് നല്ല ആളുകളെന്ന് അദ്ദേഹത്തിനറിയാം. യഥാർഥ കമ്മ്യൂണിസ്റ്റുകാർക്കേ അത് പറയാൻ കഴിയുകയുള്ളൂ. ലീഗിനെക്കുറിച്ചും പറഞ്ഞു. യഥാർഥ കമ്മ്യൂണിസ്റ്റുകാരൻ എല്ലാ സത്യവും പറയും. കപട കമ്മ്യൂണിസ്റ്റുകാരൻ ഒന്നും പറയില്ല അതാണ് പ്രശ്നം. അദ്ദേഹത്തിന് നല്ല വിവരവും ഓർമ്മശക്തിയുമുണ്ട്. നല്ല മന്ത്രി തന്നെയായിരുന്നല്ലോ. ശ്രീ. സജി ചെറിയാൻ അദ്ദേഹത്തിന്റെ സ്വന്തം ആളായിരുന്നല്ലോ. പിന്നീട് തെറ്റിയതല്ലേ. ഞാൻ മാത്രമേ തെറ്റാതെ നടന്നിട്ടുള്ളൂ. അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം വളരെ ശരിയാണ്. അദ്ദേഹത്തിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽ ധാരാളം വർക്കുകൾ നടത്തിയിരുന്നുവെന്ന് പറഞ്ഞിരുന്നു. ആവശ്യമായ ഫണ്ട് പൊതുമരാമത്ത് വകുപ്പിനുണ്ട്. പി.ഡബ്ല്യു.ഡി.-ക്ക് കഴിഞ്ഞ സർക്കാരിന്റെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ബഹുമാന്യനായ ശ്രീ. കെ. എൻ. ബാലഗോപാൽ വകയിരുത്തിയതിനേക്കാളും 278 കോടി രൂപ അധികമായി ഇത്തവണത്തെ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ആവശ്യമായ ഫണ്ട് അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുമുണ്ട്. ഫണ്ടില്ലാത്തതിന്റെ പേരിൽ വികസന പ്രവർത്തനങ്ങളൊന്നും മുടങ്ങില്ല. അതൊക്കെ ഭംഗിയായി കൈകാര്യം ചെയ്ത് പോകാവുന്നതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പല സ്ഥലങ്ങളിലും രണ്ടുരീതിയിൽ വികസനം ഉണ്ടായിട്ടുണ്ട്. ചില സ്ഥലങ്ങളിൽ നന്നായി വികസനം നടന്നിട്ടുണ്ടെങ്കിൽ മറ്റു സ്ഥലങ്ങളിൽ തീരെ വികസനം ഉണ്ടായിട്ടില്ല. മലപ്പുറം ജില്ലയിൽ സിറ്റി റോഡ് വികസനം നടപ്പിലാക്കുന്നതിനുള്ള നടപടിയുണ്ടാകും. അതുപോലെ മലപ്പുറം സിവിൽ സ്റ്റേഷനിൽ ഒരു റവന്യൂ ടവർ ഇല്ല. 65 കോടി രൂപയുടെ ഒരു പദ്ധതിയുണ്ട്. റവന്യൂ ടവർ നിർമ്മിക്കുന്നതിന് നബാർഡിന്റെ സഹായത്തോടുകൂടി ആ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവൃത്തിയെക്കുറിച്ച് ബഹുമാനപ്പെട്ട നിയമസഭാംഗം ശ്രീ. ടി. ജെ. വിനോദ് സൂചിപ്പിക്കുകയുണ്ടായി. അതിനെക്കുറിച്ച് വിശദമായ മറുപടി ഇന്നലെ സഭയിൽ ഞാൻ പറഞ്ഞതാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ വർക്ക്

ലോഡ് കൂടിയതുകാരണമാണ് 10 ശതമാനം വ്യത്യാസമുണ്ടായത്. ബിഡ് കപ്പാസിറ്റി നോക്കാതെ എല്ലാ ടെൻഡറിലും പങ്കെടുക്കാൻ അവർക്ക് അവസരം നൽകി. അങ്ങനെ അവസരം നൽകിയപ്പോൾ എത്ര വർക്ക് ഉണ്ടെന്ന് പരിശോധിക്കാൻ കഴിയാതെ എല്ലാ വർക്കിലും അവർ പങ്കെടുത്തു. അങ്ങനെ പങ്കെടുത്തതുകൊണ്ട് ധാരാളം വർക്കുകൾ അവർക്ക് ലഭിച്ചു. ഇപ്പോൾ പല സ്ഥലത്തും വർക്കുകൾ ആരംഭിച്ചിട്ടില്ല. ചില സ്ഥലങ്ങളിൽ 30 ശതമാനംവരെ പണി ആരംഭിച്ചിട്ടുണ്ട്. തെറ്റായ രീതി സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് മുഖം നോക്കാതെ നടപടിയുണ്ടാകുന്നതായിരിക്കും. ബഹുമാനപ്പെട്ട നിയമസഭാംഗം ശ്രീ. ജി. സുധാകരൻ 500 കിലോമീറ്റർ റോഡ് കോൺക്രീറ്റ് ചെയ്യണമെന്ന് പറഞ്ഞു. ഘട്ടംഘട്ടമായി അത് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കും. അദ്ദേഹത്തിന്റെ നിർദേശങ്ങൾ സ്വീകരിക്കുന്നതായിരിക്കും.

ഇപ്പോൾ ഇലക്ഷൻ കഴിഞ്ഞു. ഇലക്ഷനുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് രാഷ്ട്രീയ കാര്യങ്ങൾ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി ശ്രീമതി ബിന്ദു കൃഷ്ണയുടെ തലയിൽ പായസം വീണതിനെക്കുറിച്ച് അന്വേഷിച്ചു. അതുമാത്രമല്ല, മുൻ മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പ്രോട്ടോകോൾ പ്രകാരം വിമാനത്തിൽ കയറാൻ കഴിയാതെ വന്നപ്പോൾ അതന്വേഷിച്ച് അതിനെതിരെ നടപടിയെടുത്ത സർക്കാരാണിത്. നിങ്ങൾ തിരുത്തുമെന്നു പറഞ്ഞു; സി.പി.ഐ.(എം) എന്താണ് തിരുത്തിയത്; ഞാൻ എപ്പോഴും പറയാറുണ്ട്, നിങ്ങൾ നന്നാകണം; നിങ്ങൾ ഉണ്ടാകണം; പക്ഷേ നിങ്ങൾ കേട്ടില്ല. നിങ്ങൾ ഇപ്പോൾ തിരുത്തിയത്, വെള്ളിയാഴ്ചത്തെ സെക്രട്ടറിയേറ്റ് ചൊവ്വാഴ്ചത്തേക്ക് മാറ്റി. നിങ്ങളുടെ മാറ്റത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. കുറച്ചൊക്കെ രാഷ്ട്രീയം പറയണ്ടേ. പ്രതിപക്ഷം ഞങ്ങളെ പറയുമ്പോൾ ഭരണപക്ഷം എന്തെങ്കിലും നിങ്ങളോടും പറയണ്ടേ. പിഎം ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട്, നിങ്ങൾക്ക് കുട്ടിയുണ്ടായശേഷം അത് അബോർഷൻ ചെയ്യാൻ നമ്മളോട് പറയുന്ന ഏർപ്പാടാണത്. നിങ്ങളല്ലേ അതിന്റെ ബാപ്പ, നിങ്ങളല്ലേ അത് ഒപ്പിട്ടുകൊടുത്തത്, ഞങ്ങളല്ലല്ലോ ഒപ്പിട്ടത്. നിങ്ങൾ ആത്മാർഥമായി നെഞ്ചത്ത് കൈവച്ച് പറയൂ. ഞാൻ അവരെ വിഷമിപ്പിക്കുകയല്ല, അവരുടെ മനസ്സ് പാകപ്പെടുത്തി

ചിരിപ്പിക്കുകയാണ്. സംഘർഷം ഉണ്ടാകണ്ടായെന്നുകരുതി പറഞ്ഞതാണ്. പുതിയ സർക്കാർ അധികാരത്തിൽ വന്നു. കേരളത്തിൽ വികസനം കൊണ്ടുവരുന്നതിന് എല്ലാവരുടെയും സഹായസഹകരണങ്ങൾ ആവശ്യമാണ്. ആരോടും രാഷ്ട്രീയമോ പാർട്ടി വിവേചനമോ ഒന്നുമില്ല. എല്ലാ സ്ഥലങ്ങളിലും വികസനം നടക്കണം. അതിനുള്ള നിർദേശങ്ങൾ നൽകുകയാണെങ്കിൽ യാതൊരു പ്രയാസവുമില്ലാതെ പരിഗണിക്കാവുന്നതാണ്. സമയക്കുറവുമൂലം കൂടുതൽ കാര്യങ്ങൾ അടുത്ത ഡിബേറ്റിൽ പറയുന്നതാണ്. ഈ ധനാഭ്യർഥന പാസാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, ജലവിഭവ വകുപ്പിന്റെ ജനക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ പുതിയ സർക്കാർ ആത്മാർഥമായ ശ്രമം നടത്തുകയാണ്. ഭൂരിപക്ഷം എം.എൽ.എ.-മാരും ഒരേപോലെ ചൂണ്ടിക്കാണിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം കുടിവെള്ളവുമായി ബന്ധപ്പെട്ടതാണ്. ശുദ്ധജല വിതരണ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകളാണ് സത്യത്തിൽ മുൻഗണന കൊടുത്ത് നടപ്പിലാക്കേണ്ടത് എന്നതിൽ സംശയമില്ല. ഭൂരിപക്ഷം അംഗങ്ങളും ഇന്ന് ചൂണ്ടിക്കാണിച്ചതും അല്ലാതെ കത്തുകളിലൂടെ ലഭിച്ചിട്ടുള്ളതും ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ടുള്ള പദ്ധതികളെക്കുറിച്ചാണ്. ഇപ്പോൾ നിലവിലുള്ള പദ്ധതികൾ മുഴുവൻ അവലോകനം ചെയ്യുമ്പോൾ നമുക്ക് തൃപ്തികരമായ ജലവിതരണം എല്ലാ സ്ഥലത്തും നടത്തുവാൻ കഴിയുന്നില്ലായെന്നുള്ളതാണ് വസ്തുത. ഇതുസംബന്ധിച്ച പരാതികൾ വ്യാപകമായി നിലനിൽക്കുകയാണ്. ഈ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ ഇടപെടലിലേക്കാണ് ജലവിഭവ വകുപ്പ് കടക്കുവാൻ ശ്രമിക്കുന്നത്. ജലജീവൻ മിഷൻ പദ്ധതിയാണ് ഏറ്റവും ലൈവായി നിൽക്കുന്ന പ്രധാനപ്പെട്ട പദ്ധതി. സംസ്ഥാനമൊട്ടാകെ റിവ്യൂ ചെയ്തപ്പോൾ ഇതിന്റെ ഏതാണ്ട് 50 ശതമാനം പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളത്. ഇനി ബാക്കി വരുന്ന 50 ശതമാനം പ്രധാനപ്പെട്ട ഘട്ടമാണ്. ഈ 50 ശതമാനം കൂടി പൂർത്തിയാക്കിയാൽ മാത്രമേ ജലജീവൻ മിഷൻ പദ്ധതി തൃപ്തികരമായി നമുക്ക് കമ്മിഷൻ ചെയ്യാൻ കഴിയുകയുള്ളൂ. രണ്ടുവർഷം കൂടി കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ എക്സ്റ്റൻഷൻ നൽകിയിട്ടുണ്ട്. അതിപ്പോൾ നമുക്ക് ആശ്വാസകരമായിട്ടുണ്ട്. അത്

പ്രയോജനപ്പെടുത്താൻ കഴിയുന്ന സാഹചര്യം വന്നിരിക്കുകയാണ്. രണ്ടുവർഷംകൂടി കാലാവധി കിട്ടിയിരിക്കുന്നതുകൊണ്ട് ഇതിനുള്ളിൽ ജലജീവൻ മിഷന്റെ പ്രധാനപ്പെട്ട പദ്ധതികളെല്ലാം ലക്ഷ്യമിട്ടതുപോലെ പൂർത്തിയാക്കി എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കാൻ കഴിയുന്ന വിധത്തിൽ പദ്ധതി പൂർത്തിയാക്കാനുള്ള തീവ്രശ്രമമാണ് നമുക്ക് വേണ്ടത്. സത്യത്തിൽ, ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ധാരാളം സങ്കീർണ്ണമായ പ്രശ്നങ്ങളും പലതരത്തിലുള്ള അലംഭാവങ്ങളുമുണ്ടായിട്ടുണ്ട്. കരാറുകാരുടെ കുടിശ്ശികയെത്തുടർന്ന് വർക്ക് ഉപേക്ഷിച്ചുപോകുന്ന സാഹചര്യംവന്നു. നിലവിൽ അത് പരിഹരിക്കപ്പെട്ട് ഏകദേശം വർക്കുകൾ എടുക്കാവുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ വന്നിട്ടുണ്ട്. ഇനിയുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യാവുന്ന സ്ഥിതിയിലേക്ക് ആക്കണമെങ്കിൽ കുറെയേറെ പ്രശ്നങ്ങൾകൂടി ജില്ല തിരിച്ചും നിയോജകമണ്ഡലം തിരിച്ചും പ്രത്യേകമായി റിവ്യൂ ചെയ്ത് പ്രശ്ന പരിഹാരത്തിനുവേണ്ട ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ജലജീവൻ മിഷൻ പദ്ധതിയടക്കം പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള കാര്യക്ഷമമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്. ഇതിനോട് അനുബന്ധിച്ചുള്ള മറ്റൊരു പ്രശ്നം റോഡുകളുമായി ബന്ധപ്പെട്ടതാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സുധാകരനും ബഹുമാനപ്പെട്ട താനൂർ അംഗം ശ്രീ. പി. കെ. നവാസും മറ്റുചില അംഗങ്ങളും ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ജലജീവൻ മിഷന്റെ ആദ്യത്തെ മൂന്ന് ഘട്ടങ്ങളിൽ പൈപ്പ് സ്ഥാപിച്ചതിനുശേഷം അറ്റകുറ്റപ്പണികൾ ചെയ്യാൻ മാത്രമേ ഫണ്ട് ഉണ്ടായിരുന്നുള്ളൂ. റോഡ് restoration-നുള്ള തുക ഇല്ലായിരുന്നു. ഇത് വലിയ ഒരു പ്രശ്നമായിരുന്നു. അതുകൊണ്ട് ടി പ്രവൃത്തികൾക്കായി വെട്ടിപ്പൊളിച്ച പഞ്ചായത്ത് റോഡുകൾ വലിയ നിലയിൽ തകർന്നുകിടക്കുകയാണ്. അത് നന്നാക്കുന്നതിന് സാധിക്കാത്ത അവസ്ഥയായിരുന്നു. പി.ഡബ്ല്യൂ.ഡി. റോഡുകളിലും ആദ്യ ഘട്ടങ്ങളിൽ റോഡ് restoration പ്രവൃത്തിക്കുള്ള മതിയായ ഫണ്ട് ഇല്ലാതിരുന്നതിനാൽ അറ്റകുറ്റപ്പണികൾ ചെയ്ത് നിർത്തിയപ്പോൾ റോഡുകൾ പൂർണ്ണമായും തകരുന്ന അവസ്ഥയുണ്ടായി. വലിയ പാളിച്ചയാണ് ഇതേ തുടർന്ന് സംഭവിച്ചത്. പിന്നീട് പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റുമായി സംസാരിക്കുകയും, അക്കാര്യത്തിൽ കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്തും ആവശ്യമായ പരിഹാര നടപടികൾക്കുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചു. എന്തായാലും ഇപ്പോൾ നമുക്ക് വന്നിരിക്കുന്ന നാലും അഞ്ചും ഘട്ടങ്ങളിൽ റോഡ് restoration-നുള്ള ഫണ്ടുകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ സ്കീം നിലവിൽ റിവൈസ്ഡ് പ്രൊപ്പോസൽ ആക്കി മാറ്റിയിരിക്കുകയാണ്. റോഡ് restoration കൂടി ഇതോടൊപ്പം നടക്കുക എന്ന പ്രധാനപ്പെട്ട കാര്യംകൂടി നിർവഹിക്കാൻ കഴിയുന്ന ഒരു സാഹചര്യം തുടർന്നുള്ള സ്കീമിൽ പ്രാവർത്തികമാക്കാൻ കഴിയും എന്നതാണ് അക്കാര്യത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. അതുപോലെതന്നെ പഞ്ചായത്തുകൾക്കുവേണ്ടി എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറി ഒരു സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. പഞ്ചായത്തുകൾ മുൻകൂറായി തുക ചിലവഴിച്ച് റോഡുകൾ ജലജീവൻ മിഷന്റെ പ്രവൃത്തികൾക്കുവേണ്ടി പൂർത്തിയാക്കിയാൽ പിന്നീട് നബാർഡിൽ നിന്നും ലഭിക്കുന്ന വായ്പയോ മറ്റ് വായ്പയോ കിട്ടുന്നതനുസരിച്ച് ആ കടം റീ-ഇംപേഴ്സ് ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള ഒരു സ്കീംകൂടി ഇപ്പോൾ ധാരണയാക്കിയിട്ടുണ്ട്. അങ്ങനെ വകുപ്പുകൾ തമ്മിലുള്ള ഒരു ഏകോപനം, സത്യത്തിൽ വകുപ്പുകളുടെ ഏകോപനമില്ലായ്മയും ഇക്കാര്യത്തിൽ ഒരു പ്രതിസന്ധി ഉണ്ടാക്കിയെന്നുള്ളതാണ് റിവ്യൂ ചെയ്യുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. ജലവിഭവം, പി.ഡബ്ല്യൂ.ഡി., എൽ.എസ്.ജി.ഡി. വകുപ്പുകളുടെ ഒരു ഏകോപനം ഇക്കാര്യത്തിൽ പ്രധാനപ്പെട്ടതാണ്. മൂന്ന് വകുപ്പുകളിലെയും മന്ത്രിതലത്തിൽ യോഗം ചേർന്നുകൊണ്ട് പ്രശ്നപരിഹാരത്തിന് ആവശ്യമായ ഒരു സിസ്റ്റം ആവിഷ്കരിച്ച് ഈ പദ്ധതി റിവ്യൂ ചെയ്യാനും പൂർത്തിയാക്കാനുംവേണ്ടി ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. അതിനുവേണ്ടിയുള്ള നടപടികൾ മറ്റ് മന്ത്രിമാരുമായി കൂടിയാലോചിച്ചുകൊണ്ട് ധാരണയിലേക്ക് എത്തിക്കുന്നതായിരിക്കും.

മറ്റൊരു പ്രധാനപ്പെട്ട കാര്യം ഇറിഗേഷനുമായി ബന്ധപ്പെട്ടതാണ്. ഇക്കാര്യത്തിൽ ജലസേചന വകുപ്പിന്റെ കീഴിലുള്ള ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ടുള്ള നവീകരണമാണ് ഏറ്റവും പ്രധാനം. ഇവിടെ നമുക്ക് ഏറ്റവും_വലിയ പ്രശ്നമായി വരുന്നത് നിരവധിയായ വെള്ളപ്പൊക്കപ്രശ്നങ്ങൾക്ക് ഇത് ഇടവരുത്തുമെന്ന വലിയ ബുദ്ധിമുട്ട് നിലനിൽക്കുകയാണ്. കായലും പുഴകളുമെല്ലാം ചെളി നിറഞ്ഞും മാലിന്യങ്ങൾ നിറഞ്ഞും ജലസംഭരണശേഷി കുറഞ്ഞിരിക്കുന്ന എന്ന ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്.

അതുകൊണ്ട് മണ്ണും ചെളിയും നീക്കം ചെയ്യാനുള്ള പ്രവർത്തനങ്ങൾ സ്റ്റേറ്റ് ഒട്ടാകെ ഒരു കർമ്മപരിപാടിയായി ആവിഷ്കരിക്കേണ്ടത് അനിവാര്യമാണ്. ഫണ്ടിന്റെ അപര്യാപ്തതയും മറ്റ് പല വിഷയങ്ങളുംകൊണ്ട് ഇതിലേക്ക് കടക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു മുൻഗണന കൊടുക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ സംബന്ധിച്ച് ഒരു പ്രോജക്ടിലേക്ക് വരുന്നതിനുവേണ്ടി, പ്രത്യേകിച്ച് നമ്മുടെ ജലാശയങ്ങൾ മുഴുവൻ നല്ല നീരൊഴുക്കുള്ളതാക്കാനും തൃപ്തികരമായി ആളുകൾക്ക് വെള്ളം ഉപയോഗിക്കാനും കഴിയുന്ന അവസ്ഥയിലേക്ക് പുഴകളെയും നദികളെയും മറ്റ് ജലാശയങ്ങളെയും മാറ്റാനുള്ള കർമ്മപരിപാടിക്ക് രൂപം കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്.

മറ്റൊന്ന് ഡാമുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യമാണ്. ഡാമുകളിൽ സമാനമായ രീതിയിൽ മണ്ണും ചെളിയും നിറഞ്ഞിരിക്കുന്നതുമൂലം ജലസംഭരണശേഷി കുറഞ്ഞിട്ടുണ്ട്. വിവിധ ഗവൺമെന്റുകളുടെ കാലഘട്ടങ്ങളിൽ ഇക്കാര്യങ്ങളിൽ തീരുമാനം എടുത്തെങ്കിലും പല തരത്തിലുള്ള ആക്ഷേപങ്ങൾക്കും അഴിമതികൾക്കും ഇടം നൽകുന്ന വിധത്തിലാണ് ഇതിന്റെ വിവിധ പദ്ധതികൾ ഇപ്പോൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇത് കുറ്റമറ്റ നിലയിൽ ഏറ്റവും അഴിമതി രഹിതമായി നമുക്ക് ഉപയോഗപ്പെടുന്ന നിലയിലേക്ക് പുന:ക്രമീകരിക്കുക എന്നത് ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഴിമതിക്കാരായ ആളുകൾ ഇത്തരം മേഖലകളിൽ കടന്നുകൂടി കാണിച്ചിട്ടുള്ള ആവശ്യമില്ലാത്ത കാര്യങ്ങൾ പുറത്തുകൊണ്ടുവരാനും ഏറ്റവും ഉപകാരപ്രദമായ ഒരു കാര്യമെന്ന നിലയിൽ ഇത് സത്യസന്ധമായും കാര്യക്ഷമമായും നടപ്പിലാക്കാനുമുള്ള ആത്മാർഥമായ ശ്രമം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇന്നലെ പാർലമെന്റ് കമ്മിറ്റി ഡാം ഉൾപ്പെടെയുള്ള സ്ഥലങ്ങൾ സന്ദർശിച്ചിരുന്നു. ജൽശക്തി മന്ത്രാലയം പാർലമെന്റ് കമ്മിറ്റി ആവശ്യപ്പെട്ട പ്രകാരം ഇന്നലെ ഒരു യോഗം കൂടുകയുണ്ടായി. ഈ യോഗത്തിൽ

കേരളത്തിന്റേയും തമിഴ്നാടിന്റേയും പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിനും ബഹു.സുപ്രീം കോടതിക്കും വിവിധ തലങ്ങളിൽ ചർച്ച ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള ഒരു പ്രൊപ്പോസൽ നമ്മൾ വ്യക്തമായി അവിടെ അവതരിപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രതിനിധിയെ ഇതുമായി ബന്ധപ്പെട്ട് ഒഴിവാക്കപ്പെട്ട ഒരു സാഹചര്യം ഇടയ്ക്കുണ്ടായി. അത് കേന്ദ്ര മന്ത്രിയേയും അതുപോലെതന്നെ നമ്മുടെ അഡീഷണൽ ചീഫ് സെക്രട്ടറിയെയും പ്രിൻസിപ്പൽ സെക്രട്ടറിയെയും അറിയിക്കുകയും കേന്ദ്ര ഗവൺമെന്റ് നമ്മുടെ പ്രതിനിധിയെ ഉൾപ്പെടുത്താനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി കേരളത്തിന്റെ പ്രതിനിധിയെ സജസ്റ്റ് ചെയ്യുന്നതിനുവേണ്ടി മുഖ്യമന്ത്രിയുമായി ആലോചിച്ച് എത്രയും പെട്ടെന്ന് ആ പേരുകൾ നിർദേശിക്കുന്നതായിരിക്കും. മുല്ലപ്പെരിയാർ വിഷയത്തിൽ നമ്മുടെ സ്റ്റാന്റ് വളരെ ക്ലിയർ ആണ്. കേരളത്തിന് പുതിയ അണക്കെട്ട് ഉണ്ടാവുക എന്നത് തന്നെയാണ് പുതിയ ഗവൺമെന്റിന്റെയും നിലപാട്. മുൻകാലങ്ങളിലും ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാട് അതുതന്നെയാണ്. തമിഴ്നാടിന് ആവശ്യമായ വെള്ളം കൊടുക്കാൻ കേരളം സന്നദ്ധമാണ് എന്ന നിലപാടിൽ ഉറച്ച് നിൽക്കുന്നു. അങ്ങനെ ഈ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാൻ രണ്ട് ഗവൺമെന്റുകൾ തമ്മിൽ ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആവശ്യമായ ഒരു പരിശ്രമംകൂടി നടത്തുക എന്നതാണ് ഇന്ന് കേരളത്തിനുവേണ്ടി ചെയ്യാവുന്ന കാര്യം. അതിനുള്ള ശ്രമങ്ങൾ തീർച്ചയായും വകുപ്പുതലത്തിൽ നടത്തും എന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്.

പ്രധാനപ്പെട്ട മറ്റൊരു കാര്യം, ദുർബല ജനവിഭാഗത്തിന് വീട് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഭവനനിർമ്മാണ വകുപ്പ് രൂപീകരിക്കപ്പെട്ടതെങ്കിലും ആ രംഗത്ത് കാര്യമായ ഒരു മുന്നേറ്റം നടത്താൻ സമീപകാലത്ത് കഴിഞ്ഞിട്ടില്ല. പുതിയ ബജറ്റിന്റെ പശ്ചാത്തലത്തിൽ ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിക്കൊണ്ട് ദുർബല ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. അതോടൊപ്പംതന്നെ ഭവനനിർമ്മാണ ബോർഡിന്റെ കീഴിൽ കേരളത്തിന്റെ കണ്ണായ സ്ഥലങ്ങളിൽ ഒരുപാട് asset ഉണ്ട്. ഇപ്പോൾ ഒന്ന് റിവ്യൂ

ചെയ്തപ്പോൾ കോടാനുകോടി രൂപയുടെ asset അന്യാധീനപ്പെട്ടതുപോലെ കിടക്കുന്നതാണ് കാണാൻ കഴിഞ്ഞത്. ഇത് ഉപയോഗപ്രദമാക്കി മാറ്റാനും സർക്കാരിന് ഗുണകരമാകുന്ന വിധത്തിലും സംസ്ഥാനത്തെ ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാൻ കഴിയുന്ന വിധത്തിലും ഇത് എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയും എന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു സ്പെഷ്യൽ ടീമിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി വകുപ്പിന്റെ കീഴിൽ വരുന്നതാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം. സ്റ്റേറ്റ് ഒട്ടാകെ ഏറ്റവും ഗുണനിലവാരമുള്ള വീടുകൾ കുറഞ്ഞ ചിലവിൽ നിർമ്മിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് കുറേ പ്രപ്പോസലുകൾ വന്നിട്ടുണ്ട്. അതുപോലെ കിഡ്ക് (KIIDC) അടക്കമുള്ള ഏജൻസികൾ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ജലവിഭവ വകുപ്പിന്റെ കീഴിൽവരുന്ന എല്ലാ കാര്യങ്ങളും ചേർത്തുകൊണ്ട് ഒരു പുതിയ ജലനയത്തിന് രൂപം കൊടുക്കാനാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. അങ്ങനെ ഇന്നത്തെ അതൃപ്തി നിറഞ്ഞ അന്തരീക്ഷത്തിൽനിന്ന് മാറി തൃപ്തികരമായ ഒരു നിലയിലേക്ക്, ആളുകൾക്ക് ഉപകരിക്കുന്ന വിധത്തിലേക്ക് ഈ പ്രവർത്തനങ്ങളെ മാറ്റിയെടുക്കാനാവശ്യമായ എല്ലാ പ്രവർത്തനങ്ങൾക്കും വകുപ്പ് മേൽനോട്ടം വഹിക്കുന്നതായിരിക്കും. ഈ ഡിമാന്റ് പാസ്സാക്കി തരണമെന്ന് അഭ്യർഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): സർ, തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് കുറച്ച് ദിവസമായി പുറത്ത് കേൾക്കുന്ന ബഹളങ്ങളൊന്നും സഭയിൽ കാര്യമായി വന്നിരുന്നില്ല. അത്തരം വിഷയങ്ങളെപ്പറ്റി സഭയിൽ ഉന്നയിച്ചാൽ മാത്രമെ ആധികാരികമായി മറുപടി പറയാൻ സാധിക്കുകയുള്ളൂ. അതിൽ പ്രധാനപ്പെട്ടൊരു വിഷയം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGP) വളരെ കൃത്യമായ സംഘ് പരിവാർ അജണ്ടയുടെ ഭാഗമായി അട്ടിമറിക്കപ്പെടുകയാണ്. അതിന്റെ ഭാഗമായി ഒന്നാം തീയതി പുതിയ പദ്ധതിയായി VB-G RAM G പദ്ധതി വരികയാണ്. വിബി-ഗ്രാം ജി (VB-G RAM G) എന്നുപറയുന്നതാണ് ശരി. ഇന്നലെ നടന്ന കോൺഫറൻസിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ടേംസും

*30-06-2026*
*Financial Business*

പറഞ്ഞിരുന്നു. അതിൽ സാറ്റ്ലൈറ്റ് സർവെയുമായി ബന്ധപ്പെട്ട് ഭ്ര ഗ്രാം എന്നാണ് പറയുന്നത്. അതുമായി ബന്ധപ്പെട്ട മറ്റൊരു പദമാണ് ജെൻ ഗ്രാം. യഥാർഥത്തിൽ വി.ബി-ജി റാം ജി-എന്നു പറയാൻവേണ്ടി ആസൂത്രിതമായി വിക്ഷിത് ഭാരത് ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) (VB-G RAM G) എന്നാക്കി മാറ്റുകയാണ്. വി.ബി-ഗ്രാം ജി. എന്നേ പറയേണ്ടതേയുള്ളൂ. വി.ബി-ജി.റാം.ജി. എന്നത് ഒരു പ്രത്യേക അജണ്ടയുടെ ഭാഗമായി നമ്മെക്കൊണ്ട് പറയിപ്പിക്കാനുള്ള ശ്രമമാണ്. ഇതിനുമുമ്പത്തെ എന്റെ പ്രസംഗത്തിൽ ഡേറ്റിനെ സംഖ്യയാക്കി തെറ്റിച്ച് പറഞ്ഞതുപോലെയല്ല, ഇത് ഞാൻ മന:പൂർവം കരുതിക്കൂട്ടി തന്നെ പറഞ്ഞതാണ്. ടി പദ്ധതിയുടെ ഭാഗമായി ഒന്നിലധികം പ്രശ്നങ്ങളുണ്ട്. അതായത്, ഇതിലൂടെ സംസ്ഥാന സർക്കാരിന് ഭീമമായ ബാധ്യതയാണ് നേരിടേണ്ടി വരുന്നത്. അതായത്, ഏകദേശം രണ്ടായിരം കോടിയിലധികം രൂപയുടെ ബാധ്യത സംസ്ഥാന ഗവൺമെന്റിന് വരുത്തുകയാണ്. ജൂലൈ 1-ാം തീയതി മുതൽ ഇത് വലിയൊരാഘോഷമാക്കണമെന്നാണ് സെൻട്രൽ ഗവൺമെന്റിൽ നിന്നും ഇന്നലെ കിട്ടിയ നിർദേശം. വിശദമായി ആലോചിച്ചശേഷം മാത്രമേ അക്കാര്യം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഞാൻ കൂടുതലായി സംസാരിക്കുന്നില്ല. ഇന്നലെ നടന്ന രാഷ്ട്രീയ ഗ്രാമീൺ വികാസ് സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ വളരെ കൃത്യമായി കേന്ദ്രമന്ത്രിയുടെ നേതൃത്വത്തിൽ സ്റ്റേറ്റിന്റെ പ്രതിനിധികൾ കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും ആവശ്യമായ ചില നിർദേശങ്ങളും തിരുത്തലുകളും വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതൊക്കെ എത്രത്തോളം ഫലപ്രദമാകുമെന്ന് വരുംനാളുകളിൽ കാണാവുന്നതാണ്. അത് സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നില്ല. ഒന്നുരണ്ടു കാര്യങ്ങൾ മാത്രം പറയാം. ബജറ്റിൽ ഓൺലൈൻ ഗ്രാമസഭയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ഓൺലൈൻ ഗ്രാമസഭ എന്നത് വളരെ കരുതലോടുകൂടിയ ഗവൺമെന്റ് പോളിസിയുടെ ഭാഗമാണ്. ഒരു ഗ്രാമസഭ ചേരുമ്പോൾ അത് ആ ഗ്രാമത്തിലെ എല്ലാവരുടേതുമാകണം. ഇപ്പോൾ ഗ്രാമസഭയെന്നാൽ പങ്കെടുക്കാൻ കഴിയുന്ന കുറച്ചാളുകളുടേതായി ചുരുങ്ങിയിട്ടുണ്ട്. ശയ്യാവലംബരുൾപ്പെടെ ആ ഗ്രാമത്തിലെ അംഗങ്ങളാണ്. കൂടാതെ ഗ്രാമസഭയിൽ

പങ്കെടുക്കാൻ സാധിക്കാത്ത അമ്മ, അച്ഛൻ, സഹോദരൻ, സഹോദരി അല്ലെങ്കിൽ അതിജീവനത്തിന് വിദേശത്ത് പണിയെടുക്കുന്ന സാധുക്കളായ ആളുകൾ ഇവർക്കൊക്കെ ഗ്രാമത്തിന്റെ ഓരോ ചലനങ്ങളിലും പങ്കാളികളാകാൻ കഴിയണം. എന്റെ ഗ്രാമം എന്റേതു കൂടിയാണെന്ന് പറയാൻ കഴിയുന്ന തരത്തിലുള്ള വിശാലമായ കാഴ്ചപ്പാടിന്റെ ഭാഗമായാണ് ബജറ്റിലൂടെ ഓൺലൈൻ ഗ്രാമസഭ എന്ന ആശയം പ്രഖ്യാപിച്ചത്. വാർഡുകൾ കേന്ദ്രീകരിച്ച് ഗ്രാമസഭാ കേന്ദ്രങ്ങൾ തുടങ്ങുമെന്നതാണ് രണ്ടാമത്തെ പ്രധാനപ്പെട്ട വിഷയം.

ഈ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധന നടത്തുമ്പോൾ ബോധ്യമായ ഗുരുതരമായൊരു പ്രശ്നമായി നിലനിൽക്കുന്നത് മാലിന്യനിർമ്മാർജനമാണ്. എല്ലാ തരത്തിലും വളരെ ഭീകരമായൊരു പ്രശ്നമാണത്. തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിൽ വ്യത്യസ്തമായ വകുപ്പുകളുണ്ട്. ഇവയെ സംയോജിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിനെ ഒരുകുടക്കീഴിലാക്കി വേസ്റ്റ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്. പഞ്ചായത്തുകളുടെ കൈവശം മൂന്ന്, നാലു കോടി രൂപയുടെ ഫണ്ടുണ്ടാകും. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം എല്ലാവരും ചർച്ച ചെയ്യുന്ന വിഷയമാണ്. പഞ്ചായത്ത് വികസനവുമായി ബന്ധപ്പെട്ട് വരുമ്പോൾ അത് ഓരോ മെമ്പർമാർക്കും ചെറിയ സംഖ്യകളായി വിഭജിച്ചു കൊടുക്കുന്ന രീതിയാണ് പലയിടത്തും കാണുന്നത്. ഒരു പ്രൊജക്ട് കഴിയുമ്പോൾ ഒരു പഞ്ചായത്തിന് എടുത്തുപറയാൻ കഴിയുന്ന വലിയ അസറ്റുകളൊന്നുമില്ലെന്ന് പറയുന്നത് വലിയ പ്രശ്നമാണ്. പഞ്ചായത്ത് മെമ്പർമാർക്ക് ഈ തുക കൊടുക്കാതിരിക്കാനും കഴിയില്ല. സ്റ്റേറ്റിന്റെ വലിയൊരു വിഹിതം ഗുണപരമല്ലാത്ത രീതിയിൽ പാഴായിപ്പോകുന്നുണ്ടോയെന്ന് പരിശോധിക്കുകയും അതോടൊപ്പം പഞ്ചായത്തിന്റെ എക്കാലത്തെയും അസറ്റുകളായി മാറ്റുന്നതിനെക്കുറിച്ച് ആലോചനകൾ നടത്തേണ്ടതുണ്ടെന്ന അഭിപ്രായവും ഞാനിവിടെ സമർപ്പിക്കുകയാണ്. പ്രതിപക്ഷ ബഞ്ചുകളിൽനിന്ന് ലൈഫ് പദ്ധതിയെ അട്ടിമറിക്കുകയാണെന്ന് പറഞ്ഞു. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ഞങ്ങൾ പ്രതിപക്ഷത്തിരുന്ന സമയത്ത് ഉന്നയിച്ച നിരവധി ആശങ്കകളുണ്ട്. ആ ആശങ്കളെ തീർച്ചയായും ഈ ഗവൺമെന്റ് സമയമെടുത്ത് അഡ്രസ്സ് ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ, ടി പദ്ധതിയുടെ ഭാഗമായി വീട് ലഭിക്കാൻ

അർഹതയുള്ളതോ നിർമ്മാണമാരംഭിച്ചതോ ലിസ്റ്റിൽ പേരുൾപ്പെട്ടതോ ആയ ഒരാളുടെയും അപേക്ഷ നിരസിക്കുകയോ വീട് ലഭിക്കാതിരിക്കുകയോ ചെയ്യില്ലെന്ന് സഭ മുമ്പാകെ ഉറപ്പ് നൽകുകയാണ്. അതുകൊണ്ട് ലൈഫ് പദ്ധതിയെ അട്ടിമറിക്കുകയെന്നല്ല; കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന നല്ല കാര്യങ്ങളുണ്ടെങ്കിൽ അവയൊക്കെ തുടരുക തന്നെ വേണം. കാരണം സർക്കാർ എന്നാൽ ഒരു തുടർച്ചയാണ്. പക്ഷെ ഞങ്ങൾ ഉയർത്തിയിട്ടുള്ള രാഷ്ട്രീയ വിഷയങ്ങളും രാഷ്ട്രീയാരോപണങ്ങളും കൃത്യമായി പരിശോധിക്കുകതന്നെ ചെയ്യുമെന്ന് പറയുകയാണ്. ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകൾ പാസ്സാക്കി തരണമെന്ന് അഭ്യർഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി ബിന്ദു കൃഷ്ണ</u>): സർ, തൊഴിലാളി ക്ഷേമവും തൊഴിലാളികളുടെ സുരക്ഷയും തൊഴിൽ ലഭ്യത ഉറപ്പുവരുത്തലും അടക്കമുള്ള കാര്യങ്ങൾ സംസ്ഥാന തൊഴിൽ വകുപ്പ് ചെയ്തുവരികയാണ്. എല്ലാവർക്കും അറിയുന്ന പോലെ രാജ്യത്തെ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര സർക്കാർ 4 കോഡുകളാക്കി മാറ്റി ഫൈനൽ റൂൾസ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ട സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് വലിയ ആശങ്കകളാണ് നിലനിൽക്കുന്നത്. മുൻസർക്കാരിന്റെ കാലത്ത് ടി റൂളിന്റെ ഡ്രാഫ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ഫൈനൽ റൂൾസ് പ്രസിദ്ധീകരിക്കേണ്ട സമയമാണിത്. എങ്കിൽപോലും എല്ലാവരുമായി ആലോചിച്ച് തീർച്ചയായും ഇക്കാര്യവുമായി മുന്നോട്ടുപോകും. ഇങ്ങനെയുള്ള ആശങ്കകൾ നിലനിൽക്കുമ്പോഴും സംസ്ഥാന സർക്കാർ തൊഴിലാളികളുടെ ക്ഷേമത്തിന് സാധ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി മുന്നോട്ടുപോവുന്നതാണ്. ഓട്ടോ ഡ്രൈവർമാരും ഗിഗ് തൊഴിലാളികളും അടക്കമുള്ളവർക്ക് ഇരിപ്പിടങ്ങളും ടോയ്‌ലറ്റ്, വെള്ളം, ചാർജിങ് സൗകര്യങ്ങളോടുകൂടിയ വിശ്രമ കേന്ദ്രങ്ങളും ആരംഭിക്കാൻ ആഗ്രഹിക്കുന്നു. ജോലിക്കായി സംസ്ഥാനത്തെത്തുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് അർഹമായ ക്ഷേമപദ്ധതികൾ നൽകുന്നതിനുവേണ്ടി തൊഴിൽ, വിദ്യാഭ്യാസം, പൊലീസ്, ആരോഗ്യം എന്നീ വകുപ്പുകൾ ഡാറ്റ കളക്ട് ചെയ്ത് സംസ്ഥാന ഐ.ടി മിഷനെ ഏൽപ്പിച്ച് യൂണിഫൈഡ് പോർട്ടലുകൾ ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് ഏറ്റവുമധികം പ്രയാസപ്പെടുന്നതും ഒട്ടും അഭിസംബോധന ചെയ്യപ്പെടാതെ പോകുന്നതുമായ

ജനവിഭാഗമാണ് ഗാർഹിക തൊഴിലാളികൾ. അവരുടെ ജോലി സമയം ക്രമീകരിക്കുന്നതിനും അവർക്കെതിരായ ചൂഷണം തടയുന്നതിനും ആവശ്യമായ റെഗുലേറ്റീവ് സ്കീം നടപ്പിലാക്കുന്നതിനെക്കുറിച്ച് സർക്കാർ പരിഗണിക്കുന്നുണ്ട്. അതോടൊപ്പം കാറ്ററിങ് തൊഴിലാളികളുടെയും ലൈറ്റ് ആൻഡ് സൗണ്ട് തൊഴിലാളികളുടെയും പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. ഇത്തരം അസംഘടിത മേഖലകളിലുള്ള തൊഴിലാളികൾക്കുകൂടി ക്ഷേമ കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാർ ശ്രമിക്കുകയാണ്. അതോടൊപ്പം ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ തൊഴിൽ വകുപ്പ് ആലോചിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ശ്രദ്ധ കൊടുക്കേണ്ട ഒരു വിഭാഗമാണ് സ്ത്രീകളും കുട്ടികളും. സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ വർധിച്ചുവരുന്ന കാലഘട്ടമാണിത്. ഏറ്റവുമൊടുവിൽ ആറ്റുകാലിൽ ആത്മഹത്യ ചെയ്യേണ്ടിവന്ന യുവതിയുടേതടക്കമുള്ള ഓരോ സംഭവങ്ങളും ഗാർഹിക പീഡനങ്ങളിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ഭർതൃഗൃഹത്തിലടക്കം ക്രൂരമായ ഗാർഹിക പീഡനം ഏൽക്കേണ്ടി വരുമ്പോഴും അതിനെതിരെ ഒരക്ഷരംപോലും മിണ്ടാതെ അതൊക്കെ സഹിക്കുവെന്ന് പറയുന്ന മനോഭാവമാണ് സംസ്ഥാനത്തെ പല മാതാപിതാക്കൾക്കുമുള്ളത്. സ്ത്രീകൾ നേരിടേണ്ടിവരുന്ന ഇത്തരം സാഹചര്യങ്ങൾക്ക് മാറ്റം വരേണ്ടതുണ്ട്. ഒരു സ്ത്രീ പോലും ജീവനൊടുക്കാതിരിക്കാനുള്ള സാഹചര്യമൊരുക്കാൻ സംസ്ഥാന വനിത വികസന വകുപ്പ് ശ്രദ്ധിക്കുന്നതോടൊപ്പം അതിനായുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് കർശന നിയമം നടപ്പാക്കുകയും ചെയ്യുന്നതാണ്.

അതോടൊപ്പം ഏറ്റവും പ്രാധാന്യമുള്ള മറ്റൊരു കാര്യം കുഞ്ഞുങ്ങളുടെ സുരക്ഷയാണ്. നമ്മുടെ സമൂഹത്തിൽ കുഞ്ഞുങ്ങൾക്കെതിരെ ഉണ്ടാകുന്ന ക്രൂരമായ ആക്രമണങ്ങൾ മനുഷ്യ മനസ്സാക്ഷിയെ വളരെയധികം നൊമ്പരപ്പെടുത്തുന്നത്. അരുമയായി വളരേണ്ട കുഞ്ഞുങ്ങൾ ആക്രമിക്കപ്പെടാതിരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നെടുമങ്ങാട് ആക്രമണത്തിനിരയായി മരണപ്പെട്ട ഒന്നര വയസ്സുകാരന്റെ ശരീരത്തിൽ 90 മുറിവുകളുണ്ടായിരുന്നു. എറണാകുളത്ത് അച്ഛൻ ക്രൂരമായി പൊള്ളലേൽപ്പിച്ച കുഞ്ഞുൾപ്പെടെ എത്രയോ പിഞ്ചുബാല്യങ്ങൾ അതിക്രൂരമായ ആക്രമണങ്ങൾക്ക് വിധേയരാകുന്നുണ്ട്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഇത്തരം കേസുകളിൽ സർക്കാർ അങ്ങേയറ്റം ജാഗ്രതയോടെ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി സീറോ ടോളറൻസ് എന്നതാണ് ഈ സർക്കാരിന്റെ നിലപാട്. അത്തരത്തിലുള്ള നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

അതോടൊപ്പം അങ്കണവാടി കുട്ടികൾക്ക് ത്രൈമാസ വ്യവസ്ഥയിൽ മെഡിക്കൽ ചെക്കപ്പ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും. വ്യവസായ പാർക്കുകളിലും പ്രധാന പട്ടണങ്ങളിലും ജോലിചെയ്യുന്ന അമ്മമാരെ സഹായിക്കുന്നതിനായി ആറുമാസം പ്രായമായ കുഞ്ഞുങ്ങളെ പരിചരിക്കാനാവശ്യമായ ക്രഷ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. സ്ത്രീകൾക്ക് മെൻസ്ട്രുവൽ കപ്പ് നൽകുന്നതിനെക്കുറിച്ചും ആർത്തവ അവധി അനുവദിക്കുന്നതിനെക്കുറിച്ചും ബജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് സജീവമായി പരിഗണിക്കുന്നതാണ്. അതോടൊപ്പം സാനിറ്ററി പാഡുകൾ ലഭ്യമാക്കാനും പരിസ്ഥിതി സൗഹൃദ സാനിറ്ററി വെൻഡിങ് മെഷീനുകൾ സ്ഥാപിക്കാനും ആഗ്രഹിക്കുന്നുണ്ട്. സ്റ്റേറ്റ് നിർഭയാ സെല്ലിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കും.

കേരളത്തിലെ ക്ഷീരമേഖലയിലെ വളർച്ചക്കും ക്ഷീരകർഷകരുടെ ഉന്നമനത്തിനുമായി ക്ഷീരവികസന വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ആഭ്യന്തര ഉൽപാദനം എഴുപത് ലക്ഷം ടൺ ആണ്. ബഹുമാന്യനായ മുഖ്യമന്ത്രി നിർദേശിച്ചതുപോലെ അടുത്ത മൂന്നുവർഷത്തിനുള്ളിൽ ഒരു കോടി ലിറ്റർ പാലുൽപാദനമെന്ന ലക്ഷ്യത്തോടുകൂടിയാണ് സർക്കാർ മുന്നോട്ടു പോകുന്നത്. അതോടൊപ്പം കാലിത്തീറ്റ, വൈക്കോൽ സബ്സിഡികൾ എന്നിവ വർധിപ്പിക്കാൻ ആഗ്രഹിക്കുന്നു. യുവാക്കളെ ഈ രംഗത്തേക്ക് ആകർഷിപ്പിക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ട് പശു വാങ്ങുന്നതിനായി പലിശരഹിത വായ്പ ലഭ്യമാക്കും. ക്ഷീര സംഘത്തിലെ പാൽ പരിശോധന സംവിധാനങ്ങൾ കുറ്റമറ്റതാക്കുന്നതോടൊപ്പം

ക്ഷീരകർഷകർക്ക് ന്യായവില ഉറപ്പാക്കാനുള്ള പദ്ധതികളും കൊണ്ടുവരാൻ ആഗ്രഹിക്കുന്നുണ്ട്.

കേരളത്തിലെ മൃഗസംരക്ഷണ വകുപ്പ് വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും ആരോഗ്യ പരിപാലനം ചികിത്സ, പ്രജനനം തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വകുപ്പ് മുന്നോട്ടുപോവുകയാണ്. അതൊടൊപ്പം മൃഗങ്ങളിൽനിന്നും മനുഷ്യരിലേക്ക് പടരുന്ന രോഗം തടയുവാനുള്ള ഉത്തരവാദിത്വവും വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഈ മേഖലയിൽ നിരവധി പ്രവർത്തനങ്ങൾ സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് നടത്തിവരികയാണ്. അതൊടൊപ്പം കർഷകർക്ക് സാമ്പത്തിക സഹായവും സാങ്കേതിക പരിശീലനവും നൽകുന്നുണ്ട്. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിനുകീഴിൽ എല്ലാ കന്നുകാലികളെയും ന്യായമായ വിലയ്ക്ക് ഇൻഷ്വർ ചെയ്യാൻ നടപടി സ്വീകരിക്കും. കന്നുക്കുട്ടി പരിപാലന പദ്ധതി സർവത്രികവും ശാസ്ത്രീയവുമായി നടപ്പിലാക്കും. തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് തെരുവു നായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. സമഗ്രമായ പദ്ധതികളുമായി സംസ്ഥാനത്ത് തൊഴിൽ-വനിത-ശിശുക്ഷേമ-മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പുകൾ മുന്നോട്ടുപോകുകയാണ്. ഈ ധനാഭ്യർത്ഥനകൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീമതി കെ. എ. തുളസി</u>): സർ, 2025-26 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് 1737.60 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ 1316.89 കോടി രൂപയാണ് വകുപ്പിന് ലഭിച്ചത്. അതായത് 420.71 കോടി രൂപയുടെ കുറവുണ്ടായിരുന്നു. എന്നാൽ 2026-27 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ മുൻ സർക്കാർ പട്ടികജാതി ഉപപദ്ധതിക്കായി ആകെ 3507 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഈ തുകയിൽ പട്ടികജാതി വികസന വകുപ്പിന് 1929 കോടി രൂപയും തദ്ദേശ സ്ഥാപനങ്ങൾക്ക് 1578 കോടി രൂപയുമാണ് വകയിരുത്തിയത്. ഈ സർക്കാർ അവതരിപ്പിച്ച പുതുക്കിയ ബജറ്റിൽ പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനായി പട്ടികജാതി ഉപപദ്ധതിക്ക് ആകെ സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81 ശതമാനമായ 2979.32 കോടി രൂപ വകയിരുത്തി,

ഇതിനുപുറമെ സർക്കാരിന്റെ ബജറ്റ് പ്രസംഗത്തിൽ പട്ടികജാതി ഉപപദ്ധതിക്കായി 527.68 കോടി രൂപകൂടി അധിക വിഹിതമായി വകയിരിത്തിയിട്ടുണ്ട്. അതായത് ആകെ 3507 കോടി രൂപ തന്നെയാണ് ഈ സർക്കാർ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്.

2025-26 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് 765.06 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 543.31 കോടി രൂപയാണ് വകുപ്പിന് അനുവദിച്ചിരുന്നത്. അതായത് 221.75 കോടി രൂപയുടെ കുറവുണ്ടായിരുന്നു. 2026-27 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ മുൻ സർക്കാർ 1012 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഈ തുകയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് 775 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 237 കോടി രൂപയുമാണ് വകയിരുത്തിയത്. ഈ സർക്കാർ അവതരിപ്പിച്ച പുതിയ ബജറ്റിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസത്തിനായി ആകെ പദ്ധതി വിഹിതത്തിന്റെ 2.83 ശതമാനമായ 859.48 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ സർക്കാരിന്റെ ബജറ്റ് പ്രസംഗത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതിക്കായി 152.52 കോടി രൂപ കൂടി അധിക വിഹിതമായി വകയിരുത്തിയിട്ടുണ്ട്. അതായത് ആകെ 1012 കോടി രൂപ തന്നെയാണ് ഈ സർക്കാർ പട്ടികവർഗ്ഗ വികസനത്തിനായി വകയിരുത്തിയിട്ടുള്ളത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവിധ പദ്ധതികൾക്കായി നീക്കിവച്ചിരിക്കുന്ന തുക കൃത്യമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കാനുള്ള നിയമം കൊണ്ടുവരുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം ചരിത്രത്താളുകളിൽ ഇടം പിടിക്കുന്നതാണ്. കഴിഞ്ഞ 10 വർഷമായി ലൈഫ് പദ്ധതി നടപ്പാക്കിയെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹിക്കുന്ന പ്രാതിനിധ്യം ലഭിച്ചില്ലെന്നുള്ള തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഈ വിഭാഗങ്ങൾക്ക് പുതിയ ഭവനപദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗം ജനതയുടെ സാംസ്കാരിക സംരക്ഷണവും തനത് പാരമ്പര്യമൂല്യങ്ങളൊക്കെയും പരിപോഷിപ്പിക്കണമെന്നുള്ള ഈ വിഭാഗം ജനതയുടെ ദീർഘകാലമായ ആവശ്യമായിരുന്ന

ട്രൈബൽ യൂണിവേഴ്സിറ്റി. രാജ്യത്ത് ഇത്തരം സർവകലാശാലകൾ വളരെ ചുരുക്കമാണ്. വിദ്യാഭ്യാസ മേഖലയിൽ എന്നും മാതൃക സൃഷ്ടിക്കുന്നതിൽ മുന്നിൽ നിന്നിട്ടുള്ള സംസ്ഥാനത്തെ പട്ടികവർഗ്ഗ ഗോത്ര കലകൾ, പരമ്പരാഗത വൈദ്യരീതികൾ, ജൈവവൈവിധ്യ സംരക്ഷണം മുതലായവ ഉന്നതവിദ്യാഭ്യാസ തലത്തിൽ പഠന വിഷയമാക്കുന്ന തനത് സർവകലാശാല ആദിവാസി സമൂഹത്തിന്റെ വിജ്ഞാനത്വരയെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിൽ വളരെ വിപുലമായ പഠന തൊഴിൽ മേഖലകൾ സാധ്യമാക്കുന്നതിനും ട്രൈബൽ യൂണിവേഴ്സിറ്റി സ്ഥാപിതമാകുന്നതിലൂടെ സാക്ഷാത്കരിക്കാനാകും. പരിമിതമായ വിഭവങ്ങൾക്കിടയിലും പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് പുതുയുഗ പിറവി സമ്മാനിക്കുമെന്ന് തിരഞ്ഞെടുപ്പിനുമുമ്പ് അന്നത്തെ പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ജനങ്ങളോട് പറഞ്ഞത് അധികാരത്തിലേറി ചുരുങ്ങിയ ദിവസം കൊണ്ടുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിലൂടെ അവതരിപ്പിക്കുകയും അത് നടപ്പിലാക്കിവരികയുമാണ്. അതുകൊണ്ടാണ് പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പദ്ധതി ആസൂത്രണത്തിൽ നയാപൈസയുടെ കുറവുവരുത്താൻ പാടില്ലെന്ന നിശ്ചയദാർഢ്യത്തോടെ യു.ഡി.എഫ്. സർക്കാർ പദ്ധതികൾ ആവിഷ്കരിച്ച് തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. കഴിഞ്ഞ പത്ത് വർഷക്കാലമായി നീതി നിഷേധിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് നീതി ലഭ്യമാക്കുന്നതിനും വിദ്യാഭ്യാസ-ആരോഗ്യ സഹായ പദ്ധതികൾ യഥാസമയം അനുവദിക്കുന്നതിനും അടിസ്ഥാന സൗകര്യവികസനം ഫലപ്രദമായി നിർവഹിക്കുന്നതിനും അർപ്പണ മനോഭാവത്തോടുള്ള പ്രവർത്തനം നടത്തുന്നതിൽ യു.ഡി.എഫ്. സർക്കാർ പൂർണ്ണസജ്ജമായി പ്രവർത്തിക്കുകയാണ്. ഇന്നിവിടെ ബഹുമാനപ്പെട്ട ബേപ്പൂർ അംഗവും ബഹുമാനപ്പെട്ട ഒറ്റപ്പാലം അംഗവും എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായുള്ള ഫണ്ട് കേരള ചരിത്രത്തിലാദ്യമായി യു.ഡി.എഫ്. സർക്കാർ വെട്ടിക്കുറച്ചെന്ന തരത്തിലുള്ള പരാമർശങ്ങൾ നടത്തുകയുണ്ടായി. 1956-ൽ രൂപീകൃതമായ കേരള സംസ്ഥാനത്ത് ആദ്യമായി ഒരു സർക്കാർ ഉത്തരവ് കൊണ്ടുവന്ന് ബജറ്റ് വിഹിതം വെട്ടിക്കുറച്ചത് എൽ.ഡി.എഫ്.-ന്റെ നേതൃത്വത്തിലുള്ള സർക്കാരാണെന്നത് ഇവിടെ പറയാൻ

ആഗ്രഹിക്കുകയാണ്. ആർക്കെങ്കിലും അക്കാര്യത്തിൽ സംശയമുണ്ടെങ്കിൽ തീർച്ചയായിട്ടും അതിന്റെ രേഖ അവരുടെ അറിവിലേക്കായി നൽകുന്നതാണ് എന്നുകൂടി ഈ അവസരത്തിൽ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട തരൂർ അംഗം പാലക്കാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് കുറച്ച് കണക്കുകൾകൊണ്ടു കഥ പറഞ്ഞ് ഇരുട്ടുകൊണ്ടു ഓട്ടയടയ്ക്കാനുള്ളൊരു ശ്രമം നടത്തി. പക്ഷെ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുക വകയിരുത്തലുകൾ മാത്രമേ ഉണ്ടായിട്ടുള്ളൂ; എന്നാൽ, പ്രവൃത്തികളുടെ നിർവഹണം കൃത്യമായി നടത്തുന്നതിൽ പരാജയപ്പെട്ടു. 2016-2017 മുതലുള്ള കണക്കുകൾ പരിശോധിച്ചാൽ ബജറ്റ് വിഹിതത്തിന്റെ വെറും 25 ശതമാനം മുതൽ 45 ശതമാനം തുക മാത്രമേ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച് കാണുന്നുള്ളൂ. അപ്പോൾ പിന്നെ 2018-ൽ പൂർത്തീകരിക്കാൻ കഴിയുമായിരുന്ന മെഡിക്കൽ കോളേജ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ 2026 ആയിട്ടും നടക്കാതെ വന്നതിൽ ഒട്ടും അതിശയിക്കാനില്ല എന്നുള്ളതാണ് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട സുൽത്താൻ ബത്തേരി അംഗം ശ്രീ. ഐ. സി. ബാലകൃഷ്ണൻ സൂചിപ്പിച്ച കാര്യങ്ങളെപ്പറ്റി പറയുകയാണെങ്കിൽ കഴിഞ്ഞ സർക്കാർ ഊരുകളുടെ പേര് 'ഉന്നതി' എന്നാക്കി മാറ്റി. പേര് മാറ്റുന്നതിലല്ല കാര്യം, ആ കോളനികളിൽ താമസിക്കുന്ന ആളുകൾക്ക് ശുദ്ധമായ കുടിവെള്ളവും താമസിക്കാൻ സുരക്ഷിതമായ വീടും അവരുടെ കുട്ടികൾക്ക് പഠിക്കാൻ വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുകയും പാവപ്പെട്ട രോഗികൾക്ക് കൃത്യസമയത്ത് ചികിത്സ നൽകാനുമുള്ള പ്രവർത്തനമായിരുന്നു വേണ്ടിയിരുന്നത്. അതിനുശേഷം പേര് മാറ്റണമെങ്കിൽ അത് മാറ്റാമായിരുന്നു. ഇപ്പോൾ വിവിധ ഊരുകളിൽ നിന്ന് ഊര് മൂപ്പന്മാരുടെ നിരവധി അപേക്ഷകൾ സർക്കാരിന് കിട്ടിയിട്ടുണ്ട്. അവരുടെ സംസ്കാരത്തോടും പരമ്പരാഗതവും സാംസ്കാരിക തനിമയും നിലനിർത്തികൊണ്ടുള്ള ഊര് എന്നുള്ള പേര് പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു പല മൂപ്പന്മാരും സർക്കാരിന് അപേക്ഷകൾ നൽകിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

സ്പെഷ്യൽ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞു. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റിൽ വളരെ വ്യക്തമായി സൂചിപ്പിച്ചതാണ്. അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഇവിടെ മുമ്പുപറഞ്ഞ പി.എം. യൂണിറ്റിന്റെ പ്രവർത്തനം

കൃത്യമായി പരിശോധിച്ച് കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണെന്നുകൂടി അറിയിക്കുന്നു. അതുകൊണ്ട് ഈ ധനാഭ്യാർത്ഥന അംഗീകരിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, Point of order (മൈക്ക് ഓഫ്). മുമ്പ് ഇവിടെ ബഹുമാനപ്പെട്ട അംഗം സംസാരിച്ചപ്പോൾ കണക്കുകൾ സഹിതം പറഞ്ഞതാണ്. പല വകുപ്പികളിലെയും മന്ത്രിമാർ മന്ത്രിമാരായിട്ടല്ല സംസാരിക്കുന്നത്; സർക്കാർ എന്നാൽ അതൊരു തുടർച്ചയാണ്. 25 ശതമാനം 40 ശതമാനം എന്നൊക്കെ പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ ഡീറ്റയിൽഡ് കണക്കെടുക്കണം. ഇതൊക്കെ പ്രതിപക്ഷം ഭരണപക്ഷം എന്ന നിലയിലല്ല പറയേണ്ടത്. ഇതൊക്കെ അക്കൗണ്ട് ഉള്ളതല്ലേ; അക്കൗണ്ടുള്ളത് ഓഡിറ്റ് ചെയ്ത കാര്യങ്ങളാണ്. അത് ഇവിടെ തെറ്റായിപ്പറയുന്നത് ശരിയാണോ? അത് സംബന്ധിച്ച് അങ്ങ് അത് തെറ്റായിപ്പറഞ്ഞുവെന്നുള്ള ഡീറ്റയിൽസ് കൊടുത്താൽ എന്താണ് അതിനു പരിഹാരം? ഇത് തെറ്റായ കാര്യങ്ങളാണ് പറയുന്നത് 25 ശതമാനവും 40 ശതമാനവുമല്ല. അതുകൊണ്ട് ഇതിനകത്ത് തെറ്റായി പറഞ്ഞത് 85 ശതമാനം വരെയും 100 ശതമാനം വരെയും പൊതുവിൽ എസ്.സി., എസ്.ടി. ഫണ്ട് ചെലവാക്കിയിട്ടുള്ളതാണ്. ഇവിടുത്തെ ഈ പറഞ്ഞ മെഡിക്കൽ കോളേജിന്റെയടക്കം കാര്യങ്ങളിൽ അതാണ് സത്യം. അങ്ങനെ തെറ്റായ കാര്യങ്ങൾ പറയരുത്. രാഷ്ട്രീയപ്രശ്നമല്ലല്ലോ. ഇതൊരു സർക്കാരിന്റെ ഉത്തരവാദിത്വമാണല്ലോ. തെറ്റായ കാര്യങ്ങൾ പറയാൻ പാടില്ല. അതിൽ അങ്ങയുടെ റൂളിങ് വേണം. അത് പരിശോധിച്ചിട്ടേ പറയാവൂ.

മി.സ്പീക്കർ: ഞാൻ പരിശോധിച്ചിട്ട് പറയാം.

ശ്രീ. പി. പി. സുമോദ്: സർ, Point of order (മൈക്ക് ഓഫ്).

മി. സ്പീക്കർ: ഒരു മിനിറ്റ് കൊണ്ടു പറഞ്ഞു തീർക്കൂ. ഒൻപത് മന്ത്രിമാർക്കാണ് ഇന്നിവിടെ സംസാരിക്കാനുള്ളത്. പോയിന്റ് മാത്രം പറയൂ.

ശ്രീ. പി. പി. സുമോദ്: സർ, കഴിഞ്ഞ പത്തു വർഷം എൽ.ഡി.എഫ്. സർക്കാർ 733 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതാണ് ഞാൻ ചർച്ചയുടെ ഭാഗമായി പറഞ്ഞത്. അതിനുമുമ്പ് 2016 വരെ യു.ഡി.എഫ്. സർക്കാർ ചെലവഴിച്ചത് 56 കോടി രൂപയാണ്. ഈ

അന്തരമാണ് കഴിഞ്ഞ ചർച്ചയിൽ ഞാൻ ഉന്നയിച്ചത്. അതിനു വസ്തുതപരമായി മറുപടി പറയുമ്പോൾ, പറഞ്ഞത് രേഖയിലുണ്ടാകരുത്. അത് മാറ്റണം.

മി.സ്പീക്കർ: പരിശോധിക്കാം. രണ്ടു കൂട്ടരും രേഖകളെയും സംഖ്യകളെക്കുറിച്ചൊക്കെ പറയുന്നുണ്ട്. അത് എനിക്ക് എഴുതിതന്നാൽ ഞാൻ അതിന്റെ കൃത്യമായ വിവരം പരിശോധിച്ചതിനുശേഷം അറിയിക്കാം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. ടി. സിദ്ദിഖ്): സർ, ധനാഭ്യർഥന ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളോടുമുള്ള നന്ദി പ്രത്യേകമായി സൂചിപ്പിക്കുകയാണ്. ക്രിയാത്മകമായ നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും വിമർശനാത്മകമായി സംസാരിക്കുകയും നല്ല പദ്ധതികളെയും പരിപാടികളെയും നല്ല രീതിയിൽ പിന്തുണയ്ക്കുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദി ഈ സന്ദർഭത്തിൽ പ്രകാശിപ്പിക്കുകയാണ്. ഒരു ചെറിയ കണക്ക് സഭയുടെ മുന്നിൽ വയ്ക്കാൻ ഞാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ വർഷം വെള്ളാനിക്കര, കുമരകം പടന്നക്കാട് എന്നിവിടങ്ങളിലെ സർക്കാർ കാർഷിക കോളേജുകളിലെ ലാബുകളിൽ 1268 പച്ചക്കറി സാമ്പിളുകൾ പരിശോധിച്ചതിൽ 51 സാമ്പിളുകളിൽ കീടനാശിനികളുടെ അംശം നിഷ്കർഷിച്ചിരിക്കുന്ന അളവിനേക്കാൾ വളരെ കൂടുതലായി കണ്ടെത്തുകയുണ്ടായി. വളരെ ഗൗരവതരമായ സാഹചര്യമായതിനാൽ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻവേണ്ടിയാണ് പറഞ്ഞത്. നാമോരോരുത്തരും കൃഷിയിലേക്ക് വന്നാലല്ലാതെ ഇന്ന് നിലനിൽക്കുന്ന ജീവിതശൈലീ രോഗങ്ങളെയും ആരോഗ്യപരമായ പ്രശ്നങ്ങളെയും അതിജീവിക്കാൻ സാധിക്കില്ല. എന്നുമാത്രമല്ല, കാർഷിക മേഖലയിൽ ക്രമാതീതമായി കീടനാശിനി ഉപയോഗിക്കുന്നതിലൂടെ നാം വളരെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ നേരിടുകയാണ്. ഈ പശ്ചാത്തലത്തിലാണ് കൃഷിവകുപ്പ് അതിപ്രധാനമായ ചില തീരുമാനങ്ങളെടുത്തിരിക്കുന്നത്. നേരത്തെ ഇവിടെ സംസാരിച്ച പല അംഗങ്ങളും ഇക്കാര്യം സൂചിപ്പിച്ചു. കേരളത്തിലെ തരിശ് നിലങ്ങൾ മുഴുവൻ മാപ്പ് ചെയ്യാനുള്ള ഒരു തീരുമാനം കൃഷിവകുപ്പ് എടുക്കുകയും അതിനായി വിവിധ വകുപ്പുകളുടെ സഹായം തേടുകയാണ്. കൃഷി വകുപ്പിന്റെ നേതൃത്വത്തിലുള്ള ഒരു സമഗ്ര പദ്ധതി ഇതിനുവേണ്ടി ആവിഷ്കരിക്കാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് കാർഷിക മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കാർഷിക മേഖലയിൽനിന്ന്

യുവത്വം അന്യംനിന്നുപോയി എന്നതാണ്. ഈ രംഗത്ത് മോഡലായി കുറച്ച് ചെറുപ്പക്കാരുണ്ടെങ്കിലും ബഹുഭൂരിപക്ഷം ചെറുപ്പക്കാരും കാർഷികമേഖല ഉപേക്ഷിച്ചുപോയി. അങ്ങനെ പോയതിനെ വിളക്കിച്ചേർക്കാനുള്ള ഒരു വലിയ ഉദ്യമമാണ് 'കതിര്' പദ്ധതി. അതിന്റെ ഭാഗമായി കേരളത്തിന്റെ എല്ലാ സ്കൂളുകളിലും 'കതിര്' ക്ലബ്ബുകൾ ആരംഭിക്കാൻ തീരുമാനിച്ചു. 'കതിര്' - കേരള അഗ്രികൾച്ചർ ടെക്നോളജി ഹെറിറ്റേജ് ആൻഡ് ഇന്നൊവേഷൻ ഫോർ റൂറൽ അണ്ടർസ്റ്റാൻഡിങ് (KATHIRU-Kerala Agriculture Technology Heritage and Innovation for Rural Understanding) എന്നാണ് അതിന്റെ പൂർണരൂപം. ആ പദ്ധതി എല്ലാ സ്കൂളുകളിലും ആരംഭിക്കുകയാണ്. കൃഷി സ്ഥലമുള്ള സ്കൂളുകളിലും ഇല്ലാത്ത സ്കൂളുകളിലും ടി പദ്ധതി നടപ്പാക്കുന്നതാണ്. അതായത്, ടി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുകയും ഓരോ ക്ലബ്ബിനും നേതൃത്വം നൽകാൻ നോഡൽ അധ്യാപകരെ നിയോഗിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്കൂൾതല സമിതികളും രൂപീകരിക്കും. ഇക്കാര്യത്തിൽ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കാരണം ഈ പദ്ധതിയുടെ concept note ഉണ്ടാക്കി അദ്ദേഹത്തിന് നൽകിയപ്പോൾ പിറ്റേദിവസം അത് ചർച്ച ചെയ്ത് അംഗീകരിക്കുകയും രണ്ട് വകുപ്പുകളും ഇന്നലെ യോഗം ചേരുകയും ചെയ്തു. അതുമാത്രമല്ല, കുട്ടികൾക്കുള്ള ട്രെയിനിങ് പ്രോഗ്രാം, ഫീഡിങ് മണി, വിത്ത്, വളം ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും നൽകിക്കൊണ്ടുള്ള ഒരു പദ്ധതിയാണിത്. ഇതിന്റെ ഭാഗഭാക്കാവുന്ന വിദ്യാർത്ഥികൾക്ക് വെയിറ്റേജ് മാർക്കുൾപ്പെടെ നൽകാനുള്ള ഒരു ബൃഹത് പദ്ധതിയാണ് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കൃഷിവകുപ്പ് ആവിഷ്കരിക്കുന്നത്. ഒരു ഘട്ടം കഴിയുമ്പോൾ സ്കൂളുകളിലെ ഈ പദ്ധതി കാർബൺ ക്രെഡിറ്റുമായി കണക്ട് ചെയ്യാനും സാധിക്കുന്നതാണ്; കൂടാതെ പ്രത്യേക മാർക്കറ്റിങ് സംവിധാനത്തിലേക്ക് കുട്ടികളെ കൊണ്ടുപോകാൻ സാധിക്കും. അവർക്ക് കൃഷിയിലേക്കുള്ള ടേസ്റ്റിനെ റീ കണക്ട് ചെയ്യാനുള്ള ഒരു വലിയ ശ്രമത്തിന്റെ ഭാഗമാണിത്. അതിലൂടെ ബ്രിഡ്ജ് ചെയ്യാനുള്ള ഒരു ശ്രമമാണിത്. അതോടൊപ്പം ഒരു ഘട്ടം കഴിയുമ്പോൾ ഈ പദ്ധതി റെസിഡൻസ് അസോസിയേഷനുകളിലേക്കും കുടുംബശ്രീയിലേക്കും

വ്യാപിപ്പിക്കും. ഇൻസ്റ്റിറ്റ്യൂഷണൽ ഫാമിങ്ങും ഹോംസ്റ്റെഡ് ഫാമിങ്ങും കൂടുതൽ കാര്യക്ഷമമാക്കും. കേരളത്തിലെ കോർപ്പറേറ്റുകളെയും വ്യവസായ സ്ഥാപനങ്ങളെയും ഇതിലേക്ക് ബ്രിഡ്ജ് ചെയ്യും. അതുവഴി കേരളത്തിലെ ഭക്ഷ്യ മേഖലയിലെ അതീവ ഗുരുതരമായ സാഹചര്യത്തെ അഡ്രസ്സ് ചെയ്യാനുള്ള ഒരു വലിയ മെക്കാനിസമായി കതിര് പദ്ധതി വിഭാവനം ചെയ്ത് മുന്നോട്ടുപോകുകയാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് മറ്റൊരു കാര്യംകൂടി പറയാനുണ്ട്. നേരത്തെ 'കൃഷി സഖി'-യെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഐക്യരാഷ്ട്ര സംഘടന 2026-നെ വനിതാ കർഷക വർഷമായി പ്രഖ്യാപിച്ചപ്പോൾ കേരളത്തിലെ യു.ഡി.എഫ്. സർക്കാർ അഞ്ച് വർഷം നീണ്ടുനിൽക്കുന്ന വനിതാ കർഷക പദ്ധതി പ്രഖ്യാപിച്ചു, അതാണ് ഈ വർഷം മുതൽ ആരംഭിച്ച കൃഷി സഖി. അതിനാവശ്യമായ എല്ലാ നടപടികളുമായി കൃഷി വകുപ്പ് മുന്നോട്ടുപോകുകയാണ്. മണ്ണാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം. എല്ലാ കർഷകരുടെയും ഭൂമിയും ഡിജിറ്റൽ സോയിൽ ടെസ്റ്റിങ് നടത്താനുള്ള സംവിധാനത്തിലേക്ക് സർക്കാർ നീങ്ങുകയാണ്. അതിന്റെ ഭാഗമായി എല്ലാ ലാബുകളെയും ഡിജിറ്റലായി കണക്റ്റ് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. ടോട്ടൽ ടെസ്റ്റ് നടത്തിയതിനുശേഷം സൈലന്റായി നിൽക്കുകയല്ല; കേരളത്തിൽ പ്രളയവും വരൾച്ചയും ഉണ്ടായിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ മണ്ണിന്റെ fertility loss ഉണ്ടാകുന്നു. അതൊക്കെ പൂർണ്ണമായി തിരിച്ചുപിടിക്കാനുള്ള സീരിയസ്സായുള്ള മെക്കാനിസം കൃഷിവകുപ്പ് ആലോചിച്ച് നടപ്പാക്കുകയാണ്. അതോടുകൂടി മാത്രമേ കർഷകന് അവൻ ആഗ്രഹിക്കുന്ന വിള കൃത്യമായ രീതിയിൽ കിട്ടുകയുള്ളൂ. അതിനുവേണ്ടിയുള്ള നടപടികളിലേക്ക് കടക്കുകയാണ്. ഞാൻ സഭയുടെ ശ്രദ്ധയെ വളരെ സീരിയസായ ഒരു സാഹചര്യത്തിലേയ്ക്ക് ക്ഷണിച്ചുകൊണ്ട് എന്റെ സംസാരം അവസാനിപ്പിക്കാം. കഴിഞ്ഞ ദിവസം കൃഷി വകുപ്പ് ഒരു പ്രത്യേക യോഗം ചേർന്നിരുന്നു. ആ യോഗത്തിൽ പ്രധാനമായും ചർച്ച ചെയ്തത് 'എൽ നിനോ' യുമായി ബന്ധപ്പെട്ടുള്ള കാർഷിക മേഖലയിലെ എഫക്റ്റിനെക്കുറിച്ചാണ്. പസഫിക് സമുദ്രത്തിന്റെ ഉപരിതലം അസാധാരണമായി ചൂട് പിടിക്കുന്നതിന്റെ ഭാഗമായുള്ള എൽ നിനോ പ്രതിഭാസം കേരളത്തിന്റെ കാർഷിക മേഖലയെയും കാലാവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്നു. ഇപ്പോൾ തിരുവാതിര ഞാറ്റുവേല നടക്കുകയാണ്. ആ സമയത്ത് പകൽ വളരെ ചൂടോടുകൂടിയ

അന്തരീക്ഷത്തിലാണ് ജീവിക്കുന്നത്; രാത്രിയും സമാനമായ അന്തരീക്ഷമായിരിക്കും. ഇതിന്റെ ഫലമായി മഴയുടെ അളവിൽ 20-42 ശതമാനം വരെ കുറവുണ്ടായിരിക്കുകയാണ്. ഇത് സംസ്ഥാനത്തെ കാർഷിക മേഖലയെ ആകെ ഗുരുതരമായി ബാധിക്കുന്ന സാഹചര്യമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇതിനെ അഡ്രസ് ചെയ്യാൻ കേന്ദ്ര ഗവൺമെന്റിനോട് പ്രത്യേക സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ പ്രത്യേക താൽപര്യമെടുക്കാമെന്ന് പറഞ്ഞതും ഇവിടെ സൂചിപ്പിക്കുന്നു. എൽ നിനോയുടെ കൂടെ ഇന്ത്യൻ മഹാസമുദ്രത്തിലെ ഇന്ത്യൻ ഓഷ്യൻ ഡൈപോൾ, മാഡൻ-ജൂലിയൻ ഓസിലേഷൻ ഉൾപ്പെടെയുള്ള വലിയ പ്രതിഭാസങ്ങൾ അന്തരീക്ഷത്തിന്റെ ഘടനയെയും കാലാവസ്ഥയെയും വളരെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ പതിനാല് ജില്ലകളിലെ കാർഷിക മേഖലയെയും ഇവ ബാധിച്ചിരിക്കുന്നുവെന്ന് ഈ സഭയെ അറിയിക്കുന്നു. അതിനനുസരിച്ചുള്ള മുൻകരുതൽ നടപടികളിലേക്ക് കേരളത്തിലെ കാർഷിക മേഖല മുന്നോട്ടുപോവുകയാണ്. അങ്ങനെ മുന്നോട്ടുപോകുമ്പോൾ അതിന്റെ സാമ്പത്തിക ബുദ്ധിമുട്ടും പ്രയാസവും തരണം ചെയ്യാനാവശ്യമായ എല്ലാ പിൻബലവും ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നും പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. ഞാൻ ദീർഘമായ സംസാരത്തിലേയ്ക്ക് പോകുന്നില്ല. വിവിധങ്ങളായ പദ്ധതികൾ പ്രഖ്യാപിച്ച്, ഇപ്പോൾ ഭൂപരിഷ്കരണ പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ബജറ്റിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സൂചിപ്പിച്ചു. അതിന്റെ ഗുണഫലം ഏറ്റവും കൂടുതൽ വരാവുന്ന ഒരു മേഖല കാർഷിക മേഖലയാണ്. ട്രോപ്പിക്കൽ റീജിയൻസിൽ ഇടവിളയായി exotic fruits കടന്നുവരികയാണ്. അവ വിദേശത്തേക്ക് കയറ്റുമതി ചെയ്യാനുള്ള എല്ലാ സൗകര്യവും കൃഷിവകുപ്പും അതോടൊപ്പം വെയർഹൗസിങ് ഡിപ്പാർട്ടുമെന്റും ആലോചിക്കുകയാണ്. കോൾ**ഡ്** ചെയിൻ ബ്ലോക്ക്സും അനുബന്ധ സംവിധാനങ്ങളുമെല്ലാം കൊണ്ടുവരുന്നുള്ള ബൃഹത്തായ നടപടിയിലേക്ക് ഡിപ്പാർട്ടുമെന്റ് കടക്കുകയാണ്. കർഷക കടാശ്വാസ കമ്മീഷൻ പോലെ വിവിധങ്ങളായ പല പദ്ധതികളും തകരാറിലായിരിക്കുകയാണ്. അവയൊക്കെ പുനഃസ്ഥാപിക്കേണ്ടത് അനിവാര്യമാണ്. കർഷകന് സ്വന്തം കാലിൽ മണ്ണിൽ ഉറപ്പിച്ച് നിലനിർത്താനുള്ള കഠിന പ്രയത്നത്തിന് നേതൃത്വം കൊടുക്കേണ്ടതുണ്ട്. എം.എസ്.പി.

(Minimum Support Price) കൂടുതൽ കാര്യക്ഷമമാക്കി നിർത്തേണ്ടതുണ്ട്. അതിനാവശ്യമായ എല്ലാ തരത്തിലുള്ള നടപടികളുമായി മുന്നോട്ടുപോകും. 'മാതാ പിതാ ഗുരു ദൈവം' എന്നുപറയുന്നതിന്റെ കൂടെ അന്നം തരുന്ന കർഷകനെയും കൂടി ചേർക്കേണ്ടതായ ഏറ്റവും പ്രധാനപ്പെട്ട സമയമാണിത്. മണ്ണിന്റെ മണവും വിയർപ്പിന്റെ ഗന്ധവുമുള്ള കർഷകനെ ചേർത്തുനിർത്തി കേരളത്തിലെ കൃഷിവകുപ്പും സർക്കാരും മുന്നോട്ടുപോകും. ആ പ്രയാണത്തിൽ മുഴുവൻ നിയമസഭാംഗങ്ങൾ ഉൾപ്പെടെ എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. ഈ സർക്കാർ ചുമതലയേൽക്കുന്ന സമയത്ത് ആദ്യമുണ്ടായ പ്രധാനപ്പെട്ട വെല്ലുവിളികളിലൊന്ന് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങളായിരുന്നു. നെല്ല് സംഭരണം താമസിക്കുന്നതും സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് നൽകുന്നതിലുണ്ടായ കാലതാമസവും സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വിളിച്ചുചേർത്ത വിവിധ യോഗങ്ങളിൽ ഞാനും കൃഷി വകുപ്പുമന്ത്രിയും പങ്കെടുക്കുകയും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഒട്ടനവധി ക്രമീകരണങ്ങൾ നടത്താനും സാധിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, നിലവിലുള്ള ബാങ്ക് വായ്പാപരിധി 1,600 കോടി രൂപയായി വർധിപ്പിക്കാൻ സാധിച്ചതും വായ്പയുടെ കാലാവധി ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകാനുള്ള നടപടി സ്വീകരിക്കാൻ സാധിച്ചുവെന്നതുമാണ്. പാലക്കാട് ജില്ലയിലെ പ്രൈമറി സഹകരണ സംഘങ്ങളെ ഒഴിവാക്കി എസ്.ബി.ഐ., കാനറാ ബാങ്ക് കൺസോർഷ്യങ്ങളെ പ്രസ്തുത നടപടികളുടെ ചുമതല തിരികെ ഏൽപ്പിക്കാനും സപ്ലൈകോയ്ക്ക് നെല്ല് സംഭരണത്തിലേക്ക് തിരിച്ചുവരാനുള്ള സാഹചര്യമൊരുക്കുകയും ചെയ്തതിലൂടെ അത്തരത്തിലുള്ള വിഷയങ്ങൾ ഒരു പരിധിവരെ പരിഹരിച്ച് മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ നെല്ല് സംഭരണത്തിന് താൽക്കാലിക ക്രമീകരണങ്ങളാണ് നടത്തിയതെങ്കിൽ, ഇനി വരാനിരിക്കുന്ന സീസണുകളിൽ നെല്ല് സംഭരണം കൃത്യമായി

നടത്താനും സംഭരിക്കുന്ന നെല്ലിന്റെ വില കൃത്യമായി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് എത്തിക്കാനുമുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഏറ്റവും പ്രധാനമായിട്ടുള്ളത്, വരാനിരിക്കുന്ന സീസണുകളിൽ കൊയ്ത്ത് തുടങ്ങുന്ന സമയത്തുതന്നെ കർഷക രജിസ്ട്രേഷനുകൾ ആരംഭിക്കാനുള്ള സാഹചര്യം കൃഷി വകുപ്പുമായി കൂടിയാലോചിച്ച് നടപ്പാക്കാൻ ലക്ഷ്യമിടുന്നുണ്ട്. അതോടൊപ്പം സപ്ലൈകോയുടെ നെല്ല് സംഭരണത്തിന് ഒരു സ്ഥിരം സംവിധാനം കൊണ്ടുവരേണ്ടതുണ്ട്. അതായത്, സംഭരിക്കുന്ന നെല്ലിന്റെ തുക കർഷകർക്ക് നൽകുന്നതിന് ഒരു സ്ഥിരം സംവിധാനം കൊണ്ടുവരാനും സപ്ലൈകോ കേന്ദ്രീകൃതമായി മില്ലുകൾ ആരംഭിക്കാനുമുള്ള നടപടി സ്വീകരിക്കാനുള്ള സാഹചര്യം സർക്കാർ തലത്തിൽ പരിശോധിക്കുന്നുണ്ട്. ഈ മേഖലയിൽ കൂടുതൽ സ്വകാര്യവൽക്കരണം അനിവാര്യമാണ്. അതിന്റെ ഭാഗമായി എൻർപ്രൈസ് റിസോഴ്സ് പ്ലാനിങ് നടപ്പാക്കാൻ സർക്കാർ ലക്ഷ്യം വയ്ക്കുന്നുണ്ട്. വിവിധ പ്രദേശങ്ങളിൽ വ്യാപിച്ചുകിടക്കുന്ന സംഭരണ പ്രവർത്തനങ്ങളെ കേന്ദ്രീകൃത സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടി അതിന്റെ ഭാഗമായി കൊണ്ടുവരാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. വെഹിക്കിൾ ട്രാക്കിങ് സിസ്റ്റം നിലവിൽ മില്ലുകളിൽനിന്ന് എൻ.എഫ്.എസ്.എ. ഗോഡൗണിലേയ്ക്കും എൻ.എഫ്.എസ്.എ.-യിൽ നിന്ന് എ.ആർ.ഡി.-കളിലേയ്ക്കും എത്തുന്ന ഒരു ചെയിനിലാണുള്ളത്. ഇനി പാടശേഖരങ്ങളിൽനിന്ന് നെല്ല് സംഭരിച്ച് മില്ലുകളിലേക്ക് എത്തുന്ന ആ സംവിധാനം കൂടി മതിയാകും. കുറെ മിസിങ് ലിങ്ക്സ് ഇതുമായി ബന്ധപ്പെട്ടുണ്ട്. അതൊഴിവാക്കാൻ വേണ്ടി പാടശേഖരങ്ങളിൽനിന്ന് മില്ലുകളിലേക്കുള്ള വാഹനങ്ങൾക്ക് ട്രാക്കിങ് സിസ്റ്റം കൊണ്ടുവന്നാൽ ഈ മേഖലയിൽ കൂടുതൽ സുതാര്യത കൊണ്ടുവരാനുള്ള സാഹചര്യമുണ്ടാകുമെന്നാണ് കരുതുന്നത്. നിലവിൽ ബയോമെട്രിക് സിസ്റ്റത്തിലൂടെ ഇ-പോസ് മെഷീനുകൾ മുഖേനയാണ് റേഷൻ വിതരണം നടത്തുന്നത്. അതുമായി ബന്ധപ്പെട്ട് വേയിങ് സ്കെയിൽ മെഷീൻ ഇ-പോസ് മെഷീനുമായി ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. അതുവഴി കൃത്യമായ അളവിലും തൂക്കത്തിലും ഭക്ഷ്യധാന്യങ്ങൾ ഉപഭോക്താവിന്റെ കൈയിൽ എത്തിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കിയെടുക്കാൻ കഴിയും. അർഹരായ എല്ലാവർക്കും മുൻഗണനാ

കാർഡുകൾ നൽകുകയെന്നതാണ് ഈ ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യം. അതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. മുൻഗണനാ കാർഡുകൾ നൽകുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളിൽ മാറ്റം വരണമെന്ന ആവശ്യം മുന്നോട്ടുവന്നിട്ടുണ്ട്. വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ച് ആ വിഷയം പരിശോധിച്ച് നടപ്പിലാക്കുന്നതിനാണ് ലക്ഷ്യം വച്ചിരിക്കുന്നത്. ഉന്നതികളിലേക്ക് മൊബൈൽ റേഷൻ സിസ്റ്റം എത്തിക്കേണ്ടത് ആവശ്യമാണ്. പല സ്ഥലങ്ങളിലും എത്താൻ കഴിയാത്ത സാഹചര്യങ്ങൾ നിലവിലുണ്ട്. അതിന്റെയടിസ്ഥാനത്തിൽ മൊബൈൽ റേഷൻ സിസ്റ്റം കൂടുതൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ആഗ്രഹിക്കുന്നു. കേന്ദ്ര ഗവൺമെന്റ് എൻ.എഫ്.എസ്.എ.-യിൽ മാറ്റം വരുത്തിക്കൊണ്ട് എ.എ.വൈ. കാർഡുകൾക്കുള്ള ഭക്ഷ്യധാന്യം പെർ ഹെഡ് ആക്കുന്നതിനുള്ള നീക്കം നടത്തുന്നതുമായും ബന്ധപ്പെട്ട നടപടികളിലേക്ക് അവർ കടന്നതായും അറിയാൻ സാധിച്ചിട്ടുണ്ട്. 2013-ൽ എൻ.എഫ്.എസ്.എ. നടപ്പിലാക്കിയപ്പോൾ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് ഈ വിഷയം ടേക്ക് അപ് ചെയ്തിരുന്നു. എ.എ.വൈ. വിഭാഗത്തെ ഒരു പ്രത്യേക വിഭാഗമാക്കി അവർക്കൊരു പരിഗണന നൽകണമെന്ന ആവശ്യം അന്നുമുതൽ ഞങ്ങൾ ഉന്നയിക്കുന്നതാണ്. കഴിഞ്ഞ ഗവൺമെന്റും ആ സമീപനമാണ് സ്വീകരിച്ചിരുന്നത്. എ.എ.വൈ.-യ്ക്ക് നിലവിൽ നൽകുന്ന ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവുവരുത്തരുതെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ ഗവൺമെന്റ് സമർപ്പിച്ചിട്ടുണ്ട്.

സപ്ലൈകോയുടെ പ്രവർത്തനങ്ങളെ കൂടുതൽ കേന്ദ്രീകൃതമായി മാറ്റിയെടുക്കുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. 1600-ൽപ്പരം ഔട്ട്ലെറ്റുകളുള്ള സപ്ലൈകോയുടെ റീട്ടെയിൽ ചെയിൻ ഏറ്റവും ശക്തമായൊരു ചെയിനാണ്. അതിന്റെ പൊട്ടൻഷ്യൽ പൂർണ്ണതയിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് വസ്തുതയാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ, സ്വയംപര്യാപ്തമാക്കി സപ്ലൈകോയെ മാറ്റിയെടുക്കുന്നതിന് ഈ ഒരു ശൃംഖലയെ ഏറ്റവും ഫലപ്രദമായി വിനിയോഗിക്കുകയെന്നതാണ്. ഇവിടെ സബ്സിഡി സാധനങ്ങളുടെയും നോൺ-സബ്സിഡി സാധനങ്ങളുടെയും എഫ്.എം.സി.ജി. പ്രോഡക്ടിന്റെ വില്പനയും വർധിപ്പിക്കുന്നതിനുള്ള സാഹചര്യമുണ്ടാകണം. അതിനുവേണ്ടി

കൃത്യമായൊരു മാർക്കറ്റിങ് സ്റ്റാറ്റജി ഒരു പദ്ധതിയായി ഗവൺമെന്റിലേക്ക് സമർപ്പിക്കാൻ സപ്ലൈകോയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്വാഭാവികമായും ഇത്രയും വലിയൊരു ചെയിനുള്ളതിനാൽ, പദ്ധതികൾ കൃത്യമായ രീതിയിൽ നടപ്പിലാക്കിയാൽ അതിൽനിന്നും വരുമാനം വർധിപ്പിച്ചെടുക്കാൻ കഴിയും. പലപ്പോഴും പ്രാദേശിക മാവേലി സ്റ്റോറുകളിൽ ചെല്ലുമ്പോൾ പല സാധനങ്ങളും വില്പനയില്ലാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനുകാരണം ഡിപ്പോതലത്തിൽ പർച്ചേസുകളിലുണ്ടായിരിക്കുന്ന അപാകതകളാണ്. അത്തരത്തിലുള്ള അപാകതകൾ പരിഹരിച്ചുകൊണ്ട് വില്പനയുള്ള സാധനങ്ങൾ സ്റ്റോറുകളിൽ എത്തിക്കുന്നതിനും ആ വില്പനയിലൂടെ ലാഭം സപ്ലൈകോയ്ക്ക് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കും. പുതിയൊരു ഫേസ് ലിഫ്റ്റിന്റെ ഭാഗമായി സപ്ലൈകോയ്ക്ക് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന മാവേലി കൺവീനിയൻസ് സ്റ്റോറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ലക്ഷ്യം വയ്ക്കുന്നുണ്ട്. അതിനോടൊപ്പം ഷോപ്പുകളുടെ നവീകരണവും ശബരി പ്രോഡക്ടിന്റെ വിപുലീകരണവും അതിന്റെ ഭാഗമായി ഗവൺമെന്റ് മുന്നോട്ടുവയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഗുണനിലവാര പരിശോധന ഏറ്റവും പ്രധാനപ്പെട്ടതാണ്. വില്പന നടത്തുന്ന ഉൽപന്നങ്ങളുടെയും സബ്സിഡിയായി ലഭിക്കുന്ന ഉൽപന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സപ്ലൈകോ തലത്തിൽ കൂടുതൽ കർശനമാക്കണമെന്ന നിർദേശം നൽകിയിട്ടുണ്ട്. പല മെഡിക്കൽ ഷോപ്പുകളും ഇപ്പോൾ അടച്ചുപൂട്ടിയ നിലയിലാണ്. മെഡിക്കൽ ഷോപ്പുകൾ കൂടുതലായി ആരംഭിക്കുന്നതിനും അതുവഴി ജീവൻരക്ഷാ മരുന്നുകളുൾപ്പെടെ സപ്ലൈകോയുടെ മെഡിക്കൽ സ്റ്റോറുകൾ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയെന്നത് ലക്ഷ്യം വയ്ക്കുന്നുണ്ട്. സപ്ലൈകോയുടെ മില്ലുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട കാര്യം ഞാൻ ഇവിടെ ആദ്യമേ സൂചിപ്പിച്ചു. അതുപോലെ ഇന്റർമീഡിയേറ്റ് സ്റ്റോറേജ് സ്പേസുകൾ ലഭ്യമാക്കാൻ കഴിഞ്ഞാൽ നെല്ല് കൊയ്ത്ത് പാടത്തിടുന്നതുൾപ്പെടെയുള്ള പല പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും. അതിനുവേണ്ടി കൃഷി വകുപ്പുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നുണ്ട്. കൂടാതെ, ഉപഭോക്തൃ ശാക്തീകരണത്തിന്റെ ഭാഗമായി കൂടുതൽ

*30-06-2026*
*Financial Business*

കൺസ്യൂമർ ക്ലബുകൾ സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് ആരംഭിക്കാനും അതുവഴി അവർക്ക് ഇതുമായി ബന്ധപ്പെട്ട് കൂടുതൽ ബോധവൽക്കരണ പരിപാടികൾ വിദ്യാർത്ഥിതലം മുതൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നുവെന്ന് സൂചിപ്പിക്കാൻ ഈയവസരം ഞാൻ വിനിയോഗിക്കുന്നു. മറ്റ് പൊതുവായ കാര്യങ്ങളിലേക്ക് ദീർഘമായി ഞാൻ കടക്കുന്നില്ല. ഈ ധനാഭ്യർത്ഥനകൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രി (<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>): സർ, ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. കേരള ചരിത്രത്തിലാദ്യമായാണ് ഫിഷറീസ് വകുപ്പിന് സബ് പ്ലാൻ ലഭിച്ച ഒരു ബജറ്റ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. പ്രത്യേക ഭവന പദ്ധതി എന്നത് കുറെ വർഷങ്ങളായുള്ള മത്സ്യത്തൊഴിലാളികളുടെ ആവശ്യമാണ്. നിലവിൽ ലൈഫ് പദ്ധതിയിലുൾപ്പെടുത്തിയാണ് അവർക്കുള്ള ഭവന പദ്ധതി നടപ്പിലാക്കുന്നത്. എന്നാൽ അവർക്ക് മുൻഗണന ലഭിക്കുന്നില്ലെന്നതുകൊണ്ട് ഗവൺമെന്റ് പുതിയൊരു ഭവന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി തീരുമാനിക്കുകയും അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും നിലവിലുള്ള ഇൻഷ്വറൻസ് പുതുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നടക്കുന്നുണ്ട്. ഉദാഹരണത്തിന് ഹാർട്ട് അറ്റാക്ക് വന്ന് മരണപ്പെട്ടാൽ അതിനുകൂടി തുക ലഭിക്കുന്ന രീതിയിൽ പരിഷ്കരിക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സുരക്ഷാ സംവിധാനങ്ങളുൾപ്പെടെയുള്ള പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി വകുപ്പ് ശ്രമിക്കുകയാണ്. വനിതാ മത്സ്യവിപണനത്തിന് സഹായകമാകുന്നതിനായി ഷീ സ്കൂട്ടറുകൾ വിതരണം ചെയ്യുമെന്ന് തീരുമാനിച്ചിട്ടുണ്ട്. മണ്ണെണ്ണയുടെ സബ്സിഡി 50 രൂപയിൽനിന്ന് 75 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദേശപഠനത്തിനുള്ള സഹായങ്ങൾ പുതിയതായി നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. പട്ടയം ലഭിച്ചിട്ടില്ലാത്ത തീരദേശനിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള

സംവിധാനങ്ങൾ ഗവൺമെന്റ് ഏർപ്പെടുത്തും. ഇവിടെ സംസാരിച്ചപ്പോൾ കെ.എം.എഫ്.ആർ.എ. പ്രകാരമുള്ള നടപടികൾ ലഘൂകരിക്കണമെന്നാണ് ബഹുമാനപ്പെട്ട എം. വിൻസെന്റ് എം.എൽ.എ. ഉൾപ്പെടെയുള്ള അംഗങ്ങൾ ഉന്നയിച്ചത്. ആക്റ്റ് പ്രകാരമുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അതിൽ അയ്യായിരം മുതൽ രണ്ടരലക്ഷം രൂപവരെ ഫൈൻ ഈടാക്കുന്ന ഒഫൻസുകളുണ്ട്. മോട്ടോറുകളുടെ കുതിരശക്തിക്കനുസരിച്ചാണ് (10 എച്ച്.പി. മുതൽ 250 എച്ച്.പി. വരെ) അതിന്റെ ഫൈനുകൾ കണക്കാക്കുന്നത്. അന്യായമായി ആർക്കും ഫൈൻ അടിക്കുന്നതിനോ ഉപദ്രവിക്കുന്നതിനോ സർക്കാർ തയ്യാറാകുകയില്ല. നിയമപരമായ നടപടികൾ മാത്രമേ അക്കാര്യത്തിൽ സ്വീകരിക്കുകയുള്ളൂവെന്ന് അറിയിക്കുകയാണ്. അതുപോലെ സുനാമി കോളനികളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സുനാമി കോളനികളുടെ സ്ഥിതി വളരെ ശോചനീയമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീർച്ചയായും അക്കാര്യങ്ങൾ പരിശോധിച്ച് പ്രത്യേകിച്ച് എന്തെങ്കിലും കാര്യങ്ങൾ അതിൽ ഏർപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കും.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഫൈൻ അടിക്കുന്നതിനുപുറമെ അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യങ്ങൾകൂടി ലേലം ചെയ്തുകൊടുക്കുകയാണ്. അത് കെ.എം.എഫ്.ആർ.എ.-ൽ പറയുന്നില്ല, എന്നാൽ ഉദ്യോഗസ്ഥർ അതുകൂടി ചെയ്യുകയാണ്. ലൈസൻസില്ലാതെ ഒരു ബൈക്ക് ഓടിച്ചാൽ അയാളിൽനിന്നും പിഴ ഈടാക്കാം. എന്നാൽ ബൈക്കുകൂടി എടുത്തുകൊണ്ട് പോകുമെന്ന് പറയുന്നത് ശരിയായ നടപടിയല്ല.

<u>ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ</u>: സർ, അക്കാര്യം പരിശോധിക്കാം. സുനാമി കോളനികൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കാം. ബഹുമാനപ്പെട്ട അംഗം എ. കെ. എം. അഷ്റഫ്, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ഹാർബറിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞു. മഞ്ചേശ്വരം ഹാർബർ നവീകരിക്കുന്നതിനുള്ള പദ്ധതികളുമായി ഗവൺമെന്റ് മുന്നോട്ടുപോകും. CRZ റിലാക്സ് ചെയ്യണമെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. സി. ആർ. മഹേഷ് പറഞ്ഞ കാര്യം കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടതാണ്. തീർച്ചയായും അതിന്റെ നിയമങ്ങൾ

പരിശോധിച്ചുകൊണ്ട് വേണ്ട നടപടികൾ സ്വീകരിക്കാം. അതുപോലെ ബഹുമാനപ്പെട്ട അംഗം പി. കെ. നവാസും അദ്ദേഹത്തിന്റെ മണ്ഡലത്തിലുള്ള ഹാർബറിനെക്കുറിച്ച് പറഞ്ഞത് പരിശോധിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യാം. ഇവിടെ സംസാരിച്ച എല്ലാവരോടും ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഈ ചർച്ചയിൽ പങ്കെടുത്ത് നിർദേശങ്ങൾ മുന്നോട്ടുവച്ച എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. ആമുഖമായി ഒരു കാര്യം പറയട്ടെ, ഇന്ന് രാവിലെ ഫിഷറീസ് വകുപ്പുമന്ത്രി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ ഇടപെട്ടതിനെത്തുടർന്ന് കേരളത്തിന്റെ പ്രതിപക്ഷനേതാവ് കഴിവിനെയും കഴിവുകേടിനെയും കുറിച്ചൊക്കെ പറഞ്ഞു. അതിനുശേഷം ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇത്തരത്തിലുള്ള സംഭവങ്ങളുടെ ഒരു കണക്കെടുത്തു. കഴിഞ്ഞ സർക്കാരിന്റെ അഞ്ചുവർഷക്കാലയളവിൽ ഇത്തരത്തിൽ മന്ത്രിമാർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ മറ്റ് മന്ത്രിമാർ ഇടപെട്ട ആറ് സംഭവങ്ങളുണ്ടായിട്ടുണ്ട്. അതിൽ എനിക്ക് ഏറ്റവും കൗതുകമായി തോന്നിയത്, 30-06-2022-ൽ കേരളത്തിലെ അന്നത്തെ മുഖ്യമന്ത്രി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അന്നത്തെ വനം വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ ഇടപെട്ട് സംസാരിച്ചതാണ്. അന്നത്തെ കേരള മുഖ്യമന്ത്രിക്ക് കഴിവില്ലെന്ന് വിചാരിച്ചതുകൊണ്ടാണോ ശ്രീ. എ. കെ. ശശീന്ദ്രൻ ഇടപെട്ട് സംസാരിച്ചതെന്ന് എനിക്കറിയില്ല. എന്തായാലും ഞാൻ അങ്ങനെയൊരു ഉദ്ദേശ്യത്തിലല്ല സംസാരിച്ചത്. അദ്ദേഹത്തിന്റെ പിതാവിനോടൊപ്പം ക്യാബിനറ്റിലിരുന്ന് അന്നെടുത്ത തീരുമാനം... അന്ന് അദ്ദേഹത്തിന്റെ പിതാവടക്കമിരുന്ന ക്യാബിനറ്റ് എടുത്തൊരു തീരുമാനം, പിന്നീടൊരു സർക്കാർവന്നപ്പോൾ നിർത്തലാക്കിയത് ചൂണ്ടിക്കാണിച്ചുവെന്ന് മാത്രമേയുള്ളൂ.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമായി ബന്ധപ്പെട്ട് ഇന്ന് ഭരണകക്ഷിയിൽനിന്നാണ് ചില നിർദേശങ്ങൾ വന്നത്. സ്കിൽ ഡെവലപ്മെന്റിനെക്കുറിച്ചും വനത്തിനെക്കുറിച്ചും കശുവണ്ടി വ്യവസായത്തെക്കുറിച്ചും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് കാര്യമായ ചർച്ചയൊന്നും വന്നിട്ടില്ല. അത് നിലവിലെ സർക്കാരിന്റെ നിലപാടുകൾക്കുള്ള

അംഗീകാരമാണെന്ന് ഞാൻ അനുമാനിക്കുന്നു. ഈ സർക്കാർ അധികാരത്തിൽവന്ന് ഞാൻ ചുമതലയേറ്റ് പതിനേഴാമത്തെ ദിവസം കേരളത്തിന്റെ പ്രതിപക്ഷനേതാവ് ആദ്യത്തെ ഫേസ് ബുക്ക് പോസ്റ്റിട്ടു. അതിനുശേഷം രണ്ടാമതൊരു പോസ്റ്റിട്ടു. അതിനുശേഷം വകുപ്പിന്റെ കഴിവുകേടിനെക്കുറിച്ചെല്ലാം സൂചിപ്പിച്ചുകൊണ്ട് ഒരു പത്രസമ്മേളനവും നടത്തി. അതിനെക്കുറിച്ച് ഞാൻ മറുപടി പറയുന്നില്ല. ചില യാഥാർത്ഥ്യങ്ങൾ പറയാം. ബഹുമാനപ്പെട്ട അംഗം പി. എ. മുഹമ്മദ് റിയാസ് ഇപ്പോൾ സീറ്റിലില്ല, മന്ത്രിമാരെ ആരെയും വ്യക്തിപരമായി ആക്ഷേപിക്കുന്നതല്ല പ്രതിപക്ഷത്തിന്റെ രീതി എന്നാണ് അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞത്. എന്നെക്കുറിച്ച് ഈ പതിനേഴാമത്തെ ദിവസത്തിൽ സി.പി.ഐ.(എം).-ന്റെ ഒരു നേതാവ് പറഞ്ഞത്, കടപ്പുറത്ത് കിടക്കുന്നവൻ, വിവരമില്ലാത്തവൻ എന്നൊക്കെയാണ്. അതിൽ എനിക്ക് സന്തോഷമേയുള്ളൂ. ....(ബഹളം)........ സത്യങ്ങൾ പറയുമ്പോൾ ഇത്ര അസഹിഷ്ണുത എന്താണ്? ....(ബഹളം)....... ഞാൻ അതിനെക്കുറിച്ച് ഒരു മറുപടിയും പറഞ്ഞിട്ടില്ല. ...(ബഹളം).......

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇല്ലാത്ത കാര്യമാണ് പറയുന്നത്. പ്രതിപക്ഷനേതാവ് രാവിലെ സംസാരിച്ച ഒരു കാര്യം പറഞ്ഞു, അക്കാര്യം കഴിഞ്ഞു. പക്ഷേ ഇത് ഇല്ലാത്ത കാര്യമാണ്. 'എന്നെപ്പറ്റി ഒരു നേതാവ് എവിടെയോ പറഞ്ഞു' എന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയൊന്നും പറഞ്ഞിട്ട് പോകുന്നത് ശരിയല്ല. ഈ സഭയുടെ സമയം അതിനുവേണ്ടി ഉപയോഗിക്കാനുള്ളതല്ല. ഈ സർക്കാർ അധികാരത്തിൽവന്നശേഷം നിരന്തരമായി ഈ രീതിയാണ് തുടരുന്നത്. അത് പ്രതിപക്ഷനേതാവ് പറയേണ്ടതാണ്. എന്തിനാണ് ഇവർ പറയുന്നത് ഇങ്ങനെ കേട്ടുകൊണ്ടിരിക്കുന്നത്; അവർ രാഷ്ട്രീയ പ്രചാരണത്തിന് ഉപയോഗിക്കുന്നത് കേട്ടുകൊണ്ടിരിക്കണോ?

പ്രതിപക്ഷനേതാവ് (<u>ശ്രീ. പിണറായി വിയജൻ</u>): സർ, ഇത് നിയതമായ രീതികളിൽനിന്ന് തീർത്തും വ്യത്യസ്തമായ രീതിയിലാണ് പോകുന്നത്. പാർലമെന്ററി നടപടിക്രമങ്ങളിൽ സാധാരണ സ്വീകരിക്കുന്ന എല്ലാരീതികളും അങ്ങേയ്ക്ക് നല്ലതുപോലെ അറിയാവുന്നതാണ്. അതിൽനിന്നും വ്യത്യസ്തമായ രീതിയിൽ പറയുകയാണ്. ഇതെല്ലാം കേൾക്കുമ്പോൾ, ഇത്തരത്തിൽ ആക്ഷേപിക്കാൻവേണ്ടി ചിലരെ പ്രത്യേകമായി

പറഞ്ഞുവിടുകയാണോ എന്നൊരു ശങ്ക. അതുമായി സഹകരിക്കാൻ ഞങ്ങൾ ഏതായാലും ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ഞങ്ങൾ സഭ ബഹിഷ്കരിക്കുകയാണ്.

(സി.പി.ഐ.(എം) നേതാവ് മോശം പരാമർശം നടത്തിയെന്ന വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രിയുടെ പ്രസ്താവനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിച്ചു.)

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ശ്രീ. എം. എം. മണി എന്ന നേതാവ് ഇന്ന് സി.പി.ഐ.(എം)-ൽ അല്ലെന്ന് ഞാനിപ്പോഴാണ് അറിയുന്നത്. അദ്ദേഹം പറഞ്ഞ വാക്കുകളാണ്, കടപ്പുറത്ത് കിടക്കുന്നവൻ, വിവരമില്ലാത്തവൻ എന്നെല്ലാം. അങ്ങനെ പറയരുതെന്ന് കേരളത്തിന്റെ പ്രതിപക്ഷനേതാവ് പറയുമെന്ന് അന്ന് ഞാൻ പ്രതീക്ഷിച്ചു. അതിൽ എനിക്ക് തെറ്റുപറ്റിപ്പോയി. ഇവിടത്തെ വിഷയം എന്താണ്; അദ്ദേഹം നടത്തിയ പത്രസമ്മേളനങ്ങളിൽ വകുപ്പിനെക്കുറിച്ച് പറഞ്ഞു. ഇക്കാലയളവിൽ ആനയുടെ ആക്രമണത്തിൽ ആറ് മരണങ്ങളുണ്ടായി. അതിൽ ആദ്യത്തേത് മേപ്പാടിയിലാണുണ്ടായത്. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ചൂരൽമല ദുരന്തമുണ്ടായതിനെത്തുടർന്ന് നിലമ്പൂരിലേയ്ക്കുള്ള കോറിഡോർ തകർന്നുപോയിട്ടുണ്ട്. അത് പുനഃസ്ഥാപിച്ചില്ലെങ്കിൽ മേപ്പാടിയടക്കമുള്ള പ്രദേശങ്ങളിൽ ആനയുടെ സാന്നിധ്യമുണ്ടാകുമെന്നും അപകടമുണ്ടാകുമെന്നുമുള്ള റിപ്പോർട്ട് കൈയിൽവച്ച് അനങ്ങാതിരുന്നിട്ടാണ്, ഈ സർക്കാരിന്റെ കുഴപ്പംകൊണ്ടാണെന്ന് പറയുന്നത്.

കഴിഞ്ഞ സർക്കാർ പ്രത്യേക ഉത്തരവ് കൊടുത്തതുകൊണ്ടാണ് അതിരപ്പിള്ളിയിൽ പൈനാപ്പിൾ കൃഷി ആരംഭിച്ചത്. 2021-വരെ ഒരു മരണംപോലും നടന്നിട്ടില്ലാത്ത അതിരപ്പിള്ളിയിൽ അതിനുശേഷം നിരന്തരം മരണമുണ്ടായി. ആരാണ് അതിന് ഉത്തരവാദി; 'It is a Government' s failure' എന്നാണ് ആറളം ഫാമുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി പറഞ്ഞത്. ആര് ഭരിച്ചപ്പോഴാണ് അങ്ങനെ പറഞ്ഞത്? സമയക്കുറവ് കാരണം എല്ലാ വിഷയത്തിലേയ്ക്കും കടക്കുന്നില്ല. ചിന്നക്കനാലിലെ ജനവാസ മേഖലയിൽ 18 ആനകൾ സ്ഥിരമായി വസിക്കുന്നുണ്ട്. ഞാൻ കഴിഞ്ഞ ദിവസം അവിടെ സന്ദർശിച്ചതാണ്. ബഹു. ഹൈക്കോടതി ഇടപെട്ട് അവിടെയൊരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സർക്കാർ

നിഷ്ക്രിയമാണെന്ന് കണ്ടുകൊണ്ട് കമ്മിറ്റിയുടെ നിർദേശമാണ് ഇപ്പോൾ അവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആ കാലയളവിലെ ഇവരുടെ പ്രവർത്തനത്തിന്റെ ദോഷം പരിഹരിക്കുന്ന ഒരു പ്രക്രിയയിലാണ്. നൂറുദിന പരിപാടികൾകൊണ്ട് ഇതിന്റെ ഫലം വിസിബിളായി കാണാൻ സാധിക്കുമെന്ന പ്രതീക്ഷയിലാണ് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ദീർഘമായി മറ്റ് വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ. കുറച്ച് നിർദേശങ്ങൾ പറഞ്ഞു. ആദിവാസി സമൂഹത്തെ സംബന്ധിച്ചിടത്തോളം ട്രൈബൽ ഡിപ്പാർട്ടുമെന്റ് വളരെയധികം പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ആനകളുടെ ശല്യം ഒഴിവാക്കുന്നതിനുവേണ്ടി വനം വകുപ്പും ട്രൈബൽ ഡിപ്പാർട്ടുമെന്റും ചേർന്ന് 500 സ്പെഷ്യൽ റിസർവ് ഫോഴ്സിനെ രൂപീകരിച്ചിട്ടുണ്ട്. ആദിവാസികൾക്ക് കാട് അറിയാവുന്നതുപോലെ മറ്റാർക്കുമറിയില്ല. അതുകൊണ്ട് അതിൽ അവർക്ക് മുൻഗണന നൽകിയാണ് അതുമായി മുന്നോട്ടുപോകുന്നത്. അവരുടെ ജീവിതം മാറ്റാവുന്ന നിലയിലേയ്ക്കുള്ള ധാരാളം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ കോമ്പൻസേഷന്റെ കാര്യംകൂടി പരാമർശിച്ചിട്ടുണ്ട്. 2012-ൽ ഉമ്മൻ ചാണ്ടി സർക്കാരാണ് അവസാനം കോമ്പൻസേഷൻ വർധിപ്പിച്ചത്. പക്ഷേ യു.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ രണ്ട് കാര്യങ്ങൾകൂടി പറയുന്നുണ്ട്. ഒന്ന്, അതിന്റെയൊരു വർധനവ് ഉടനെയുണ്ടാകും എന്നതാണ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ച് പ്രകടനപത്രികയിൽ പറഞ്ഞതിനനുസൃതമായിട്ടുള്ള ഒരു വർധനവിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടാമതായി, അന്നത്തെ ഏറ്റവും വലിയ പ്രഖ്യാപനം എന്നത് ഇൻഷ്വറൻസ് അടിസ്ഥാനമാക്കിയുള്ള വിളനശീകരണത്തിനുള്ള ഒരു പദ്ധതി എം.എ.സി.ടി. മോഡലിൽ ഒരെണ്ണം ചെയ്യാൻ സാധിക്കുമോയെന്നുള്ളതാണ്. അതുസംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. വരുംദിവസങ്ങളിൽ കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്യുന്നുണ്ട്. ഞാൻ പ്രതീക്ഷയോടുകൂടിത്തന്നെ ഇതിനെ കാണുന്നു. അടുത്തവർഷം ആകുമ്പോഴേയ്ക്കും ഇൻഷ്വറൻസ് ബേസ്ഡായിട്ടുള്ള ഒരു കോമ്പൻസേഷൻ സ്കീം കേരളത്തിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

സ്കിൽ ഡെവലപ്മെന്റിനെക്കുറിച്ച് ആരും സൂചിപ്പിച്ചില്ലെങ്കിലും ഒരു കാര്യം പറയാനുണ്ട്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിലാണ് ഇന്ത്യാ രാജ്യത്ത് ആദ്യമായി ഒരു സർക്കാർ സ്കിൽ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് ആരംഭിച്ചത്. അതിനുശേഷം തിരിച്ചുവന്ന ഞാൻ കാണുന്നത് ആ സ്ഥാപനം പൊളിച്ചടുക്കിയിട്ടിരിക്കുന്നതാണ്. മറ്റ് സംസ്ഥാനങ്ങൾ മുന്നിലേയ്ക്ക് പോയതിന്റെ കണക്കുകൾ എന്റെ മുമ്പിലുണ്ട്. കഴിഞ്ഞ ദിവസം സ്കിൽ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട ഒരു പ്രസന്റേഷൻ നടത്താൻ കുറച്ച് ചെറുപ്പക്കാർ വന്നിരുന്നു. ലോകത്ത് സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ചും അതിൽ കേരളവും നമ്മുടെ യുവാക്കളും വിദ്യാർത്ഥികളും എവിടെ നിൽക്കുന്നുവെന്ന് നോക്കുമ്പോൾ ഭയം തോന്നി. ഇന്ന് നമ്മൾ കാണുന്ന എല്ലാ തൊഴിലുകളും മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഏഴ് അയലത്തെത്താൻ സാധിക്കാത്ത നിലയിൽ ഇന്ന് ആ അർത്ഥത്തിൽ ഇന്നത്തെ ജോബ് മാർക്കറ്റുമായി നോക്കുമ്പോൾ illiterate-ആയ ഒരു വിഭാഗം വിദ്യാർത്ഥികളെയാണ് വളർത്തിയെടുക്കുന്നത്. അത് അടിയന്തരമായി മാറേണ്ടതുണ്ട്. ഈ സർക്കാർ അത്തരം കാര്യങ്ങളുമായി മുന്നോട്ടുപോകും. പ്രസ്തുത ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. സി. പി. ജോൺ</u>): സർ, ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ചില പ്രധാനപ്പെട്ട കാര്യങ്ങൾ ചുരുങ്ങിയ സമയംകൊണ്ട് പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കാൻ ആഗ്രഹിക്കുന്നൊരു കാര്യം റോഡ് സേഫ്റ്റിയാണ്. നാലായിരത്തിലധികം ആളുകൾ എല്ലാവർഷവും നമ്മുടെ റോഡുകളിൽ മരിക്കുകയാണ്. കുറെയധികം വർഷങ്ങളെടുത്തായാലും പ്രസ്തുത നിരക്ക് കുറച്ചുകൊണ്ടുവന്ന് ആയിരത്തിലേക്കെങ്കിലും മരണനിരക്ക് എത്തിക്കണമെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. പക്ഷെ ഇതിനുവേണ്ടി എൻഫോഴ്സ്മെന്റ് മാത്രമല്ല, വലിയൊരു ക്യാമ്പയിൻ നടത്തണമെന്ന് ഗവൺമെന്റ് കരുതുകയാണ്. സർവതലസ്പർശിയായൊരു ക്യാമ്പയിനാണ് നമ്മൾ ഉദ്ദേശിക്കുന്നത്. ഞാൻ നേരത്തെ ചോദ്യോത്തരവേളയിൽ പറഞ്ഞതുപോലെ, അതിൽ കുട്ടികളെ മുതൽ മുതിർന്ന പൗരൻമാരെവരെ വിദ്യാഭ്യാസം ചെയ്യിക്കുക അല്ലെങ്കിൽ അവരെ

കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കുകയെന്ന സർവതലസ്പർശിയായ ക്യാമ്പയിന് ഒരു പേര് പൂർണ്ണമായും ഇട്ടില്ലെങ്കിലും നമ്മുടെ സാക്ഷരതാ യജ്ഞം പോലെ ഒരു റോഡ് സേഫ്റ്റി സാക്ഷരതാ യജ്ഞം എന്ന അർഥം വരുന്നൊരു പേരിട്ടുകൊണ്ട് ഒരു പ്രോഗ്രാം ആരംഭിക്കാൻ നമ്മൾ ആഗ്രഹിക്കുകയാണ്. റോഡ് സേഫ്റ്റിക്ക് വേണ്ടിയുള്ള സംവിധാനങ്ങളുണ്ട്, അവിടെ സ്റ്റാഫിന്റെ കുറവുണ്ടെങ്കിൽ അവയൊക്കെ പെട്ടെന്ന് പരിഹരിച്ച് അതിന്റെ കാര്യങ്ങളുമായി ഞങ്ങൾ മുന്നോട്ട് പോകുകയാണ്.

ആക്സിഡന്റ് സംഭവിക്കുന്നതിനെക്കുറിച്ചുള്ള കാര്യങ്ങളാണ് നമ്മളിപ്പോൾ സംസാരിക്കുന്നത്. ഒരു ആക്സിഡന്റ് സംഭവിച്ചാൽ നമുക്കറിയാം, എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യും, അതിന്റെ പേരിൽ എം.എ.സി.റ്റി. കേസ് നടക്കും. വർഷങ്ങൾ കഴിയുമ്പോഴാണ് ആ കേസൊക്കെ പരിഗണനയിൽ വരുന്നത്. പക്ഷെ അതിന്റെ ഡാറ്റാബേസ് നമ്മൾ നോക്കുകയാണെങ്കിൽ വളരെ ശാസ്ത്രീയമായൊരു post-crash enquiry നടക്കുന്നില്ല. ഇപ്പോൾ കൊട്ടാരക്കരയിൽ ഒരു ആക്സിഡന്റ് ഉണ്ടായി. ടിപ്പർ ലോറി ഇടിച്ചു. ഹെഡ്‌ലൈൻ വാർത്തകൾ വന്നു. ഞങ്ങൾ ഉടനെതന്നെ ആ വിഷയത്തിൽ ഇടപെട്ട്, നമ്മുടെ ട്രാൻസ്പോർട്ട് കമ്മീഷണർ തന്നെ നേരിട്ട് ആ സംഭവസ്ഥലത്ത് ചെന്ന് അതിന്റെ കാര്യങ്ങൾ അന്വേഷിച്ച് ആദ്യത്തെ post-crash enquiry, അതൊരു five day enquiry ആണ്. അത് നടത്തി അഞ്ച് ദിവസത്തിനകത്ത് എൻക്വയറി റിപ്പോർട്ട് തരണം. അതനുസരിച്ച് അതിൽ കൂടുതൽ എൻക്വയറി ആവശ്യമുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട എൻക്വയറികൾ നടത്തി...... ഒരു അപകടമുണ്ടായാൽ അവിടെ മരണം സംഭവിക്കണമെന്ന് നിർബന്ധമില്ല. ചില മേജർ ആക്സിഡന്റിൽ മരണമുണ്ടാകില്ല, പക്ഷെ ഗുരുതരമായ പരിക്കുകളുള്ള പത്തും പതിനഞ്ചും പേരുണ്ടെങ്കിൽ അതും ഇതിൽ ഉൾപ്പെടുത്തുകയാണ്. അങ്ങനെ ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായൊരു എൻക്വയറി ഡിപ്പാർട്ടുമെന്റ് നടത്തും. പോലീസിന് പോലീസിന്റേതായ വഴികളുണ്ട്. അതോടൊപ്പംതന്നെ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളൊരു പദ്ധതിയുണ്ട്. ആക്സിഡന്റ് സംഭവിച്ചുകഴിഞ്ഞാൽ 24 മണിക്കൂറിനകത്ത് കൃത്യമായി ആശുപത്രിയിൽ എത്തുന്ന ആളുകൾക്ക് Road Accident Victims' Hospitalisation and Assured Treatment (PM-RAHAT) എന്നൊരു നല്ല പദ്ധതി നിലവിലുണ്ട്. ആ പദ്ധതി ഇതുവരെ

നമുക്കിവിടെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ലായെന്നതൊരു കഷ്ടമാണ്. ആ പദ്ധതിവഴി ഒന്നരലക്ഷം രൂപയാണ് ലഭിക്കുക. ഒരു രൂപപോലും നമ്മൾ തിരിച്ചടയ്ക്കേണ്ട ആവശ്യമില്ല. അത് കിട്ടുന്നത് എങ്ങനെയെന്ന് ചോദിച്ചാൽ, പോലീസ് സ്റ്റേഷൻ, ആശുപത്രി, അതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം കണക്ട് ചെയ്ത് ഇത് റോഡ് ആക്സിഡന്റാണെന്ന് ഉറപ്പുവരുത്തിയാൽ നമുക്ക് പ്രസ്തുത തുക ലഭിക്കും. ഏഴ് ദിവസം വരെ ആ ട്രീറ്റ്മെന്റിൽ തുടരാം. ഇതിന് below poverty line പോലെയുള്ള കണ്ടീഷൻസ് ഒന്നുമില്ല. ഈ പദ്ധതിയുടെ ഉദ്ഘാടനം നമ്മുടെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ ചെയ്യാൻ പോകുകയാണ്. കേരളത്തിലുടനീളം ഈ പദ്ധതി നടപ്പാക്കാനായി നമ്മൾ മുന്നോട്ടുപോകുകയാണ്.

അപകടങ്ങളെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ, അപകടങ്ങളുണ്ടാകുന്നത് കൂടുതലും കുറെ ബ്ലാക്ക് സ്പോട്ടുകളിലാണ്. ആ ബ്ലാക്ക് സ്പോട്ടുകൾ പോലീസിനും എം.വി.ഡി.-ക്കുമെല്ലാമറിയാം. ആ സ്പോട്ടുകളിൽ എന്തുകൊണ്ടാണത് സംഭവിക്കുന്നതെന്ന് പഠിച്ചുകൊണ്ട് അവിടത്തെ റോഡിന് വേണ്ട ജ്യോമെട്രി കൃത്യമാക്കാനും സൈനേജുകൾ കൃത്യമാക്കാനും ഒരു അവെയർനെസ് ആ സ്പോട്ടിൽ കൊടുക്കാനുമൊക്കെയുള്ള മറ്റൊരു പദ്ധതിയും ഇപ്പോൾ നമ്മുടെ മുന്നിലുണ്ട്. നമ്മുടെ ഗവൺമെന്റ് ആദ്യ പ്രയോരിറ്റിയായി റോഡ് സേഫ്റ്റി കൊണ്ടുവരുന്നുവെന്ന വിവരം ഞാൻ സഭയെ അറിയിക്കുകയാണ്.

മോട്ടോർ വാഹന വകുപ്പിൽ കുടിശ്ശിക പിഴകൾ, e-challan തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഒരുപാട് മെമ്മോറാണ്ടങ്ങൾ നമുക്ക് കിട്ടുന്നുണ്ട്. അവർക്കായി ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉടനെതന്നെ നടപ്പാക്കുന്നതായിരിക്കും. അതിലൂടെ അനേകം പേർക്ക് അവരുടെ പേരിലുള്ള challan-കളിൽനിന്നും വിടുതൽ കിട്ടുമെന്നും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ 40 ശതമാനം ഭിന്നശേഷിയുള്ളവർക്ക് കൺസെഷൻ പാസിന്റെ വാർഷിക വരുമാന പരിധി 20,000 രൂപയാണ്. എന്നാൽ അവർക്ക് ലഭിക്കുന്ന പെൻഷൻ അതിനേക്കാൾ അധികമായതിനാൽ അവർക്കത് പ്രയോജനപ്പെടുന്നില്ല. എല്ലാ എം.എൽ.എ.-മാരുടെയും മറ്റ് സ്നേഹിതൻമാരുടെയും അഭ്യർഥന

മാനിച്ചുകൊണ്ട് 20,000 രൂപയിൽനിന്നും 50,000 രൂപയായി അത് വർധിപ്പിക്കാനുള്ളൊരു തീരുമാനം എടുക്കുകയാണ്. കെ.എസ്.ആർ.ടി.സി. വണ്ടികൾ ഇടിച്ച് മരിക്കുന്ന ആളുകൾക്ക് എം.എ.സി.റ്റി.-യിൽ നിന്നാണ് തുക ലഭിക്കുന്നത്, പക്ഷെ അതിന് വർഷങ്ങൾ കഴിയും. പക്ഷെ നമുക്കറിയാം, റോഡിൽ യാത്ര ചെയ്യുന്ന പല ആളുകളും വളരെ പാവപ്പെട്ട ആളുകളാണ്. അവരുടെ ഫ്യൂണറലിനുപോലും ഒന്നും നൽകാൻ നമുക്കിപ്പോൾ സാധിക്കുന്നില്ല. പതിനായിരം രൂപയെങ്കിലും നൽകാനുള്ളൊരു സംവിധാനമൊരുക്കാൻ ഈ നൂറ് ദിവസത്തെ പരിപാടികളെന്ന രീതിയിൽ ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണ്. ഞാൻ കൂടുതൽ ദീർഘമായൊരു പ്രസംഗം നടത്തുന്നില്ലെങ്കിലും മറ്റൊരു പ്രധാനപ്പെട്ട വിഷയം നമ്മുടെ കെ.ടി.ഡി.എഫ്.സി.-യാണ്. കെ.ടി.ഡി.എഫ്.സി. എന്ന് പറയുന്നത് ഒരു Non Banking Financial Company (NBFC) ആണ്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, നമ്മുടെ പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപോയെങ്കിൽപ്പോലും രേഖകളിൽ ഉണ്ടാകണമല്ലോ, ആ NBFC-യുടെ ലൈസൻസ് ഇപ്പോൾ നിലവിലില്ല. ഇന്നിപ്പോൾ NBFC ഉണ്ടോയെന്ന് ചോദിച്ചാൽ അവിടെ ഉണ്ട് എന്നല്ലാതെ, അത് വലിയൊരു അബദ്ധത്തിലേക്ക് കഴിഞ്ഞ 10 വർഷക്കാലംകൊണ്ട് ചെന്നുവീണു എന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. കെ.ടി.ഡി.എഫ്.സി.-യെ നമുക്ക് വീണ്ടെടുക്കണം. അതിന് വളരെയധികം സ്കോപ്പുണ്ട്. അതിന്റെ മുഴുവൻ സ്കോപ്പും മുന്നിൽ കണ്ടുകൊണ്ട് അതിനെ വളരെ ലാഭകരമായി പ്രവർത്തിക്കുന്ന, നമ്മുടെ ഗവൺമെന്റിനടക്കം പ്രയോജനകരമായ ഒരു ധനകാര്യ സ്ഥാപനമായി കെ.ടി.ഡി.എഫ്.സി.-യെ മാറ്റിയെടുക്കുകയെന്നത് നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ പ്രയോരിറ്റിയായി വച്ചിരിക്കുകയാണ്. കെ.ടി.ഡി.എഫ്.സി.-യിൽ വായ്പാ കുടിശ്ശികക്കാരുണ്ട്. അവർക്കും ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്ലാൻ ചെയ്യുകയാണ്. അങ്ങനെ കുടിശ്ശികകൾ അവസാനിപ്പിക്കാം. ഇപ്പോൾ രണ്ടേകാൽ ലക്ഷം സ്ക്വയർഫീറ്റ് സ്ഥലമാണ് വാടകയ്ക്ക് പോകാതെ കിടക്കുന്നതെന്ന് പറഞ്ഞാൽ ആരും വിശ്വസിക്കില്ല. കോഴിക്കോട് കെ.എസ്.ആർ.ടി.സി. പരിസരത്ത് പണിത ആ ബിൽഡിങ്ങിൽതന്നെ ഏതാണ്ട് ഒന്നര ലക്ഷം സ്ക്വയർ ഫീറ്റ് സ്ഥലം വാടകയ്ക്ക് പോകാതെ കിടക്കുകയാണ്. രണ്ടേകാൽ ലക്ഷത്തോളം

സ്ക്വയർഫീറ്റ് സ്ഥലം എങ്ങനെ വാടകയ്ക്ക് നൽകാൻ കഴിയുമെന്നും കോഴിക്കോട്ടുള്ള കാര്യം എന്ത് ചെയ്യാൻ സാധിക്കുമെന്നും നമ്മൾ പരിശോധിക്കും.

ഗതാഗത വകുപ്പിന്റെ കീഴിലുള്ളതാണ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്. അതൊരു കോർപ്പറേഷനല്ല, ഡിപ്പാർട്ടുമെന്റാണെന്നത് സഭയിലുള്ള എല്ലാപേർക്കും അറിയാം. അത് ലാഭനഷ്ടം നോക്കിയല്ല പോകുന്നത്. എന്നുവച്ചാൽ ലാഭം നോക്കിയുള്ളൊരു ബാലൻസ് ഷീറ്റ് അതിനില്ല, ഡിപ്പാർട്ടുമെന്റുകൾക്ക് ബാലൻസ് ഷീറ്റ് വേണ്ടല്ലോ; പക്ഷെ അതിന്റെ ചെലവ് വരവിനേക്കാൾ വളരെ കൂടുതലാണ്. ബോട്ടുകളിലെ മിനിമം ചാർജ്ജ് വെറും 6 രൂപയാണ് എന്നുള്ളത് പ്രത്യേകിച്ചും ചെയറിന് കൃത്യമായറിയാം. കോട്ടയത്ത് നിന്ന് ആലപ്പുഴയ്ക്ക് പോകാൻ വളരെ ചെറിയൊരു തുക മാത്രമേ ആവശ്യമുള്ളൂ. അത് വർധിപ്പിക്കാൻ ഉദ്ദേശ്യമില്ലെങ്കിലും ആ വരുമാനം കൊണ്ടുമാത്രം അത് മുന്നോട്ട് കൊണ്ടുപോകുന്നത് ശരിയല്ലെന്ന് മാത്രമല്ല, വേമ്പനാട്ട് കായലിൽ ടൂറിസം ശക്തിപ്പെട്ടിട്ട് വർഷങ്ങളായി. അവരുടെ ബോട്ടുകൾ ഉപയോഗിച്ചുകൊണ്ട് വേമ്പനാട്ട് തടാകത്തിലൊരു 'സൺസെറ്റ് ക്രൂയിസ്' ആരംഭിക്കുകയാണ്. വളരെ ചുരുങ്ങിയ തുകയ്ക്ക് സാധാരണക്കാർക്ക് പോകാൻ സാധിക്കുന്ന രീതിയിൽ, താത്പര്യമുള്ള വിദേശികൾക്കും വേണമെങ്കിലും പോകാൻ സാധിക്കും. അത്തരത്തിലുള്ള ക്രൂയിസ് ആരംഭിക്കുകയാണ്. അതുപോലെ സോളാർ ബോട്ടുകൾ കൊണ്ടുവന്നു എന്നത് ഈ ഡിപ്പാർട്ടുമെന്റിന്റെ ഏറ്റവും വലിയൊരു നേട്ടമാണ്. വൈക്കം ജെട്ടിയിൽ നിന്ന് വൈക്കം-ചേർത്തല ഭാഗത്തേക്ക് പൂർണ്ണമായും സോളാർ ബോട്ടുകളാണ് പോയിക്കൊണ്ടിരിക്കുന്നതെന്ന് ഇപ്പോൾ നമുക്കറിയാം. അവ നല്ല സ്റ്റാൻഡേർഡുള്ള സോളാർ ബോട്ടുകളാണ്. ഇതിന്റെ എക്സ്റ്റെൻഷനായി മലബാറിലും അത്തരം ബോട്ടുകൾ ഓടുന്നുണ്ട്. പറശ്ശിനിക്കടവ് ഭാഗത്തൊക്കെ എങ്ങനെ ബോട്ടുകൾ കൂടുതലായി നൽകാമെന്ന് ചിന്തിക്കുന്നതിനോടൊപ്പം വേളി-അഞ്ചുതെങ്ങ് ജലഗതാഗത ബോട്ട് സർവീസ് ആരംഭിക്കാനും നമ്മൾ തീരുമാനിച്ചിരിക്കുകയാണ്. വേളി-അഞ്ചുതെങ്ങ് ജലഗതാഗത ബോട്ട് ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പാർവതി പുത്തനാറെന്ന് അറിയപ്പെടുന്ന ആ കനാലിൽക്കൂടി ആദ്യത്തെയൊരു സൂചനയായി ഏതാണ്ട് 20 കിലോമീറ്ററുള്ള വേളി-അഞ്ചുതെങ്ങ് ജലഗതാഗത ബോട്ട് സർവീസ് ആരംഭിക്കുകയാണ്. അതോടൊപ്പംതന്നെ മൂന്ന് പ്രധാനപ്പെട്ട

പട്ടണങ്ങളാണ് കൊച്ചിയും കോട്ടയവും ആലപ്പുഴയും. ഈ മൂന്ന് പോയിന്റുകളെയും ഘടിപ്പിച്ചുകൊണ്ടുള്ള ഒരു ത്രികോണമാണല്ലോ അത്. ഏറ്റവും വലിയ വ്യാപാര കേന്ദ്രങ്ങളാണവ. കുറച്ച് രാത്രിയാണെങ്കിൽപ്പോലും അവിടെ ചരക്ക് എങ്ങനെ ബോട്ടിൽ കൊണ്ടുപോകാൻ കഴിയുമെന്ന് നോക്കാം. പണ്ടെല്ലാം കോട്ടയത്ത് ധാരാളം ചരക്കുകൾ വന്നത് നമുക്കെല്ലാവർക്കുമറിയാം. കൊച്ചിയിലും ആലപ്പുഴയിലും ഇപ്പോഴും ബോട്ട് സർവീസ് ധാരാളമായിട്ടുണ്ട്. കോട്ടയത്തെയും ആലപ്പുഴയെയും എറണാകുളത്തെയും കണക്ട് ചെയ്തുകൊണ്ട് എങ്ങനെ ചരക്ക് ഗതാഗതം ഇതോടൊപ്പം നടത്താൻ പറ്റുമെന്ന് നമ്മൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി നമ്മൾ പുതിയ ബോട്ടുകൾ വാങ്ങുന്നുണ്ട്. മറ്റൊരു കാര്യം, ആർ. ബാലകൃഷ്ണപിള്ളയുടെ കാലത്ത് യു.ഡി.എഫ്. തുടങ്ങിയ ഒരു കോളേജാണ് ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിങ്. നേരത്തെ അതിന്റെ സ്ഥാനം 12 ആയിരുന്നു. ഇപ്പോൾ അത് 28-ാം സ്ഥാനത്ത് നിൽക്കുകയാണ്. നല്ലൊരു കോളേജായിരുന്നു അത്. ഇപ്പോൾ അത് താഴത്തേക്ക് പോകുകയാണ് ചെയ്തത്. ആ കോളേജിനെ മെച്ചപ്പെടുത്തി കൊണ്ടുവരുന്നതിന്റെ ഭാഗമായി ഗവേണിംഗ് ബോഡി പുനഃസംഘടിപ്പിച്ച് അതിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുവെന്ന് മാത്രമല്ല, ആ കോളേജിന്റെ സൗകര്യങ്ങളും അതിന്റെ വൈദഗ്ധ്യവും ഉപയോഗപ്പെടുത്തണം. നല്ല മിടുക്കന്മാരായിട്ടുള്ള പ്രൊഫസർമാരും കുട്ടികളും അവിടെയുണ്ട്. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട അഡ്വൈസുകൾ കൊടുക്കാനും അതിനുവേണ്ടിയിട്ടുള്ള കാര്യങ്ങൾ ചെയ്യാനും ഈ എഞ്ചിനീയറിങ് കോളേജിന്റെ ഡിപ്പാർട്ടുമെന്റിനെ എങ്ങനെ ഉപയോഗിക്കാം എന്ന് ഞങ്ങൾ കമ്മിറ്റി കൂടി ആലോചിക്കുകയുണ്ടായി. അതുപോലെത്തന്നെയാണ് അക്കാദമിക് വ്യവസായ സഹകരണം. ആദ്യം തന്നെ ഞങ്ങൾ കെ.എസ്.ആർ.ടി.സി.-യുമായി ഈ കോളേജിനെ.... ഇപ്പോൾ ഇൻസ്റ്റിറ്റ്യൂഷണൽ റിലേഷൻസ് ഒന്നുമില്ല. അവരുടെ മുറ്റത്താണ് നിലനിൽക്കുന്നത്. പത്ത് ശതമാനം സീറ്റ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുണ്ടെന്നുള്ളതല്ലാതെ ഈ കോളേജിനൊരു ഇൻസ്റ്റിറ്റ്യൂഷണൽ റിലേഷനില്ല. കെ.എസ്.ആർ.ടി.സി. തന്നെ വലിയൊരു വർക്ക്ഷോപ്പും മറ്റ് കാര്യങ്ങളുമുള്ളൊരു സംവിധാനമാണല്ലോ. കെ.എസ്.ആർ.ടി.സി.-യുടെ എഞ്ചിനീയറിങ് ആവശ്യങ്ങൾ ഈ കോളേജിലെ ഡിപ്പാർട്ടുമെന്റുകളിലൂടെത്തന്നെ എങ്ങനെ കൈകാര്യം ചെയ്യാൻ

കഴിയുമെന്നതിനെക്കുറിച്ചും ഞങ്ങൾ ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. മറ്റൊരു കാര്യം സഭയെ അറിയിക്കാനുള്ളത്, ഞാൻ ഈ അടുത്ത് ഡൽഹി സന്ദർശിച്ച സന്ദർഭത്തിൽ അവിടെ ഹൈഡ്രജൻ ബസ്സുകൾ കാണാനിടയായി. ഹൈഡ്രജൻ ബസ്സുകൾ വിലകൂടിയതാണ്. പക്ഷേ അത് തരുന്ന ചില ഏജൻസികളുണ്ട്. ഹൈഡ്രജൻ ബസ്സുകൾ വന്നാലുള്ള ഗുണം....... ചെലവിൽ കുറവില്ല. ഭാവിയിൽ ചെലവ് കുറവ് വരുമായിരിക്കും. ഹൈഡ്രജന്റെ ഉൽപ്പാദനം ലാഭകരമായി നടത്താം. ടൈറ്റാനിയം പോലുള്ള സ്ഥാപനങ്ങളിൽ ഹൈഡ്രജനുണ്ടാക്കാൻ കഴിയുമെന്നെല്ലാം പറയുന്നുണ്ടെങ്കിൽപ്പോലും അതിന്റെ വില അല്പം കൂടുതലാണ്. പക്ഷേ, നമുക്കൊരു സാമ്പിളായി കുറച്ച് ബസുകൾ കൊണ്ടുവന്നാൽ... ഏറ്റവും കൂടുതൽ ഡൽഹിയിൽ അത് ഉപയോഗിക്കുന്നത് വായു മലിനീകരണം കുറയ്ക്കാൻ വേണ്ടിയാണ്. വായു മലിനീകരണമില്ല. ഒരു തരത്തിലുള്ള എമിഷനുമില്ല. ചെറിയ പച്ചവെള്ളം മാത്രമാണ് അതിൽനിന്ന് പുറത്തുവരുന്നത്. അത്തരത്തിലുള്ള കാര്യങ്ങൾ ചെയ്തുകൊണ്ട് ഞങ്ങൾ മുന്നോട്ട് പോകുകയാണ്. ട്രാവൻകൂർ ടൈറ്റാനിയവുമായിട്ടും കെ.എസ്.ആർ.ടി.സി.-യുമായിട്ടും അനെർട്ടുമായി ബന്ധപ്പെട്ടുകൊണ്ടും ഞങ്ങൾ ഈ ഹൈഡ്രജൻ ബസ്സിന്റെ കാര്യങ്ങൾ ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിങ്ങിന്റെ സഹായത്തോടുകൂടി ചെയ്യുന്നതിനുവേണ്ടിയിട്ടുള്ള പരിശ്രമങ്ങൾ നടത്തുകയാണ്. കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട് പറഞ്ഞ കൂട്ടത്തിൽ ഇവിടെ പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സിന്റെ കാര്യങ്ങളാണ് ഇന്ന് സഭയിൽ ചർച്ചയിലും ചോദ്യോത്തരവേളയിലുമെല്ലാം മുഴങ്ങി കേട്ടത്. തീർച്ചയായും അത് ഗൗരവത്തിൽ കാണുമെന്ന് വീണ്ടും ഞാൻ സഭയെ അറിയിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടിലായിട്ടുള്ള റൂട്ടുകളുണ്ടെങ്കിൽ ആ റൂട്ടുകളിൽ എന്താണ് ചെയ്യേണ്ടതെന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തുകൊണ്ട് പരിശോധിക്കാം എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കി തരണമെന്ന് സഭയോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്): സർ, കേരളത്തിന്റെ ചരിത്രത്തിൽ ചില ബജറ്റുകൾ കണക്കുകളുടെ രേഖ മാത്രമല്ല. ഒരു സമൂഹത്തിന്റെ ഭാവിയെക്കുറിച്ചുള്ള രാഷ്ട്രീയ പ്രഖ്യാപനങ്ങളാണ്. അധികാരമേറ്റ് ചുരുങ്ങിയ കാലത്തിനിടയിൽത്തന്നെ ഈ സർക്കാരിന്റെ പ്രഖ്യാപനങ്ങൾ കേരള സമൂഹത്തിന് വ്യക്തമായ ദിശാ സൂചികകൾ നൽകുന്നുണ്ട്. കേരളത്തിന്റെ ആത്മാവും സമ്പദ് വ്യവസ്ഥയും ഒരുപോലെ നിർണ്ണയിക്കുന്ന ടൂറിസം, സംസ്കാരം,

സിനിമ എന്നീ മേഖലകളെ ഒരേ ദർശനത്തിൽ കണ്ടുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഒരു നാടിന്റെ വികസനം അതിന്റെ റോഡുകളുടെയും പാലങ്ങളുടെയും എണ്ണംകൊണ്ട് മാത്രം അളക്കാനാവില്ല. ആ നാടിന്റെ കലയും സംസ്കാരവും സൃഷ്ടിപരതയും ലോകത്തോട് എങ്ങനെ സംവദിക്കുന്നു എന്നതുകൊണ്ടുകൂടിയാണ് ആ നാടിന്റെ വികസനത്തെ വിലയിരുത്തുന്നത്. അതുകൊണ്ടുതന്നെ സാമ്പത്തിക വളർച്ചയെ സാംസ്കാരിക വളർച്ചയുമായി ബന്ധിപ്പിക്കുന്ന ഒരു വികസന മാതൃകയാണ് യു.ഡി.എഫ്. സർക്കാരിന്റേത്. വർഷങ്ങളായി നമ്മുടെ ടൂറിസം മേഖല ഉന്നയിച്ചിരുന്ന പ്രധാനപ്പെട്ടൊരു ആവശ്യമാണ്......... എനിക്ക് ഈ ചുമതല ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയതിനുശേഷം ടൂറിസം മേഖലയിലെ എല്ലാ വിഭാഗം സംഘടനകളുമായും ചർച്ച നടത്തിയിരുന്നു. അവരെല്ലാം പറഞ്ഞ ദീർഘകാലത്തെ അവരുടെ ഒരു ആവശ്യമാണ് ടൂറിസത്തിന് വ്യവസായ പദവി നൽകണമെന്നുള്ളത്.

<u>മി. സ്പീക്കർ</u>: ദയവായി ഒരു ഓർഡറിലാക്കിയാൽ നമുക്ക് വേഗത്തിൽ പോകാൻ കഴിയും. പ്ലീസ്... പ്ലീസ്... ശാന്തമായിട്ടിരിക്കു. പ്രൊസീഡ് പ്ലീസ്....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റിൽ വളരെ ചരിത്രപരമായ ഒരു തീരുമാനമാണ് സർക്കാർ കൈക്കൊണ്ടത്. വ്യവസായങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ടൂറിസം മേഖലയ്ക്കും ലഭ്യമാകുമെന്ന തീരുമാനമാണ് ബജറ്റിൽക്കൂടി പ്രഖ്യാപിക്കപ്പെട്ടത്. ഇതൊരു ഭരണ നടപടി മാത്രമല്ല കേരളത്തിന്റെ സാമ്പത്തിക ഭൂപടത്തെ മാറ്റി മറിക്കാൻ ശേഷിയുള്ള ഒരു തീരുമാനമായിട്ടാണ് നമ്മളിതിനെ കാണുന്നത്. മുൻകാലങ്ങളെപ്പോലയല്ല ടൂറിസമെന്ന് പറയുന്നത്. ഇപ്പോൾ സ്ഥലം കാണാൻ ആളുകൾ വരുന്നൊരു സങ്കൽപ്പം മാറി. ടൂറിസമിന്ന് അനുഭവങ്ങളുടെ സമ്പദ് വ്യവസ്ഥയാണ്. അതുകൊണ്ടാണ് നമ്മൾ എക്സ്പീരിയൻഷ്യൽ ടൂറിസമെന്ന് പറയുന്നത്. അനുഭവങ്ങളുടെ സമ്പദ് വ്യവസ്ഥയെ അതിനനുസരിച്ച് ചില മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ട് കൊണ്ടുപോകണം. ഈ ബജറ്റിൽ തന്നെയുള്ള ഏറ്റവും നിർണ്ണായകമായ പ്രഖ്യാപനമാണ് തോട്ടം മേഖലയെ ടൂറിസം വികസനത്തിനുവേണ്ടി ഉപയോഗിക്കാനുള്ള നിയമ ഭേദഗതി. അത് ടൂറിസം മേഖലയ്ക്ക് നൽകാൻ പോകുന്ന കുതിപ്പ് വളരെ വലുതാണ്. വളരെ ഡീറ്റൈൽഡായ ഒരുപാട് കാര്യങ്ങൾ പറയണമെന്നുണ്ടെങ്കിലും സമയക്കുറവുകൊണ്ട് ആ കാര്യങ്ങളിലേക്കൊന്നുംതന്നെ ഇപ്പോൾ കടക്കുന്നില്ല. ഇനിയും പൂർണമായി

ഉപയോഗിച്ചിട്ടില്ലാത്ത ഒരുപാട് ടൂറിസം സാധ്യതകളുണ്ട്. ആ ടൂറിസം സാധ്യതകളെ ഉപയോഗിക്കാൻ നമ്മൾ ആഗ്രഹിക്കുകയാണ്. ഇനിയും പൂർണ്ണമായും ഉപയോഗിച്ചിട്ടില്ലാത്ത സ്ഥലങ്ങളുണ്ട്. ഉദാഹരണത്തിന് വയനാട്; വയനാട് ചൂരൽമല ഉരുൾപ്പൊട്ടലിനൊക്കെ ശേഷം അവിടേയ്ക്ക് സഞ്ചാരികൾ എത്തുന്നതിന് ഭയമുണ്ടാകുന്നൊരു സഹാചര്യമുണ്ടായിരുന്നു. അതുകൊണ്ടാണ് ഈ ബജറ്റിൽ ബ്രാൻഡ് വയനാട് എന്നൊരു പ്രഖ്യാപനം നടത്തിയിട്ടുള്ളത്. വയനാട് എം.പി. ശ്രീമതി പ്രിയങ്കാ ഗാന്ധിയും വയനാടിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും എന്നോടുമെല്ലാം അവിടുത്തെ കുറെ കാഴ്ചപ്പാടുകൾ പറയുകയുണ്ടായി. അവിടെ ഹോം സ്റ്റേ ആകാം, അഗ്രി ടൂറിസമാകാം, ഫാം ടൂറിസമാകാം ഇക്കോ ടൂറിസത്തിന്റെയും പൈതൃക ടൂറിസത്തിന്റെയും സാധ്യതകളുണ്ട്. അങ്ങനെ ഉപയോഗിക്കാൻ കഴിയുന്ന മേഖലകളെല്ലാം പ്രയോജനപ്പെടുത്താനുള്ളതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച ബ്രാൻഡ് വയനാട്. അതുപോലെ തന്നെയാണ് കൊല്ലം. കൊല്ലത്തിന്റെ പ്രത്യേകത അവിടെ കാടും കടലും കായലുമുണ്ട്. പക്ഷേ മൺട്രോതുരുത്തും ജഡായുപാറയും അഷ്ടമുടിപോലെയുള്ള വിപുലമായ ടൂറിസം സാധ്യതകളുണ്ടെങ്കിലും പൂർണ്ണമായും ഉപയോഗപ്പെട്ടിട്ടില്ല. അപ്പോൾ അതിനെയെല്ലാം ഉപയോഗിക്കുന്ന തരത്തിലേക്കുള്ള സമീപനങ്ങളും പദ്ധതികളും ഉണ്ടാകുമെന്ന കാര്യം സൂചനയായി നൽകുകയാണ്. നമുക്കറിയാം ഇപ്പോൾ മൺസൂൺ എന്നുപറയുന്നത് ഒരു ബാധ്യതയല്ല. മൺസൂൺ എന്ന് പറയുന്നത് കേരളത്തിന് ഉപയോഗിക്കാൻ കഴിയുന്ന ഏറ്റവും നല്ല ടൂറിസം പ്രോഡക്ടാണ്. ഞാൻ ഈ കണക്കുകൾ പരിശോധിച്ചപ്പോൾ ഇവിടേക്ക് വരുന്ന സഞ്ചാരികളിൽ യു.കെ., ജർമനി, യു.എസ്.എ എന്നിവിടങ്ങളിലെ പരമ്പരാഗത വിദേശ സഞ്ചാരികൾക്കൊപ്പം ഏറ്റവും കൂടുതൽ ആളുകൾ വരുന്നത് ഒമാനിൽ നിന്നാണ്. ഒമാനിൽ നിന്നുള്ള സഞ്ചാരികൾ ഏറ്റവും കൂടുതൽ വരുന്നത് മഴക്കാലത്താണ്. അവർ മഴ കാണാൻവേണ്ടി മാത്രം വരികയാണ്. കേരളത്തിന്റെ മൺസൂൺ ആസ്വദിക്കാൻ വേണ്ടി വരികയാണ്. അതുകൊണ്ട് നമ്മുടെ മാർക്കറ്റിങ്ങിൽ അറബ് മേഖലയുമായി ബന്ധപ്പെടുത്തി ടൂറിസം മാർക്കറ്റിങ്ങിനെ കൊണ്ടുപോകാൻ ആഗ്രഹിക്കുകയാണ്. മൺസൂൺ ഒരു ടൂറിസം പ്രോഡക്ടായി മാറ്റാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ടൂറിസത്തെയും കൾച്ചറിനെയും കൂടി സംയോജിപ്പിച്ചുകൊണ്ട്.... നമുക്കറിയാം കൾച്ചറൽ സ്റ്റാർട്ടപ്പെന്നൊരു ആശയം കൊണ്ടുവരികയാണ്. പ്രതിഭാശാലികളായ ധാരാളം ചെറുപ്പക്കാരുണ്ട്. ഗവൺമെന്റ് അവരെ പിന്തുണയ്ക്കാൻ

തീരുമാനിക്കുകയാണ്. ആ കാര്യങ്ങളുമായി മുന്നോട്ടുപോകും. മലബാറിൽ നിന്നും വരുന്നവർക്ക് അറിയാം, നമ്മുടെ ടൂറിസം കലണ്ടറിൽ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ തെയ്യത്തിന്റെ സീസണാണ്. നമ്മുടെ ടൂറിസം കലണ്ടറിൽ നിങ്ങൾ ഒക്ടോബർ മാസത്തിലാണ് കേരളത്തിലേക്ക് വരുന്നതെങ്കിൽ നിങ്ങൾക്ക് തെയ്യം അനുഭവിക്കാൻ കഴിയും. അതുപോലെ പടയണിയുടെ സീസൺ എപ്പോഴാണെന്ന വിവരം കലണ്ടറിൽ കൊടുത്താൽ ആ സമയത്ത് വന്ന് പടയണി അനുഭവിക്കാൻ കഴിയും. 'തോൽപ്പാവക്കൂത്ത് എന്ന കലാരൂപത്തെക്കുറിച്ച് പാലക്കാട് ജില്ലയിലുള്ളവർക്കറിയാം. ഇത് ഏറ്റവും മനോഹരമായ കലാരൂപമാണ്. മറ്റൊന്ന് വള്ളംകളി മത്സരമാണ്. ആറന്മുള ശ്രീ പാർഥസാരഥി ക്ഷേത്രത്തിന്റെ ഈ വർഷത്തെ വള്ളസദ്യ ജൂലൈ 19-ന് ആരംഭിക്കുകയാണ്. അത് ലോകത്ത് എവിടെയും കാണാൻ സാധിക്കില്ല. വഞ്ചിപ്പാട്ടിലൂടെ വിഭവങ്ങൾ ചോദിക്കുമ്പോൾ അറുപത്തിമൂന്ന് ഇനങ്ങളുള്ള ഭക്ഷണവിഭവങ്ങൾ അടങ്ങിയ വള്ളസദ്യ വിളമ്പുകയാണ് ചെയ്യുന്നത്. ഇതൊക്കെ ലോകത്തിനുമുന്നിൽ വലിയകാര്യങ്ങളാണ്. ആലപ്പുഴ ജില്ലയിൽ ആദ്യത്തെ ചമ്പക്കുളം മൂലംവള്ളംകളി ഇന്നലെ ആരംഭിച്ചു. കൊല്ലം ജില്ലയിലാണ് പ്രസിഡന്റ്സ് ട്രോഫി ജലോത്സവം അവസാനിക്കുന്നത്. അതുവരെ പലസ്ഥലങ്ങളിലും വള്ളംകളികൾ നടക്കുകയാണ്. വള്ളംകളി എന്നത് നമ്മുടെ ഒരു പഴയ സംസ്കാരത്തിന്റെ ഭാഗമാണ്. ബഹുമാനപ്പെട്ട ജി. സുധാകരൻ സഭയിലുണ്ട്. വള്ളംകളി കാലങ്ങൾ കഴിഞ്ഞപ്പോൾ മത്സരയിനമായി മാറിയിരിക്കുകയാണ്. ഈ വർഷം നെഹ്റു ട്രോഫി വള്ളംകളിക്ക് സമയം കുറവാണ്. അടുത്ത നെഹ്റു ട്രോഫി വള്ളംകളിക്കുമുമ്പ് ഒരു മാസം നീണ്ടുനിൽക്കുന്ന പ്രീ-ഇവന്റുകൾ സംഘടിപ്പിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. നമ്മുടെ സംസ്കാരത്തെയും ചരിത്രത്തെയും നമ്മുടെ തനത് രീതികളെയുമെല്ലാം ലോകത്തിന് പരിചയപ്പെടുത്തുന്ന ഇവന്റുകളാക്കി മാറ്റാനുള്ള ശ്രമമാണ് നടത്തുന്നത്. ഉതൃട്ടാതി ജലോത്സവവും നെഹ്റു ട്രോഫി ജലോത്സവവും മറ്റ് വള്ളംകളികളുമെല്ലാം നമ്മുടെ ജലനാഗരികതയുടെ ചരിത്രശേഷിപ്പുകളാണ്. അതിനെയെല്ലാം ആ നിലയിൽ മനോഹരമായി അവതരിപ്പിക്കുന്നത് നമ്മുടെ ടൂറിസത്തിന്റെ സാധ്യതകളായി നിൽക്കുകയാണ്. ഇക്കാര്യങ്ങളെല്ലാം കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്.

സിനിമയ്ക്ക് വ്യവസായ പദവി നൽകിയതിന് സിനിമാലോകം മുഴുവൻ ഗവൺമെന്റിനെ അഭിനന്ദിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ 'ജെ.സി. ഡാനിയേൽ ഇന്റർനാഷണൽ ഫിലിം സിറ്റി-ചിത്രനഗരം' സ്ഥാപിച്ച് ഇന്ത്യയിലും ലോകത്തിലും മാതൃകയാകുന്ന തരത്തിൽ വിപുലമായി നടപ്പാക്കാനാണ് ആഗ്രഹിക്കുന്നത്. ഇവിടെ നാല് എം.എൽ.എ.-മാർ പറഞ്ഞ പ്രധാനപ്പെട്ട കാര്യങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ട് കൺക്ലൂഡ് ചെയ്യുകയാണ്. ആലുവ പെരിയാർ തീരത്തെ ശിവരാത്രി മണപ്പുറവുമായി ബന്ധപ്പെടുത്തി ടൂറിസത്തിന്റെ സാധ്യത ആലുവ എം.എൽ.എ. സഭയിൽ ഉന്നയിച്ചു. അക്കാര്യം ഗൗരവമായി ആലോചിക്കുമെന്ന് പറയുകയാണ്. കേരളം അറിയാത്തവരും കോവളം അറിഞ്ഞ് തുടങ്ങിയ ഒരു കാലഘട്ടത്തെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. കേരളത്തിലെ ആദ്യത്തെ ടൂറിസം ഡെസ്റ്റിനേഷനിൽ ഒന്നാണ് കോവളം. ഇപ്പോൾ അവിടത്തെ അവസ്ഥ വളരെ പരിതാപകരമാണ്. മുൻ ഗവൺമെന്റിനെ ഞാൻ കുറ്റപ്പെടുത്തുന്നതല്ല. കഴിഞ്ഞ പത്തുവർഷക്കാലം കോവളത്തെ പരിപൂർണ്ണമായി അവഗണിച്ചിരുന്നു. കോവളത്തിന് വലിയരീതിയിൽ പരിഗണന നൽകും. കോവളം, ആലപ്പുഴ, ഫോർട്ട് കൊച്ചി, അതിരപ്പിള്ളി, മൂന്നാർ തുടങ്ങിയ ഡെസ്റ്റിനേഷനുകളിലൊക്കെ 'ഗ്രീൻ മാർഷൽ' പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. ഇപ്പോൾ സമയക്കുറവുണ്ട്, ഇതൊക്കെ വളരെ വിശാലമായി പറയേണ്ട കാര്യമാണ്. ഇടുക്കിയിലെ എല്ലാ സ്ഥലങ്ങളിലും tourism potential ഉള്ളതാണ്. ഇടുക്കി ജില്ലയിൽ.....

<u>ശ്രീ. എഫ്. രാജ</u>: സർ, മൂന്നാറിൽ ' Welcome to Munnar' എന്നൊരു ബോർഡ് പോലുമില്ല. അവിടെ വെള്ളച്ചാട്ടമുണ്ടെങ്കിലും നമ്മുടെ വിനോദസഞ്ചാരികൾ വരുമ്പോൾ ഒരുതുള്ളി വെള്ളംപോലും കാണാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. മൂന്നാറിൽ ഒരു വികസനവും ഇതുവരെ നടത്തിയിട്ടില്ല. വയനാട് ജില്ലപോലെ മൂന്നാറിലും കുറച്ചുകൂടി വികസനം നടത്തേണ്ടതുണ്ട്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, എറണാകുളം ജില്ലയിലെ കിഴക്കൻ പ്രദേശത്തുള്ള കടമ്പ്രയാർ ടൂറിസം വളരെ ഡെവലപ് ചെയ്യാവുന്ന ടൂറിസമാണ്. കാരണം, അവിടെയുള്ള ആളുകൾക്ക് നഗരത്തിലേക്ക് പോകാൻ താൽപര്യമില്ല. അവിടെ ഇൻഫോപാർക്ക് സ്ഥിതി

ചെയ്യുന്നതിനാൽ പതിനായിരക്കണക്കിന് ആളുകളാണ് ജോലി ചെയ്യുന്നത്. അവർക്ക് അവധി ദിവസങ്ങളിലോ അല്ലാത്ത ദിവസങ്ങളിലോ സമയം ചെലവഴിക്കാൻ മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളില്ല. അവർ നഗരത്തിലേക്ക് പോയാൽ തിരക്കിൽപ്പെടുമെന്നതിനാൽ കിഴക്കൻ സൈഡായ കടമ്പ്രയാർ ടൂറിസം വികസിപ്പിക്കണമെന്നാണ് പറയാനുള്ളത്. ഇപ്പോൾ കുറച്ച് തുക അനുവദിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഒരു പ്രത്യേക ശ്രദ്ധ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, ടൂറിസം ഡെസ്റ്റിനേഷൻകൂടി നോക്കേണ്ടതുണ്ട്. ഓരോ ഗ്രാമപ്രദേശത്തും വികസനം നടത്താൻ സാധിക്കുന്നതും ലോക ശ്രദ്ധ ആകർഷിക്കാൻ പറ്റുന്ന രീതിയിലുമുള്ള ചെറിയ സ്ഥലങ്ങളുണ്ട്. പുതുപ്പള്ളിയിൽ ചെത്തിക്കുളം എന്ന സ്ഥലം എന്റെ പിതാവ് ഡെവലപ് ചെയ്യണമെന്ന് ആഗ്രഹിച്ചതായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മിനിസ്റ്റർ അവിടെ സന്ദർശിച്ചിരുന്നു. ഈ വിഷയത്തിൽ അങ്ങയുടെ സഹായം പ്രതീക്ഷിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, മൂന്നാറിൽ ഞാൻ നേരിട്ട് പോകുകയും അവിടത്തെ എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സുമായും എം.എൽ.എ., എം.പി., ജനപ്രതിനിധികൾ, എന്നിവരുമായും ചർച്ച നടത്തുകയും ചെയ്തിരുന്നു. ഏറ്റവും കൂടുതൽ വിനോദസഞ്ചാരികൾ വരുന്നൊരു സ്ഥലമാണ് മൂന്നാർ. കോഴിക്കോട് ജില്ലയിൽ ഇന്റർനാഷണൽ മലബാർ റിവർ ഫെസ്റ്റ് നടത്തുകയാണ്. ബീച്ചിന്റെ കാര്യം നേരത്തെ പറഞ്ഞതാണ്.

<u>ശ്രീ. ആര്യാടൻ ഷൗക്കത്ത്</u>: സർ, ലോകത്തിലെ ഏറ്റവും പഴക്കംചെന്നതും ഏറ്റവും ആദ്യത്തെ Teak Plantation ഉള്ളതുമായ സ്ഥലമാണ് നിലമ്പൂർ. ‘ The land of Teak’ എന്നാണ് നിലമ്പൂരിനെ അറിയപ്പെടുന്നത്. ഗുഹാവാസികളായ ഗോത്രവർഗ്ഗക്കാർ കാണപ്പെടുന്ന സ്ഥലമാണ് നിലമ്പൂർ. നിരവധി വെള്ളച്ചാട്ടങ്ങളുള്ള സ്ഥലമാണ് നിലമ്പൂർ. ഇത്തരം സവിശേഷതകളുള്ള നിലമ്പൂർ ഇക്കഴിഞ്ഞ പത്ത് വർഷമായി ടൂറിസം രംഗത്ത് അവഗണിക്കപ്പെട്ടിരിക്കുകയാണ്. ഡെസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് പദ്ധതിയിൽ പുതിയ ടൂറിസം മേഖലകൾ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യം നേരത്തെ ഇവിടെ

ചൂണ്ടിക്കാണിച്ചതാണ്. നിലമ്പൂരിനെ ഡെസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കാര്യമായ പരിഗണനയുണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കോഴിക്കോട് ജില്ലയിൽ മീറ്റിങ് നടത്തി അവിടെയുള്ള എല്ലാ എം.എൽ.എ.-മാരുമായി സംസാരിച്ച് എല്ലാ സാധ്യതകളെയും നമുക്ക് ഒരുമിച്ച് പരിശോധിക്കാം. കടമ്പ്രയാറിന്റെയും പുതുപ്പള്ളിയുടെയും വിഷയങ്ങൾ പരിഗണിക്കാം. ബഹുമാനപ്പെട്ട സി. ആർ. മഹേഷ് ചർച്ചയ്ക്കിടയിൽ പറഞ്ഞ വിഷയത്തിന് മറുപടി പറഞ്ഞേ മതിയാകൂ. അഴീക്കൽ ടൂറിസത്തിന്റെ കാര്യവും എടുത്തുപറയേണ്ടതാണ്. കണ്ണൂർ ടൂറിസം പ്രത്യേകമായി പരിഗണിക്കും. അഡ്വഞ്ചർ ടൂറിസത്തിന് സാധ്യതയുമുള്ള മേഖലകൾ കണ്ണൂർ ജില്ലയിലുണ്ട്. അത് പരിഹരിക്കും. അതുപോലെ മറ്റൊന്നാണ് ഹോം സ്റ്റേ. അത് പറയാൻ വിട്ടുപോയതാണ്. ഹോം സ്റ്റേകൾക്ക് പ്രത്യേകം പരിഗണന നൽകുന്നൊരു ടൂറിസം പോളിസിയുണ്ടാകും. ഹോം സ്റ്റേയ്ക്ക് അനുവാദം ലഭിക്കുന്നതിന് ധാരാളം തടസ്സങ്ങളുണ്ട്. ബാക്കിയെല്ലാം നിങ്ങൾ എഴുതിതന്നാൽ മതിയാകും. ബഹുമാനപ്പെട്ട സ്പീക്കർ പ്രസംഗം കൺക്ലൂഡ് ചെയ്യാൻ പറയുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, കേരളത്തിൽ ടൂറിസം പൊട്ടൻഷ്യൽ ഇല്ലാത്തൊരു സ്ഥലം കണ്ടെത്താൻ പ്രയാസമാണ്. എല്ലാ സ്ഥലങ്ങളിലും ടൂറിസം പൊട്ടൻഷ്യൽ ഉണ്ട്. ജനറലായി നോക്കിയശേഷം അതിനുള്ള പ്ലാനുണ്ടാക്കുന്നതാണ് നല്ലത്.

ശ്രീ. പഴകുളം മധു: സർ, ശബരിമലയ്ക്കുവേണ്ടി ഒരു പ്രത്യേക പദ്ധതി ആവശ്യമാണ്. തിരുപ്പതി മോഡലിൽ എന്നൊക്കെ നമ്മൾ പറയുന്നുണ്ടെങ്കിലും ശബരിമലയെ ഫോക്കസ് ചെയ്ത് പിൽഗ്രിം ടൂറിസത്തെ ഡെവലപ്പ് ചെയ്യാൻ ഒന്നും ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കർ മുഖേന ടൂറിസം ഡിപ്പാർട്ട്മെന്റ് ശബരിമലയെ ഫോക്കസ് ചെയ്യേണ്ടതുണ്ട്. പത്തനംതിട്ട ജില്ലയിലെ ശബരിമല എന്നത് ഏറ്റവും പ്രകൃതിരമണീയമായൊരു പ്രദേശമാണ്. അത് അങ്ങേയ്ക്കും അറിയാവുന്നതാണ്. ആ സ്ഥലത്തേയ്ക്ക് വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധിക്കണം. നമ്മുടെ ഉത്സവങ്ങളിൽ കെട്ടുകാഴ്ചകൾ ഏറ്റവും ആകർഷണീയതയുള്ള ടൂറിസം ആക്ടിവിറ്റിയാണ്. ഇത്തരം കാര്യങ്ങൾകൂടി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*30-06-2026*
*Financial Business*

<u>ശ്രീ. സി. വി. ശാന്തകുമാർ</u>: സർ, പന്തളത്തിലെ ചിറമുടി ടൂറിസം ബൃഹത്തായൊരു പദ്ധതിയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ പ്രസംഗം തുടരുകയാണ്. കോതമംഗലത്തെയും മൂവാറ്റുപുഴയുടെയും അതിരപ്പിള്ളിയുടെയും കാര്യങ്ങൾ ഞാൻ പറഞ്ഞതാണ്. എറണാകുളം ജില്ലയിലെ കാര്യങ്ങൾ മൊത്തത്തിൽ പറഞ്ഞു. കാസർഗോഡ് ജില്ലയിലെ ബേക്കൽ ടൂറിസത്തെക്കുറിച്ച് പറഞ്ഞു. വയനാട് ജില്ലയെക്കുറിച്ച് ആദ്യം പറഞ്ഞതാണ്. തിരുവനന്തപുരം ജില്ലയിലെ കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. ശബരിമല, ഗുരുവായൂർ, തിരുവല്ലം എന്നിവിടങ്ങളിലെ ടൂറിസം പദ്ധതികൾ ബജറ്റിൽതന്നെ പറഞ്ഞതാണ്. ആലപ്പുഴയും കൊല്ലവുമായി ബന്ധപ്പെട്ടുകിടക്കുന്ന തീർഥാടന ടൂറിസത്തെക്കുറിച്ചും പറഞ്ഞതാണ്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, പാതിരാമണൽ എന്ന സ്ഥലത്ത് ലോകത്തിലെ നൂറിലേറെ ഇനങ്ങളിലുള്ള പക്ഷികളാണ് വരുന്നത്. അത് അങ്ങേയ്ക്ക് അറിയാമായിരിക്കും. പാതിരാമണൽ ടൂറിസം ഡെസ്റ്റിനേഷനാണെങ്കിലും വേണ്ടത്ര ഡെവലപ്പ് ചെയ്തിട്ടില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പാതിരാമണൽ വികസിപ്പിക്കേണ്ട ഒരു ടൂറിസം ഡെസ്റ്റിനേഷനാണ്. അതിനാവശ്യമായ കാര്യങ്ങൾ ചെയ്യും. അത് ഇത്തവണത്തെ ബജറ്റിൽ വന്നിട്ടുണ്ട്. അത് ഡെവലപ്പ് ചെയ്യാനുള്ള കാര്യങ്ങൾ പിന്നീട് ചെയ്യാം.

<u>ശ്രീ. ഷിബു തെക്കുംപുറം</u>: സർ, കോതമംഗലത്തെ ഭൂതത്താൻകെട്ട്, തട്ടേക്കാട്, മാമലക്കണ്ടം എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളെ കോർത്തിണക്കി ടൂറിസം സർക്യൂട്ട് ആവശ്യപ്പെട്ടതാണ്. തട്ടേക്കാട് ഏറ്റവും മികച്ച പക്ഷിസങ്കേത കേന്ദ്രമാണ്.

<u>ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ</u>: സർ, കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ മഹാദേവ ക്ഷേത്രം രണ്ടാം ശബരിമലയായി മാറുകയാണ്. കഴിഞ്ഞ തവണത്തേക്കാൾ വലിയ തോതിലുള്ള ജനപ്രവാഹമാണ് കൊട്ടിയൂർ മഹദേവ ക്ഷേത്രത്തിലേക്ക് വരുന്നത്. തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിലേക്കും പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രത്തിലേക്കും വലിയ ജനപ്രവാഹമാണുണ്ടാകുന്നത്. കഴിഞ്ഞ തവണ കർണാടകയിൽനിന്ന് വലിയ തോതിൽ

ആളുകൾ ഇരച്ചുകയറിയിരുന്നു. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുണ്ടാകണമെന്നാണ് പറയാനുള്ളത്.

ശ്രീമതി രമ്യ ഹരിദാസ്: സർ, കേരളത്തിലെ എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും മുൻകാലങ്ങളിലെ പ്രശസ്തരായ എഴുത്തുകാരുണ്ട്. കുമാരനാശാൻ, നിത്യഹരിത നായകൻ പ്രേംനസീർ, ഭരത്ഗോപി എന്നിവർ ഉൾപ്പെടെയുള്ള ഒട്ടനവധി ആളുകൾക്ക് ജന്മം നൽകിയ നാടാണ് ചിറയിൻകീഴ്. അതുപോലെ മറ്റ് മണ്ഡലങ്ങളിലും ഉണ്ടാകും. അതുകൂടി കണക്ക് ചെയ്ത് സാംസ്കാരിക വകുപ്പ് പ്രത്യേക പദ്ധതി തയ്യാറാക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇവിടെ കൊട്ടിയൂരിന്റെ കാര്യം പറഞ്ഞു. അവിടെയിപ്പോൾ ദിവസവും ഒരു ലക്ഷം ആളുകൾ വരുന്നുണ്ട്. കണ്ണൂരിലെ മറ്റ് ക്ഷേത്രങ്ങളിലേക്ക് തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്നെല്ലാം തീർഥാടകർ വരുന്ന സാഹചര്യമുള്ളതിനാൽ ഈ ബജറ്റിൽ കൊട്ടിയൂർ, ഗുരുവായൂർ, ശബരിമല, തിരുവല്ലം എന്നീ ക്ഷേത്രങ്ങളെ മുൻനിർത്തി പ്രത്യേക പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രീ, കേരളത്തിലെ എല്ലാ സ്ഥലങ്ങളിലെയും പ്രശ്നങ്ങൾ അംഗങ്ങൾ പറയുകയും ആയതിന് അങ്ങ് മറുപടി നൽകുകയും ചെയ്തു. പക്ഷേ ഇക്കാര്യം അവർ എഴുതി സബ്മിറ്റ് ചെയ്താൽ അതത് പ്രദേശത്തെ ആളുകളെ വിളിച്ചുകൂട്ടി അതിന്റെ പ്രാക്ടിക്കബിലിറ്റി കൂടി ആലോചിച്ചശേഷം മേൽനടപടിയിലേക്ക് പോകുന്നതായിരിക്കും നല്ലത്. സ്ട്രോങ്ങായിട്ടുള്ള പ്രൊപ്പോസലുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് എഴുതി നൽകിയശേഷം അതിന്മേൽ നടപടി സ്വീകരിച്ച് മുന്നോട്ട് പോകാവുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അങ്ങയുടെ നിർദേശം സ്വീകരിക്കുന്നു. കോട്ടയം, കുമരകം ഉൾപ്പെടെയുള്ള മണ്ഡലങ്ങളിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർത്ത് ഈ കാര്യങ്ങളെല്ലാം അപ്പോൾ ചർച്ച ചെയ്യാം. ബഹുമാനപ്പെട്ട ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി പറഞ്ഞതുപോലെ കേരളത്തിലുടനീളം ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളാണുള്ളത്. അത് നമുക്ക് വലിയ സാധ്യതയായതിനാൽ അവയെ പൂർണ്ണമായും പ്രയോജനപ്പെടുത്തും. ഈ ധനാഭ്യർഥനകൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

**ധനകാര്യം**

**ധനാഭ്യർഥന നമ്പർ XV**

**പൊതുമരാമത്ത്**

മി. സ്പീക്കർ: സർവശ്രീ. വി. മുരളീധരൻ, എ. പ്രഭാകരൻ, പി. എ. മുഹമ്മദ് റിയാസ്, ഗോവിന്ദൻ പള്ളിക്കാപ്പിൽ, സി. അജയപ്രസാദ്, കെ. വി. സുമേഷ്, കെ. കെ. രാമചന്ദ്രൻ, ശ്രീമതി ഗീതാഗോപി, ശ്രീമതി ഒ. എസ്. അംബിക എന്നീ അംഗങ്ങൾ XV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XX**

**ശുദ്ധജലവിതരണവും ശുചീകരണവും**

മി. സ്പീക്കർ: സർവശ്രീ. വി. മുരളീധരൻ, സേവ്യർ ചിറ്റിലപ്പിള്ളി, സി. കെ. ഹരീന്ദ്രൻ, എം. എസ്. അരുൺ കുമാർ, ടി. എം. ശശി, കാരായി രാജൻ, യു. ആർ. പ്രദീപ്, എൻ. കെ.

അക്ബർ, പി. പി. സുമോദ് എന്നീ അംഗങ്ങൾ XX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXI**

**ഭവനനിർമ്മാണം**

മി. സ്പീക്കർ: സർവശ്രീ. എ. സി. മൊയ്തീൻ, വി. ജോയി, സി. അജയപ്രസാദ്, ഗോവിന്ദൻ പള്ളിക്കാപ്പിൽ, കെ. പ്രേമൻ, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതി ഗീതാഗോപി എന്നീ അംഗങ്ങൾ XXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXII**

**നഗരവികസനം**

<u>മി. സ്പീക്കർ</u>: സർവശ്രീ. സി. അജയപ്രസാദ്, കെ. പ്രേംകുമാർ, ഗോവിന്ദൻ പള്ളിക്കാപ്പിൽ, എ. സി. മൊയ്തീൻ, എൻ. കെ. അക്ബർ, പി. പി. സുമോദ്, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതി ഗീതാഗോപി, ശ്രീമതി ഒ. എസ്. അംബിക എന്നീ അംഗങ്ങൾ XXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXIV**

**തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും**

<u>മി. സ്പീക്കർ</u>: സർവശ്രീ. എ. സി. മൊയ്തീൻ, എ. പ്രഭാകരൻ, കാരായി രാജൻ, കെ. പ്രേമൻ, ടി. എം. ശശി എന്നീ അംഗങ്ങൾ XXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXV**

**പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം**

<u>മി. സ്പീക്കർ</u>: സർവശ്രീ. സി. അജയപ്രസാദ്, ഗോവിന്ദൻ പള്ളിക്കാപ്പിൽ, കെ. വി. സുമേഷ്, യു. ആർ. പ്രദീപ്, എൻ. കെ. അക്ബർ, പി. പി. സുമോദ്, ശ്രീമതി ഗീതാഗോപി, ശ്രീമതി ഒ. എസ്. അംബിക എന്നീ അംഗങ്ങൾ XXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXIX**

**കൃഷി**

<u>മി. സ്പീക്കർ</u>: സർവശ്രീ. സി. അജയപ്രസാദ്, ഗോവിന്ദൻ പള്ളിക്കാപ്പിൽ, കെ. യു. ജനീഷ് കുമാർ, പി. പി. സുമോദ്, എൻ. കെ. അക്ബർ, പി. മമ്മിക്കുട്ടി, എ. പ്രഭാകരൻ, കാരായി രാജൻ, കെ. പ്രേമൻ, ശ്രീമതി ഗീതാഗോപി എന്നീ അംഗങ്ങൾ XXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXX**

**ഭക്ഷ്യം**

മി. സ്പീക്കർ: സർവശ്രീ. പി. എ. മുഹമ്മദ് റിയാസ്, സി. അജയപ്രസാദ്, ഗോവിന്ദൻ പള്ളിക്കാപ്പിൽ, ടി. എം. ശശി, കെ. വി. സുമേഷ്, സേവ്യർ ചിറ്റിലപ്പിള്ളി, ശ്രീമതി ഗീതാഗോപി എന്നീ അംഗങ്ങൾ XXX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXXIII**

**മത്സ്യബന്ധനം**

മി. സ്പീക്കർ: സർവശ്രീ. കെ. വി. സുമേഷ്, ഗോവിന്ദൻ പള്ളിക്കാപ്പിൽ, സി. അജയപ്രസാദ്, കെ. യു. ജനീഷ് കുമാർ, പി. മമ്മിക്കുട്ടി, സി. കെ. ഹരീന്ദ്രൻ, ശ്രീമതി ഒ. എസ്. അംബിക, ശ്രീമതി ഗീതാഗോപി, എന്നീ അംഗങ്ങൾ XXXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXXIV**

**വനം**

മി. സ്പീക്കർ: സർവശ്രീ. വി. മുരളീധരൻ, കെ. യു. ജനീഷ് കുമാർ, സേവ്യർ ചിറ്റിലപ്പിള്ളി, കെ. പ്രേംകുമാർ, കെ. പ്രേമൻ, യു. ആർ. പ്രദീപ്, സി. കെ. ഹരീന്ദ്രൻ എന്നീ അംഗങ്ങൾ XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXXV**

**പഞ്ചായത്ത്**

<u>മി. സ്പീക്കർ</u>: സർവശ്രീ. സി. അജയപ്രസാദ്, എ. സി. മൊയ്തീൻ, ഗോവിന്ദൻ പള്ളിക്കാപ്പിൽ, പി. പി. സുമോദ്, എം. എസ്. അരുൺ കുമാർ, യു. ആർ. പ്രദീപ്, കാരായി രാജൻ, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതി ഗീതാഗോപി, ശ്രീമതി ഒ. എസ്. അംബിക എന്നീ അംഗങ്ങൾ XXXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXXVI**

**ഗ്രാമവികസനം**

മി. സ്പീക്കർ: സർവശ്രീ. എ. സി. മൊയ്തീൻ, പി. എ. മുഹമ്മദ് റിയാസ്, കെ. പ്രേംകുമാർ, പി. മമ്മിക്കുട്ടി, എൻ. കെ. അക്ബർ എന്നീ അംഗങ്ങൾ XXXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXXVIII**

**ജലസേചനം**

<u>മി. സ്പീക്കർ</u>: സർവശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എ. പ്രഭാകരൻ, കെ. യു. ജനീഷ് കുമാർ, ടി. എം. ശശി എന്നീ അംഗങ്ങൾ XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XLI**

**ഗതാഗതം**

<u>മി. സ്പീക്കർ</u>: സർവശ്രീ. എം. എസ്. അരുൺ കുമാർ, സി. അജയപ്രസാദ്, ഗോവിന്ദൻ പള്ളിക്കാപ്പിൽ, ടി. എം. ശശി, കെ. യു. ജനീഷ് കുമാർ, കെ. എൻ. ബാലഗോപാൽ, സി. കെ. ഹരീന്ദ്രൻ, വി. ജോയി, ശ്രീമതി ഒ. എസ്. അംബിക എന്നീ അംഗങ്ങൾ XLI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XLII**

**വിനോദസഞ്ചാരം**

<u>മി. സ്പീക്കർ</u>: സർവശ്രീ. പി. എ. മുഹമ്മദ് റിയാസ്, വി. ജോയി, യു. ആർ. പ്രദീപ്, സേവ്യർ ചിറ്റിലപ്പിള്ളി എന്നീ അംഗങ്ങൾ XLII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

*30-06-2026*
*Financial Business*

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XLVI**

**സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും**

മി. സ്പീക്കർ: സർവശ്രീ. എ. സി. മൊയ്തീൻ, എൻ. കെ. അക്ബർ, സി. കെ. ഹരീന്ദ്രൻ, കാരായി രാജൻ, കെ. പ്രേമൻ, പ്രൊഫ. സി. രവീന്ദ്രനാഥ് എന്നീ അംഗങ്ങൾ XLVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**<u>ചർച്ച കൂടാതെ പാസാക്കുന്ന ധനാഭ്യർഥനകൾ</u>**

**ധനാഭ്യർഥന നമ്പർ I**

**സംസ്ഥാന നിയമസഭ**

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ IV**

**തെരഞ്ഞെടുപ്പുകൾ**

മി. സ്പീക്കർ: തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ VII**

**മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും**

മി. സ്പീക്കർ: മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർത്ഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ X**

**ട്രഷറികളും അക്കൗണ്ടുകളും**

മി. സ്പീക്കർ: ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർത്ഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XI**

**ജില്ലാഭരണവും പലവകയും**

മി. സ്പീക്കർ: ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർത്ഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XIII**

**ജയിലുകൾ**

മി. സ്പീക്കർ: ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XIV**

**സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും**

മി. സ്പീക്കർ: സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XVI**

**പെൻഷനും പലവകയും**

മി. സ്പീക്കർ: പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XIX**

**കുടുംബക്ഷേമം**

മി. സ്പീക്കർ: കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXIII**

**വാർത്താവിതരണവും പ്രചരണവും**

മി. സ്പീക്കർ: വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXVI**

**പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്**

<u>മി. സ്പീക്കർ</u>: പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർത്ഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXVIII**

**പലവക സാമ്പത്തിക സർവീസുകൾ**

<u>മി. സ്പീക്കർ</u>: പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർത്ഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXI**

**മൃഗസംരക്ഷണം**

<u>മി. സ്പീക്കർ</u>: മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XXXII**

**ക്ഷീരവികസനം**

മി. സ്പീക്കർ: ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XLIII**

**നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും**

മി. സ്പീക്കർ: നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ XLV**

**പലവക വായ്പകളും മുൻകൂറുകളും**

*30-06-2026*
*Financial Business*

മി. സ്പീക്കർ: പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ധനാഭ്യർഥന സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ജൂലൈ മാസം 1-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 06.05-ന് പിരിഞ്ഞു.)

*********